കയ്യൂർ -ചീമേനി ഗ്രാമപഞ്ചായത്ത്

വികസന രേഖ


0 100km
KERALA
INDIA
0 15km
KASARAGOD DIST.
LAKSHADWEEP SEA
NILESHWAR
CHERUVATHUR
WEST ELERI
PERINGOME-VAYAKARA
KANKOLE-ALAPPADAMBA
I
II
III
IV
V
VI
VII
VIII
IX
X

152-2

അധികാരം ജനങ്ങൾക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ, 1996 നവംബർ 16



സമഗ്ര വികസന രേഖ

ഉള്ളടക്കം

1. ആമുഖം
2. കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് ചരിത്ര പശ്ചാത്തലം
3. ഒന്നു തിരിഞ്ഞുനോക്കുമ്പോൾ

വികസന മേഖലകൾ

4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. വിദ്യാഭ്യാസം
7. കുടിവെള്ളവും പൊതുജനാരോഗ്യവും
8. വ്യവസായം
9. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
10. പാർപ്പിടവും സാമൂഹ്യക്ഷേമവും
11. സംസ്ക്കാരം
12. വനിത
13. സഹകരണ സംഘങ്ങൾ
14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
15. വിഭവസമാഹരണം
16. ഉപസംഹാരം

അനുബന്ധം

സാമൂഹ്യ സാമ്പത്തിക സർവ്വെ, വിഭവ ഭൂപടസർവ്വേ എന്നിവ പ്രകാരമുള്ള വിവരങ്ങൾ

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	കയ്യൂർ, ചീമേനി,തിമിരി, പ്ലായിക്കോട്
ബ്ലോക്ക് പഞ്ചായത്ത്	:	നീലേശ്വരം
താലൂക്ക്	:	ഹോസ്ദുർഗ്
ജില്ല	:	കാസർഗോഡ്
അസംബ്ലി മണ്ഡലം	:	തൃക്കരിപ്പൂർ
വിസ്തീർണ്ണം	:	72.7 ച: കി. മി.
ജനസംഖ്യ	:	21115
വാർഡുകളുടെ എണ്ണം	:	10
പ്രസിഡന്റിന്റെ പേര്	:	എം. വി. ബാലകൃഷ്ണൻ മാസ്റ്റർ
വൈസ് പ്രസിഡന്റിന്റെ പേര്	:	ടി. കുഞ്ഞിരാമൻ

നിലവിലുള്ള ഭരണസമിതിയംഗങ്ങൾ :

1. എം. വി. ബാലകൃഷ്ണൻ മാസ്റ്റർ (പ്രസിഡന്റ്)
2. ടി. കുഞ്ഞിരാമൻ (വൈസ് പ്രസിഡന്റ്)
3. എം. അമ്പുഞ്ഞി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
3. കെ. സരോജിനി (മെമ്പർ)
4. ടി.ദാമോദരൻ (മെമ്പർ)
5. ടി. സുശീല (മെമ്പർ)
7. യു. രാഘവൻ (മെമ്പർ)
8. പി. തങ്കമണി (മെമ്പർ)
9. പി. നാരായണൻ (മെമ്പർ)
10. ടി.വി. നന്ദിനി. (മെമ്പർ)

പത്രാധിപ സമിതി :

മുഖ്യ പത്രാധിപർ : എം. വി. ബാലകൃഷ്ണൻ മാസ്റ്റർ

സഹപത്രാധിപന്മാർ :
പി. ദാമോദരൻ
കെ.ജി. സനൽഷ
കെ. നാരായണൻ മാസ്റ്റർ
എ. എം. ബാലകൃഷ്ണൻ
എം. അച്ചുതൻ
കെ. ലോഹിതാക്ഷൻ
ടി.വി. രാഘവൻ
കെ.എം. അനിൽകുമാർ
വി.വി. ചന്ദ്രശേഖരൻ
കെ.പി. മോഹൻദാസ്
വി.എൻ. സുഭദ്ര
രാജൻ കണിയറ

ആമുഖം

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ചരിത്ര പാഠ്ചാത്തലം

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പാരതന്ത്ര്യത്തിൽ നിന്നും മേചിതമായ ഭാരതം ഏഴ് പഞ്ചസരപദ്ധതികൾ പൂർത്തിയാക്കി. എട്ടാമത്തേതിന്റെ അന്ത്യ ഘട്ടത്തിൽലെത്തിയാരിക്കുകയാണ്. ഒന്ന് തിരിഞ്ഞ നോക്കുമ്പോൾ പദ്ധതികൾ മൂലം ഒട്ടനവധി നേട്ടങ്ങൾ ദർശിക്കാൻ കഴിഞ്ഞുവെന്നത് നിസ്തർക്കം തന്നെയാണ്. പക്ഷേ സ്ഥായിയാ ചില വൈകല്യങ്ങൾ ഉണ്ടയാരുന്നുവെന്നത് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വികസന പദ്ധതികളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലങ്ങളിലും തീരുമാനങ്ങൾ എടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് നാളിതുവരെ ചെയ്തു. വന്നത് ഈ കേന്ദ്രീകരണത്തിന്റെ ഫലമോ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനകീയആവശ്യങ്ങൾക്കോ അനശ്രുതമായ സ്ക്കീമുകളോ അല്ല നടപ്പിലാക്കപ്പെട്ടത്. ഇന്ത്യൻ ആസൂത്രണത്തിന്റെ മുഖമദ്ര പ്രയോഗത്തിൽ ഡിപ്പാർട്ട് മെൻറലിസമായ അധ:പതിച്ചു. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്ത മുണ്ടായിരുന്നില്ല. ഇത് പ്രാദേശിക വിഭവ സമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കി. കെട്ടഴിച്ചുവിട്ടാൽഅത്ഭുതകരമായി കിട്ടാവുന്ന മുനുഷ്യാദ്ധ്വാനത്തിന് സ്ഥാനമില്ലാതായി. കൂട്ടായ്മ്മക്ക് അവസരം നഷ്ടപ്പെട്ടു. കേരള ം അതി രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു .കാർഷിമേഖല മുരടിച്ചുനിൽക്കുന്നു. വ്യാവസായികമേഖല ചലനമറ്റുകിടക്കുന്നു. തന്മൂലം തൊഴിലില്ലായ്മ ഭീകരരൂപം കൈവരിക്കുന്നു. സേവന മേഖലകൾ നിലവാരതകർച്ചയെ നേരിടുന്നു.

വൈദ്യുതി ക്ഷാമം നിലവിലുള്ള വ്യാവസായിക നടത്തിപ്പിനെ തകിടം മറിച്ചിരിക്കുന്നു. കാർഷി കചെറുകിട വ്യവസായമേഖലകളിലെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും ഉയർത്തുകയും സേവന തുറകളുടെ ഗുണനിലവാരം പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇത് സാധിക്കണമെങ്കിൽ ആസൂത്രണം സമഗ്രവുംശാസ്ത്രീയവും ജനപങ്കാളിത്തപരവും വികേന്ദ്രീകരവുമാക്കണം. ആ പാതയിലാണ് കേരളം ഇന്ന്. നമ്മുടെ സംഥാനത്തെ ആസൂത്രണ പക്രിയയിൽ ഒരു പുതുയുഗം പിറവിയെടുക്കുകയാണ്. ഒമ്പാതാം പദ്ധതി ജനകീയ പദ്ധതിയാവുകയാണ്. 9 പദ്ധതിയുടെ 35 - 40 ശതമാനം തുകതാഴെത്തട്ടിൽ ആസുത്രണം ചെയ്യപ്പെടുകയാണ്. ഒരുപുത്തൻ വികസന കാഴ്ചപ്പാട് വളർത്തിയെടുക്കാൻ ഇതിലൂടെ നുമുക്ക് കഴിയണം. ജനങ്ങൾക്കിടയിൽ കൈമോശം വന്നുകൊണ്ടിരുക്കുന്ന പ്രതീക്ഷക്കും ശുഭാപ്തി വിശ്വസത്തിനും ദിശാബോധത്തിനും പുനർജീവൻ നൽകാൻ സാധിക്കണം. പാഴായി പോകുന്ന അദ്ധ്വാനശക്തിയെ വികസന രംഗത്ത് കെട്ടഴിച്ചു വിടണം. ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് വേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാറും സംസ്ഥാന പ്ലാനിംഗ് ബോർഡും ഒരു സുവർണാവസരം കേരളീയർക്ക് പ്രധാനം ചെയ്യുന്നത് . വികസനപ്രക്രിയിൽ ഒരു നൂതനാദ്ധ്യായം വിരചിക്കപ്പെടുകായാണ്. പ്രാദേശികതലത്തിൽഈ വെല്ലുവിളിയെ നാം ഏറ്റെടുത്തേ മതിയാവും. ഒമ്പതാം പദ്ധതിജനകീയ പദ്ധതിയാക്കി മാറ്റിതീർക്കുന്ന പ്രവർത്തനത്തിൽ സാമ്രാജ്യത്വത്തിനും ജന്മി നാടുവാഴിത്തത്തിനും എതിരെ ധീരോധാത്തമായ ിപോരാടി ത്യാഗ സുരഭിലമായഒരുപന്ഥാവ് വെട്ടിത്തളിച്ച കയ്യൂരിന്റെ ഭൂമിയിൽ ജീവിക്കുന്ന നമുക്കും പങ്കാളികളാവാം മാതൃകകളാവാം.

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ചരിത്ര പാഠ്ചാത്തലം

കറുത്ത മണ്ണുള്ള കയ്യൂരിലെ ജനത സ്വന്തം മോചനത്തിന്റെ മാർഗ്ഗം സ്വയം കണ്ടറിഞ്ഞ് സർവ്വം മറന്നിറങ്ങിയ പോരാട്ടങ്ങളുടെ ചരിത്രമാണ് കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റേത്. ജന്മിത്വത്തിനും നാടുവാഴിത്തത്തിനും സാമ്രാജ്യത്തിനും എതിരെ ജീവൻ ബലിയർപ്പിച്ച് അനശ്വരരായ കയ്യൂർ സഖാക്കൾ തൂക്കുമരചുവട്ടിൽ പ്രകടിപ്പിച്ച ധീരത ഇന്നും ഇവിടുത്തെ ജനതയുടെ പൊതു ബോധത്തിന്റെ അന്ത:സ്ഫുരണമായി നിലനിൽക്കുന്നു.

മുപ്പതുകളിൽ ഇവിടുത്തെ ജനത തങ്ങളുടെ സംങ്കടങ്ങളുമായി ജന്മികളുടെ അരികിലേക്ക് കാൽ നടയായിപോയി നിവേദനം കൊടുത്തുകൊണ്ടു തുടങ്ങിയ അവകാശ സമരങ്ങൾ 40 കളുടെ മധ്യത്തിൽ 'വിത്തിട്ടവൻ വിളകൊയ്യും' എന്ന സ്ഥിതിയിത്തീർന്നു.

പഴയകാലത്തെ ജന്മി മർദ്ദനത്തിന്റെ ജീവിക്കുന്ന രക്തസാക്ഷികൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പുരോഗമന പ്രസ്ഥാനങ്ങളോടെപ്പം ഇന്നും അവശേഷിക്കുന്നുണ്ട്. ജന്മിയുടെ കൽപനയനുസരിച്ച് കൂലിയാല്ലാതെ ചെയ്യാൻ കൂടിയാൻ തയ്യാറായിരിക്കണം എന്നത് അലിഖിത നിയമായിരുന്നു. 'ചാക്കിരിപ്പണി' എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്.

സംഘടിത ശക്തിയുടെ ആദ്യത്തെവിളവെടുപ്പ് വിമിരി

വിളവെടുപ്പാണ്. 1941 ഫെബ്രുവരിയിൽ ചെറുകിടക്കാരനായ ജന്മി സി.പി ഗോപാലൻ, കുഞ്ഞിപാൽകഅപ്പു എന്നയാളിൽ നിന്നും ഭൂമിയെഴിപ്പിച്ചെടുക്കൻ ശ്രമിക്കുകയുണ്ടായി. പാടത്ത് നെല്ലുവിളഞ്ഞ്കൊയ്ത്തിന്ംസമയമായപ്പോൾ കർഷകസംഘം പ്രവർത്തകർ വയലിലിറങ്ങി, കൊയ്ത കറ്റമുഴവൻ മെതിച്ചുകൊടുത്ത് പ്രവർത്തകർ ജന്മിയുടെമേൽ വിജയം നേടി. കയ്യൂർ രക്തസാക്ഷി,കോയിത്താറ്റിൽ ചിരുകണ്ടൻ അപ്രധാനമല്ലാത്ത പങ്ക് വഹിച്ച ഈ സംഭവത്തിൽ കരിപ്പത്ത് അമ്പു ,വലിയപുരയിൽ അമ്പു, കുതിരുമ്മൽ അപ്പു, കുതിരുമ്മൽ ചെറിയചെക്കൻ, പുതിയ വളപ്പിൽ രാമൻ, നാലിലാംകണ്ടത്ത് രാമൻ, എന്നിവരുടെ പേരിൽ കേസ് ചാർജ് ചെയ്യുകയുണ്ടായി.ഈസമരവുമായി ബന്ധപ്പെട്ട മൂന്നുപ്രതികൾക്ക് 93 ദിവസം ജയിലിൽ കഴിയേണ്ടിവന്നിട്ടുണ്ട്.

കപ്പണക്കാൽ കോരന്റെ നേതൃത്വത്തിൽ പുലിയന്നൂരിൽ 1944 ൽ നൂറോളം സ്ത്രീകൾ പങ്കെടുത്ത വിളവെടുപ്പ് സമരം നടന്നു. മീത്തലേ കുഞ്ഞാത, കുഞ്ഞിപ്പുരയിൽ ചെട്ടിച്ചി, ടി.വി കുഞ്ഞങ്ങ, പടിഞ്ഞാറെ വളപ്പിൽ മാധവി, പുതിയവീട്ടിൽ മാധവി, വണ്ണാത്തടിച്ചിക്കാരിച്ചി, ചേരിക്കൽ ചെമ്മരുത്തി,ചേരിക്കൽ കാരിച്ചി,കുഞ്ഞി പുതിയപുരയിൽ ചെറിയ, കലയക്കാരൻറെ മാണിക്യം, സി.വി ചെറിയ, സി.വി കുഞ്ഞമ്മ, താഴത്തുവീട്ടിൽ പാർവ്വതി തുടങ്ങിയവർ ഈ സമരത്തിൽ പങ്കെടുത്തു. കപ്പണക്കാരൻ കോരൻ ആണ് ഈ സമരത്തിന് നേതൃത്വം കൊടുത്തത്.

കാസർകോട് ജില്ലയിൽ സമരം ചെയ്തതിന്റെ പേരിൽ സ്ത്രീകൾ കോടതികയറിയത് 1948 ലെ തിമിരി വിളകൊയ്ത്ത് കേസിലാണ്. അന്തർജനങ്ങൾവരെ ഈ സമരത്തിൽ പങ്കാളികളായിരുന്നു. തിമിരിയിലെ തോട്ടോടൻകേളുക്രൂരമായ പൊലീസ് മർദ്ദനത്തിനിരയായത് ഈസമരത്തിൽലാണ്. താഴക്കാട്ടു മനക്കൽ നിന്നും ജോർജ് കൊട്ടുകാപ്പള്ളി എന്ന മുതലാളി ആയിരത്തോളം ഏക്കർ ഭൂമി വിലക്കുവാങ്ങിയതോടെ ഒട്ടേറെ കുടബങ്ങളുടെ ഉപജീവനമാർഗത്തിന്ം തടസമായി . കാട്ടിൽ വിറകും പച്ചിലയും ശേഖരിച്ച് ജീവിക്കുന്നവരായിരുന്നു അവർ. മുതലാളിസ്ഥലം സ്വന്തമാക്കിയതോടെ തോലും വിറകും ശേഖരിക്കുന്നത് തടസ്സപ്പെട്ടു. ഗതിമുട്ടിയ ജനത 1946 നവംബർ 15 ാം തിയ്യിതി സമരം പ്രഖ്യാപിച്ചു. കയ്യൂർ ചീമേനി പഞ്ചായത്തിലെ അവകാശ സമര ചരിത്രത്തിൽ ഇത്രയധികം സ്ത്രീകൾ പങ്കെടുത്ത അനുഭവങ്ങൾ വേറെയില്ല.

ചാരിത്ര്യം അപഹരിക്കപ്പെട്ട് ആത്മഹത്യചെയ്യേണ്ടവന്ന ഹതഭാഗ്യരുടെ നാടൻ സാവിത്രിമാരുടെ ദുരന്ത കഥകളുടെ ഒരുനീണ്ടപട്ടിക തന്നെയുണ്ട്. ജന്മിയുടെ തിരുവായക്ക് എതിർവായയില്ലന്നുള്ളതാകുന്നുഅന്നത്തെ അലിഖിത നിയമം. ക്ഷൗരക്കാരെ വിലക്കുക,അലക്കുകാരനെ വിലക്കുക,വണ്ണാത്തി മാറ്റ് വിലക്കുക, കിണറിന്റെ പാലത്തിനും വീടിന്റെ വാതിലിനും തോലുകെട്ടുക എന്നിത്യാതി എത്രയോമർദ്ദനോപാധികൾ ജന്മിയുടെ ആയുധങ്ങായിരുന്നു.

1935 ഓടുകൂടി ഉദയംചെയ്ത് വളർച്ച പ്രാപിക്കാൻ തുടങ്ങിയ കർഷകപ്രസ്ഥാനം നാടുവാഴി ജന്മിവർഗ്ഗത്തിനും സാമ്രാജ്യത്വത്തിനും തന്നെയും ഒരു ധൂമകേതുവായിരുന്നു. മർദ്ദിത ചൂഷിത വിഭാഗങ്ങൾക്ക് ആശ്വാസദായിനിയുമായ ഒരു ധ്രുവനക്ഷത്രമായിരുന്നു. കർഷകസംഘം അദ്യകാലത്ത് വാശി .നുറി, മുക്കാൽ ശീലക്കാശ്,വെച്ചുകാണൽ, കങ്കാണി, കള്ളപ്പറ, പെളിച്ചെഴുത്ത് മുതലായവക്കെതിരായിട്ടാണ് സമരം ചെയ്തതെങ്കിൽ പിന്നീട് വന്നകാലത്ത് അക്രമ പിരിവുകളെയും ജന്മിയുടെ നിഷ്ഠൂരവും നിന്ദ്യമായ പ്രവർത്തനങ്ങളെ മഹാസമ്മേളനങ്ങളിൽ വെച്ചു പൊതുയോഗങ്ങളിൽ വെച്ചും വിമർശിച്ചുതുടങ്ങി. ഇതേത്തുടർന്ന് കർഷക ജനസാമാന്യത്തിൽ ഉറങ്ങികിടന്ന വർഗബോധം ഉണരുകയും സംഘടിതമായിമുന്നേറുകയും ചെയ്തുതുടങ്ങി.

'ഓരോ കൃഷിക്കാരും കർഷകസംഘത്തിൽ' എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ സ്വർത്ഥകമാക്കിതീർത്ത പ്രദേശമാണ് കയ്യൂർ. 1941 മാർച്ച് 27 ാം തിയ്യതി അർദ്ധരാത്രിയിലുണ്ടായ പൊലിസിന്റെ കിരാതമായ ആക്രമത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രകടനത്തെ പരിഹസിച്ച സുബ്രായൻ എന്ന പോലീസുകാരന്റെ മരണം കയ്യൂരിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചു. ഇന്നത്തെ സംസ്ഥാനമുഖ്യമന്ത്രി ഇ.കെ നായനാരടക്കം 61 പേരുടെ പേരിൽ കേസെടുത്തു. 1942 ഫെബ്രുവരി 2 അത് ഇന്ത്യാരാജ്യത്തെ മഹത്തായകർഷക പ്രസ്ഥാനത്തിന്റെ ഇരുണ്ട ദിനമായിരുന്നു. അന്നാണ് കയ്യൂർ കേസ് വിധിപറഞ്ഞത് .സുബ്രായന്റെ മരണത്തിൽ കുറ്റവാളികളായി കണക്കാക്കി ശിക്ഷിക്കപ്പെട്ട പ്രതികൾ അഞ്ചുപേരായിരുന്നു. മഠത്തിൽ അപ്പു, കോയിത്താറ്റിൽ ചിരുകണ്ടൻ ,പൊടോര കുഞ്ഞമ്പുനായർ, പള്ളിക്കാൽ അബൂബക്കർ, ചൂരിക്കാടൻ കൃഷ്ണൻ നായർ, അഞ്ചാമനായ കൃഷ്ണൻ നായർ മൈനർ ആയതിനാൽ മരണശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

1943 മാർച്ച് 29 കൊലക്കയറിന് കീഴൽ നിന്ന് സാമ്രാജ്യത്തിത്തിനെതിരെ അവസാനത്തെ ഗർജനവും മുഴക്കി ധീരദേശാഭിമാനികളായ വിപ്ലവകാരികൾര ക്തസാക്ഷിത്വം വരിച്ചതോടെ കരിമണ്ണിന്റെ നാടായ കയ്യൂർ സ്വാതന്ത്രസമരത്തിന്റെ ചരിത്രത്തിലെ അവിസ്മണീയമായ ഏടുകളിൽ സ്ഥലം പിടിച്ചു. കയ്യൂർ സഖാക്കൾ ജീവിക്കുകയും പ്രവർത്തിക്കുകയും രക്തസ്കഷിത്വത്തിലൂടെധന്യമാക്കപ്പെടുകയും ചെയ്ത കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ഇന്നും പുരോഗമന പ്രസ്ഥാനങ്ങളോടൊപ്പം പ്രയാണം തുടരുകയാണ്.

ഒന്നു തിരിഞ്ഞു നോക്കുമ്പോൾ

കയ്യൂർ ചീമേനി ക്ലായിക്കോട് തിമിരി എന്നീ നാലു വില്ലേജുകളിലെ കേന്ദ്രീകരിച്ചുകെണ്ടുള്ള വില്ലേജ് പഞ്ചായത്തുകളായിരുന്നു 1991 വരെ നിലനിന്നിരുന്നത്. 1956 ജനുവരിയിൽ 4 വില്ലേജ് പഞ്ചായത്തുകളിലേക്കും ആദ്യമായി തെരഞ്ഞെടുപ്പ് നടന്നു. ഓരോ വില്ലേജ് പഞ്ചായത്തിലും 7 അംഗങ്ങൾ വീതമാണ് ഉണ്ടായിരുന്നത്.

പഞ്ചായത്ത്	പ്രസിഡൻറ്	വൈസ്പ്രസിഡൻറ്
1.തിമിരി	ശ്രീ.ടി.കെ.ചന്തൻ	ശ്രീ.യു.നാരായണൻ നായർ
2. ക്ലായിക്കോട്	ശ്രീ.എൻ.നാരായണവാര്യർ	ശ്രീ,വി.കുഞ്ഞിക്കോരൻ
3.കയ്യൂർ	ശ്രീ.കെ.പി.വെള്ളുങ്ങ	ശ്രീ.കെ.വി.കുഞ്ഞമ്പു
4. ചീമേനി	ശ്രീ.കണ്ണോത്ത് ചിണ്ടൻ	ശ്രീ കെ.ഗോപാലൻ

അത് വില്ലേജ് പഞ്ചായത്തുകളിൽ ഭരണം നടത്തിയിരുന്നത് 1950-ലെ മദിരാശവി വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരമായിരുന്നു.അന്നത്തെ എടുത്ത് പറയേണ്ട ഒരു സവിശേഷത ഓരോ വില്ലേജ് പഞ്ചായത്ത്കോടതികാം സിവിൽ കേസുകാം കൈകാര്യം ചെയ്തിരുന്നതായും കാണാം. സാധാരണ ജനങ്ങാക്ക അത് അങ്ങേയറ്റം ആശ്വാസദയാകവും സാമ്പത്തികലാഭവും ഉണ്ടാക്കിക്കൊടുത്ത ഒരു നടപടിയായിരുന്നു.

31, 12. 61ന് നിലവിലുള്ള നാല് വില്ലേജ് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ട് ചീമേനി പഞ്ചായത്ത് നിലവിൽ വന്നു.

തുടർന്നുള്ള വർഷങ്ങളിൽ ചരിത്രപ്രസിദ്ധമായ കയ്യൂരിന്റെ നാമധേയം കൂടി ചേർത്തുകൊണ്ട് കയ്യൂർ-ചീമേനി എന്ന പേരിൽ പഞ്ചായത്തിന് കൈവന്നു. 1.1.62 മുതൽ സ്പെഷ്യൽ ഓഫീസറുടെ ഭരണം നിലവിൽ വന്നു. 1963ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് പ്രസിഡൻറായി ശ്രീ. എൻ. നാരായണവാര്യരും വൈസ്പ്രസിഡൻറായി ശ്രീ. ടികെ. ചന്തനും അടങ്ങുന്ന ഏഴ്പേരുള്ള ഭരണസമിതിയായിരുന്നു ഭരണം നടത്തിയത്. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറായി ശ്രീ.ടി.കെ. ചന്തനും അടങ്ങുന്ന ഏഴ് പേരുള്ള ഭരണസമിതിയായിരുന്നു ഭരണം നടത്തിയത്. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറായി ശ്രീ. ടി.കെ.ചന്തനും വൈസ്പ്രസിഡൻറായി ശ്രീ പി.ഗോപാലവൻ വൈദ്യരും അടങ്ങുന്നഭരമസമിതിയാണ് നിലവിൽ വന്നത്. 1960 ലെസ കേരള പഞ്ചായത്ത് ആക്ട്പ്രകാരമാണ് ഭരണം നടത്തിയിരുന്നത്.

1987ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറായി ശ്രീ. എം. വി. ബാലകൃഷ്ണൻ മാസ്റ്ററും. വൈസ്പ്രസിഡൻറായിശ്രീ. പി. ജനാർദ്ദനനും അടങ്ങുന്ന ഒമ്പതംഗ

ഭരണമിതി രൂപീകരിച്ചു. 73-ാം ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽപഞ്ചാത്ത് രാജ് ആക്ട് പകാരം 1995സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ 10 വാർഡുകളിൽ നിന്നായി 10 അംഗങ്ങളെ തെരഞ്ഞെടുത്തു .ഇതിൽ നാല്പേർ വനിതകളായിരുന്നു. പ്രസിഡൻറായി ശ്രീ.എം.വി.ബാലകൃഷ്ണൻ മാസ്റ്ററും വൈസ്പ്രസിഡൻഡായിശ്രീ.ടി.കുഞ്ഞിരാമനും തെരഞ്ഞെടുക്കപ്പെട്ടു. നിലവിൽഈ ഭരണസമിതിയാണ് പഞ്ചായത്തിൻെറ ഭരണം കയ്യാളുന്നത്.

1961 ആദ്യത്തെ ചീമേനി പഞ്ചായത്തിൻെറ ആസ്ഥാനം മൊടോന്തടം ശ്രീ. ആവിക്കാൽഅമ്പാടിക്കുഞ്ഞിയുടെ വീടായിരുന്നു. പിന്നീട് പഞ്ചായത്തിൻെറ മധ്യഭാഗത്തേക്ക് ഓഫീസ്പ്രവർത്തനം വേണം എന്നതിൻെറ അടിസ്ഥാനത്തിൽ ചീമേനികരക്കാപ്പറമ്പ് ശ്രീ. കോരൻെറ വാടകവീട്ടിലേക്ക് മാറ്റി. കുറേ ദിവസങ്ങൾക്ക് ശേഷം കരക്കാപ്പറമ്പ്ത്തന്നെ സ്വന്തമായിസ്ഥലമെടുത്ത് സ്വന്തം കെട്ടിടം ഓഫീസിനിവേണ്ടി പണിതു. നിരവധി വർഷക്കാലം പ്രസ്തുത കെട്ടിടത്തിലാണ് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്തിരുന്നത്. ജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ എത്തിച്ചേരുവാനും മറ്റും അങ്ങേഅറ്റത്തെ വിഷമമാണുണ്ടായിരുന്നത്. 1987ൽ വന്ന ഭരണസമിതിയാണ് ചീമേനി കൈബസാറിൽ പ്ലാന്റേഷൻ കോർപ്പറേഷൻ കൈവശമുണ്ടായിരുന്ന സ്ഥലത്തിൽ നിന്നും ഒരേക്കർ 40 സെൻറ് ഭൂമി വാങ്ങി സ്വന്തമായി ഒരുഓഫീസ് കെട്ടിടം പണി കഴിപ്പിച്ചത്. 1995 മെയ്രണ്ടിന്ശ്രീ. ഇ.കെ. നായനാർ പ്രസ്തുത കെട്ടിടത്തിൻെറ ഉൽഘാടനം നിർവഹിച്ചു. അന്ന് മുതൽ ഓഫീസ് പ്രവർത്തനം ഈ കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തു.

1996 മെയ് മാസം മുതൽ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾഗ്രാമതലങ്ങളിലെ ആസൂത്രണപ്രക്രിയ സമഗ്രമാക്കുന്നതിലേക്കായി ഈ പഞ്ചായത്തിൽ നടന്നു വരുന്നു. മെയ് മാസത്തിൽതന്നെ വിവിധ രാഷ്ട്രീയ, സാമൂഹ്യ,സാംസ്കാരികരംഗത്തെപ്രമുഖരുടെ യോഗം വിളിച്ചു ചേർത്തു. സമമഗ്രാസാമൂഹ്യ,സാമ്പത്തിക, കാർഷിക സർവേ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. സർവേ ഫോറംരൂപപ്പെടുത്തിയെടുക്കുന്നതിൽ പഞ്ചായത്തിലെയുംപുറത്തുള്ളവരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു. ഒരു കരട് സർവേ ഫോറത്തിന് രൂപംകൊടുത്തു. തുടർന്ന് ഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗം ആളുകളുടെ വിപുലമായ യോഗം വിളിച്ച് ചേർത്തു. കരട് രൂപരേഖ ചർച്ച ചെയ്തു. 1996 ആഗസ്ത് 25ന് പഞ്ചായത്തിൽ വിപുലമായ ഏകദിന ശിൽപശാല ജി.എച്ച്.എസ്.ചീമേനിയിൽ നടത്തി. പഞ്ചായത്ത് തല സംഘാടകസമിതക്ക് രൂപം നൽകി. തുടർന്ന് വാർഡുകൾതോറും പ്രവർത്തന യോഗങ്ങളും അതിനുകീഴെ കുടുംബയോഗങ്ങളും വളിച്ച് ചേർത്ത് സർവേയുടെ ആവശ്യകതയും ജനകീയാസൂത്രണത്തിൽ അതിൻെറ പ്രാധാന്യവും വിശദീകരിച്ചു. 1996 സെപ്തംബർമാസം 22ന് ഒരു ദിവസംകൊണ്ട് 4694 വീടുകളിൽ 1120ഓളം സന്നദ്ധവളണ്ടിയർമാർഉൾക്കൊള്ളുന്ന നിരവധിസ്കാഡുകൾ കയറിയറങ്ങി സർവേ പൂർത്തീകരിച്ചു.ക്രോഡീകരണം വാർഡ്അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. സർവേക്കും ക്രോഡീകരണത്തിനുമായി രണ്ട് കേന്ദ്രങ്ങളിൽ ചീമേനിയിലും കയ്യൂരിലും വളണ്ടിയർമാർക്ക് പരിശീലനം നൽകി. അനന്തരം വിഭവഭൂപട സർവേയുടെ പ്രവർത്തികൾ ആരംഭിച്ചു.ആവശ്യമായ വിവിധതരം പ്രചരണ പ്രവർത്തനങ്ങൾക്ക് 1996 ഒക്ടോബർ 20,21 തീയതികളിൽ വളണ്ടിയർമാർക്ക് ട്രെയിനിംഗ് നൽകി. ഭൗമസാസ്ത്ര പഠനകേന്ദ്രത്തിൻെറ സഹായത്തോട് കൂടിയാണ് ഇത് നടക്കുന്നത്.

ഒക്ടോബർ മാസം 23 മുതൽ 31 വരെയുള്ള തീയതികളിൽ 1000-ഓളം മനുഷ്യാദ്ധ്വാനങ്ങൾ ഇതിനായി ചെലവഴിക്കപ്പെട്ട് കെഡസ്ട്രൽ ഭൂപടം തയ്യാറാക്കി. ഇതിനിടയിൽ തന്നെ പഞ്ചായത്തിലാകെ 123-ഓളം അയൽക്കൂട്ടങ്ങൾരൂപീകരിക്കാനുള്ള പദ്ധതിയും തയ്യാറാക്കി പ്രവ്വർത്തനം നടന്നു വരുന്നു.

ഈ പ്രവർത്തനങ്ങളെല്ലാം ജനകീയാസൂത്രണവുമായി ഏകോപിപ്പിച്ചുകൊണ്ടാണ് നടത്തിയതെന്ന കാര്യം ശ്രദ്ധേയമാണ്. ജനകീയാസൂത്രണവുമായിബന്ധപ്പെട്ട് വിശേഷാൽഗ്രാമസഭകൾ 1996 ഒക്ടോബർ രണ്ടിനു തന്നെ പൂർത്തിയാക്കി. 10 ഗ്രാമസഭകളിലും വമ്പിച്ച് ജനപങ്കാളിത്തം ഉറപ്പാക്കപ്പെട്ടു. സ്ത്രീകളുടെ പങ്കാളിത്തം എടുത്ത് പറയേണ്ട ഒന്നാണ്. എട്ടാം വാർഡിനകത്തെ മുസ്ലിംസ്ത്രീകളുടെസാന്നിധ്യവും ചർച്ചയിൽ സവിശേഷശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളും അഭിപ്രായങ്ങളും ഒരുപുത്തൻ ഉണർവ് ഗ്രാമീണമേഖലയിൽ പ്രദാനം ചെയ്തു. ഗ്രാമീണജനതയിൽ വമ്പിച്ച ആശയും പ്രവർത്തനത്വരയും ദിശാബോധവും സേവനസന്നദ്ധതയും കൂട്ടായ്മയും പുനർജനിച്ച പോലെയുള്ള അനുഭാവങ്ങളാണുണ്ടാകുന്നത്.

ഇതിൻെറസാക്ഷാൽകാരവും ഒരുപുത്തൻ വികസന സംസ്കാരത്തിൻെറ തുകിൽ ഉണർത്തലുമായിരുന്നു. ഐക്യ കേരളത്തിൻെറ നാൽപതാം പിറന്നാളിൽ അതേ 96 നവംബർ ഒന്നിന് പുനരർപ്പണദിനത്തിൽ നടന്ന വികസനപ്രവർത്തനങ്ങൾ 10 വാർഡുകളിൽ ഓരോ പ്രവർത്തനത്തിന് അന്ന് തുടക്കം കുറിച്ചു. 3, 7, 8,9 തുടങ്ങിയ വാർഡുകളിൽ ഒന്നിലേറെ പ്രവർത്തനങ്ങൾക്ക്നാന്ദി കുറിച്ചു. ഏവരാലുംശ്ലാഘിക്കപ്പെട്ട ഒരു പ്രവർത്തിയായിരുന്നു അഞ്ചാം വാർഡിനകത്ത് നടന്നത്. നാനൂറിലധികം പേർ പങ്കെടുത്ത് കയ്യൂർ ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ ഷിഫ്റ്റ് ഒഴിവാക്കുന്നതിനായി നാല് ക്ലാസ് മുറികളുള്ള ഒരു

ഷെഡ് പണി കഴിപ്പിച്ചകൊടുത്തു. ഒരുജനതയുടെ ആ വേശവും കൂട്ടായ്മയും സേവനസന്നദ്ധതയും ആവശ്യ ബോധവും പീലി വിടർത്തിയാടി. മനുഷ്യൻ ഉണർ ന്നാൽ, അധ്വാനശേഷി കെട്ടഴിച്ച്വിട്ടാൽ എന്തെന്ത് മാറ്റങ്ങം സമൂഹത്തിൽ വരുത്തിത്തീർക്കാൻ കഴിയു മെന്നതിന്റെ ഒരു ചെറിയ ഉദാരണം.

ഈ ദൃശ്യപ്രവർത്തനങ്ങളെല്ലാം വമ്പിച്ച് വിജയത്തിൽ എത്തിക്കാൻകഴിയുന്നത് ഈ പഞ്ചായത്തിന് മാത്രം അവകാശപ്പെടാൻകഴിയുന്നതാണ്.കയ്യൂർ-ചീമേനി പഞ്ചാ യത്തിലെ പൗരവാലി ഒന്നടങ്കം കക്ഷി,രാഷ്ട്രീയ, മത,ജാ തി ചിന്തകംക്കതീതമായി സഹകരിക്കുകയും കർ മ്മപഥത്തിൽ ഏകമനസോടെ സഹകരിക്കുകയും ചെയ്യുന്ന അനുഭവം ആവേശകരമാണ്. പഞ്ചായത്തിലെ വിവിധ സരക്കാർസ്ഥാപനങ്ങളിലെയും വിദ്യാലയങ്ങളി ലെ ജീവനക്കാരം അധ്യാപകരും എന്ന് തുടങ്ങി സമസ്ത മേഖലകളിലെ തൊഴിലാളികളും കർഷകരും കർഷക തൊഴിലാളികളും മറ്റ് ജനവിഭാഗങ്ങളും ഇതിൽ പ ങ്കെടുത്തു.

തുടർന്ന് കാർഷികമേഖലയിലെ ഉൽപാദനം വർധി പ്പിക്കുവാനാവശ്യമായസത്വര നടപടികം കൈക്കൊള്ളു വാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടണ്ട്. നെല്ലുൽപാദനം ശാസ്ത്രീയമായ കൂട്ട്കൃഷി സമ്പ്രദാ യത്തിലൂടെ (ഗാലസ) കൂട്ട് കൃഷി സഹകരണസം ഘങ്ങം ഉണ്ടാക്കിക്കൊണ്ട് വർധിപ്പിക്കുവാനും കൃഷി ക്കാരിൽ ഒരു പുതിയഅഭിനിവേശം ഉണ്ടാക്കുവാനും ആവശ്യമായ നടപടികം സ്വീകരിച്ച് വരുന്നു. നെല്ലുൽ പാദനം, പാലുൽപാദനം, മുട്ട ഉൽപാദനം,പച്ചക്കറി ഈ-൧ നാല് കാര്യങ്ങളിലെങ്കിലും പഞ്ചായത്ത് ഒരുസ്വയം പര്യാ പ്തത നേടന്നതിലേക്കുള്ള കർമപരിപാടികംക്ക് രൂപം കൊടുത്ത് വരുന്നു.



ഇന്ത്യയുടെ ഭാവനാ
ഗ്രാമങ്ങളിലൂടെ

— ഗാന്ധിജി —.

4 കൃഷിയും ജലസേചനവും

തേജസ്വിനി പുഴയുടെ ഓളങ്ങളുടെ തലോടലേറ്റ് കുപിതയാകു മ്പോൾ അവൾക്കുറഞ്ഞുതുള്ളാൻ സ്വന്തം മാറിടം കാട്ടിക്കൊടുത്ത് സ്വയം ധന്യമാകുന്ന തികച്ചും സമ്പന്നമായ കാർഷികഗ്രാമമാണ് കയ്യൂർ ഗ്രാമപഞ്ചായത്ത്.

വടക്കൻ വീരഗാഥകളുടെ മാറ്റൊലകൾ കേൾക്കുന്ന നെൽ വയലുകളും നിലമുഴുന്നകർഷകരുടെ വായ്ത്താരിയുടെ താളത്തിലുള്ള കാളകളുടെ ചലനവും കർഷക ഗ്രാമത്തിന്റെ തനിമ ഇന്നും നിലനിർത്തുന്നു. ശിരസ്സുയർത്തിനിൽക്കുന്ന കവുങ്ങുകളിൽ നിന്നും കവുങ്ങുകളിലേക്ക് കാറ്റിന്റെ ശക്തിയിൽ പറക്കാൻ പ്രാവിണ്യം നേടിയ തൊഴിലാളികൾ, കാർഷികവൃത്തിയിൽ അഭിമാനം കൊള്ളുന്ന ഒരു ജനത സമൃദ്ധിയുടെ ഉദാത്ത സൂചനകളാണ് തെങ്ങും കവുങ്ങും നിറഞ്ഞതീരപ്രദേശവും തുടർന്ന് വിസ്തൃതമായ നെൽവയലുകളും പിന്നെ കുന്നിൻ ചരിവുകളും അതി നപ്പുറം സമുദ്രനിരപ്പിൽ നിന്നും 40-50 അടി ഉയരത്തിലുള്ള ലാറ്ററൈറ്റ് പ്രദേശങ്ങളും ഉൾക്കൊള്ളുന്നാതാണ് ഈ ഭൂവിഭാഗം. മുത്തുപാറ ഏറ്റവും ഉയർന്നും രാമൻചിറ ഏറ്റവും താഴ്ന്നും കിടക്കുന്ന പ്രദേശങ്ങളാണ്. തേജസ്വനി പുഴയുടെ തീരത്ത് 32 കിലോമീറ്റർ നീളത്തിൽ പടിഞ്ഞാറായി നീണ്ടകിടക്കുന്ന കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന് തെക്ക് നിന്ന് വടക്കോട്ട് ചെരിവ്. കുന്നിൻ ചെരിവുകളിൽ നിന്ന് ഉത്ഭവിച്ച് ആദ്യം വടക്കോട്ടും പിന്നെ തീരപ്രദേശത്തുകൂടി പടിഞ്ഞാറോട്ടോഴുകി കാര്യങ്കോട്ടുപുഴയിൽ സന്ധിക്കുന്ന നിരവധി തോടുകളും നീർച്ചാലുകളുമുണ്ട്.

ഭൂവിനിയോഗം

727 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിലെ ഭൂമി പ്രധാനമായും നാലായി തരം തിരിക്കാം. തീരപ്രദേശം, താഴ്വര, ഉയർന്നപ്രദേശം, കുന്നിൻ ചെരിവ്, എന്നിവയാണിവ. ഏഴ് ഏക്കറോളം വിസ്തൃതിവരുന്ന രണ്ടു തുരുത്തുകൾ അരയാൽക്കടവിന് കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്നു.

ഭൂരിഭാഗം കുടുംബങ്ങളും ചെറുകിട കർഷകരാണ്. കുടുംബങ്ങളുടെ എണ്ണവും ഭൂപരിധിയും പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിൽ ആകെ വരുന്ന 4694 കുടുംബങ്ങളിൽ 3238 കുടുംബങ്ങളും 3 ഹെക്ടറിൽ കുറഞ്ഞുഭൂമിയള്ളവരാണ്. ആഗോള കൃഷി ഭൂമി 0.3 ഹെക്ടറാണ്. സംസ്ഥാനത്തെ ജനസാന്ദ്രതയെ അപേക്ഷിച്ച് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ വളരെക്കുറവാണ്.

ഭൂപരിധി	കുടുംബാങ്ങളുടെ എണ്ണം
10 സെൻറിന് താഴെ	259
11-50	886
51-10	851
101-200	800
201-300	442
301-400	216
410 ന് മുകളിൽ	239

പട്ടിക - 1

മൊത്തം വിസ്തൃതിയിൽ 5561 ഹെക്ടർ പുരയിടം 10 ഹെക്ടർ റോഡ്, തോട് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയും 390 ഹെക്ടർ കൃഷിയോഗ്യ തരിശും, 1071.86 ഹെക്ടർ കൃഷിയോ ഗ്യമല്ലാത്ത പ്രദേശവുമാണ്.

പഞ്ചായത്തിൽ മുഖ്യമായും കൃഷിചെയ്യുന്നകാർഷിക വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ കൂടാതെ പച്ചക്കറിയും, വാഴ, മാവ്, പ്ലാവ്, തുടങ്ങയ വിവധ പഴവർഗ്ഗങ്ങളും കൃഷിചെയ്തുവരുന്നു.

നെൽകൃഷി

കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കൾക്ക് മുമ്പുവരെ ജനങ്ങൾ മുഖ്യമായും നെൽകൃഷിയിൽ കേന്ദ്രീകരിച്ചിരുന്നു. താഴ്വരയെക്കൂടാതെ കുന്നിൻ ചരുവുക ളിൽ കാടുകൾ വെട്ടിത്തെളിച്ച് പുൽ കൃഷിചെയ്യുന്നരീതി സർവ്വസാധാരണമായിരുന്നു. എന്നാൽ അടുത്തകാലത്തായി ഈ പ്രവണത പൂർണ്ണമായും അപ്രത്യക്ഷമായി.

തൊഴിലാളികളുടെ ദൗർലഭ്യവും, കാർഷിക വൃത്തിയോടുള്ള വിദ്യാ സമ്പന്നരായ ആളുകളുടെ ആഭിമുഖ്യ മില്ലായ്മയും നെൽ വയലുകൾ, തെങ്ങ്, കവുങ്ങ്, തുടങ്ങിയ കാർഷികവിളകൾക്ക് വഴി മാറിക്കൊടു ക്കുന്നതിന് ഇടയാക്കി. ഇതുകൂടാതെ റോഡ്, കെട്ടിടം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും നെൽ വയലുകൾ ഉപയോഗിച്ചുതുടങ്ങി. റവന്യൂ സെറ്റൽ മെൻറ് രജിസ്ട്രർ പ്രകാരം 970 ഹെക്ടർ ആയിരുന്ന നെൽപ്പാടം ഇപ്പോൾ 300 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്.

വിവിധ പ്രദേശങ്ങളിലെ നെൽപ്പാടങ്ങളിലുള്ള നീരൊഴുക്ക് ക്രമായി നിയന്ത്രിക്കുന്നതിന് ജൈവ തടയണ നിർമ്മിക്കുന്ന കൂട്ടായ്മയോടെയുള്ള പ്രവർത്തനം വളരെ പണ്ടുതന്നെ നില വിലുണ്ടായിരുന്നു. ഭൂമിയുടെ ഉടമസ്ഥാ വകാശം മുഴുവനും താഴക്കാട്ടുമന, വടക്കേ കോവിലകം, തെക്കേക്കോവിലകം തുടങ്ങിയ ജന്മി കുടുംബാങ്ങൾക്കായിരുന്നു. പ്രതികൂല കാലാവസ്ഥയിൽ കൃഷി നാശമുണ്ടായാൽപ്പോലും കർഷകർ ജന്മിക്ക് പാട്ടം നൽകുന്നതിന്

നിർബന്ധിക്കപ്പെട്ടിരുന്നു.പാട്ടം കുടിശ്ശിക വരത്തിയ കറഷകരെ ഭൂമിയുൽ നിന്ന് ഒഴിവാക്കിയിരുന്ന സമ്പ്രദായം ഉണ്ടായിരുന്നു. പ്രാചീനകാലം തൊട്ട് നിറ, പുത്തരി തുടങ്ങിയ കൊയ്ത്തുത്സവ ങ്ങൾ ആഘോഷിച്ചുവരുന്നു. കൃഷിഭൂമിയുലെ കീടനിയന്ത്രണത്തിന് തീക്കുണ്ഡങ്ങളുണ്ടാക്കി ഒറ്റക്കോലങ്ങൾ പോലുള്ള ഉത്സവങ്ങൾ നടത്തുന്നരീതി ഇന്നും തുടർന്നുവരുന്നു. വളരെ പണ്ടുമുതലേ കാർഷിക വിളവുകളുടെ പ്രത്യേകിച്ച് വിളഞ്ട്കുകിടക്കുന്ന നെൽപ്പാടങ്ങളെ സംരക്ഷിക്കുന്നതിന് ക്ഷോത്രങ്ങളുമായി ബന്ധപ്പെട്ട കാവൽക്കാരെ ചുമതലപ്പെടുത്തുന്നരീതി ഇന്നും നിലവിലുണ്ട്.

പഞ്ചായത്തിലെ മൊത്തം പാടശേഖരവിസ്തൃതി 300 ഹെക്ടറാണ്. ഇതിൽ 250 ഹെക്ടർ ഇരുപ്പ് നിലങ്ങളാണ്. മൂന്നാം വിളയിറക്കുന്ന നെൽപ്പാടങ്ങൾ പഞ്ചായത്തിലിന്ന് നിലവിലില്ല. നെൽ കൃഷിയുടെ വിസ്തൃതി വിവരങ്ങൾ പട്ടിക 2,3 ഇവയിൽ കൊടുത്തിരുക്കുന്നു.

പട്ടിക 2

ദൂപപരിധി	കുടുംബാങ്ങളുടെ എണ്ണം	
	ഒന്നാം വിള	രണ്ടാം വിള
10 സെൻറിൽ താഴെ	101	6.3
11-50	398	238
51-100	154	84
101-200	60	28
201-300	18	9
301-400	5	2
400ന് മുകളിൽ	5	1

അവലംബം സാമ്പത്തക സർവെ

പാടശേഖര സമിതി പട്ടിക 3

പാടശേഖരത്തിൻറ വിസ്തൃതി	വിസ്തൃതി		
	ഒന്നാം വിള	രണ്ടാം വിള	വില്ലേജ്
മുഴക്കോം-നന്ദാവനം	80	80	ക്ലായിക്കോട്
തിമിരി	55	55	തിമിരി
കയ്യൂർ	25	10	കയ്യൂർ
ആലന്തട്ട്	25	25	കയ്യൂർ
പൊതവൂർ	25	25	കയ്യൂർ
പുലിയന്നൂർ	30	20	ചീമേനി
ചീമേനി-പയ്യറാട്ട്	45	35	ചീമേനി
കൂക്കോട്	15	-	കയ്യൂർ

അവലംബം കൃഷിഭവൻ രേഖ

മൊത്തം വിസ്തൃതിയുടെ 4.9% നെൽകൃഷി ചെയ്തിരുന്നവയലുകളാണ്. സങ്കരയിനം വിത്തുകൾ നിലവിൽ വരുന്നതിന് മുമ്പ് രോഗപ്രതിരോധ ശേഷിയുള്ള ഒട്ടനവധി വിത്തിനങ്ങൾ ഉപയേഗിച്ചിരുന്നു. തവളക്കണ്ണൻ, തൗവ്വൽ, അല്ലക്കണ്ണൻ, കോഴിക്കാലൻ, കയമ, മുണ്ടോടൻ, വെള്ളക്കകണ്ണൻ, ചിറ്റേനി മലയിടുമ്പൻ, മാലക്കാരൻ, വാച്ചൻ തുടങ്ങയവ അതിൽപ്പെടുന്നു. എഴുപതുകളോടെ 9 8, ജയ, കൾച്ചർ, ജ്യോതി, ത്രിവേണി, ഐശ്വര്യ, അശ്വതിതുടങ്ങിയ നിരവധി സങ്കരയിനം വിത്തിനങ്ങൾ ഉപയോഗിച്ചുതുടങ്ങി. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങള 8 ഉപയോഗിച്ചുതുടങ്ങിയതോടുകൂടി കീടമാശിനികളും രാസവളങ്ങളും ആധുനിക കൃഷിരതികളും പ്രയോഗത്തിൽ വന്നു. ഉത്പാദനത്തിൽ ഒരു കുതിച്ചുചാട്ടത്തിന് ഈ പ്രക്രീയ വഴിയൊരുക്കിയിട്ടുണ്ട്. എന്നാല8 ജൈവ വളങ്ങളുടെയും, ജൈവ കീടനിയന്ത്രണ ത്തിൻെറയും അസാന്നിധ്യത്തിൽ നെൽ വയലുകൾ കഠിനമായ ചൂഷണത്തിന് വിധേയമാക്കപ്പെട്ടു എന്നതാണ് ആ ആധുനിക വൽക്കരണത്തിൻെറ മറുപുറം. നെൽകൃഷിയിൽ ഭൂരിഭാഗവും മഴയെ ആശ്രയിക്കുന്നതുകൊണ്ട് മിക്ക പാടശേഖരങ്ങളിലം രണ്ടും മൂന്നും വിളകളിറക്കുന്നതിന് ഇന്നും സാധിച്ചിട്ടില്ല. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തോം കൊട്ട, ഉവ്വേണി തുടങ്ങിയവ അപ്രത്യക്ഷമാവുകയും പമ്പ് സെറ്റുകള8 ഉപയോഗിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

1990കളോടെ പഞ്ചായത്തിലെ നെൽകൃഷി പൊതുവേ കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു. പ്രാധാന മായും ചൂണ്ടികാണിക്കപ്പെടുന്ന കാരണ ങ്ങൾ തൊഴിലാളികളുടെ ദൗർലഭ്യം, ആദായകരമല്ലാത്ത അവസ്ഥ, ജലസേ ചന സൗകര്യത്തിൻെറകുറവ്, അനിയ ന്ത്രിതമായ കീടബാധ, ഉല്പാദനചിലവിൻെറ വർദ്ധനവ്, ജൈവവളങ്ങളുടെ ലഭ്യത ക്കുറവ്, രാസവളങ്ങളുടെ വില വർദ്ധനവ് പ്രകൃതിക്ഷോഭം മീലമുള്ള കൃഷിനാശം എന്നുതുടങ്ങി പലതാണ്.

ഒരു കാലത്ത് കാർഷിക മേഖല യിൽ പ്രത്യേകിച്ച് നെല്ലുല്പാദന മേഖലയിലെ സ്ത്രീകളുടെ അദ്ധ്വാന നിക്ഷേപം പുരുഷന്മാരുടേതിനേക്കാൾ കൂടുതലായിരുന്നു. എന്നാൽ വിദ്യാ സമ്പന്നരായ യുവതീ യാവാക്കൾ അദ്ധ്വാനത്തോട് വൈമുഖ്യം കാണിക്കു കയും കാർഷിക മേഖലയിൽ നിന്നും അകന്നുനിൽക്കുകയും ചെയ്യുന്നു സ്ത്രീ തൊഴിയാളികളുടെ ദൗർലഭ്യം നെൽകൃഷി നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ്.

ലെൽകൃഷി അനാദായ്കരം എന്ന് വരുമ്പോഴും, അനിയന്ത്രിതമായി ജനസംഖ്യയിൽ വർദ്ധനവുണ്ടാകു മ്പോഴും,കാർഷിക വൃത്തിക്ക് അർഹമായ മാന്യത സമൂഹം കല്പിക്കാതിരിക്കുകയും ചെയ്യുമ്പോൾ നെൽപ്പാടങ്ങൾ നികത്ത പ്പെടുന്നു. ആധുനിക സാങ്കേതിക വിദ്യയിൽ ഈ പ്രദേശത്തെ കർഷകർ ഇന്നും അജ്ഞരാണ്. വൈദ്യുതോർജ്ജ ത്തിൻെറ അഭാവം പ്രത്യേകിച്ച് വോൾട്ടേജിലുള്ള കുറവ് നെൽകൃഷിയെ സാരമായി ബാധിക്കുന്നു. പാടശേഖര സമിതികളുടെ പ്രവർത്തനം സമയ ബന്ധിതമായി കർഷകരുടെ അഭീഷ്ട പ്രകാരം നടപ്പാക്കപ്പെടുന്നില്ല. വകുപ്പ്ധി ഷ്ിതമായ പദ്ധതികളുടെ നടത്തിപ്പിനുള്ള ജന പങ്കാളിത്തത്തിൻെറ അഭാവവും വിവിധ ഔദ്യോഗിക

ഏജൻസികളുടെ ഏകോപനമില്ലാത്ത പ്രവർത്തനവും പ്രധാന അപാകതകളാണ്.

നെൽകൃഷിമെച്ചപ്പെടുത്തുന്നതിനുള്ള് സാദ്ധ്യതകൾ

ഗ്രൂപ്പ് ഫാമിങ്ങ് ശക്തിപ്പെടുത്തു ന്നതിലൂടെയും പ്രാദേശിക തല നെൽ കൃഷി സംരക്ഷണ സമിതി രൂപീകരിച്ചും നെൽകൃഷി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം തുടങ്ങണം. പ്രതികൂല കാലാവസ്ഥ കൊണ്ടുള്ള കൃഷി നാശത്തിന് നഷ്ട പരിഹാരം നൽകുക. പുതിയ ഇനം വിത്തുകൾ പാടശേഖര സമിതി മുഖാന്തരം വിതരണം ചെയ്യുക. ഓരോ പാടശേഖരത്തിലെയും കാർഷിക പ്രവർത്തനം ഏകോപിപ്പിക്കുക. ആധുനിക സാങ്കേതികവദ്യ പരമാവധി ഉപയുക്തമാക്കുക. ട്രാക്ടർ, ട്രില്ലർ, മെതിയെന്ത്രം തുടങ്ങിയവ പാടശേഖര സമിതിക്ക് സൗജന്യമായി വിതരണം ചെയ്യുക. ജൈവ കീടനിയന്ത്രണരീതി പാടശേഖരങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുക തുടങ്ങിയവ പ്രഥമ പരിഗണീയമായ സാധ്യതളാണ്.

പാടശേഖരങ്ങളോടനുബന്ധിച്ച് കാർഷിക മേഖലയിലഃ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ സഹകരണ സംഘ ങ്ങൾ രൂപീകരിച്ച് അത്തരം സ്ഥാപന ങ്ങൾ വഴിതൊഴിലാളികളുടെ ലഭ്യത നീതി പൂർവ്വമാക്കാനുള്ള സംവിധാനം ഉണ്ടാക്ക ണം. കൃഷി ഇൻഷുറൻസ് വ്യാപക മാക്കുകയും കാർഷികോത്പന്നങ്ങളുടെ വിപണന സൗകര്യം സഹകരണ മേഖലയിൽ ആരംഭിക്കുകയും വേണം. തരിശായി ഇടുന്ന നെൽവയസുകൾ ഏറ്റെടുത്ത് സാമൂഹ്യ നിയന്ത്രണത്തിൽ കൃഷിചെയ്യുന്നതിന് പാടശേഖര സമിതികൾ തയ്യാറാകണം. പഞ്ചായത്തി ലെ വിവധ പ്രദേശങ്ങളിലെ പാടശേഖര ങ്ങളിലൂടെ കടന്നുപോവുന്ന തോടുകൾ ആഴവും വീതിയും വർദ്ധിപ്പിച്ച് അതിരുകൾ കെട്ടി അനുയോജ്യസ്ഥല ങ്ങളിൽ തടയണകൾ നിർമ്മിച്ച്, ഒരുപ്പ് നിലങ്ങളെ ഇരുപ്പ്, മൂപ്പുനിലങ്ങളാക്കി മാറ്റുന്നതിനുള്ള ശാസ്ത്രീയ സമീപനങ്ങൾ ദീർഘദൃഷ്ടിയോടെ നടപ്പിലാക്കുക, എന്നത് നെല്ലുല്പാദനത്തിന്റെ മികച്ച വർദ്ധനവുണ്ടാക്കുന്നതിനുള്ള സാധ്യതക ളാണ്. നെൽപ്പാടം നികത്തുന്നതം കരശനമായ നിയമ നടപടിയിലൂടെ തടയുന്നതിന് ത്രതല പഞ്ചായത്ത് സമിതിക്ക് അധികാരം നൽകണം. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വളം, വിത്ത്, കീടനാശിനി എന്നിവ സൗജന്യമായി നലഃകുക, ചെലവിന്റെ 50% സബ്സിഡിയായി നൽകുക തുടങ്ങി ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്.

തെങ്ങ്, കവുങ്ങ്

തേജസ്വിനി പുഴയുടെ കരയിൽ ഏകദേശം 32 കി.മീറ്റർ നീളവും 400 മീറ്റർ വീതിയിലുമായി തെങ്ങും കവുങ്ങും മിശ്രിത വിശയായി കൃഷിചെയ്തിരിക്കുന്നു. 2973 കുടുംബങ്ങൾ തെങ്ങ് കൃഷിചെയ്തുവരുന്നു. ഇതിൽ 2917 കർഷകരും ചെറുകിട കർഷകരാണ്. 1875 കുടുംബങ്ങൾ കവുങ്ങ് കൃഷിനടത്തിവ രുന്നുണ്ട്. ഇതിൽ 2917 കർഷകരും ചെറുകിട കർഷകരാണ്. ഭൂപരിധിയും കുടുംബങ്ങളുടെ എണ്ണവും പട്ടിക 4,5 എന്നിവയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4 തെങ്ങ്

ഭൂപരിധി	കുടുംബാങ്ങളുടെ എണ്ണം	
	നാടൻ	സങ്കരം
10 സെൻറിൽ താഴെ	883	25
11-50	1209	5
51-100	548	7
101-200	208	1
201-300	68	1
301-400	9	1
400ന് മുകളിൽ	9	1

അവലംബം സാമ്പത്തക സർവെ

പട്ടിക 5 കവുങ്ങ്

ഭൂപരിധി	കുടുംബാങ്ങളുടെ എണ്ണം	
	നാടൻ	സങ്കരം
10 സെൻറിൽ താഴെ	451	4
11-50	791	5
51-100	279	-
101-200	282	1
201-300	44	-
301-400	10	-
400ന് മുകളിൽ	8	-

അവലംബം സാമ്പത്തക സർവെ

നാടൻ തെങ്ങിനങ്ങൾ കൃഷിചെയ്യുന്നതിലാണ് കൃഷിക്കാർക്ക് കൂടുതൽ താൽപര്യമുള്ളത്. അത്യുൽപ്പാ ദനശേഷിയുള്ള സങ്കരയിനങ്ങളേക്കാൾ രോഗപ്രതിരോധശേഷി കൂടുതലുള്ള നാടൻ ഇനങ്ങൾ കൂടുതൽ പ്രചാരത്തി ലുണ്ട്. ആകെ 1165 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയും 876 ബെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയും നിലവിലുണ്ട്. സങ്കരയിനം തെങ്ങുകൾ 21%വും കവുങ്ങുകൾ 11%വും വരും.

തെങ്ങ്-കവുങ്ങ് കൃഷിയിൽ സാധാരണയായി പച്ചില വളത്തോടൊപ്പം രാസവളവും ഉപയോഗിച്ചു വരുന്നു. അമിതരാസവളപ്രയോഗം ആനുവർത്തി ച്ചു തുടങ്ങിയിട്ടില്ല. അതുകൊണ്ട് മാരകമായ പലരോഗങ്ങ ളോയും അതിജീവിക്കാനുള്ള പ്രതിരോധശേഷി തെങ്ങുകൾക്കുണ്ട്. എന്നാൽ കവുങ്ങു കളെ മഹാഗളി രോഗം സാരമായി ബാധിക്കുന്നുണ്ട്. കീടനാശിനികൾ യഥാസമയം ഉപയോഗിച്ചാലും ഫലപ്രദമായി മഹാഗളി

രോഗത്തെ അതിജീവിക്കാൻ കർഷകർക്കുകഴി ഞ്ഞിട്ടില്ല. കഴിഞ്ഞനാലഞ്ച് വർഷങ്ങൾ ക്കു മുമ്പ് ചെറുകിട കർഷകർ പച്ചത്തെങ്ങ് വിപണിയിലെത്തിക്കുക പതിവായിരുന്നു. കൃഷിക്കാരാൽ സമ്പത്തികമായ പരാധീനതയുള്ളവർ പാകമാകുന്നതിന് മുമ്പ് തന്നെ കവുങ്ങ്-തെങ്ങ് തോട്ടങ്ങൾ ചെറുകിട വ്യാപാരികൾക്ക് മുൻകൂർ പണം വാങ്ങി പാട്ടമായി വിൽക്കാറുണ്ട്. എന്നാൽ അടുത്ത കാലത്തായി ഈ പ്രവണതയിൽ മാറ്റം വന്നിട്ടുണ്ട് ചെറുകിട കർഷകരിൽത്തന്നെ ഭൂരിഭാഗം കർഷകരും കപ്രയാക്കിയാണ് വിൽപ്പനക്ക് എത്തിക്കുന്നത്. ചീമേനിയിൽ ഒരു കൊപ്ര സംഭരണകേന്ദ്രം സഹകരണമേഘലയിൽ പ്രവർത്തിക്കുന്നു. പ്രവർത്തന കാര്യക്ഷമമല്ലെങ്കിലും ആശ്വാസകരമാണ്.

അടയ്ക്കായുടെ വിപണനത്തിന് നീലേശ്വരത്തേ കാംപ്കോയുടെ സംഭരണകേന്ദ്രത്തെ ആശ്രയിക്കേണ്ട സ്ഥിത ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട് സാധാരണകർഷകരിൽ പസരും ചെറുകിട വ്യാപരികൾക്ക് സാമ്പത്തിക നഷ്ടം സഹുച്ചുകൊണ്ട് വിൽക്കുകയാണ് പതിവ്. കൊട്ടടയ്ക്കയ്ക്ക് പകരം പഴുക്കടയ്ക്ക തന്നെ വിൽക്കുന്ന സ്ഥിതിയും ഉണ്ട്.

ശാസ്ത്രീയമായ കൃഷി രീതി തെങ്ങ്-കവുങ്ങ കൃഷയിൽ ഇതേപ്രെയും വ്യാപകമായികാണുന്നില്ല. ഓരോ വർഷവും തെങ്ങ്-കവുങ്ങുകൾക്ക് ചുറ്റും തടമെടുക്കുകയും പച്ചിലവളങ്ങളും രാസവളങ്ങളും ചേർത്ത് തടം മണ്ണിട്ട് മൂടുന്നു. തൊട്ടടുത്തവർഷവും ഈ പ്രക്രീയ ആവർത്തിക്കുന്നു. അതുകൊണ്ട് വളം ചെയ്യുന്നതിന്റെറ ഗുണം പൂർണ്ണമായും ചെടികൾക്ക് ലഭിക്കുന്നല്ല. പച്ചിലവളത്തിന്റെറ വർദ്ധിച്ചവിലയും ലഭ്യതക്കുറവും ഒരു പ്രതിസന്ധിയണ്. ജൈവവള ലഭ്യതക്ക് വ്യക്തികളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. പൊതുമേഖലയിൽ ഇതുനുള്ള സംരഭങ്ങളില്ല. തൈകൾ തമ്മിലുള്ള അകലം ജലസേചന രീതി, കീടനിയന്ത്രണം എന്നീ കാര്യങ്ങളിൽ പരമ്പരാഗത രീതിയിൽ തന്ന തുടരുകയാണ്. തെങ്ങും-കവുങ്ങും മിശ്രിത വിളയായി അനുവർത്തിക്കുന്നതും ശാസ്ത്രീയാമായ പ്ലാന്റേഷൻ നടപ്പൽ വരാത്തതും ഉൽപ്പാദനക്ഷമതയെ സരമായി ബാധിക്കുന്നു. കേര ശ്രീ, ലക്ഷഗംഗ, അനന്ദ ഗംഗ, കേര സൗഭാഗ്യ തുടങ്ങിയ സങ്കരയിനം തെങ്ങിൻ തൈകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. എന്നാൽ വിപണന താല്പര്യത്തോടുകൂടി സ്വാകാര്യവ്യക്തികളും മറ്റും നഴ്സറികളിൽ വച്ച് ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളിൽ കറഷകറ8ക്ക് വലിയ താൽപര്യമില്ല. നാട്ടിൻ പുറങ്ങളിൽ തേങ്ങ-അടയ്ക്ക ഇവ വിത്തിനെടുക്കുന്നത് വളരെയേറെ ശ്രദ്ധയോടെയാണ്. ഉല്പാദനക്ഷമതയുള്ള 100 വർഷവും മറ്റും പഴക്കമുള്ള പ്രായം ചെന്ന ആരോഗ്യമുള്ള തെങ്ങുകളിൽ നിന്നാണ് വിത്ത് തേങ്ങ ശേഖരിക്കുന്നത്. ഇത് തന്നെ കയറുപയോഗിച്ച് വളരെ ശ്രദ്ധയോടെ തെങ്ങിൽ നിന്നും താഴെ ഇറക്കുന്നു. പിന്നീട് നല്ല ഉണക്കം വന്നതിനുശേഷം പ്രത്യേകം തടമെടുത്ത് നല്ല പരുചരണങ്ങൾ നൽകിക്കൊണ്ട് വളർത്തുകയാണ് പതിവ്. ഇത്തരത്തിലുള്ള ശ്രദ്ധയും പരിചരണവും സർക്കാർ വക നഴ്സറികളിലും, സ്വാകാര്യവ്യക്തികളുടെ നഴ്സറികളിലും പ്രകടിപ്പിക്കുന്നില്ല എന്നതുകൊണ്ട് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന തെങ്ങിൻ തൈകളിൽ കർഷകർക്ക് വിശ്വാസം ജനിക്കുന്നല്ല. കവുങ്ങിൻ തൈകളുടെ കാര്യത്തിലും മേൽ വിവരിച്ച അതേ അവസ്ഥയാണ്. തോപ്പുകളിൽ ഡ്രിപ്പ് ഇറിഗേഷൻ പോലുള്ള ആധുനിക രീതികൾ പ്രചാരത്തിലുണ്ട്. പകൽസമയത്തുള്ള മോട്ടോർ ഉപയോഗിച്ചുള്ള ജലസേചനം 70% വരെ ജലം ബാഷ്പീകരണത്തിലൂടെ നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്. തീര പ്രദേശങ്ങളിൽ ഫിൽട്ടർ പമ്പുകൾ ഉപയോഗിച്ചുള്ള ജലസേചനം വ്യാപകമായുണ്ട്.

കൃഷിഭവൻ മുഖേന സമഗ്ര നാളികേര വികസന പദ്ധതി, കവുങ്ങുകൃഷി വികസന പദ്ധതി എന്നവയിലൂടെ കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടുകൾ നടപ്പിലാക്കുന്നുണ്ട്. നമ്മുടെ മറ്റെല്ലാ പദ്ധതികളെയും പോലെ സംസ്ഥാനതല ആസൂത്രണത്തിന്റെറ ഫലമായി പ്രാദേശിക തല ആവശ്യങ്ങളും കർഷകരുടെ താത്പര്യങ്ങളും പരിഗണിക്കപ്പെടാതെ പോകുന്നു. കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന തൈകൾ കാലവർഷ വികസനത്തിലാകുന്നത് കൊണ്ട് ഭൂവിഭീഗവും കുളിർക്കാതെ പോകുന്നു. ആവശ്യത്തിന് തൈകൾ ലഭിക്കാതെ പോകുന്നതുകൊണ്ട് അർഹരായ കർഷകരെ തിരഞ്ഞെടുക്കാൻ പ്രയാസപ്പെടുന്നു. പ്രാദേശിക സമിതികൾ ഈ പ്രവർത്തനങ്ങളിൽ ക്രീയാത്മക സഹകരണം പ്രകടിപ്പക്കുന്നില്ല. ജനപങ്കാളിത്തത്തിന്റെറയും കൂട്ടായ്മയുടെയും അഭാവം അടുസ്ഥാന പ്രശ്നമാണ്.

ചെന്നീരൊലിപ്പ്, മണ്ടചീയൽ, മഞ്ഞളിപ്പ്, വേര് ചീയൽ, കൊമ്പൻ ചെല്ലി ആക്രമണം ഇവ തെങ്ങുകൾക്ക് കണ്ടുപരുന്ന രോഗങ്ങളാണ്. മഹാളി, ലഞ്ഞളിപ്പ് തുടങ്ങയവ കവുങ്ങിനേയും ബാധിച്ചു വരുന്നു.

സാധ്യതകൾ

റബ്ബർ കൃഷി രീതികൾ അവലംബിച്ച് വരുന്നു ഇതേരീതിയിൽ ആനുകൂല്യങ്ങൾ നല്കിക്കൊണ്ട് തെങ്ങ് - കവുങ്ങ് കൃഷിയിലും പദ്ധതികൾ ആവിഷ്കരിക്കണം. പ്രാദേശിക തലത്തിൽ പരിചയസമ്പന്നരായ കർഷകരുടെ നേതൃത്വത്തിൽ നഴ്സറികൾ ആരംഭിക്കണം. നഴ്സറികളിലെ ഉൽപ്പന്നങ്ങളുടെ വിതരണം പ്രാദേശിക സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കണം. രോഗബാധ നിയന്ത്രണത്തിനുള്ള പ്രാദേശിക സമിതികൾ മുഖാന്തിരം എത്തിക്കണം. ജലസേചനത്തിന് മണ്ണെണ്ണ പെർമിറ്റ് ആവശ്യാനുസരണം നൽകുക, കവുങ്ങിൻ തോട്ടങ്ങളിൽ മണ്ണിടുന്നതിന് ധനസഹായം നൽകുക, പ്ലാന്റേഷൻ കോർപ്പറേഷനിലെ

പച്ചില വസ്തുക്കൾ കൃഷിക്കാർക്ക് സൗജന്യമായി നൽകുക, ഇടക്കയ്യാലകൾ നിർമ്മിച്ച് മണ്ണൊപ്പ് തടയുന്നതിന് സഹായം നൽകുക. തുടങ്ങിയവ പൊതു നിർദ്ദേശങ്ങളാണ്.

പയ്യാട്ട്, തുറവ്, കയ്യൂർ കോളനി തുടങ്ങിയ സ്ഥലങ്ങളിലെ തരുശ് ഭൂമി തെങ്ങ് കൃഷിക്ക് ഉപയുക്ത മാക്കുക. സഹകരണ മേഖലയിൽ വിപണനകേന്ദ്രം ആരംഭിക്കുക തുടങ്ങിയവ സാധ്യതകളാണ്.

കുരുമുളക്

പട്ടിക 6

ഭൂപരിധി	കുടുംബാങ്ങളുടെ എണ്ണം
10 സെൻറിനു താഴെ	526
11-50	181
51-100	128
101-200	27
201-300	11
301-400	2
401നു മുകളിൽ	-

അവലംബം - സാമ്പത്തിക സർവ്വേ

കറുത്ത പൊന്നെന്ന് ലോക കമ്പോളത്തിലുണ്ടായ പൊടുന്നനെയുള്ള വില വർദ്ധനവ് എഴുപതുകളുടെ ആരംഭത്തിൽ കുരുമുളക് കർഷകരുടെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു. ഇതേത്തുടർന്ന് കുരുമുളക് കൃഷിയിൽ നിർണ്ണായകവളർച്ചയും പ്രകടമായി. കുന്നിൻ ചരുവുകളിൽ മാവ്, പ്ലാവ്, മുരിക്ക്, ഏലം തുടങ്ങിയ വൃക്ഷങ്ങളിൽ സമൃദ്ധിയായിപടർന്നിരുന്നു. എൺപതുകളോടെ പൊടുന്നനെ ഉണ്ടായ ധ്രുതവാട്ടം എന്ന രോഗബാധയേത്തുടർന്ന് വ്യാപകമായ കൃഷിനാശം ഉണ്ടായി. വദഗ്ധരുടെ നിർദ്ദേശങ്ങൾക്കൊണ്ടുണ്ടായ പരിചരണങ്ങൾക്കൊ ണ്ടൊന്നുംതന്നെ ധ്രുതവാട്ടം എന്ന രോഗബാധയെത്ത ടയാനായില്ല. പല കർഷകർക്കു വീട്ടു വളപ്പിൽ പോലും അത്യാവശ്യത്തിന് കുരുമുളക് വള്ളി അവശേഷിച്ചിട്ടില്ലാ ത്തസ്ഥിതിയുണ്ട്. നിലവിൽ 300 ഹെക്ടർസ്ഥലത്ത് കുരുമുളക് കൃഷി അവശേഷിക്കുന്നു. കുരുമുളക് കൃഷിയിൽ ഏർപ്പെട്ടിരി ക്കുന്നത് ഭൂരിഭാഗവും ചെറുകിട കർഷകരാണ്. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം കുരുമുളക് വള്ളികൾ കൂടുതൽ പ്രചാരത്തിലില്ല. പന്നിയൂർ പോലുള്ള ഇനങ്ങൾ അങ്ങിങ്ങായി വീട്ടുവളപ്പിൽ കണ്ടുവരുന്നു. പരമ്പരാഗതരീതിയുലുള്ള കൃഷിരീ തിയാണം ഇന്നും അനുവർത്തിച്ചുവരുന്നത്. പൂണാരൻ, ഉതിരൻ കൊട്ട, കല്ല് വള്ള, നാരായണക്കൊടി, കരിമണ്ട തുടങ്ങയവ ഇന്ന് പ്രചാരത്തിലുള്ള നാടൻ കുരുമുളക് വള്ളികളാണ്. മണ്ണിൻെറ ഫലപുഷ്ടിയിൽ കാലക്രമത്തിലുണ്ടായ പുഷ്ടിക്കുറവ് കുരുമുളക് വള്ളിയുടെ ഉല്പാദന ക്ഷമതയെ ബാധിച്ചിട്ടുണ്ട്. അമിതമായി മാവ്, പ്ലാവ്, ഇരുൾ, മരുത്, തുടങ്ങിയ കാട്ടു മരങ്ങൾ മുറിച്ചു മാറ്റപ്പെടുന്നത് കൊണ്ട് കാൽ വൃക്ഷങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു.

ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ച ത്വരിത ഗതിയിൽ ആക്കുന്നതിനു കുരുമുളക് കൃഷിയുടെ വ്യാപനം പ്രഥമ പരിഗണനീയമാണ്. നിലവിലുള്ള 300 ഹെക്ടർ കൃഷിഭൂമി 1000 ഹെക്ടർ ഭൂമിയിൽ വ്യാപിപ്പിക്കുന്നതിന് ഗ്രാമതല ആസൂത്രണത്തിലൂടെ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഓരോ വാർഡ്കളിലും പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായ സർവെ നടത്തി കൃഷിക്കനുയോജ്യമായ പ്രദേശം തിട്ടപ്പെടുത്തണം. തുടർന്ന് കർഷകരെ ഏകോപിപ്പിച്ച് ഗുണമേൻമയുള്ള കുരുമുളക് വള്ളികൾ വിതരണം ചെയ്ത് ശാസ്ത്രീയ കൃഷി രീതി അവലംബിക്കണം. ആവശ്യമായ കാൽമരങ്ങൾ വിതരണം ചെയ്യണം. മൂന്ന് വർഷം കൊണ്ട് ലക്ഷ്യത്തിലെത്തുവുന്ന ഈ പരിപാടികൾ ഔദ്യോഗിക സംവിധാനത്തിൻെറയും പ്രാദേശിക സമിതികളുടേയും കർഷകരുടേയും ഏകോപിത പ്രവർത്തനം ഉറപ്പു വരുത്തണം.

കശുമാവ്

പട്ടിക 7

ഭൂ പരിധി	കുടുംബങ്ങളുടെ എണ്ണം
10ന് താഴെ	419
11 - 50	577
51 -100	460
101 - 200	260
201 - 300	97
301 - 400	33
401ന് മുകളിൽ	8

അവലംബം സാമ്പത്തിക സർവെ

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തിക നിലയിൽ കശുവണ്ടിയോളം സ്വാധീനം ചെലുത്തുന്ന മറ്റൊരു കാർഷിക വിളയും ഇല്ല. വളരെയേറെ വ്യാവസായിക പ്രാധാന്യമുള്ള ഈ കാർഷിക വിള 50% അധികം ഭൂമിയിൽ കൃഷിചെയ്യുന്നു. മാത്രമല്ല ചെറുകിട കർഷകരാണ് മുഖ്യമായും ഉൽപാദകർ. കശുമാവ് കൃഷിചെയ്യുന്ന 1854 കുടുംബങ്ങൾ നിലവലുണ്ട് വൻകിട കർഷകരുടെ എണ്ണം 41ഓളം വരും.

കുന്നിൻ ചെരിവുകളിലും തരിശുനിലങ്ങളിലും വ്യാപകമായ ഉദ്പാദനച്ചിലവ് വളരെ കുറഞ്ഞ കശുമാവ് കൃഷി ഈ അടുത്ത കാലത്തായി പരിചരണം ഏറെ ആവശ്യമുള്ള ഉദ്പാദനച്ചിലവ് വളരെ കൂടിയ റബ്ബർ കൃഷിക്ക് വഴിമാറിക്കൊടുക്കുന്ന ഒരവസ്ഥ ഇന്ന് തുടങ്ങിയിട്ടുണ്ട്. 980 ഹെക്ടർ കശുമാവ് കൃഷി പൊതുമേഖലയിലും (പ്ളാന്റേഷൻ കോർപ്പറേഷൻ അവകാശപ്പെടുന്നത്.) 2770 ഹെക്ടർ കശുമാവ് ചെറുകിട കർഷകരുടേതായും ഇന്ന് നിലവിലുണ്ട്. കശുവണ്ടിയുടെ ഉദ്പാദനം ഇത്രയേറെ ഉണ്ടെങ്കിലും അനുബന്ധ വ്യവസായങ്ങളൊന്നും തന്നെ ഇവിടെയില്ല. ഇതു കശുവണ്ടി കൃഷി അനാകർഷകമാക്കുന്നു. വിപണനത്തിനുള്ള സൗകര്യം സംസ്ഥാന ഗവൺമെൻറിൻെറ ഇടപെടൽ കാരണം സ്വകാര്യമേഖലയിലേക്കും, സഹകരണ മേഖലയിലേക്കും ഇടവിട്ടിടവിട്ട് മാറുകയാണ്. ഈ അസ്ഥിരത കർഷകരെ ആശയക്കുഴപ്പത്തിലാക്കുന്നു.

കൃഷിഭവർ മുഖേന സംസ്ഥാന ഗവൺമെൻറിൻെറ പരിപാടികൾ കശുമാവ് കൃഷി വികസനത്തിനായി നടപ്പിലാക്കിയിട്ടുണ്ട്. 95-96 വർഷത്തിൽ 50 ഹെക്ടർ സ്ഥലത്ത്

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്, ഹെക്ടറിൽ 160 തൈകൾ വീതം സൗജന്യമായും, തൈ ഒന്നിന് 3 രൂപ നടീൽ ചിലവായും നൽകിയിട്ടുണ്ട്. സൗജന്യ വിലക്ക് തൈ ലഭ്യമാകുന്നത് കൊണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് പകരം മറ്റുപലരും തൈകൾ കൈവശമാക്കപ്പെടുന്നു.

കശുമാവ് ചെടിയെ ബാധിക്കുന്ന രോഗങ്ങൾ തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണവും തേയില കൊതുകിന്റെ ശല്യവുമാണ്. കീടനിയന്ത്രണത്തിൽ സൗജന്യമായി സർക്കാർ വിതരണം ചെയ്യുന്ന വേപ്പെണ്ണയും, കീടനാശിനിയും മറ്റും വ്യർത്ഥമായി പാഴാവുകയാണ്. പ്രാദേശിക കർഷകർ കീടനിയന്ത്രണത്തിനുള്ള ശാസ്ത്രീയ രീതി അനുവർത്തിച്ച് തുടങ്ങിയിട്ടില്ല.

സാധ്യതകൾ

കശുമാവ് കൃഷിയിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നതിന് കർഷകരെ ബോധവാൻമാരാക്കണം. ഉൽപ്പാദന ക്ഷമത കുറഞ്ഞ കശുമാവുകൾ മുറിച്ച് മാറ്റി പുതിയ ഇനം തൈകൾ നട്ടുപിടിപ്പിക്കണം. കശുവണ്ടിയുടെ സംസ്കരണത്തിൽ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകണം. കശുവണ്ടിയുടെ തോട് സംസ്കരിച്ച് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം. ചുരുക്കത്തിൽ കശുവണ്ടിയുടെ ഉൽപ്പാദനം, വിപണനം, സംസ്കരണം എന്നിവ പഞ്ചായത്തിനകത്ത് വെച്ച് നടപ്പാക്കണം.

റബർ

പട്ടിക 8

ഭൂ പരിധി	വിസ്തൃതി
10ന് താഴെ	10
11 - 50	155
51 -100	164
101 - 200	102
201 - 300	37
301 - 400	21
401ന് മുകളിൽ	13

അവലംബം സാമ്പത്തിക സർവെ

1380ഓളം ഹെക്ടർ സ്ഥലത്ത് നിലവിൽ റബ്ബർ കൃഷി ചെയ്തുവരുന്നു. കുന്നിൻ ചെരിവുകളിലും തരിശുനിലങ്ങളിലും അതിവ്യാപകമായി റബ്ബർ കൃഷി വ്യാപകമാക്കുന്നുണ്ട്. ജലസേചന സൗകര്യം ആവശ്യമില്ല എന്നതു കൊണ്ട് വളരെയേറെ പ്രദേശങ്ങൾ ഈ കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. അതിലുപരി ഒരു കുടുംബത്തിന്റെ ഉപജീവനത്തിനുള്ള സാമ്പത്തിക നേട്ടം റബ്ബർകൃഷിയിലൂടെ ഉണ്ടാക്കാൻ കഴിയുന്നു. ഈ അടുത്ത കാലത്തായി റബ്ബറിന്റെ ആഗമനത്തോടു കൂടി മലയോര പ്രദേശങ്ങളുടെ സാമ്പത്തിക വളർച്ച പുരോഗതിയിലേക്ക് നയിക്കുന്നതിൽ റബ്ബർ പ്രധാന പങ്ക് വഹിക്കുന്നു. റബ്ബർ കൃഷിക്ക് റബ്ബർ ബോർഡിൽനിന്നും ആശാവഹമായ സാമ്പത്തിക സഹായങ്ങൾ സഭിച്ചുവരുന്നുണ്ട്.

റബ്ബർബോഡിന്റെ സംയുക്ത ഇടപെടൽ കാരണം കർഷകർ ശാസ്ത്രീയ കൃഷരീതി അവസംബിക്കുന്നു എന്നത് വിസ്മയാവഹമാണ്. കുന്നിൻ ചെരിവുകളിലെ മബ്ബർ കൃഷിയിലൂടെ ചെരുവുകൾ തട്ടുകളായി മാറുന്നത് കാണാം. മണ്ണൊലിപ്പ് തടയുന്നതിൽ ഇത് വളരെയധികം സഹായിക്കുന്നു. തരിശായിക്കിടക്കുന്ന തരിശുഭൂമി റബ്ബർ കൃഷിക്ക് അനുയോജ്യമാക്കിമാറ്റിന്നതോടെ ഭൂമിക്ക് അനിയന്ത്രിതമായ വിയ്വർദ്ധനവും സംഭവിക്കുന്നുണ്ട്.

റബ്ബർ ചെടികലുടെ പരിചരണം, ടാപ്പിങ്ങ്, ഷീറ്റ്നിർമ്മാണം എന്നീ മേഖലകളിൽ വിദ്യാ സമ്പന്നരായ തെഴിൽ സമൂഹം പങ്കാളികളാവുന്നുണ്ട്. ആസൂത്രിതമല്ലെങ്കിലും പ്രാദേശികതലത്തിലെ റബ്ബർ കൃഷിയിൽ ഒരു കൂട്ടായ്മ അനുഭവപ്പെടുന്നുണ്ട്. റബ്ബർ സംഭരണത്തിരായി ഫാക്ടറികളൊന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. റബ്ബർ കർഷകരെ ഏകോപിപ്പിച്ചുകൊണടുള്ള പ്രവർത്തനങ്ങൾ സജ്ജീവമായിട്ടില്ല.

റബ്ബറിന് മുഖ്യമായും കണ്ടുവരുന്നരോഗം പട്ടച്ചീയലാണ്. മറ്റു പലരോഗങ്ങളും ചെടിയെ ബാധിക്കുന്നുണ്ടെങ്കിലും അനിയന്ത്രിതമായിട്ട് മറ്റൊന്നും ഇല്ല. രോഗ ബാധയെ നിയന്ത്രിക്കുന്നതുനുള്ള അടിയന്തിര നടപടികൾ നടപ്പിലാക്കാൻ പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ നിലവിലില്ല.

സാധ്യതകൾ

വാർഡുതലത്തിൽ റബ്ബർ കൃഷി വ്യാപിപ്പിക്കാവുന്ന പ്രദേശങ്ങൾ സർവ്വേ ചെയ്ത് കണ്ടെത്തണം. കർഷകരെ ഏകോപിപ്പിച്ചുകൊണ്ടു പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കണം. കുറഞ്ഞവിലക്ക് റബ്ബർ തൈകൾ ലഭ്യമാക്കുന്നതിന് നഴ്സറികൾ ആരംഭിക്കണം. റബ്ബർ ടാപ്പങ്ങിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളെ പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിച്ചെടുത്ത് തൊഴിലാളികളെ രജിസ്റ്റർചെയ്ത സഹകരണസ്ഥാപനം രൂപീകരിക്കണം. റബ്ബർ സംസ്കരണ ഫാക്ടറി ആരംഭിക്കുക. അനുബന്ധ റബ്ബർ വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക. തുടങ്ങിയവ സാധ്യതകളാണ്.

വാഴ

പട്ടിക 9

ഭൂപരിധി	കുടുംബാങ്ങളുടെ എണ്ണം
10 സെൻറിന് താഴെ	228
11 - 50	99
51 - 100	99
101 - 200	19
201 - 300	11
301 - 400	2
401 ന് മുകളിൽ	-

ഭൂരഹിതരായ അധ്വാനശേഷിയുള്ള വിദ്യാസമ്പന്നരായ ആളുകൾക്കും പങ്കാളികളാകാൻപറ്റുന്ന ഒരുകൃഷിയാണ് വാഴകൃഷി. പഞ്ചായത്തിലെ പത്തുവാർഡുകളിലായി ഏകദേശം ആയിരത്തോളം ആളുകളാ മുഖ്യസൊഴിലായി വാഴകൃഷി ചെയ്തുവരുന്നു. മിഖ്യമായും നേന്ത്രവാഴകളാണ് വിപണന ലക്ഷ്യത്തോടെ കൃഷിചെയ്യുന്നത്. ആഗസ്റ്റ് സെപ്റ്റംബർ മാസത്തിലാണ് നേന്ത്രവാഴകൃഷി ആരംഭിക്കുന്നത്. പത്തുമാസം കൊണ്ടു വിളവെടുക്കാൻ കഴിയുന്നു. വീട്ടുവളപ്പിൽ ഇടവിളയായി ഒട്ടനവധി നാടൻ വാഴകളും കൃഷിചെയ്തു വരുന്നു. മൈസൂർ പൂവൻ, ഞാലിപ്പൂവൻ, നെയ്വണ്ണൻ, അണ്ണാരക്കണ്ണൻ, കദളി, ചെങ്കദളി, ചക്കരക്കദളി, തുടങ്ങി ഒട്ടനപധി നാടൻ ഇനങ്ങളും നിലവലുണ്ട്. റോബസ്റ്റോ, കാഞ്ചിഗംഗ, കക്കുരവല്ലി തുടങ്ങിയ സങ്കരയിനങ്ങൾ വ്യാപകമായി പ്രചാരത്തിലില്ല. കേരളീയ സംസ്കാരത്തിൽ വാപ്പഴത്തിനം വാഴയിലയ്ക്കും വളരെയധികം പ്രാധാന്യം കല്പിച്ചു വരുന്നു. സദ്യയ്ക്ക് പഴം വിളമ്പുന്നതും, ഇലവെച്ച് ഉണ്ണുതും ഐശ്വര്യമാണ് എന്നു വിശ്വസിച്ചുപോന്നു.

വാഴകൃഷിയിൽ ശാത്രീയമായ രീതി ഇതേവരെ അവലംബിച്ചിട്ടില്ല. കൃഷിവകുപ്പിനേറെയും ഗവേഷണകേന്ദ്രങ്ങളുചെയും സാങ്കേതിക പഠനത്തെക്കുറിച്ച് കർഷകരും, ഉദ്യോഗസ്ഥരും ഒരേ പേലെ അജ്ഞരാണ്. പരമ്പരാഗത കൃഷിയിൽ നിന്നും കർഷകർ നേടിയെടുത്ത പരിജ്ഞാനം മാത്രമാണ് ഇന്നത്തെ മുതൽക്കൂട്ട്.

വളരെയേറെ ആഭ്യന്തരവിപണിക്കും, കയറ്റുമതിക്കും സാധ്യത കണ്ടെത്താവുന്ന ഒരു മേഖലയാണ് വാഴകൃഷി. അഖിലേന്ത്യാതലത്തിൽ വാഴ വളർത്തുന്നവരുടെ ഒരു സംഘടിത രൂപത്തിൽ രൂപം കൊടുക്കുകയുണ്ടായെങ്കിലും അതേ സംബന്ധിച്ച വിവരങ്ങൾ ഇന്നും പ്രാദേശികതലത്തിൽ എത്തിയിട്ടില്ല.

നേന്ത്രവാഴ കൃഷിയിൽ കർഷകർ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നു. ഏറ്റവും പ്രധാനം രോഗബാധതന്നെയാണ്. തണ്ടുതുരപ്പൻ, കുറുനാമ്പ് തുടങ്ങിയ രോഗങ്ങൾ വ്യാപകമാണ്. ഇലവാട്ടം, മുളവണ്ടം ഇവയും രോഗങ്ങളുടെ പട്ടികയിൽപ്പെടുന്നു. ഇന്ന് ലഭ്യതയുടെ വെളിച്ചത്തിൽ ഫ്യൂറിഡാൻ, ടൈമെറ്റ്, ബി.എച്ച്.സി. പൗഡർ ഇവ രോഗനിയന്ത്രണത്തിന് ഉപയോഗിച്ചുവരുന്നു. വാഴയുടെ കാമ്പ് ടഥാക്രമം പൊട്ടിച്ചുകളയാത്തതുകൊണ്ട് കായയുടെ തൂക്കം വളരെ കുറഞ്ഞു വരുന്നു.

ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന വാഴപ്പഴങ്ങൾക്കു അമ്ലത കൂടെയതുകാരണം(മൈസൂർ പൂവൻറെ പുളിരസം) വിപണിയിൽ കാഠിന്യവും കയറ്റുമതിയെ ബാധിക്കുന്നു. നേന്ത്രക്കായകൊണ്ട് ചിപ്സ് പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ നിലവിലില്ല.

സാധ്യതകൾ

അന്താരാഷ്ട്രാ കമ്പോളത്തിൽ സ്ഥാനം പിടിക്കത്തക്ക വിധത്തിൽ വാഴപ്പഴങ്ങൾ അമ്ലഗുമം കുറച്ചും ഉണ്ടാക്കുന്നതിനുള്ള ഗവേഷണങ്ങൾ



ത്വരിതപ്പെടുത്തുക. വാഴപ്പഴത്തിലെ എല്ലാപ്പടലകളും ഒരേ വലിപ്പത്തിലുള്ളതാക്കിതീർക്കുന്നതിനുള്ള ഗവേഷണഭലങ്ങളും ആവശ്യമാണ്. നേന്ത്രവാഴയുടെ ഉല്പാദനച്ചെലവിൽ ഗണ്യമായ തുക ഇന്ന് നൽകുന്നതിനാണ്. നീളം കുറഞ്ഞ സങ്കരയിനങ്ങൾ ഉൽപ്പാദിപ്പച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. രോഗബാധയില്ലാത്ത ഉല്പാദനക്ഷമതയുള്ളവാഴക്കന്നുകൾ കാർഷികഭവൻ മുഖേന ലഭ്യമക്കേണ്ടതാണ്. പ്രതികൂല കാലാവസ്ഥയിലും രോഗബാധയിലും നശിച്ചുപോകുന്നവാഴകൾക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയവ വാഴകൃഷി മെച്ചപ്പെടുത്തുന്നതിനുള്ള പരിഗണനാർഹമായ സാധ്യതകളാണ്.

പച്ചക്കറി

നെൽ വയലുകളിൽ ഇടവിളയായും, അടുക്കളതോട്ടങ്ങളിലും പണ്ടുപുതൽക്കേ പച്ചക്കറി കൃഷിചെയ്തുവരുന്നു. നന്നായി സൂര്യരശ്മി ലഭിക്കാത്ത പ്രദേശങ്ങളാണ് പച്ചക്കറി കൃഷിക്കേ തെരഞ്ഞെടുക്കുന്നത് ചതുപ്പുനിലങ്ങളിൽ ഒന്നാം വിള കൊയ്തുകഴിഞ്ഞാൽ ഒക്ടോബർ നവംബർ മാസങ്ങളിലായി പച്ചക്കണി വിത്തുകൽ നടുകയും അവയെ പരിപാലിക്കുന്നതിൽ കൊച്ചുകുട്ടുകൾ മുതൽ വൃദ്ധജനങ്ങൾ വരെ പങ്കാളികളാവുന്നു. അടുക്കളതോട്ടത്തിലേതിനേക്കാൽ വ്യത്യസ്തമായി നെൽ വയലുകളിലെ പച്ചക്കറികൃഷി വിപണന ലക്ഷ്യത്തനപ്പുറം ഒരു വിനോതോപാധി കൂടിയാണ്. വേനൽക്കാലമായാൽ വയലുകളിൽ ഒരു മൂറ്റർ ആഴത്തിൽ കുഴികുഴിക്കുകയും പച്ചക്കറിയുടെ ജലസേചനം ചെയ്യുകയും ചെയ്യുന്നു. പരമ്പരാഗതമായ അറിവുകൾ മാത്രമാണ് ഈ കർഷകരുചെ മുതൽകൂട്ട്. ചാണകം, ചാരം, പച്ചിലവളം തുടങ്ങിയവയാണ് മുഖ്യമായും ചേർക്കുന്നവളങ്ങൾ. ചാണകം ഉണക്കിക്കത്തിച്ച ചൂടാള്ള കര കീടബാധയെ നിയന്തിക്കുന്നതിൽ ഇപ്പോഴും ഉപയോഗുച്ച് വരുന്നു. അമിതമായ രാസവള പ്രയോഗം ഇല്ലാത്തതിനാൽ ഈ പച്ചക്കറികൾ സ്വാദിഷ്ടമാണ്. ഇരുത്തഞ്ച് ഹെക്ടറോളം പ്രദേശത്ത് വേനൽക്കാല പച്ചക്കറി കൃഷി നടക്കുന്നതായി കണക്കാക്കപ്പെടുന്നു. മുളക്, വെള്ളരി, ചൂര, കുമ്പളം, വെണ്ട, കത്തിരി, മഞ്ഞൾ, പയർ, കൈപ്പ, പടവലം, നരമ്പൻ, വഴുതിനി, തക്കാളി, തണ്ണിമത്തൻ തുടങ്ങി വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്തുവരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി കൃഷിചെയ്യുന്നത് കാലവർഷം ശക്തിപ്രാപിക്കുന്നതോടെയാണ്. മുപ്പത് ശതമാനത്തോളം ആളുകളും ഗാർഹിക ആവശ്യത്തിനുള്ള പച്ചക്കറികൃഷി ചെയ്യുന്നത് കാലവർഷം ശക്തിപ്രാപിക്കുന്നതോടെയാണ്. മുപ്പത് ശതമാനം ആളുകളും ഗാർബികാവശ്യത്തിനുള്ള പച്ചക്കറി സ്വന്തമായി ഉൽപ്പാദിപ്പക്കുന്നു.

വിത്തുകൾ യഥാസമയം ലഭ്യമല്ലാത്തുകൊണ്ട് കീടബാധയെ നിയന്ത്രിക്കുന്നതിനുള്ള സത്വര നടപടികൾ ഇല്ലാത്തതുകൊണ്ടും വിപണനത്തിന് പൊതുനിയന്ത്രണത്തിലുള്ള മാർക്കറ്റ് ഇല്ല അന്നതുകൊണ്ടും പച്ചക്കറികൃഷി അഭിവൃദ്ധിപ്പെടുന്നതായികാണുന്നില്ല. പ്രാദേശിക തല ആസൂത്രണത്തോടെ ശാസ്ത്രീയ പച്ചക്കറികൃഷി എല്ലാവാർഡുകളിലും വ്യാപിപ്പിക്കയാണെങ്കിൽ ഒട്ടോറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത പ്രാപിക്കാനും കയ്യൂർ-ചീമേനി പഞ്ചായത്തിൽ സാദ്ധ്യത വളരെക്കൂടുതലാണ്. കൃഷിഭവൻ മുഖേന വതരണം ചെയ്യുന്ന വിത്തുകൾഅനവസരത്തിലും ഉൽപ്പാദനക്ഷമം അല്ലാത്തതുമാണ്. ഇത് മാറ്റിയെടുക്കുന്നതിൽ പ്രാദേശിക കർഷകരിൽ നിന്നും വിത്ത് സംഭരിച്ച് വിതരണം ചെയ്യുതിനുള്ള ഏർപ്പാടുകൾ ഉണ്ടാവണം. കീടനിയന്ത്രണത്തിനും, ജലസേചനത്തിനും സ്ഥായിയായ സൗകര്യങ്ങൾ ഏർപ്പാടുചെയ്യണം. വിദ്യാസമ്പന്നരായ യുവതീ-യുവാക്കൾ ഈ പ്രവർത്തനതിൽ പങ്കാളികളാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം വിപണി, സംഭരണം ഇവ സഹകരണ പേഖലയിൽ സംഘടിപ്പിക്കണം.

ഫലവൃക്ഷങ്ങൾ

രണ്ട് ദശാബ്ദങ്ങൾക്കു മുമ്പുവരെ ധാരാളം ഫലവൃക്ഷങ്ങൾ സമൃദ്ധമായി നിലവിലുണ്ടായിരുന്ന പ്രദേശമാണ് ഈ ഭൂവഭാഗം, ജനസാന്ദ്രയിലുണ്ടായ വർദ്ധനവ്, നിർമ്മാണ പ്രവറത്തനങ്ങളുടെ പുരോഗതിയും ഫലവൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിൽ ആക്കം കൂട്ടി. ഫലവൃക്ഷങ്ങളിൽ ഏറ്റവും പ്രാമുഖ്യം മാവിനും പ്ലാവിനും കല്പിച്ചിരുന്നു. പല വലിപ്പത്തിലും പല രുചിയിലുമുള്ള ഒട്ടനവധി മാമ്പഴങ്ങൾ ഉണ്ടായിരുന്നു. പുളിയൻ മാങ്ങ, തേൻ മാങ്ങ, ഗോമാങ്ങ, ഒട്ടുമാങ്ങ തുടങ്ങിയവ ഇതിൽപ്പെടുന്നു വരിക്ക, തേൻ വരിക്ക, തേൻ പഴം തുടങ്ങയ പലതരത്തിലുള്ള ചക്കയും ലഭ്യമായിരുന്നു. പടർന്നു പന്തലിച്ച മാവുകളും, പ്ലാവുകളും ഒരുകാലത്ത് വഴിയാത്രക്കാരുടെ വിശ്രമത്താവളങ്ങളായിരുന്നു. ഇന്നവ അപ്രത്യക്ഷമായിക്കഴിഞ്ഞു. മാമ്പഴം കടയിൽ നിന്ന് വാങ്ങി ഭക്ഷിക്കേണ്ട സ്ഥിതി വന്നിരിക്കുകയാണ്. പേരക്ക, സപ്പോട്ടക്ക, ചെറി, ബദാം, ഫേഷൻ പ്രൂട്ട് തുടങ്ങി ഒട്ടനവധി പഴപർഗ്ഗങ്ങൾ വീട്ടുപളപ്പിൽ അങ്ങിങ്ങായി വളർന്നിരുന്നു. വിപണന ലക്ഷ്യത്തോടെ ഈ പഴപർഗ്ഗങ്ങൾ ഒന്നും തന്നെ കൃഷി ചെയ്യുന്നില്ല എന്നതാണ് അവസ്ഥ. പറമ്പിൻെറ എതിർത്തി നിർണ്ണയുക്കുന്നതിന് കൈതകൾ വച്ചുപിടിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. അതിൽ നിന്നും കിട്ടുന്ന കൈതച്ചക്കയുടെ വിപണനത്തെക്കുറിച്ച് കർഷകർ ഇതേവരെ ആലോചിച്ചിട്ടില്ല.

സാധ്യതകൾ

പഞ്ചായത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള ഭൂമികണ്ടെത്തി പൊതു നിയന്ത്രണത്തിൽ വ്യത്യസ്ത ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും പദ്ധതികളുണ്ടാവണം. പത്തേക്കർ മാവിൻ തോട്ടം, പത്തേക്കർ പ്ലാവിൻ തോട്ടം എന്ന ക്രമത്തിൽ എല്ലാ ഫലവൃക്ഷങ്ങൾക്കും തോട്ടങ്ങളുണ്ടാവണം.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തുകയും വിദഗ്ദരുടെ സഹകരണത്തോടെ ശാസ്ത്രീയമായ രതിയിൽ കൃഷി നടപ്പാക്കുകയും വേണം. കയ്യൂർ കോളനിയിലെ തരിശുനിലം, പയ്യാട്ട്, തുറവ്, പ്രദേശങ്ങളിലുള്ള ഏക്കർ കണക്കിനു ഭൂമി ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താവുനനതാണ്. താല്പര്യമുള്ള സ്വകര്യവ്യക്തികളെക്കണ്ടെത്തുകയും അവർക്ക് വേണ്ടുന്ന സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.

കിഴങ്ങു വർഗ്ഗങ്ങൾ

മരച്ചീനി, മധുരക്കിഴങ്ങ്, ചേമ്പ്, ചേന, കുണ്ടുകിഴങ്ങ്, കൂവക്കിഴങ്ങ് തുടങ്ങള വവിധ ഇനം കിഴങ്ങുവർഗ്ഗങ്ങൾ നിലവിലുണ്ട്. ശാസ്ത്രീയമായ കൃഷി രീതികളോ, വിപണനലക്ഷ്യത്തോടെയുള്ള കൃഷിയോ ഈ മേഖലയിൽ പ്രചാരത്തിലില്ല. രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പുവരെ കാടുവെട്ടിത്തെളിച്ച കുന്നിൽ ചരിവുകളിൽ മരച്ചീനി കൃഷി ചെയ്തിരുന്ന വളരെയേറെ പ്രചാരത്തിലുണ്ടായിരുന്നു. കൂലിയിലുണ്ടായവർദ്ധനവ് ഉൽപ്പാദനച്ചിലവ് വർദ്ധിപ്പുക്കുകയും ആനുപാതകമായി മരച്ചീനിക്ക് വില ലഭിക്കാതെ വരുകയും ചെയ്തതോടെ കർഷകർ ഈ മേഖലയിൽ നിന്ന് പിൻവാങ്ങിത്തുടങ്ങിയിരിക്കുന്നു. മരച്ചീനിയും, മത്തിക്കറിയും ഭക്ഷണ രീതിയിൽ നിന്നും അകറ്റി നിർത്തിക്കൊണ്ടിരിക്കുന്നു.

ഒരുപ്പു നിലങ്ങളിൽ കൊയ്തതിനുശേഷം നീണ്ട തിട്ടകളുണ്ടാക്കി മധുരക്കിഴങ്ങു് കൃഷിചെയ്യുന്നരീതി ഇന്ന് ജനം മറന്നുപോയിരിക്കുകയാണ്. ലാഭകരമല്ല എന്നതുതന്നെയാണ് കാരണം. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ടെറിയ തോതിൽ പ്രചാരത്തിലുണ്ട്.

സാധ്യതകൾ

അത്യുൽപ്പാദനശേഷിയുള്ള കിഴങ്ങുവർഗ്ഗങ്ങളുടെ വിത്തുകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യണം. കിഴങ്ങുവർഗ്ഗങ്ങളുടെ കലോറിക മൂല്യത്തേയും അത് ഭക്ഷണത്തിൽ ഉൽപ്പെടുത്തേണ്ടിതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. വളരെയേറെ ലാഭകരമായ ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഔഷധ സസ്യങ്ങളുടെ വിത്തുകൾ പ്രാദേശിക സമിതി വഴി കർഷകരിൽ എത്തിക്കുക. ഔഷധ സസ്യങ്ങളുടെ നിർമ്മാണത്തിന് ധന സഹായം നൽകുക. വിദ്യാഭ്യാസ സ്ഥാപലങ്ങളെ ഔഷധതോട്ടങ്ങളുടെ നിർമ്മാണത്തിന് സജ്ജരാക്കുക. ഉല്പന്നങ്ങളുടെ വിപണന സംഭരണ സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

ജലസേചന സൗകര്യങ്ങൾ

ഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയെ ആശ്രയിച്ച് ഉപജീവനം തേടുനന പ്രദേശങ്ങളാണ് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്. ജലസേചന സൗകര്യത്തിന്റെ കാര്യത്തിൽ വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത് എന്നത് ഒരു വിരോധാഭാസമാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് മിക്കവാറും. കാലവർഷം വൈകി എത്തുമ്പോഴും, തുലാം വർഷം പരിമിതമാകുമ്പോഴും കർഷകർ കഷ്ടത്തിലാവുന്നു. ഒട്ടേറെ ജലശ്രോതസ്സുകളെ യഥാവിധി ചൂഷണം ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കാനുള്ള ആസൂത്രിത മായ പ്രവർത്തനങ്ങളും ഇതേവരെ നടന്നുകാണുന്നില്ല. ചെക്ക് ഡാമുകൾ നിർമ്മിക്കപ്പെട്ടത് പലപ്പോഴും നീർച്ചാലുകൾ മുറിച്ച് കടക്കാനുള്ള ലക്ഷ്യത്തോടെയാണ് എകദേശം 200 കി.മീ ഓളം മൊത്തം നീളം വരുന്ന മുപ്പതോളം തോടുകളും, പന്ത്രണ്ട് കുളങ്ങളും, 28 പൊതുകിണറുകളും പഞ്ചായത്തിലുണ്ട്.

മുകളിൽ പറഞ്ഞ ജലശ്രോതസ്സുകളൊല്ലാം യഥാവിധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ അനധി വിദൂര ഭാവിയിലഃ കാർഷിക മേഖലയിൽ എതിശ്കമായ വളർച്ചപ്രാപിക്കുവാൻ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന് സദ്ധ്യതകളുണ്ട്. തേജസ്വിനി പുഴയിലെ ജലം ഉപയുക്തമാക്കാൻ ഇതേവരെയാതൊരുവിധ ശ്രമവും നടന്നിട്ടില്ല. രാമഞ്ചിറ-കൂക്കൈ ബണ്ട് അനുയോജ്യമായ വിധത്തിൽ പരിരക്ഷിക്കപ്പെടുകയാണെങ്കിൽ വേനൽക്കാലത്ത് പുഴയുലെ ഉപ്പ് വെള്ളം തടയുന്നതിനും കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. കൊളപ്പുറം, ആലന്തട്ട, പാലത്തേര, പിറക്കുണ്ട് പ്രദേശത്ത് ക്രോസ്ബാരുകൾ ഉണ്ടെങ്കിലും ഉപയോഗ ശൂന്യമായിക്കിടക്കുകയാണ്. ഒട്ടിനവധി മലുഷ്യാധ്വാനവും പണവും മുടക്കി നിർമ്മിച്ച തടയണകളുടേയും ക്രോസ് ബാറുകളുടെയും പരിചരണത്തിന്റെ ഉത്തരവാദിത്വം സമൂഹം ഇതേവരെ ഏറ്റെടുത്തുട്ടില്ല. കൂട്ടായ്മയോടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയാണ് ഉത്തമമാർഗ്ഗം.

അരയാവൂർ, പൊതുവൂർ, പൂക്കടവ്, അള്ളറാട്ട് പ്രദേശങ്ങളിൽ ക്രോസ്ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുകയാണെങ്കിൽ തീരദേശ ഗതാഗതത്തിനും അതിലേറെ തേജസ്വിനിപ്പഴയിലെ ഉപ്പുവെള്ളം തടയുന്നതിനും സാദ്ധ്യതകളുണ്ട്. മലയൻ കടവുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുക, പെരിങ്ങാര പമ്പ് സെറ്റും ടാങ്കും പ്രവർത്തക്ഷമമാക്കുക, കയ്യൂർ പത്തര വയലിലും, പുളിമൂട്, കൂക്കോട് പ്രദേശങ്ങളിലും ഫിൽട്ടറുകൾ സ്ഥാപിക്കുക തുടങ്ങയവ ജലസേചനത്തിനുള്ള സാധ്യത വറദ്ധിപ്പിക്കുന്നതാണ്.

പത്താംപറ, അരുകര, ആമത്തല, ചുരടപയ്യാട്ട്, പുളിക്കണ്ടം, ചെറുവപ്പാടി, തെക്കേമൂല, വാളെറിഞ്ഞകുണ്ട്, പോത്താം കണ്ടം, കറുവത്തോട്, പൂറ്റക്കാട്, കണ്ണോത്തും കുഴി, മൊടോന്തടം, ആലന്തട്ട, കള്ളപ്പാത്തി, പെരിങ്ങോം, തിമിരി, കിളിക്കുളം, കോച്ചറ തടങ്ങിയ തോടുകളിൽ വിവധ സ്ഥലങ്ങളിൽ ജൈവതടയണകൾ നിർമ്മിക്കുന്നത് നീരൊഴുക്ക് നിയന്ത്രക്കുന്നതിന് വളരെയേറെ സഹായകമാവും.

പുതുതായിനിർമ്മിക്കേണ്ട തോടുകൾ

പൊട്ടംക്കുളം-മുഴക്കോം, വെള്ളാട്ട് പഞ്ചായത്ത് കുളം,-തണ്ടാളത്ത്, തുറവിൽ, ചീമേനി വയലിൽ, നിടുംബം-ചള്ളുവക്കോട്, അത്തൂട്ടി എനഇവിടങ്ങളിൽ നീരോഴുക്ക് നിയന്ത്രിക്കുന്നതിനും, ജലസേചന സൗകര്യത്തിനുമായി തോടുകൾ നിർമ്മിക്കുനത് ഗുണകരമായിരിക്കും.

ജലസേചന സൗകര്യത്തിനായി പഞ്ചായത്തിന്റെ വിഇവധ പ്രദേശങ്ങളിൽ പുതുതായി കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ട്. പെരുന്തൽ നാലിലാം കണ്ടം, പാലത്തേര ചെറുകര, നമ്പി മൂല, ക്ലായിക്കോട്, നക്രാവനം, കൂക്കോട്ട, കുണ്ടേന മൂല, ആലന്തട്ട, നടുവയൽ തെക്കേമൂല, പൊതവൂർ, നാട്ടിവയൽ, അത്തൂട്ടി, ബനളം, പട്ടോളി, ഇടത്തനാം കുഴി, തൊട്ടുവളം, ചൂമേനി വയുൽ, ചള്ളുവക്കോട്, നടുംബ, കരുവാളം-മെലേച്ചിറ, എന്നീ പ്രദേശങ്ങളിൽ കർഷകരുടെയും വിദഗ്ധരടെയും തരുമാനപ്രകാരം സ്ഥലം കണ്ടെത്തുകയും പ്രയോഗത്തിൽ വരുത്തുകയും വേണം.

ജലസേചന ജൗർലഭ്യം അനുഭവപ്പെടുന്ന പാടശേഖരങ്ങളിലെ കർഷകരിൽ നിന്നും ആ പ്രദേശത്തെ തോടുകളിൽ തടയണകളും ക്രോസ് ബാറുസളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവരുന്നു. തിമിരി തോടിന് വ്യത്യസ്ഥ സ്ഥലങ്ങളിലായി 5ഉം മുഴക്കോം തോടിന് മൂലച്ചിറ, തേളപ്രം, ചരൾ എനഈ മൂന്ന് സ്ഥലത്തും ക്രോസ് ബാറുകൾ നിർമ്മിക്കുക തുടങ്ങയവ നീരൊഴുക്ക് നിയന്ത്രിക്കുന്നതിന് വളരെയേറെ സഹായകമാകും.

അശാസ്ത്രീയമായ രീതിയിൽ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നത് തടയേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. അമിത ജലസേചനം നിരുത്സാഹപ്പെടുത്തണം. കവുങ്ങിൻ തോപ്പുകളിൽ സ്പ്രിങ്കളർ ഉപയോഗിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പുക്കുക. തുടങ്ങിയ നടപടികൾ ആവശ്യമാണ്

മണ്ണ് സംരക്ഷണം

വസ്തുതിയുടെ ഭൂരിഭാഗവും കുന്നിൻ ചരിവുകൾ ആയതിനാൽ മണ്ണൊലിപ്പിന് ധാരാളം സാധ്യതകളുണ്ട്. രബ്ബർ കൃഷിയുലൊഴിച്ച് മറ്റൊന്നിലും ശാസ്ത്രീയമായ രീതികൾ പൂറണ്ണമായും അവലംബിക്കുന്നില്ല. കൃഷി ഭൂമിയിലെ നീരൊഴുക്ക് നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ സമീപനങ്ങൾ സ്ഥിതീകരീക്കുന്നില്ല. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള കൂട്ടായ്മയുടെ അഭാവം തുടങ്ങിയവ മണ്ണൊലപ്പിന് കാരണങ്ങളാണ്. കുന്നിൻ ചെരുവുകളിലൂടെയുള്ള വൻ തോതിലുള്ള റോഡ് നിർമാണവും, അവയുക്തമായ രീതിയിൽ പരിചരക്കപ്പെടാത്തത് കൊണ്ടും അശാസ്ത്രീയമായ വനലശീകരണവും മണ്ണൊലിപ്പിന് ആക്കം കൂട്ടുന്നു. ജില്ലാ മണ്ണ് സംരക്ഷണ കേന്ദ്രത്തിന്റെ നേത്വത്തിൽ ചീമേനി, അത്തൂട്ടി ഹരിജൻ കോളനി എന്നീ പ്രദേശങ്ങളിൽ യഥാക്രമം 227.60 ഹെക്ടർ, 28.49 ഹെക്ടർ സ്ഥലത്ത് മണ്ണ് സംക്ഷണത്തിനായി 1980,1994 എന്നീ വർഷങ്ങളിൽ398427രൂപാ ചെലവഴിച്ചിട്ടുണ്ട്. 125 ഓളം ഗുണബോക്താക്കൾക്ക് വേണ്ടി ൻക്ഷോപിക്കപ്പെട്ട ഈ പദ്ദതിക്ക് ജനപങ്കാളിത്തത്തിന്റെയും കൂട്ടായ്മയടെയും അഭാവത്തിൽ ലക്ഷ്യത്തിലെത്താനായില്ല.

എല്ലാ കൃഷഭൂമിയിലും മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യത്തേക്കുറിച്ച് കർഷകരെ ബേധവാന്മരാക്കണം. ആസൂത്രിത ജനപങ്കാളിത്തത്തോടെ മണ്ണ് സംരക്ഷണപദ്ധതികൾ ആവഷ്കരിച്ച് നടപ്പാക്കണം. കുന്നിൻ ചരുവുകളിൽ കൂടിയുള്ള നൂർച്ചാലുകളിൽ രാമച്ചം പോലുള്ള ചെടികൾവെച്ച് പിടിപ്പിക്കുന്നത് മണ്ണൊലിപ്പ് നയന്ത്രിക്കുന്നതുന് സഹായകമാണ്.

കാലാവസ്ഥ

ഉഷ്ണകാലം, മഴക്കാലം, തണുപ്പ് കാലം എന്നിങ്ങനെ മൂന്ന് തരത്തിസുള്ള കാലാവസ്ഥയണ് അനുഭവപ്പെടുന്നത്. ജൂൺ മുതൽ നവംബർ വരെ മഴലഭിക്കുന്നു. മഴയെസംബന്ധിച്ചവിവരപ്പട്ടിക താഴെക്കൊടുത്തിരിക്കുന്നു. തെക്ക് പടുഞ്ഞാറൻ കാറ്റിന്റെ ഫലമായുള്ള കാലവർഷവും, വടക്ക് കിഴക്കൻ മൺസൂർ കാറ്റിന്റെ ഫലമായുണ്ടാകുന്ന തുലാവർഷവുമാണ് മഴക്കാലത്തിന് നിദാനം. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തണുപ്പ് കാലമാണ്. മാർച്ച്, ഏപ്രൽ, മെയ് മാസങ്ങളിൽ നല്ല ഉഷ്ണ കാലമാണ്.

(5)

മൃഗ സംരക്ഷണം -- മത്സ്യ ബന്ധനം.

കന്നുകാലി വളർത്തൽ

കയ്യൂർ-ചീമേനി പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ഭൂവിനിയോഗ രീതിയും പതിറ്റാണ്ടുകൾക്കുമുമ്പ് തന്നെ മൃഗ സംരക്ഷണ പ്രവർത്തനത്തിന് പ്രത്യേകിച്ചും കന്നുകാലി വളർത്തലിന് അനുയോജ്യമായിരുന്നു. കൃഷിയും കന്നുകാലിവളർത്തലും പരസ്പരബന്ധമാക്കി സാമൂഹ്യ സാമ്പത്തിക മേഖലകളെ ശക്തവും ദൃഢവുമാക്കാൻ പഴകാല കർഷകർ തല്പരരായിരുന്നു.

പഞ്ചായത്തിൽ വിശാലമായി കിടക്കുന്ന കുന്നിൻമേടുകളും വ്യാപകമായ നെൽകൃഷിയും ഈമേഖലയ്ക്ക് അനുകൂല ഘടകങ്ങളായി. കന്നുകാലി വളർത്തൽ ഇല്ലാത്ത കർഷക കുടുംബങ്ങൾ അന്നില്ലായിരുന്നു-എന്നുതന്നെ വിലയിരുത്താം.

കൃത്രിമ പുല്ല് ഉല്പാദനത്തിനോ, കാലിത്തീറ്റകൾക്കോ സാദ്ധ്യതയില്ലായിരുന്ന അക്കാലത്താണ് കൃഷി അനുബന്ധിതമായ പ്രവർത്തനം ഏറെ ഗുണകരമായി. രണ്ടും 3ഉം വിളകൾ സാർവ്വർത്രികമായതിനാൽ വൈക്കോൽ യഥേഷ്ടം ലഭ്യമായിരുന്നു. കൂടാതെ കാർഷികോല്പന്നങ്ങൾ ആയ തവിട് മുതലായവയും പോഷകമൂല്യമുള്ള കാലിതീറ്റകളായി.

. വൻകിട കർഷകരുടെ വീടുകളിൽ 20ൽ ഏറെ കന്നുകാലികൾ വളർത്തുന്ന യൂണിറ്റുകൾ തന്നെയുണ്ടായിരുന്നു. കന്നുകാലി പരിപാലനത്തിന് മാത്രം കാല്യാൻ എന്ന നാട്ടുപേരിൽ വിളിക്കുന്ന തൊഴിലാളികളുണ്ടായിരുന്നു. ഈ തൊഴിലാളികളുടെ നേതൃത്വത്തിൽ ഒരു പ്രദേശത്തെ കന്നുകാലികളെയെല്ലാം വിശാലമായ കുന്നിൻ പുറങ്ങളിലെ പുൽമേടുകളിലേക്ക് കൊണ്ടുപോയി മേയ്ക്കുന്ന കാഴ്ച ഗ്രാമീണതയുടെ നിത്യദർശനമായിരുന്നു. ഐക്യത്തിലൂന്നിയ ഒരു പ്രത്യേക തൊഴിൽ സംസ്ക്കാരം തന്നെ ഇതുമായി ബന്ധപ്പെട്ട് വളർന്നിരുന്നു. മേച്ചിൽ പുറങ്ങൾ കേന്ദ്രീകരിച്ചുള്ള കളികൾ, വിനോദങ്ങൾ എന്നിവ കൂടാതെ ആചാരവും ഭാഷയും എല്ലാം ഈ മേഖലയിൽ വളർന്നു വന്നിരുന്നു. കാലിച്ചാനൂട്ട് എന്ന പേരിലുള്ള ചടങ്ങ് ഇതിന്റെ ഭാഗമായി അടുത്ത കാലം വരെ നടന്നിരുന്നു. തട്ടകൾ കെട്ടി നീങ്ങുന്ന കാലിക്കൂട്ടത്തിന്റെ താളം ഗ്രാമത്തിന്റെ ഉദയാസ്തമയങ്ങളുടെ താളമായി മാറിയിരുന്നു.

പാലുല്പാദനത്തിലൂന്നിയുള്ള കൃഷിയായിരുന്നു അക്കാലത്ത് കൂടുതലുണ്ടായിരുന്നതെങ്കിലും ഉഴവമാടുകൾ പ്രത്യേകിച്ച് കാള, പോത്ത് എന്നിവയും ധാരാളമായി വളർന്നിരുന്നു.

രോഗപ്രതിരോധ ശേഷിയുള്ള നല്ലയിനം നാടൻ ഇനങ്ങൾ മാത്രമായിരുന്നു അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നത്. ധാരാളമായി പാലും പാലുല്പന്നങ്ങളും കർഷക കുടുംബങ്ങളിൽ ലഭ്യമായിരുന്നു. പ്രാദേശികമായ വിപണന സമ്പ്രദായം കാര്യമായിട്ടുണ്ടായിരുന്നെങ്കിലും അവയിലൂടെ കർഷകനുണ്ടായ ലാഭനഷ്ടങ്ങളേയും ചൂഷണത്തേയും ആകാലഘട്ടത്തിന്റെ മറ്റു സാമൂഹ്യചുറ്റുപാടുമായി ബന്ധപ്പെടുത്തിയേ വിലയിരുത്താൻ കഴിയുകയുള്ളു.

നാട്ടറിവിലും ആയുർവേദത്തിലുമൂന്നിയ പാരമ്പര്യ ചികിത്സാവിധിയായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത് ഈ രംഗത്ത് പ്രവീണ്യമുള്ള ധാരാളം വിദഗ്ദർ ഇന്നും ഈ പ്രാദേശത്തുണ്ട്.

ഭൂപരിഷ്ക്കരണത്തിനുശേഷം ഉടമസ്ഥതയിലുണ്ടായ മാറ്റം പരമ്പരാഗതമായ കന്നുകാലി വളർത്തൽ സമ്പ്രദായത്തിൽ മാറ്റം വരുത്തി. കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ മാറ്റവും ഇതിനു കാരണമായി.

കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും ,ഭൂപരിഷ്ക്കരണത്തിന്റെ അനുകൂല ഘടകങ്ങളും കാർഷികോൽപ്പാദനരംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ടു തന്നെ കാർഷികരംഗത്തുണ്ടായ മുരടിപ്പ് അനുബന്ധിത മേഖലയായ കന്നുകാലി വളർത്തലിനെയും ബാധിച്ചു.

ഏകദേശം ഒരു പതിറ്റാണ്ടോളമായി പഞ്ചായത്തിൽ കന്നുകാലി വളർത്തൽ മേഖലയിൽ പ്രകടമായ ചില മാറ്റങ്ങൾ കാണാം. അവയോടൊപ്പം പുതിയ പ്രശ്നങ്ങളും വർദ്ധിക്കുന്നു.

വാർഡ് നമ്പർ	കാള		കാള		പശു		പശു		എരുമ		ആട്	കോഴി	പന്നി
	നാടൻ		സങ്കരയിനം		നാടൻ		സങ്കരയിനം						
	ഗർഭധാരണം നടത്തിയവ	മറ്റ്	ഗർഭധാരണം നടത്തിയവ	മറ്റ്	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ			
I	2	45	---	18	9	181	25	44	5	11	---	20	55
II	0	18	1	43	48	226	79	184	6	22	6	43	85
III	1	47	0	6	72	125	25	68	13	17	2	5	21
IV	1	35	0	23	39	87	55	99	12	15	4	33	32
V	2	40	1	63	24	65	85	150	2	5	7	35	20
VI	2	45	0	5	106	181	12	26	11	15	7	69	91
VII	0	22	---	32	53	146	33	43	---	6	10	68	21
VIII	0	2	--	--	164	269	15	94	---	--	---	266	128
IX	0	0	0	36	0	0	156	323	7	17	---	165	35
X	1	37	1	2	77	118	29	78	16	23	1	64	150
ആകെ	9	291	3	328	663	1398	514	1109	72	131	37	728	638

പട്ടിക 1

തീറ്റയുടെ അഭാവം തന്നെയാണ് മുഖ്യപ്രശ്നം കൃഷി അനുബന്ധിതമെന്ന പാരമ്പര്യ രീതിയിൽ നിന്നുള്ള പിന്നോട്ടുപോക്ക് തന്നെ ഇതിനു കാരണം. നെല്പാടങ്ങൾ നികത്തപ്പെടുകയും, ഉല്പാദനക്ഷമത കുറഞ്ഞുവരുകയും ചെയ്യുന്നതിന് ആനുപാദികമായി വൈക്കോൽ ക്ഷാമം രൂക്ഷമാവുന്നു.

ശാസ്ത്രീയമായ രീതിയിലുള്ള കൃത്രിമ തീറ്റ പുൽ കൃഷി പഞ്ചായത്തിൽ പ്രചരത്തിലില്ല. വിശാലമായപൊതുമേച്ചിൽപുറങ്ങൾ മറ്റു കൃഷികൾക്കും കാർഷികേതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കപ്പെട്ടു. ഇന്ന് ഈ പഞ്ചായത്തിൽ അത്തരം മേച്ചിൽ സ്ഥലങ്ങൾ തന്നെ കുറവാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 900 ത്തിൽ ഏറെ ഹെക്ടർ സ്ഥലത്തുള്ള പുല്ലിന്റെ നേട്ടം ഈ പ്രദേശത്തെ കർഷകർക്ക് ലഭിക്കുന്നില്ല. വിശാലമായ ഈ പ്രദേശത്തെ മുഴുവൻ പുല്ലും കോർപ്പറേഷൻ ലേലം ചെയ്ത് പുറം പ്രദേശത്ത് കയറ്റിയയക്കുകയാണ്.

പിണ്ണാക്ക്, മറ്റ് കാലിതീറ്റകൾ എന്നിവയുടെ ഭീമമായ വിലക്കയറ്റം കന്നുകാലി വളർത്തൽ കർഷകന് നഷ്ടകച്ചവടമാകുന്നു. സ്വകാര്യ മാർക്കറ്റിലെ ചൂഷണത്തിൽ നിന്ന് കർഷകന് ആശ്വാസം നല്കുന്നതിനായി സഹകരണ സംഘങ്ങളുടെ ഇടപെടൽ കാര്യമായി ഉണ്ടാകാനിടയില്ല.

മേച്ചിൽ പുറങ്ങളിലൂന്നിയ പഴയ പരിപാലന രീതിയിൽ നിന്ന് തൊഴുത്തിലൊതുങ്ങുന്ന ഇന്നത്തെ സമ്പ്രദായത്തിൽ കാലിതീറ്റയ്ക്ക് പുതിയ സങ്കതങ്ങൾ ശാസ്ത്രീയമായ രീതിയിൽ വളർത്തിയെടുത്തേ മതിയാകു. ഇതിന് പ്രാദേശീയമായ അസംസ്കൃത വസ്തുക്കൾ കമുകിൻ പാള, മരച്ചീനി തുടങ്ങിയവ ഉപയോഗിച്ച് പഞ്ചായത്തിൽ കാലിതീറ്റ നിർമ്മാണ ഫാക്ടറി തുടങ്ങാനുള്ള സാദ്ധ്യത പരിശോധിക്കണം.

കന്നുകാലി വളർത്തൽ രംഗത്തെ ആധുനിക ജനുസ്സുകളുടെ സാർവ്വത്രികമായ പ്രചാരം സംസ്ഥാനത്തിന്റെ മറ്റു പ്രദേശങ്ങളിലെന്ന പോലെ ഈ പ്രദേശത്തും സ്വാധീനം ചെലുത്തി ഉല്പാദനക്ഷമതയുള്ള സങ്കര വർഗ്ഗങ്ങളോടുള്ള പ്രതിപത്തി വ്യാപകമായി പ്രകടമായി.

പട്ടിക -2

ഇനം	ആകെ	സങ്കരയിനം
പശു	3684	1623
കാള	531	231

മൊത്തം പശുക്കളിൽ 44% സങ്കരയിനത്തിൽ പെട്ടതാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ജേഴ്സി, സിന്ധി തുടങ്ങിയവയാണ് പ്രചാരത്തിലുള്ളത്. സങ്കരയിനത്തിലെ ഉല്പാദനത്തിൽക്കാട്ടുന്ന താല്പര്യം അവയുടെ പരിചരണമുറയിൽ പലിക്കുന്നുണ്ടോ എന്നു പരിശോധിക്കപ്പെടേണ്ടതാണ്.

അതേ സമയം എരുമ, ആട് എന്നിവയിൽ അത്യുത്പാദനയിനങ്ങളു പ്രചാരം വേണ്ടത്ര ഉണ്ടായിട്ടില്ല. ഉഴവമാടുകൾ പ്രചാരം കുറഞ്ഞു വരുന്നു. വർദ്ദിച്ചു വരാനിടയുള്ള കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനിടയിലും അനുകൂലമായ മറ്റം സാഹചര്യങ്ങൾ ഈ രംഗത്ത് പരിശോധിക്കപ്പെടണം.

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

വളർത്തു മൃഗം	പശു	എരുമ
ആകെ എണ്ണം	512	39
കൃത്രിമ ബീജ സങ്കലനം നടത്തിയവ	512	39
രണ്ടിലധികം തവണ ബീജ സങ്കലനം നടത്തിയവ	63	4

(അവലംബം ദ്വിതീയ വിവരം മൃഗാശുപത്രികൾ)

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി
1	ദഹനസംബന്ധമായവ	327	34	51	1	47
2	ശ്വാസകോശ സംബന്ധം	38	1	5	-	12
3.	ഉപാപചയ സംബന്ധം	111	-	-	-	9
4.	തൃക്കരോഗം	60	4	2	2	-
5.	പരാദരോഗങ്ങൾ	289	33	26	2	18
6.	ധാതുലവണഅഭാവം	56	33	6	5	
7.	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത്	160	15	2	-	-
8.	വന്ധ്യത	28	2	-	-	-
9.	അകിട് വീക്കം	17	4	3	-	-
10	മുടന്തൻ പനി	70	3	-	-	-
11.	പകർച്ചവ്യാധി	-	-	-	-	-

മൃഗ ചികിൽസാ സൗകര്യത്തിൽ സമീപ കാലത്ത് ചില മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഭൂപരമായ കിടപ്പ് കന്നുകാലികളുടെ എണ്ണം ഇവയുമായി ബന്ധപ്പെടുത്തുമ്പോൾ അവയും അപര്യാപ്തമാണ്. 2 മൃഗാശുപത്രികൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. സ്വന്തമായി കെട്ടിടമോ അത്യാവശ്യ സൗകര്യങ്ങളോ ഇവിടെ ഇല്ല. നാലഞ്ചു കിലോമീറ്റർ താണ്ടിയാണ് ആശുപത്രിയിൽ എത്തേണ്ടത്.

സ്ഥാപനങ്ങൾ

ഇനം	ആകെ
മൃഗാശുപത്രി	2
ICDP സെന്റർ	2
ക്ഷീരവ്യവസായ സഹകരണ സംഘം	1

കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളുടെ എണ്ണവും ഇവയുടെ കാര്യ ക്ഷമതയും പരിമിതമാണ്.

ഗോബർ ഗ്യാസ് പ്ളാന്റുകൾ അഞ്ചെണ്ണം മാത്രമാണ് ഉള്ളത്. ഗാർഹിക ഉപയോഗത്തിന് ഏറെ പ്രയോജനപ്പെടുത്താവുന്ന ഇതിന്റെ സാധ്യതകളും നിർമ്മാണച്ചെലവുകളും സംബന്ധിച്ച് കർഷകരുടെ അജ്ഞത തന്നെ മുഖ്യ കാരണം.

പ്രതിദിന പാലുൽപാദനം.

ഇനം	അളവ് നാടൻ	സങ്കരം	ആകെ
പശു	483	383	866
എരുമ	132	-	132
ആട്	137	-	137

പാൽ വിപണന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ക്ഷീര സഹകരണ സംഘങ്ങൾ സജീവമായി ഇല്ല. ആദ്യകാലത്ത് രൂപീകരിച്ച പല സംഘങ്ങളും കേവലം നാമ മാത്രമായി.

സാദ്ധ്യതകൾ

1. സഹകരണ ക്ഷീരവ്യവസായ സംഘങ്ങൾ വാർഡുകൾ തോറും രൂപീകരുക്കുക.
2. തീറ്റപുൽ കൃഷിക്ക് വിത്ത്, വളം, എന്നിവകൾ കർഷകർക്ക് സഹകരണസംഘം വഴി വിതരണം ചെയ്യുക.
3. ഇത്തരം സംഘങ്ങളിൽ പാലുൽപ്പാദന വിർമ്മാണ യൂണിറ്റ് തുടങ്ങുക
4. കാലിതീറ്റകൾ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുക.
5. കന്നുകാലി സഹകരണ ഫാമുകൾ രൂപീകരിക്കുക
6. കന്നുകാലികളെ വാങ്ങാനും തൊഴുത്ത് നിർമ്മിക്കുവാനും സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.

7. ഉഴവുമാടുകളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
8. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മുഴുവൻ കർഷകരേയും ഉൾപ്പെടുത്തി വ്യാപിപ്പിക്കണം.
9. നാമവശേഷമായിക്കൊണ്ടിരിക്കുന്ന എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അന്യ സംസ്ഥാനങ്ങളിൽ നിന്നും നല്ലയിനം എരുമകളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
10. മുഴുവൻ കന്നുകാലികളേയും ഇൻഷൂർ ചെയ്യുക.
11. നല്ലയിനം ആഡുകളെ കിട്ടാനുള്ള സംവിധാനം ഉണ്ടാക്കുക.
12. മൃഗാശുപത്രികൾക്ക് അടിയന്തിരമായും സ്വന്തമായി കെട്ടിടം ഉണ്ടാക്കുക.
13. മൃഗാശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവശ്യ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുക.
14. എല്ലാവാർഡുകളിലും ICDP സെൻററുകൾ തുടങ്ങുക. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
15. ആവർത്തന ബീജസങ്കലനത്തിന് നൽകി വരുന്ന സൗജന്യം നിലനിർത്തുക. നല്ലയിനം ബീജം ലഭ്യമാക്കുക.
16. ഭൂപരമായ പ്രത്യേകതകൾ പരിഗണിച്ച് പഞ്ചായത്തിൽ കൂടുതൽ മൃഗാശുപത്രികൾ സ്ഥാപിക്കുക.
17. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും ധനസഹായവും നൽകുക.
18. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കുക.
19. പ്രതിരോധ കുത്തിവെയ്പ്പുകൾ വ്യാപകമാക്കുക.
20. മീനെണ്ണ, തുടങ്ങിയ മൃഗാശുപത്രികൾ മുഖേന സൗജന്യമായി നൽകുക.
21. പ്ലാൻറേഷൻ കോർപ്പറേഷൻ സ്ഥലത്തെതീറ്റപുല്ലുകൾ ഈ പ്രദേശത്തെ കർഷകർക്ക് സൗജന്യമായി നൽകുക.
22. കമ്പോസ്റ്റ് കുഴി ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകണം.

കോഴി-താറാവ് വളർത്തൽ

വീടുകൾ തോറും കോഴികൾ വളർത്തൽ പണ്ടു കാലത്തു തന്നെ കർഷകരുടെ ഇടയിലുണ്ടായിരുന്നു. തുറസ്സായ പുരയിടത്തിലെ മേച്ചിൽ പുറങ്ങൾ ഉപയോഗപ്പെടുത്തിയുള്ള നാടൻ കോഴി വളർത്തലായിരുന്നു പ്രധാനം. ഇറച്ചി, മുട്ട എന്നിവയുടെ സ്വന്താവശ്യങ്ങൾ മുന്നിൽ കണ്ടുകൊള്ളുള്ളതായിരുന്നു കൃഷി രീതി. പ്രത്യേകിച്ച് ഉൽപ്പാദനചിലവില്ലാത്ത ഒരു ഗാർഹിക വൃത്തിയെന്ന നിലയ്ക്കായിരുന്നു ഇതിനെ കണ്ടിരുന്നത്.

ദേവാലയങ്ങളിലെ കളിയാട്ടങ്ങൾക്കും മറ്റ് ദേവാരാധനകൾക്കും കോഴിബലി പണ്ടു മുതലേ പ്രചാരത്തിലുണ്ടായിരുന്നു. ഇത്തരം കോഴിബലി കളിയാട്ടങ്ങൾക്കും മറ്റും നിത്യ ചടങ്ങാണ്.

കൃഷിരീതിയിലും ഭൂവിനിയോഗത്തിലും വന്ന മാറ്റവും ജനസാന്ദ്രതയും തറസ്സായ കൃഷി രീതിയും പ്രശ്നങ്ങൾ സൃഷ്ടിച്ചു. മറ്റു കൃഷികളുടെ സംരക്ഷണത്തിനു ഈ നിയന്ത്രണം അത്യാവശ്യമായിരുന്നു. കൂടിനകത്ത് നാടൻ കോഴികളെ വളർത്തൽ പ്രായേണ അപ്രായോഗികമായതിനാൽ കർഷകർ താൽപര്യകുറവു കാട്ടി. ഇന്ന് ഒറ്റപ്പെട്ട കർഷക കുടുംബങ്ങളിൽ സ്വന്ത ആവശ്യം മാത്രം മുൻനിർത്തി നാടൻ കോഴി വളർത്തൽ നടത്തുന്നുണ്ട്.

കോഴി വളർത്തൽ മേഖലയിൽ 9 സ്വകാര്യ യൂണിറ്റുകളും IX -വാർഡിൽ ഒരു വീട്ടിൽ 3 പന്നികളേയും വളർത്തുന്നു. I - വാർഡിൽ ചൊവ്വയിലും പന്നി വളർത്തൽ കേന്ദ്രമുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള കോഴിവളർത്തൽ വ്യാപകമായില്ല. ഇറച്ചിക്കോഴി, മുട്ടക്കോഴി ഇവയുടെ ആധുനിക സങ്കേതങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരത്തിലില്ല. സഹകരണ മേഖലയുടെ സാധ്യത ഈ രംഗത്തു പ്രയോജനപ്പെടുത്തിയിട്ടില്ല.

താറാവു കൃഷി പഞ്ചായത്തിൻെറ അനുകൂല ഘടകങ്ങൾക്കനുസരിച്ച് പ്രയോജനപ്പെടുത്താനായില്ല. പഞ്ചായത്തിലെ ശരാശരി കോഴിമുട്ടയുല്പാദനം 5780 ആണ്. ഇറച്ചി , മുട്ട ഇവയുടെ പൊതുവിപണന സൗകര്യം പഞ്ചായത്തിലില്ല. ഇവയുടെ ആവശ്യത്തിന് പ്രധാനമായും ഇറക്കുമതിലെ ആശ്രയിക്കേണ്ടി വരുന്നു.

സാധ്യതകൾ

1. ബാക്ക്യാർഡ് പോൾട്രി ഫാം വീടുകൾ തോറും ആരംഭിക്കുക.
2. കോഴി വളർത്തലിനാവശ്യമായ സാങ്കേതിക ധനകാര്യ സഹായങ്ങൾ ലഭ്യമാക്കുക.
3. വൈദ്യുതി സൗജന്യം അനുവദിക്കുക.
4. ഇറച്ചിക്കോഴി മുട്ടക്കോഴി സഹകരണ സംഘം രൂപീകരിക്കുക
5. കോഴിതീറ്റ സബ് സിഡിനിരക്കിൽ നൽകുക.
6. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

7. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സബ്സിഡിനിരക്കിൽ വായ്പ നൽകുക.
8. ഇറച്ചിക്കോഴി ,കാടക്കോഴി വളർത്തലിൽ തൊഴിൽ രഹിതർക്കു സാങ്കേതിക സാമ്പത്തിക സഹായം നൽകുക.
9. രോഗപ്രതിരോധ കുത്തിവെയ്പ്പ് വ്യാപകമാക്കുക.
10. നിർദ്ധന കുടുംബങ്ങൾക്കു സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ നൽകുക.

പന്നിവളർത്തൽ, മുയൽ വളർത്തൽ

ഈ രംഗത്ത് കാര്യമായ ഒരു ഭൂതകാല ചരിത്രം ഈ പഞ്ചായത്തിനില്ല. നാമമാത്രമായ രീതിയിൽ ഒറ്റപ്പെട്ട പന്നിവളർത്തലും മുയൽ വളർത്തലും നടന്നതല്ലാതെ വാണിജ്യപ്രധാനമായ, ഉല്പാദന പരിപാലന സമ്പ്രദായം ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം.

പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകാതെ സഹകരണ മേഖലയെകൂടി പ്രയോജനപ്പെടുത്തി ഈ രംഗത്തെ സാധ്യത പരിശോധിക്കപ്പെടാത്തതിന്റെ പ്രധാന കാരണം സാങ്കേതികവും വാണിജ്യപരവുമായ വശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ തന്നെയാണ്.

സാമ്പത്തിക സഹായത്തിന്റെ ലഭ്യതകുറവും കർഷകരുടെ താൽപര്യമില്ലായ്മയ്ക്കു കാരണമായി.

സാധ്യതകൾ

1. മുയൽ , പന്നിവളർത്തലിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നല്കുക.
2. സ്വകാര്യ - സഹകരണ മേഖലകളുടെ സാധ്യത പ്രയോജന പെടുത്തണം.
3. ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരമുള്ള വായ്പാ സൗകര്യം വർദ്ധിപ്പിക്കണം.

വളർത്തു നായ്ക്കൾ

കാലം കഴിയുന്തോറും പെരുകി വരുന്ന ആരോഗ്യ പ്രശ്നമായി വളർന്നുവരികയാണ് വളർത്തുനായ്ക്കളുടെ എണ്ണം. പേവിഷബാധയുടെ ഭീഷണി മുന്നിൽ കണ്ടുകൊണ്ട് പ്രതിരോധ കുത്തിവെയ്പ്പ് നടത്തി നായ്ക്കളെ വളത്തുന്നവർ വളരെ കുറവാണ്. 126 നായ്ക്കൾക്കു മാത്രമാണ് പഞ്ചായത്തിൽ കഴിഞ്ഞ വർഷം പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയത്. 638 നായ്ക്കളെ വീടുകളിൽ വളർത്തുന്നതായി സാമൂഹ്യ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നു. എന്നാൽ ആയിരത്തിലേറെ അലഞ്ഞു തിരിയുന്ന നായ്ക്കൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പേവിഷ ബാധ പ്രതിരോധ ചികിത്സ.

വിവരം	പശു	എരുമ	ആട്	പട്ടി	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയത്	-	-	-	126	-
കടിയേറ്റ ശേഷം കുത്തിവെയ്പ്പ് നടത്തിയ എണ്ണം	-	-	-	-	-

(അവലംബം: മൃഗാശുപത്രി സെക്കൻറി ഡാറ്റ)

സാധ്യതകൾ

1. കുത്തിവെച്ച് സൗജന്യവും നിർബന്ധിതവുമാക്കുക.
2. വളർത്തു നായ്ക്കൾക്കു ലൈസൻസ് നിർബന്ധമാക്കുക.
3. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സംവിധാനം ഉണ്ടാക്കുക.

മത്സ്യബന്ധനം

കയ്യൂർ-ചീമേനി പഞ്ചായത്തിലെ വടക്കേ അതിർത്തി കാര്യങ്കോടു പുഴയാണ്. ഈ പ്രദേശത്ത് പണ്ടു മുതൽക്കേ പരമ്പരാഗത മത്സ്യബന്ധനം നടന്നിരുന്നു. ചെറുതോണിയും വലയും ചുണ്ടയുമുപയോഗിച്ചുള്ള വാണിജ്യപ്രധാനമല്ലാത്ത മത്സ്യബന്ധനം മാത്രമായിരുന്നു ഇത്. ഉൾനാടുകളിലെ ചെറുതോടുകളിലും കുളങ്ങളിലും ചുണ്ടയുപയോഗിച്ചുള്ള ഇതേ രീതിയിലുള്ള മത്സ്യബന്ധനം നടന്നിരുന്നു. മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയ തൊഴിലാളികൾ പഞ്ചായത്തിലില്ല.

മത്സ്യകൃഷി ഈ പ്രദേശത്ത് തികച്ചും അപരിചിതമാണ്. ശുദ്ധജലമത്സ്യ കൃഷിക്കു ഏറെ സാധ്യത്കളുള്ള ഈ പ്രദേശത്ത് ഇതിനുള്ള പരിശ്രമങ്ങൾ നടക്കാതിരുന്നത് കർഷകർക്കു ഇതുസംബന്ധമായ അജ്ഞതമൂലമാണ്. മത്സ്യവകുപ്പിൽ നിന്നും മറ്റേജൻസികളിൽ നിന്നും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനം ഇവിടെ നടന്നില്ല.

പട്ടിക 8

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
I	208	499	137	-	-	14
II	372	1391	534	-	1	-
III	140	508	647	-	-	-
IV	225	674	208	-	1	-
V	319	980	114	2	3	-
VI	283	951	118	1	4	-
VII	148	689	88	3	4	-
VII	509	1408	7	-	3	-
IX	377	898	-	-	10	2
X	178	880	50	-	-	-
ആകെ	2759	8878	1903	6	26	16

സാധ്യതകളും നിർദ്ദേശങ്ങളും

I. മത്സ്യകൃഷിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കാവുന്ന പ്രദേശങ്ങൾ.

1. കൊടക്കവയൽ
2. ചരൽകുളം
3. വരിക്കേൻകുളം
4. മയ്യൽ നേത്രക്കാൽ കുളം
5. ആലന്തട്ട കരുവാളം

മറ്റു പ്രദേശങ്ങളിലും സാധ്യതയുണ്ടോ എന്ന് പരിശോധിക്കുക.

2. ബോധവൽക്കരണ ക്യാമ്പ് വ്യാപകമാക്കുക.
3. ധനസഹായം ലഭ്യമാക്കുക
4. മത്സ്യരോഗ മരുന്നുകൾ പ്രാദേശികമായി ലഭ്യമാക്കുക.
5. മത്സ്യ കൃഷിയിൽ തല്പരരായ കുടുംബങ്ങളെ കണ്ടെത്തി പരിശീലനവും സഹായവും നൽകുക.
6. ഒഴിഞ്ഞ കരിങ്കൽ ക്വാറികളിലെ മത്സ്യ കൃഷി സാധ്യത പരിശോധിക്കുക.

⑥ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ ചരിത്രം, മാനവ ജീവിത പരിണാമത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതാണ്. പ്രകൃതിയോടു മല്ലടിച്ചു ഇര തേടി നടന്ന പ്രാകൃത മനുഷ്യന്റെ ജീവിതാന്വേഷണം മുതൽ താരാപഥങ്ങളെ കീഴടക്കാനുള്ള ആധുനിക മനുഷ്യന്റെ വെമ്പൽ വരെ എത്തിനിൽക്കുന്നു ഈ ചരിത്രം. അറിവിന്റെ ഒരായിരം മുത്തുകൾ ഈ ചരിത്രത്തിന്റെ പരിവർത്തന ദശകളിൽ ഈ മഹാസാഗരത്തിൽ നിന്ന് ഊളിയിട്ടെടുത്തെങ്കിലും ' 'താനാരെന്നറിയാത്ത, സ്വന്തം നിലയറിയാത്ത'' അസംഖ്യം പേർ ഈ ആധുനിക യുഗത്തിലും ഇന്ത്യയുൾപ്പെടെയുള്ള മൂന്നാം ലോക രാഷ്ട്രങ്ങളിൽ ജീവിക്കുന്നു എന്നത് വിധിവൈപരീത്യമെന്നു പറഞ്ഞ് എഴുതി തള്ളാനാവില്ല.

കേരള ചരിത്രത്തിന്റെ അഭിവാജ്യഘടകമായി മാറിയ കയ്യൂരിന്റെ ചരിത്രം രൂപപ്പെട്ടു വന്നതിന്റെ പിന്നിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നതായി കാണാൻ കഴിയും. സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പുള്ള കേരളീയ സാഹചര്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ പഞ്ചായത്തിന്റെ നില ശോചനീയമായിരുന്നു. പകലന്തിയോളം പണിയെടുത്ത് ഒരു നേരത്തെ ആഹാരത്തിനു വേണ്ടി പാടുപെടുന്ന ഭൂരിഭാഗം വരുന്ന സാധാരണക്കാർക്കും വിദ്യയും ഭക്ഷണവും ജീവിതവുമെല്ലാം വിശ്രമരഹിതമായ അദ്ധ്വാനം മാത്രമായിരുന്നു.ജൻമിയുടെ പത്തായവും കുമ്പയും ഇവരുടെ അദ്ധ്വാനത്തിന്റെ വിയർപ്പിന്റെ ഫലം കൊയ്തു നിറയുമ്പോഴും ഇവരുടെ ബുദ്ധിയും ചിന്തയും കഴിഞ്ഞ വയറിനോടൊപ്പം ശുഷ്കമായിരുന്നു.

ജൻമിമാരുടേയും ഇടത്തരക്കാരുടേയും ഇടയിൽ വിദ്യ നേടുവാനുള്ള താൽപര്യം ഉയർന്നുവന്നതോടെ നിലവിലുണ്ടായിരുന്ന അവസ്ഥയ്ക്കു മാറ്റം വന്നു തുടങ്ങി. ചൂഷകർക്കെതിരായി സംഘടിക്കുവാൻ മർദ്ദിത ജനവിഭാഗങ്ങൾക്ക് കരുത്തു നൽകിയത് പല മേഖലകളിൽ നിന്നും തങ്ങൾക്ക് ലഭിച്ച അനൗപചാരികമായ വിദ്യാഭ്യാസം തന്നെയായിരുന്നു.

പ്രധാനമായും 'എഴുത്തു കൂടുകൾ' കേന്ദ്രീകരിച്ചായിരുന്നു ഇവിടെ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചത്. പഠിതാക്കൾ പുഴിയും കൊണ്ടാണ് എഴുത്തു കൂടുകളിലേക്ക് പോകുകയും , എഴുത്താശാൻമാർ അവരെ പൂഴിയിലെഴുതി പഠിപ്പിക്കുയുംചെയ്തു പോന്നു. അക്ഷരങ്ങൾക്കൊപ്പം മന:കണക്കുകളും ശ്ലോകങ്ങളും ഇവിടെ പഠിപ്പിച്ചിരുന്നു. വിദ്യാലയങ്ങളുടെ ആവിർഭാവത്തോടെ എഴുത്തു കൂടുകൾ ക്രമേണ നിശ്ചലമായി.

ഏകദേശം 100 വർഷങ്ങൾക്കു മുൻപ് മുഴക്കോത്ത് കടവത്ത് വീട്ടിൽ കുഞ്ഞമ്പു മാസ്റ്റർ സ്വന്തം വീട്ടു വളപ്പിൽ ആരംഭിച്ച വിദ്യാലയമാണ് പഞ്ചായത്തിലെ പ്രഥമ വിദ്യാലയമെന്ന് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ പഴമക്കാർ പറയുന്നു. ഈ സ്കൂളാണ് കാലക്രമേണ മുഴക്കോം ജി.എൽ.പി.സ്കൂളും പിന്നീട് ജെ.യു.പി. സ്കൂളും ആയി മാറിയത് 1930-കളിൽ തന്നെ പൊതാവൂർ, പുലിയന്നൂർ, ആലന്തട്ട, കയ്യൂർ ഭാഗങ്ങളിലും പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. 1950-ന് ശേഷം ചെറിയാക്കര , വെള്ളാട്ട് പ്രദേശങ്ങളിൽ സ്ഥാപിതമായ ഏകാധ്യാപക വിദ്യാലയങ്ങൾ ഈ രംഗത്ത് ആശാവഹമായ ചലനങ്ങൾ ഉണ്ടാക്കി.

കേരളത്തിൽ അധികാരത്തിൽ വന്ന ആദ്യത്തെ ഇ.എം.എസ് മന്ത്രിസഭയുടെ കാലത്താണ് 1957-ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ കയ്യൂർ ഗവ. ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഇതിന്റെ നിർമ്മാണത്തിന് തദ്ദേശീയരുടെ ഭാഗത്തു നിന്നുണ്ടായിരുന്ന സഹകരണവും കൂട്ടായ്മയും വിദ്യ അഭ്യസിക്കുവാനുള്ള ഒരു ജനതതയുടെ അഭിലാഷത്തിന്റേറയും ആവേശത്തിന്റെറയും പ്രകടഭാവമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി നീലേശ്വരം രാജാസ് ഹൈസ്കൂളിനെ മാത്രം ആശ്രയിച്ചിരുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കയ്യൂർ ഹൈസ്കൂളിന്റെ സ്ഥാപനം ഒരനുഗ്രഹമായി മാറി.

ഉപരി പഠനത്തിനുള്ള സൗകര്യം വളരെ പരിമിതമായിരുന്ന അക്കാലത്ത് ദൂര സ്ഥലങ്ങളിൽ വെച്ച് ബിരുദ പഠനം നടത്തിയവർ നന്നേ കുറവായിരുന്നു. മുഴക്കോത്ത് സ്ഥാപിക്കപ്പെട്ട വിദ്യാലയത്തിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ശ്രീ. വി.വി.കുഞ്ഞമ്പുവായിരുന്നു പഞ്ചായത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ ബിരുദധാരിയെന്ന് പറയപ്പെടുന്നു. അഡ്വ.പി.കെ. നായർ, പരേതനായ ശ്രീ.എ.എം. നാരായണൻ നമ്പീശൻ (ആലന്തട്ട) തുടങ്ങി

വിദ്യാലയ വിവരങ്ങൾ(1996-97)

പട്ടിക 1

	വിദ്യാലയത്തിന്റെ പേര്	മാനേജ് മെൻറ്	കുട്ടികളുടെ എണ്ണം			കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	വേണ്ടത്	നിലവിലുള്ളത്
1.	ഗവ: വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ	ഗവൺമെൻറ്	324	272	596	6	6	12	17	17
2.	ചീമേനി ജി.എച്ച്.എസ്സ്	ഗവൺമെൻറ്	459	442	901	32	16	48	43	42
3.	തിമിരി എം.കെ. എച്ച്. എസ്	എയ്ഡഡ്	226	233	459	17	18	35	23	23
4.	നാലിലാംകണ്ടം ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	163	162	325	19	11	30	13	13
5.	മുഴക്കോം ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	137	141	278	5	4	9	11	11
6.	കുളിയാട് ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	211	212	423	20	32	52	15	14
7.	ആലന്തട്ട എ.യു.പി.എസ്സ്	എയ്ഡഡ്	102	97	199	1	0	1	10	10
8.	പൊതാവൂർ ജി.എൽ.പി.എസ്സ്	എയ്ഡഡ്	154	169	323	3	6	9	13	13
9.	വെള്ളാട്ട് ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	27	21	48	-	-	-	4	3
10.	കയ്യൂർ ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	55	49	104	1	0	1	4	4
11.	പുലിയന്നൂർ ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	65	58	123	-	-	-	4	4
12.	ചെറിയങ്കര ജി.എൽ.പി.എസ്സ്	ഗവൺമെൻറ്	48	22	70	1	0	1	4	3
13.	തിമിരി എ.എൽ.പി.എസ്സ്	എയ്ഡഡ്	45	59	104	5	5	10	4	4
14.	കുണ്ടൃം എ.എൽ.പി.എസ്സ്	എയ്ഡഡ്	53	52	105	2	0	2	5	5

ഹൈസ്ക്കൂൾ വിഭാഗം മാത്രം

യവരും ആദ്യകാല ബിരുദധാരികളിൽ പെടുന്നു.

ജാതി-ലിംഗ പരിഗണനകൾക്കതീതമായി വിദ്യാഭ്യാസം സാർവ്വത്രികമായി മാറിയപ്പോൾ സമൂഹത്തിന്റെ സമസ്ത മേഖലകളിലും അതിന്റെ ഫലം കണ്ടു തുടങ്ങി. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തപ്പെട്ട പിന്നോക്ക ജാതിക്കാരും, സ്ത്രീകളും മെല്ലെ മെല്ലെയണെങ്കിലും മറ്റുള്ളവർക്കൊപ്പം മുന്നോട്ടു വന്നു കൊണ്ടിരിക്കയാണ്. അക്ഷര വിദ്യ നിഷേധിക്കപ്പെട്ടിരുന്ന ആയിരങ്ങൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നു നൽകിയ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടു കൂടി പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 95 ശതമാനത്തിനും മീതെയെത്തിക്കുവാൻ നമുക്കു കഴിഞ്ഞു. പു

തിയ തലമുറയിൽപ്പെട്ട രക്ഷിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുവാൻ എന്തു ത്യാഗവും സഹിക്കുവാൻ തയ്യാറാണ് എന്നതാണ് ഇന്നത്തെ അവസ്ഥ.

ജി.എൽ.പി.സ്കൂളും 5 യു.പി.സ്കൂളുകളും 2 ഹൈസ്കൂളുകളും 1 വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുമാണ് പഞ്ചായത്തിൽ നിലവിലുളളത്. ആകെയുളള 14 സ്കൂളുകളിൽ 9 എണ്ണം സർക്കാർ മേഖലയിലും 5 എണ്ണം സ്വകാര്യ മേഖലയിലുമാണ്. 1996-97 അധ്യായന വർഷത്തിൽ വിവിധ സ്കൂളുകളിലായി അധ്യായനം നടത്തുന്ന കുട്ടികളുടെ എണ്ണം 4054 ആണ്. ഇന്നത്തെ അവസ്ഥയിൽ സർക്കാർ വിദ്യാലയങ്ങളിൽ 121 ഉം സ്വകാര്യ വിദ്യാലയങ്ങളിൽ 55 ഉം അധ്യാപകർ ആണ് ആവശ്യമായിട്ടുളളത്. എന്നാൽ 4 സർക്കാർ വിദ്യാലയങ്ങളിലെ ഓരോ അദ്ധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ആകെ 172 (നൂറ്റി എഴുപത്തി രണ്ട്) അദ്ധ്യാപകരാണ് പഞ്ചായത്തിനകത്ത് ഇപ്പോൾ ജോലി ചെയ്യുന്നത്. അനാദായകരമായി പ്രഖ്യാപിക്കപ്പെട്ട ജി.എൽ.പി. സ്കൂൾ ചെറിയാക്കര, ജി.എൽ.പി. സ്കൂൾ വെളളാട്ട് എന്നിവിടങ്ങളിലെ ഓരോ അധ്യാപക തസ്തിക കഴിഞ്ഞ അധ്യായന വർഷം വെട്ടിക്കുറച്ചത് പ്രസ്തുത സ്കൂളുകളിലെ അധ്യയനത്തെ സാരമായി ബാധിക്കുന്നു. ഓരോ വിദ്യാലയത്തിലും ഇപ്പോൾ ഉളള വിദ്യാർത്ഥികളുടേയും അദ്ധ്യാപകതുടേയും എണ്ണം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

തൊട്ടടുത്ത പഞ്ചായത്തിലെ വിദ്യാലയങ്ങളായ ജി.യു.പി സ്കൂൾ പെരുമ്പട്ട, ജി.യു.പി സ്കൂൾ പാടിക്കീൽ, ജി.യു.പി സ്കൂൾ കൊടക്കാട്, കെ.എം.എച്ച്. എസ്സ്. കൊടക്കാട്, ജി.എച്ച്.എസ്സ്. കുട്ടമത്ത് എന്നിവിടങ്ങളിൽ പോയി അദ്ധ്യയനം നടത്തുന്ന ചുരുക്കം ചില വിദ്യാർത്ഥികളും പഞ്ചായത്തിൽ ഉണ്ട്. ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും 2 കി.മീ. കുറഞ്ഞ ദൂരം സഞ്ചരിച്ചാൽ പ്രൈമറി വിദ്യാലയങ്ങളിൽ എത്താൻ കഴിയുമെന്നാണ് അടുത്ത കാലത്തു നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വേയിൽ നിന്ന് മനസ്സിലാകുന്നത്. എന്നാൽ 30 ശതമാനത്തിൽ അധികം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും 3 കി.മീ. കൂടുതൽ സഞ്ചരിച്ചാലേ ഹൈസ്കൂളുകളിൽ എത്താൻ കഴിയൂ. 10 കിമീ.യിലധികം സഞ്ചരിക്കേണ്ട വിദ്യാർത്ഥികളുമുണ്ട്. 2, 3, 6, 7, 8 വാർഡുകളിലെ കുട്ടികൾക്കാണ് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നത്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 25 ശതമാനം പേർ വിദ്യാർത്ഥികളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്കൂൾ വിദ്യാർത്ഥികളും സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വിവിധ കോഴ്സുകളിൽ പഠിക്കുന്നവരും ഉൾപ്പെടെയുളള കണക്കാണിത്.(സംസ്ഥാനത്തെ ജനസംഖ്യയുടെ 20 ശതമാനം മാത്രമാണ് വിദ്യാർത്ഥികൾ . സ്കൂൾ വിദ്യാർത്ഥകളിൽ 50.79 ശതമാനം ആൺകുട്ടികളും 49.21 ശതമാനം പെൺകുട്ടികളും ആണ്. സ്കൂൾ വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ പെൺകുട്ടികൾ ആൺകുട്ടികളോടൊപ്പം എത്തിയിരിക്കുന്നു എന്ന വസ്തുത ആശാവഹമാണ്. (പട്ടിക 2 കാണുക).

പട്ടിക 2

എൽ.പി., യു.പി., എച്ച്. എസ്സ് വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

കുട്ടികളുടെ എണ്ണം	എൽ.പി.				യു.പി.				എച്ച്. എസ്സ്			
	ആൺ	പെൺ	ആകെ	പെൺകുട്ടികൾ ശതമാനത്തിൽ	ആൺ	പെൺ	ആകെ	പെൺകുട്ടികൾ ശതമാനത്തിൽ	ആൺ	പെൺ	ആകെ	പെൺകുട്ടികൾ ശതമാനത്തിൽ
	752	724	1476	49.05	572	560	1132	49.46	735	711	1446	49.17

അക്ഷരം അഭ്യസിക്കുന്നതിൽ നിന്നും പിന്നോക്ക ജാതിക്കാരെ അകറ്റി നിർത്തിയിരുന്ന പഴയകാല സാമൂഹ്യ ചുറ്റുപാടുകളല്ല ഇന്ന് നിലിവിലുളളത്. സവർണ്ണ-അവർണ്ണ ഭേദമന്യേ എല്ലാ കുട്ടികളും സ്കൂളുകളിൽ എത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട രേഖകൾ വ്യക്തമാക്കുന്നു.

ഈ അദ്ധ്യയന വർഷത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ 4.93 ശതമാനം പട്ടിക ജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ് (പട്ടിക 3 നോക്കുക).

പട്ടിക ജാതി-പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ കണക്ക്

വിഭാഗം	ആകെ കുട്ടികൾ	SC/ST കുട്ടികൾ	SC/ST കുട്ടികൾ ശതമാനത്തിൽ
L.P	1476	71	4.81
U.P	1132	61	5.38
H.S.	1446	68	4.70
	4054	200	4.93

പഠന നിലവാരത്തിന്റെ കാര്യത്തിലും ഈ വിഭാഗത്തിലെ പൺകുട്ടികൾ മറ്റു കുട്ടികൾക്കൊപ്പം തന്നെയാണ്. (1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയുടെ 5 ശതമാനം ആണ് പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ)

ഓരോ വർഷവും ശരാശരി 200 കുട്ടികൾ S S L C പരീക്ഷയിൽ വിജയിക്കുമ്പോൾ അവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ കോളേജുകളോ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇവിടെ ഇല്ലാ എന്നുള്ളത് ഒരു പ്രശ്നം തന്നെയാണ്. ഈ മേഖലയിൽ പഞ്ചായത്തിലുള്ള ഏക സ്ഥാപനമായ കയ്യൂർ വെക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ 2 ഗ്രൂപ്പുകളിലായി 50 വിദ്യാർത്ഥികൾക്കാണ് ഒരു വർഷം പ്രവേശനം നൽകുന്നു;. അടുത്തകാലം വരെ ഇവരെ പഠിപ്പിക്കുവാൻ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ടു തന്നെ തങ്ങളുടെ കുട്ടികളെ ഇവിടെ ചേർത്ത് പഠിപ്പിക്കുവാൻ രക്ഷിതാക്കൾക്ക് വേണ്ടത്ര താൽപര്യമില്ല. എന്നാൽ ഇപ്പോൾ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അവരുടെ സേവനം ഇന്നത്തെ സ്ഥിതിയിൽ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഭൂരിപക്ഷം വിദ്യാർത്ഥികളും ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത് കാഞ്ഞങ്ങാട്, പയ്യന്നൂർ കോളേജുകളേയും ചെറുവത്തൂരിലും നീലേശ്വരത്തുമുള്ള സമാന്തര കോളേജുകളേയുമാണ്.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മിക്ക വിദ്യാലയങ്ങളും പിന്നോക്കം തന്നെയാണ്. പഞ്ചായത്തിലെ ആദ്യകാലസ്കൂളുകളിൽ ഒന്നായ പുലിയന്നൂർ ജി.എൽ.പി.ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 901 കുട്ടികൾ പഠിക്കുന്ന ചീമേനി ഹൈസ്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ സെഷണൽ സമ്പ്രദായത്തിലാണ് ഈ അദ്ധ്യയന വർഷാരംഭം വരെ ക്ലാസ്സുകൾ നടത്തിയിരുന്നത്. 1-ാം തരം മുതൽ 4-ാം തരം വരെയുള്ള ക്ലാസ്സുകൾ വാടക കെട്ടിടത്തിലേക്ക് മാറ്റി കൊണ്ട് താൽക്കാലികമായി സെഷണൽ സമ്പ്രദായം ഒഴിവാക്കിയെങ്കിലും ഇത് ശാശ്വതമാണെന്ന് പറയാൻ വയ്യ..5-ാം തരം മുതൽ 10-ാം തരം വരെയുള്ള ക്ലാസ്സുകൾക്ക് പുറമെ ദിവൽസര VHSE കോഴ്സും ഉ.. കയ്യൂർ G.V.H.S ലെ ഒരു കെട്ടിടം അൺഫിറ്റ് ആയതിനെ തുടർന്ന് ഈ അദ്ധ്യായന വർഷാരംഭം മുതൽ അവിടേയും സെഷണൽ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കയാണ്. പുനരർപ്പണ ദിനത്തിൽ 300ൽ അധികം സന്നദ്ധ പ്രവർത്തകരുടേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മയിലൂടെ പടുത്തുയർത്തിയ താൽക്കാലിക ഷെഡിന്റെ പണി പൂർത്തിയാകുന്നതോടെ 4 ക്ലാസ് മുറികൾ ലഭിക്കുമെങ്കിലും 2 ക്ലാസ് മുറികൾ കൂടി നിർമ്മിച്ചാൽ മാത്രമേ സെഷണൽ സമ്പ്രദായം ഒഴിവാക്കാൻ കഴിയുകയുള്ളൂ.

മതിയായ ഫർണിച്ചറുകളുടെ ദൗർലഭ്യം മിക്ക സർക്കാർ സ്കൂളുകളുടേയും പൊതുപ്രശ്നമാണ്. PTA സജീവമായിട്ടുള്ള സ്കൂളുകളിൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കുവാൻ അവർ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്.

2 സ്വകാര്യ വിദ്യാലയങ്ങൾ ഉൾപ്പെടെ 4 വിദ്യാലയങ്ങൾക്ക് സ്വന്തമായി കിണറില്ല. 4 വീതം വിദ്യാലയങ്ങൾക്ക് കക്കൂസും കളിസ്ഥലവുമില്ല. കളിസ്ഥലങ്ങൾ ഉള്ള സ്കൂളുകളിൽ തന്നെ അവയുടെ വിസ്തൃതി വളരെ കുറവാണ്. ക്ലാസ്സ് മുറിയുടെ 4 ചുവരുകൾക്കുള്ളിൽ മണിക്കൂറുകളോളം ഇരിക്കാൻ ബ്ബന്ധിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അല്പ നേരമെങ്കിലും ശുദ്ധവായു ശ്വസിക്കുവാനും ഓടിച്ചാടി രസിക്കുവാനും പറ്റിയ കളിസ്ഥലം ഇല്ലാതിരിക്കുകന്നത് അവരോട് കാണിക്കുന്ന തികഞ്ഞ ക്രൂരതതന്നെയാണ്



പട്ടിക 4

വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ
1	പുലിയന്നൂർ ജി.എൽ.പി.എസ്സ്	വാടക	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	കയ്യൂർ ജി.എൽ.പി.എസ്സ്	വാടക	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	വെള്ളാട്ട് ജി.എൽ.പി.എസ്സ്	0.78	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
4	ചെറിയങ്കര ജി.എൽ.പി.എസ്സ്	0.28	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5	കുണ്ട്യം എ.എൽ.പി.എസ്സ്	0.50	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
6	തിമിരി എ.എൽ.പി.എസ്സ് .	1.00	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
7	നാലിലാംകണ്ടം ജി.എൽ.പി.എസ്സ്	5ഏക്ര	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
8	മുഴക്കോം ജി.എൽ.പി.എസ്സ്	1.50	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
9	ആലന്തട്ട എ.യു.പി.എസ്സ്	0.49	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
10	കൂളിയാട് ജി.എൽ.പി.എസ്സ്	2	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
11	പൊതാവൂർ ജി.എൽ.പി.എസ്സ്	1	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
12	ചീമേനി ജി.എച്ച്.എസ്സ്	5ഏക്ര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
13	കയ്യൂർ ജി.എച്ച്.എസ്സ്	8ഏക്ര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
15	തിമിരി എം.കെ. എച്ച്. എസ്	3.5	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്

ലൈബ്രറി ലബോറട്ടറി പഠനോപകരണങ്ങൾ ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ തുടങ്ങിയ അക്കാദമിക സൗകര്യങ്ങളുടെ കാര്യത്തിലും മിക്ക സ്കൂളുകളുടേയും സ്ഥിതി മെച്ചമല്ലെന്നാണ് ദ്വിതീയ വിവരക്കണക്കുകൾ കാണിക്കുന്നത്.ഇത്തരം സൗകര്യങ്ങളുടെ അഭാവത്തിൽ അദ്ധ്യാപനം അത് മധുരതരമാക്കാനോ പഠനം പാൽപ്പായസ മാക്കാനോ പഠന നിലവാരം മെച്ചപ്പെടുത്താനോ കഴിയില്ലെന്ന വസ്തുത നാം ഓർക്കേണ്ടതാണ്. കഴിഞ്ഞ 4 വർഷക്കാലത്തെ SSLC വിജയശതമാനത്തെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ പഠന നിലവാരം കുറഞ്ഞു വരുന്നതായി കാണാനകഴിയും. 1992-93 ൽ ശരാശരി 67 ശതമാനം കുട്ടികൾ വിജയിച്ചപ്പോൾ 1995-96 ൽ അത് 54ശതമാനം ആയി കുറഞ്ഞു. (പട്ടിക 5-6):

പട്ടിക 5 എസ്. എസ്. എൽ. സി. വിജയശതമാനം

സ്കൂളിന്റെ പേര്	വിജയശതമാനം			
	1992-93	93-94	94-95	95-96
1. G.V.H.S കയ്യൂർ	65	50	59	43
2. G.H.S. ചീമേനി	41	37	26	33
3. MKSHSതിമിരി	97	86	93	84

പട്ടിക 6 എസ്. എസ്. എൽ. സി.

പഞ്ചായത്തിലെ ശരാശരിവിജയശതമാനം

വർഷം	1992-93	93-94	94-95	95-96
ശരാശരി വിജയ ശതമാനം	67%	58%	59%	54%

(അവലംബം : സ്കൂൾ രേഖകൾ)

വിജയശതമാനം പടിപടയായി ഉയർത്തികൊണ്ടു വരുന്നതിനുള്ള പരിപാടി ആവിഷ്കരിക്കാൻ നാം ഇനിയും അമാന്തിച്ചാൽ അതിന്റെ ഫലം വളരെ ശോചനീയമായിരിക്കും നമ്മുടെ പഞ്ചായത്തിൽ നിന്നും വിദ്യാർത്ഥികൾ തൊട്ടടുത്ത പഞ്ചായത്തിലെ ഹൈസ്കൂളുകളിലേക്ക് ചേക്കേറുവാനുള്ള ഒരു കാരണം SSLC പരീക്ഷയിലെ താഴ്ന്ന വിജയശതമാനം തന്നെയാണ്.

SSLC പരീക്ഷാഫലത്തെ മാത്രം അടിസ്ഥാനമാക്കികൊണ്ട് ഒരു പഞ്ചായത്തിലെ പഠന നിലവാരത്തെ വിലയിരുത്തുന്നത് ശാസ്ത്രീയമായ രീതിയല്ല. അതുകൊണ്ടു തന്നെ കഴിഞ്ഞ പാദവാർഷിക പരീക്ഷയിൽ പഞ്ചായത്തിലെ 3 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ലഭിച്ച മാർക്ക് കൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

(പട്ടിക 7 അടുത്തപേജിൽ കാണുക)

മിക്ക ക്ലാസ്സുകളിലും 30 ശതമാനം അധികം കുട്ടികൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാം. പരിഹാര ബോധന പ്രവർത്തനങ്ങളിലൂടെ അവരെക്കൂടി മുൻപന്തിയിൽ കൊണ്ടു വന്നാൽ മാത്രമേ നമ്മുടെ പഠന നിലവാരം മെച്ചപ്പെട്ടതാണെന്ന് പറയാൻ കഴിയുകയുള്ളൂ.

വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ആകർഷകവുമാകണമെങ്കിൽ അക്കാദമിക് പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രാധാന്യം പാരാ അക്കാദമിക പ്രവർത്തനങ്ങൾക്കും നൽകേണ്ടതുണ്ട്. സാഹിത്യ സമാജം, സയൻസ് ക്ലബ്ബ്., സ്കൂൾ, ലൈബ്രറി, പഠന യാത്ര, മാസ് ഡ്രിൽ, സ്കൂൾ കലോത്സവവും, സ്കൂൾ അസംബ്ലി തുടങ്ങിയ പ്രവർത്തനങ്ങളുടെ സാദ്ധ്യത ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ നമ്മുടെ വിദ്യാലയങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അക്കാദമികവും അക്കാദമികേതരവും ആയ പ്രവർത്തനങ്ങൾ കോർത്തിണക്കികൊണ്ട് 1994-95 അദ്ധ്യയന വർഷം നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയ പഠനോത്സവം നല്ലൊരു തുടക്കമായിരുന്നു. ടീച്ചിംഗ് മോഡ്യൂളുകൾ തയ്യാറാക്കുന്നതിലും പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും അദ്ധ്യാപകർ കാണിച്ച ശുഷ്കാന്തി ഇത്തരം പ്രവർത്തനങ്ങളുടെ സാദ്ധ്യത വിളിച്ചറിയിക്കുന്നതായിരുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പഠന പ്രക്രിയ ആസ്വാദ്യകരമായ ഒരു അനുഭൂതിയാക്കി മാറ്റാൻ ഇതുമൂലം കഴിഞ്ഞു.

ജില്ലാ സംസ്ഥാന യുവജനോത്സവങ്ങളിലും കായിക മത്സരങ്ങളിലും മാറ്റുരക്കുവാൻ പറ്റിയ കുരുന്നു പ്രതിഭകൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടെന്ന് കഴിഞ്ഞ വർഷം കയ്യൂർ G.V.H.S. തെളിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പൂരക്കളി മത്സരത്തിൽ ഈ സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു എന്നത് എടുത്തു പറയേണ്ട നേട്ടം തന്നെയാണ്.

പട്ടിക 7

ക്ലാസ്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതുനിലവാരം				
		30 % താഴെ മാർക്കു ലഭിച്ചവർ	30% നും 40% നും ഇടയിൽ മാർക്കു ലഭിച്ചവർ	40% നും 50% നും ഇടയിൽ മാർക്ക് ലഭിച്ചവർ	50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ	60% നു മുകളിൽ മാർക്ക് ലഭിച്ചവർ
III	332	41	44	71	47	129
IV	380	57	72	64	87	100
V	369	38	45	70	68	148
VI	340	79	82	69	47	63
VII	412	93	92	83	69	75
VIII	538	166	105	59	81	127
IX	528	151	134	68	75	100
X	384	119	107	59	57	42

ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുകയാണെങ്കിൽ കൂടുതൽ മത്സരയിനങ്ങളിൽ ഇത്തരത്തിലുള്ള നേട്ടം കൊയ്യാൻ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ഭ്രമം നമ്മുടെ പ്രദേശത്ത് വ്യാപകമായിട്ടില്ലെങ്കിലും അടുത്ത കാലത്തായി ചില രക്ഷിതാക്കളെങ്കിലും അകലെയുള്ള ഇത്തരം സ്കൂളുകളിലേക്ക് തങ്ങളുടെ കുട്ടികളെ അയച്ചു തുടങ്ങിയിട്ടുണ്ട് പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തിയില്ലെങ്കിൽ ഈ പ്രവണത വർദ്ധിക്കുവാൻ സാധ്യതയുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ രണ്ടു ടുട്ടോറിയൽ കോളേജുകളും ഒരു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ ഏറെയുണ്ട്.

പ്രീപ്രൈമറി വിദ്യാഭ്യാസം വ്യാപകമാക്കുവാനുള്ള കാര്യമായ ശ്രമങ്ങൾ ഇവിടെ നടന്നിട്ടില്ല എന്നു തന്നെ പറയാം. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരും വിവരം ചുവടെ ചേർക്കുന്നു.

(പട്ടിക 8 കാണുക)

ഗ്രാമ പഞ്ചയത്ത് നടത്തുന്ന പള്ളിപ്പാറയിലെ ശിശു മന്ദിരം , വിവേകാനന്ദശിശു മന്ദിരം, ചീമേനി തിമിരി ബാലവാടി എന്നിവയ്ക്കു മാത്രമാണ് സ്വന്തമായ കെട്ടിടങ്ങൾ ഉള്ളത് മറ്റു മൂന്നു സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

അവശ്യം ആവശ്യമായ ഭൗതികസാഹചര്യങ്ങളോ കളിക്കോപ്പുകളോ ലഭ്യമാക്കിയാൽ മാത്രമേ ശിശു വിദ്യാകേന്ദ്രങ്ങളെക്കൊണ്ട് ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ കുട്ടികളിൽ നിന്ന് വാങ്ങുന്ന തുച്ഛമായ ഫീസ് അദ്ധ്യാപിക മാർക്ക് നാമമാത്രമായ ശമ്പളം കൊടുക്കുവാൻ പോലുമതികയാത്ത സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. നിലവിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം തന്നെ 5 വയസ്സിനു താഴെയുള്ള മുഴുവൻ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുവാൻ ഉതകുന്ന വിധത്തിൽ എല്ലാ വാർഡുകളിലും ശിശു വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

പട്ടിക 8

പ്രീപ്രൈമറി സ്ഥാപനങ്ങൾ		
സ്ഥാപനത്തിന്റെ പേര്	വാർഡ്	നടത്തുന്ന ഏജൻസി
1. ബാലവാടി തിമിരി	I	ദേശസേവിനി മഹിളാസമാജം
2. ബാലവാടി മുഴക്കോം	III	ബിന്ദു മഹിളാസമാജം
3. ചിരിക്കുടുക്ക നഴ്സറിസ്ക്കൂൾ കയ്യൂർ	V	കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
4. കയ്യൂർ - ചീമേനി പഞ്ചായത്ത് ശിശുമന്ദിരം, പള്ളിപ്പാറ	VII	കയ്യൂർ -ചീമേനി ഗ്രാമപഞ്ചായത്ത്
5. അക്ഷര ശ്രീ നഴ്സറി സ്കൂൾ ചീമേനി	IX	ചീമേനി ചിൽഡ്രൻസ് വെൽഫെയർ സൊസൈറ്റി
6. വിവേകാനന്ദ ശിശുമന്ദിരം ചീമേനി.	IX	ഭാരതീയ വിദ്യാനികേതൻ

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെ സഹകരണത്തോടെ ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം മാതൃകാപരമായി തന്നെ നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം മൂലം നവസാക്ഷരരിൽ പലരും നിരക്ഷരരായി മാറിക്കൊണ്ടിരിക്കുകയാണ്.ജനവിദ്യാ കേന്ദ്രങ്ങളെ പ്രവർത്തന ക്ഷമമാക്കികൊണ്ട് ഫലപ്രദമായ ഒരു തുടർ സാക്ഷരതാ പരിപടി നടപ്പിലാക്കാൻ നേരം വളരെ വൈകിയിരിക്കുന്നു. പഞ്ചായത്തിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും എല്ലാം തന്നെ കാര്യമായി ഇടപെടാൻ കഴിയുന്ന ഒരു മേഖല കൂടിയാണിത്.

പഞ്ചായത്തിലെ 10 വാർഡുകളിലായി ഇപ്പോൾ 1259 നിരക്ഷരർ ഉണ്ടെന്നാണ് സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ നിന്ന് മനസ്സിലാവുന്നത്. ഇത് മൊത്തം ജനസംഖ്യയുടെ 6 ശതമാനം വരും. ഇവരെ കൂടി സാക്ഷരർ ആക്കുവാനുള്ള ദൗത്യം നാം ഏറ്റെടുത്തേ പറ്റൂ.

ഗ്രാമസഭാ ചർച്ചകൾ സാമൂഹ്യ സാമ്പത്തിക സർവ്വേ വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച സ്ഥിതിവിവരകണക്കുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സജീവമായ ചർച്ചകളെ തുടർന്ന് 10 ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളേയും നിർദ്ദേശങ്ങളേയും മറ്റു സ്ഥിതിവിവരകണക്കുകൾ കൂടി കണക്കിലെടുത്തുകൊണ്ട് ക്രോഡീകരിക്കുവാനാണ് ഇനി ശ്രമിക്കുന്നത്.

പ്രധാന പ്രശ്നങ്ങൾ

1. ചീമേനി, കയ്യൂർ ഗവ: ഹൈസ്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങളോ ഫർണീച്ചറുകളോ ഇല്ല.

2. ഭൂരിഭാഗം സ്കൂളുകൾക്കും സ്റ്റാഫ് മുറിയും മതിയായ ഫർണീച്ചറുകളും ഇല്ല.

3. 4 സ്കൂളുകൾക്ക് വീതം കുടിവെള്ള സൗകര്യവും കക്കൂസും കളിസ്ഥലവും ഇല്ല.

4. എല്ലാ സ്കൂളുകളും ചുറ്റുമതിൽ ഇല്ലാത്തവയാണ്.

5. മുഴക്കോം UPS ലെ എല്ലാ ക്ലാസ്സുകളും ഒരേ കോമ്പൗണ്ടിലല്ല പ്രവർത്തിക്കുന്നത്, ചില ക്ലാസ്സുകൾ അകലെയുള്ള വാടക കെട്ടിടത്തിലാണ്.

6. 3 ഹൈസ്കൂളുകളിലും SSLC വിജയശതമാനം കുറഞ്ഞു വരുന്നു. കഴിഞ്ഞ 4 വർഷങ്ങളിലും ചീമേനി ഗവ: ഹൈസ്കൂളുകളിലെ വിജയശതമാനം 50-ൽ താഴെയാണ്.

എങ്കിലും ജില്ലയിൽ തന്നെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ വിജയശതമാനത്തിൽ രണ്ടാ സ്ഥാനത്ത് നിൽക്കുന്ന ഈ പഞ്ചായത്തിലെ തിമിരി മഹാകവി കുട്ടമത്ത് സ്മാരക ഹൈസ്കൂൾ ആണെന്നത് ശ്രദ്ധേയമാണ്.

7. മിക്ക സ്കൂളുകളും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ധാരാളം കുട്ടികൾ ഉണ്ട്.

8. ബഹുഭൂരിപക്ഷം സ്കൂളുകളിലും സ്പെഷലിസ്റ്റ് അദ്ധ്യാപകരില്ല. മുമ്പ് ഉണ്ടായിരുന്ന തസ്തികകൾ പോലും വെട്ടിക്കുറച്ചിരിക്കുന്നു.

9. 5 വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുവാനുള്ള സൗകര്യങ്ങൾ ഇല്ല.

സാദ്ധ്യതകൾ

1. മുഴുവൻ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം.

2.സ്വന്തമായി കിണറില്ലാത്ത സ്കൂളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

3. കയ്യൂർ, ചീമേനി ഗവ: ഹൈസ്കൂളുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കണം.

4. മുഴക്കോ ഗവ:സ്കൂളിലെ എല്ലാ ക്ലാസ്സുകളും ഒരേ കോമ്പൗണ്ടിനകത്ത് നടത്താൻ ആവശ്യമായ കെട്ടിടങ്ങൾ പണിയണം.

5. മുഴുവൻ സ്ൾകൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കണം.

6. എല്ലാ സ്കൂളുകൾക്കും മതിയായ സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം ഉണ്ടാക്കുവാൻ പദ്ധതി വേണം.

7. സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം.

8. വാറഡുതോറും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കണം.

9. നിർദ്ദിഷ്ട കയ്യൂർ ഐ.ടി.ഐ യുടെ പ്രവർത്തനം അടുത്ത അദ്ധ്യയന വർഷം തന്നെ ആരംഭിക്കുക.

10. നിലവിലുള്ള ബാലവാടികൾക്കും നഴ്സറി സ്കൂളുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടാക്കണം.

11. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളുടേയും നിലവാരം ഉയർത്തുവാൻ ഉതകുന്ന വിധത്തിൽ അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് പരിപാടി നടപ്പിലാക്കണം.

12. പളളിപ്പാറയിൽ ഗവ: ഹൈസ്കൂൾ ആരംഭിക്കുക.

13. GLPS പുലിയന്നൂർ, GLPS ചെറിയാക്കര, GUPS മുഴക്കോം എന്നിവ അപ്ഗ്രേഡ് ചെയ്യുക.

14. കയ്യൂരിലേയും ചീമേനിയിലേയും ഹൈസ്കൂൾ ഗ്രൗണ്ടുകൾ ലെവൽ ചെയ്ത് മിനി സ്റ്റേഡിയം നിർമ്മിക്കുക.

15. ചീമേനി ഗവ: ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുക. ഹൈസ്കൂളിൽ നിന്ന് LP വിഭാഗംവേർതിരിക്കുക.

16. മുഴുവൻ സ്കൂളുകളിലും കമ്മ്യൂണിറ്റി അടുപ്പ് സ്ഥാപിക്കുക.

17. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് പുന:പരിശീലനം നൽകുക.

18. ഒന്നാം വാർഡിലെ തിമിരി പ്രദേശത്ത് UP സ്കൂളും രണ്ടാം വാർഡിലെ തച്ചറണം പൊയിലിൽ LP സ്കൂളും പുതുതായി അനുവദിക്കണം.

19. ഫർണീച്ചർ ക്ഷാമം അനുഭവപ്പെടുന്ന സ്കൂളുകൾക്ക് ആവശ്യമായ ഫർണീച്ചറുകൾ നൽകുക.

20. സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിന് കർമ്മ പദ്ധതി തയ്യാറാക്കണം. ജനവിദ്യാകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിപാടി തയ്യാറാക്കണം.

21. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളും വൈദ്യുതീകരിക്കണം.

22. കൃഷിഭവന്റെ സഹായത്തോടെ സ്കൂൾ വളപ്പിൽ

പച്ചക്കറി കൃഷി തുടങ്ങുവാനുള്ള പദ്ധതി വേണം.

23. കയ്യൂർ GVHS ൽ VHSC വിഭാഗത്തിന് പ്രത്യേകമായി കെട്ടിടം പണിയണം.

മറ്റു നിർദ്ദേശങ്ങൾ

- നിർദ്ദിഷ്ട കയ്യൂർ I T I യിൽ പ്രവേശനം നൽകുമ്പോൾ ഈ പഞ്ചായത്തിലെ കുട്ടികൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യണം.

- അനാദായകരമായി പ്രഖ്യാപിക്കപ്പെട്ട സ്കൂളുകളിലെ വെട്ടിക്കുറച്ച അദ്ധ്യാപക തസ്തികകൾ പുനസ്ഥാപിക്കുക.

- വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നത്തിന് പരിഹാരം കാണുക.

- പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂളുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക.

- എല്ലാ സ്കൂളുകളിലും സ്പെഷലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക.

- ഹൈസ്കൂൾ കുട്ടികൾക്കും ഉച്ചക്കഞ്ഞി ഏർപ്പെടുത്തുക.

- വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക (LSS, USS) വർദ്ധിപ്പിക്കുക.

ഇലക്ട്രോണിക് മാധ്യമങ്ങളെ പഠന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

- സ്കൂളുകളിൽ പ്രഥമ ശുശ്രൂഷയ്ക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

- ഹൈസ്കൂകളോടനുബന്ധിച്ച് കരിയർ ഗൈഡൻസ് സെൻററുകൾ തുടങ്ങണം.

- പഞ്ചായത്തിൽ വിവിധ മേഖലകളിൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് ഉപരിപഠനത്തിന് സഹായം നൽകുക.

- D P E P പദ്ധതി പ്രകാരമുള്ള പാഠപുസ്തകങ്ങൾ ആൺ-പെൺ വിവേചനമില്ലാതെ എല്ലാ കുട്ടികൾക്കും നൽകണം.

-പോളി ടെക്നിക്, വനിത I T I തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും B Ed കോളേജുകളും പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുക.

-സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

- വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ ചികിത്സാ ഫണ്ട് ഏർപ്പെടുത്തുക.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു വർഷത്തേക്ക് വിദ്യാഭ്യാസ മേഖലയിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾക്ക് മൂർത്തമായ രൂപം നൽകുവാനുള്ള ബാധ്യത നമുക്കുണ്ട് നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാഠ്യപ്രവർത്തനങ്ങളും പാഠ്യാനുബന്ധ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനും, പ്രീപ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും നാം ബോധപൂർവ്വം ശ്രമിക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ല. അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസ തൽപരരായ മുഴുവൻ ആളുകളുടേയും കൂട്ടായ്മയിലൂടെ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന് നമുക്ക് പ്രത്യാശിക്കാം.

പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് കുടികൊള്ളുകയുള്ളൂ. അതുകൊണ്ട് തന്നെ ശുചിത്വബോധവും, ആരോഗ്യപരിപാലനവും ഒരു ജനതയുടെ സാംസ്കാരിക നിലവാരത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം ഏറെ മുന്നിലാണ് എന്ന് കണക്കുകൾ തെളിയിക്കുന്നു. ഇതിന് പ്രധാന കാരണം സർക്കാർ സംവിധാനത്തിൽ ഉപയോഗപ്പെടുത്തികൊണ്ട് ആരോഗ്യം ഏതാണ്ട് സാർവ്വത്രികമായി ഗ്രാമങ്ങളിൽ നടപ്പിലാക്കി എന്നതാണ്.

മാത്രവുമല്ല കേരളത്തിന് തനതായ ഒരു പ്രാചീന ചികിത്സാ രീതി പഴയകാലം മുതൽ തന്നെ നിലവിൽ ഉണ്ടായിരുന്നു. അതിന്റെ ഭാഗമായി കയ്യൂർ-ചീമേനി പഞ്ചായത്തിലും പ്രാചീന ചികിത്സാ രീതികൾ അവലംബിച്ചിരുന്ന നാട്ടിൻ പ്രദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന് ഉദാഹരണങ്ങളായി ഒട്ടേറെ ചൂണ്ടികാണിക്കാനുണ്ട്.ഇവരിൽ പ്രധാനി കയ്യൂരിലെ കാരിക്കുട്ടി വൈദ്യർ ആണ്.ആശുപത്രികളോ, മറ്റ് ആരോഗ്യ സ്ഥാപനങ്ങളോ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ നമ്മുടെ നാട്ടിൻ പുറത്തെ ജനങ്ങൾ ആശ്രയിച്ചിരുന്നത് അദ്ദേഹത്തിന്റെ ആയുർവേദ ചികിത്സാ രീതിയെയാണ്. പ്രതിഫലേച്ഛരകൂടാതെ ജനനൻമ ലക്ഷ്യമാക്കികൊണ്ട് സേവനം നടത്തിയ അത്തരം മഹത് വ്യക്തികളെ നാം സ്മരിക്കേണ്ടതുണ്ട്. കൂടാതെ വിഷചികിത്സാ രംഗത്ത് ഈ പഞ്ചായത്തിലെ കൂക്കോട്ട് ജീവിച്ചിരുന്ന നീലമ്പത്ത് കണ്ണൻ എന്നയാൾ പ്രഗൽഭനായിരുന്നു. അതുപോലെ തന്നെ കുരു മുതലായ രോഗങ്ങൾ ഒറ്റ മൂലി എന്ന രീതിയിൽ മരുന്നുകൾ നൽകി സേവനം നടത്തിയ തിമിരിയിലെ വളപ്പിൽ അമ്പു എന്നിവരേയും സ്മരിക്കേണ്ടതുണ്ട്.മഞ്ഞ പിത്തം എന്ന രോഗത്തിന് ചികിത്സ നടത്തിയ ഒരു മഹത് വ്യക്തിയാണ് കണക്കോരൻ പണിക്കർ. കയ്യൂരിലെ അളളടോൻ അപസ്മാരം എന്ന രോഗത്തിന് ചികിത്സ നൽകിയ മഹാനാണ്. ഇവയ്ക്ക് പുറമെ അന്ധവിശ്വാസത്തിലധിഷ്ഠിതമായ ചികിത്സാരീതിയും നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിൽ ഏറെക്കുറേ മാറ്റം വന്നിട്ടുണ്ട്.

പ്രാചീന ചികിത്സാ രീതിയിൽ മാത്രം അഭയം കണ്ടെത്തിയ നമ്മുടെ പൂർവ്വികൻമാർ നമുക്ക് സംഭാവനയായിത്തന്ന പല പ്രകൃതി ഔഷധങ്ങളും ഇന്ന് അന്യപ്പെട്ടു പോകുകകയാണ്. അവയെക്കുറിച്ച് ആധികാരികമായ പഠനം നടത്താനോ അവയെ സംരക്ഷിക്കുന്നതിനു വേണ്ടിയോ നമ്മുടെ പുതിയ തലമുറ താൽപര്യപ്പെടുന്നില്ല. വിലകൂടിയ അലോപതി ഔഷധങ്ങളെ മാത്രം ആശ്രയിച്ച് രോഗതുര ശമനം പ്രതീക്ഷിക്കുന്ന നമ്മുടെ സാമാന്യ ജനതയ്ക്ക് പ്രകൃതി ഔഷധങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യസേവന രംഗത്ത് സർക്കാർ മേഖലയിൽ ആദ്യമായി ഉണ്ടായ സ്ഥാപനം 1962-ൽ വലിയ പൊയിലിൽ സ്ഥാപിച്ച ബൈവീക്കിലി ഡിസ്പെൻസറി ആണ്. പിന്നീട് ചീമേനിയിൽ ഗവ: ആയുർവ്വേദ ഡിസ്പെൻസറി, മുഴക്കോത്ത് ഗവ:ഹോമിയോ ആശുപത്രി, കയ്യൂരിൽ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയും, പഞ്ചായത്തിന്റെ വ്യത്യസ്ത വാർഡുകളിലായി 8 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ആരംഭിച്ചു. സ്വകാര്യ മേഖലയിൽ കയ്യൂർ, ചീമേനി, ചാനടുക്കം എന്നിവിടങ്ങളിൽ ഓരോ ആയുർവേദ ഔഷധശാലയും, ചീമേനി, കയ്യൂർ എന്നിവിടങ്ങളിൽ ഓരോ ഹോമിയോ ക്ലിനിക്കും പ്രവർത്തിച്ചു വരുന്നുണ്ട്.ഈ സ്ഥാപനങ്ങളുടെ സഹായത്തോടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. എങ്കിൽ പോലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഉള്ള സൗകര്യം ചീമേനി ഗവ: ആയുർവേദ ആശുപത്രിയിൽ മാത്രമേ ഉള്ളൂ. സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ അഭാവം കൊണ്ടും, കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ടും ഈ പഞ്ചായത്തിലെ രോഗികൾക്ക് വിദൂരസ്ഥലങ്ങളിലെ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഉണ്ട്.തൻമൂലം സാമ്പത്തികമായും, തൊഴിൽപരമായും ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സ്ഥിതി വിവരം പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക 1

പട്ടിക 1

ആരോഗ്യ സ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം		ഡോക്ടർമാർ	മറ്റു ജീവനക്കാർ	സ്ഥാപിച്ച വർഷം.
			വാടക	സ്വന്തം.			
1	പി.എച്ച്.സി. കയ്യൂർ	കോൺക്രീറ്റ്		സ്വന്തം.	1	8	1986
2.	ഗവ. ഹോമിയോ ആശുപത്രി, മുഴക്കോം	"		"	1	3	1983
3.	ഗവ. ആയുർവേദ ആശുപത്രി, ചീമേനി	ഓട്	വാടക		1	3	1962
4.	കുടുംബക്ഷേമ ഉപകേന്ദ്രം, കയ്യൂർ	കോൺക്രീറ്റ്		സ്വന്തം		2	1986
5.	കുടുംബക്ഷേമ ഉപകേന്ദ്രം, തിമിരി	കോൺക്രീറ്റ്		സ്വന്തം		2	1990
6.	കുടുംബക്ഷേമ ഉപകേന്ദ്രം, മുഴക്കോം	കോൺക്രീറ്റ്		സ്വന്തം		2	1990
7.	കുടുംബക്ഷേമ ഉപ കേന്ദ്രം, മുണ്ടയ്ത്താൾ	കോൺക്രീറ്റ്		സ്വന്തം		1	1991
8.	കുടുംബക്ഷേമ ഉപകേന്ദ്രം, ഞണ്ടാടി	കോൺക്രീറ്റ്		സ്വന്തം		1	1992
9.	കുടുംബക്ഷേമ ഉപ കേന്ദ്രം, പുലിയന്നൂർ	കോൺക്രീറ്റ്		സ്വന്തം		1	1992
10.	കുടുംബക്ഷേമ ഉപകേന്ദ്രം, ചീമേനി	കോൺക്രീറ്റ്		സ്വന്തം		2	1991
11.	കുടുംബക്ഷേമ ഉപകേന്ദ്രം, പെട്ടിക്കുണ്ട്	ഓട്	വാടക			2	1991

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥിതി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ശരാശരിയേക്കാൾ മുന്നിലാണെന്ന് കാണുന്നു.

പട്ടിക 2

ഇനം സംസ്ഥാന നിരക്ക് പഞ്ചായത്ത് നിരക്ക്

ജനന നിരക്ക്	20	10.5
മരണ നിരക്ക്	6	2
ശിശുമരണനിരക്ക്	17	3

(അവലംബം: സെക്കൻററിഡാറ്റ കലക്ഷൻ)

കുടുംബ വലുപ്പം സംസ്ഥാന ശരാശരി നോക്കുമ്പോൾ നമ്മുടെ പഞ്ചയാത്തിലേത് 5 മാത്രമാണ്.

ഈ പഞ്ചായത്തിൽ 1 വയസ്സിൽ താഴെയുള്ള 254 കുട്ടികളും, 1 വയസ്സിനും 5 വയസ്സിനും ഇടയിൽ 1071 കുട്ടികളും, 6 നും 12 നും ഇടയിൽ 2608 കുട്ടികളും ഉണ്ട്. പ്രസ്തുത കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ പോലുള്ള ആരോഗ്യസേവനം ഇന്ന് സർക്കാർ മേഖലയിൽ സൗജന്യമായി ലഭ്യമാണ്. പൊതുവെ ജനന നിരക്കും, മരണനിരക്കും കുറഞ്ഞു വരുന്നതുകൊണ്ട് 60 വയസ്സിനു മുകളിലുള്ള വൃദ്ധജനങ്ങളുടെ എണ്ണം കൂടിവരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ 11 ശതമാനത്തോളം വരും.

ആസ്തമ, പ്രമേഹം, ചർമ്മരോഗം എന്നിവയാണ് പ്രധാന സ്ഥായിയായ രോഗങ്ങൾ . ചില പ്രത്യേക കാലാവസ്ഥയിൽ ചെങ്കണ്ണ് , ചിക്കൻ പോക്സ് , വയറിളക്കം മുതലായ രോഗങ്ങൾ കാണപ്പെടുന്നു. രേഗാതുരതയെ സംബന്ധിച്ച പട്ടിക 3 കാണുക.

രോഗവിവരം	1000ന്
ക്ഷയം	1
കുഷ്ഠം	0.4
മലമ്പനി	0.5
കാൻസർ	0.1
വൈകല്യനിരക്ക്	6
മറ്റ് രോഗങ്ങൾ	76

പഞ്ചായത്തിലെ കയ്യൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ലഭിച്ച കണക്കുകൾ അനുസരിച്ച് 1995-96 വർഷത്തിൽ മൊത്തം ജനസംഖ്യയുടെ 1/5 ഭാഗം മാത്രമേ ആരോഗ്യകേന്ദ്രത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്ന് കാണുന്നു. ആശുപത്രിയിൽ എത്തിയവരിൽ 418 പേർ തക്ക് രോഗമുള്ളവരും, 376 പേർ വാതസംബന്ധമായ രോഗമുള്ളവരും, 2327 പേർ സാംക്രമിക രോഗങ്ങൾ ബാധിച്ചവരും ആണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഒട്ടേറെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പ്രതിരോധ കുത്തിവെയ്പ്പുകൾ മാത്രമാണ് വേണ്ട രീതിയിൽ ജനങ്ങളിലെക്ക് എത്തിയത്.

പഞ്ചായത്തിലെ കുടുംബാസൂത്രണ രംഗത്തുള്ള പ്രവർത്തനം ഏറെ മെച്ചപ്പെട്ടതാണ്. 1995-96 വർഷത്തിൽ 3108 ദമ്പതികളിൽ 2120 പേർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. (അവലംബം: സെക്കൻററി ഡാറ്റ)

കുടിവെള്ളം:- ആരോഗ്യ പുരോഗതിയുടെ പ്രധാന ഘടകങ്ങളിലൊന്നാണ് ഗുണനിലവാരമുള്ള കുടിവെള്ളം. അതിന് ക്ഷാമം നേരിടുന്ന പ്രദേശങ്ങളുടെ ആധിക്യമുള്ള ഒരു പഞ്ചായത്താണ് കയ്യൂർ- ചീമേനി പഞ്ചായത്ത്.ഇന്നാട്ടിലെ 95 ശതാമനം ജനങ്ങളും കുടിവെള്ളത്തിന് പ്രധാനമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 4694 കുടുംബങ്ങളിൽ 3043 കുടുംബങ്ങൾക്കും സ്വന്തമായി കിണർ ഉണ്ട്. ആകെ നിലവിലുള്ള3184 കിണറുകളിൽ 3161 എണ്ണം സ്വകാര്യ കിണറുകളും 28 എണ്ണം പൊതുകിണറുകളും ആണ്. ഇവയിൽ 581 എണ്ണം സുലഭമായി വെള്ളം ലഭിക്കുന്നവയും, 403 എണ്ണം 6 മാസം വെള്ളം ലഭിക്കുന്നവയും , മറ്റുള്ളവ ജലക്ഷാമം അനുഭവപ്പെടുന്ന കിണറുകളുമാണ്. 141 കുടുംബങ്ങൾ പൊതുകിണറുകളെ ആശ്രയിച്ചാണ് കഴിയുന്നത്. മറ്റു കുടുംബങ്ങൾ അയൽക്കാരുടെ കിണറുകളേയും, കയ്യൂരിലെ മിനി ശുദ്ധജല വിതരണ പദ്ധതിയേയും ഉപയോഗിക്കുന്നു.ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി 24 കുഴൽക്കിണർ ഉള്ളതിൽ 14 എണ്ണവും പ്രവർത്തനരഹിതമാണ്.മറ്റുള്ളവയിൽ തന്നെ ചിലതിൽ ശുദ്ധജലം ലഭിക്കുന്നുമില്ല. ഇതിനും പുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ടോളം നീരുറവകളേയും, കുടിവെള്ളത്തിനായി ഉപയോഗിച്ച് വരുന്നു. മാർച്ച് , എപ്രിൽ, മെയ് മാസങ്ങളിലാണ് സാധാരണയായി വേനലിന്റെ കാഠിന്യം മൂലമുള്ള ജലക്ഷാമം ഉണ്ടാകുന്നത്. തിമിരി, മുഴക്കോം, പട്ടോളി, മുതലായ പ്രദേശങ്ങളിലെ ചില സ്ഥലങ്ങളിൽ കിണറുകളുടെ അടിഭാഗങ്ങളിൽ കരിങ്കൽ പാറക്കെട്ടുകൾ നിലവിൽ ഉള്ളതിനാൽ ആഴം വർദ്ധിപ്പിക്കുവാനും കഴിയാതെ വരുന്നു. പുഴയോരങ്ങളായ കൂക്കോട്ട്, രാമൻചിറ, കൂക്കൈ, വെള്ളാട്ട്, ക്ലായിക്കോട്, പെരിങ്ങാര, എന്നീ പ്ര

ദേശങ്ങളിലെ കിണറുകളിൽ ലവണങ്ങൾ, മാലിന്യങ്ങൾ, എന്നിവയുടെ സാന്നിധ്യം കൊണ്ട് രുചി ഭേദങ്ങളും അനുഭവപ്പെടുന്നുണ്ട്. സ്ഥിരമായി ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ – ഞാണംകൈ, കണ്ണാടിപ്പാറ, കൊറയിച്ചാൽ, കൊളപ്പുറം, മുഴക്കോം, അടുവേനി, മുടവന്തടം, ചെമ്പകാനം, ചീമേനി ബസാർ, കിണറുമുക്ക്, ചാനടുക്കം, വലിയപൊയിൽ, മുഴക്കോം താഴെ ഇവയാണ്.

സാധ്യതകൾ:

തിമിരിയിലെ കാവിൻ കുളത്ത് കിണർ കുഴിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

കയനികുളം പ്രയോജനപ്പെടുത്തി മിനിവാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

ചിറക്കുണ്ടിലെ കിണറിൽ നിന്ന് പൈപ്പ് വഴി വലിയ പൊയിലേക്ക് വെള്ളം എത്തിക്കണം.

ക്ലായിക്കോട് കിണർകുഴിച്ച് ടാങ്ക് നിർമ്മിക്കുക.

കയനിമൂല പ്രദേശത്ത് കിണർ കുഴിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക.

നന്ദവനം മൂവാർക്കുണ്ട് കുളം കുഴിച്ച് ശുദ്ധജലവിതരണം നടത്തുക.

കയ്യൂർ ശുദ്ധജല വിതരണ പദ്ധതി നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക.

കയ്യൂർ ഉദയഗിരിയിൽ പുതിയ വാട്ടർ ടാങ്ക് നിർമ്മിക്കണം. മയ്യൽ കാരിലോട്ട് മെത്രക്കാവിലെ കുളം ശുദ്ധീകരിച്ച് കുളം നിർമ്മിക്കുക.

പുലിയന്നൂരിൽ നിലവിലുള്ള കുളം റിപ്പേർ ചെയ്ത് ടാങ്ക് സ്ഥാപിക്കുക. പിലാന്തോളി കുളം കുഴിച്ച് ടാങ്ക് സ്ഥാപിക്കുക.

കാക്കടവ് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക

പാലായി വളപ്പിൽ തേജസ്വനി പുഴയ്ക്ക് ഷട്ടർ കം ബ്രിഡ്ജ് സ്ഥാപിക്കുക.

ഇതിനു പുറമെ താഴെ പറയുന്ന സ്ഥലങ്ങളിൽ പൊതു കിണറുകളും കുഴിക്കുക.

തിമിരി പോസ്റ്റാഫീസിന് സമീപം, ആശാരിമൂല, പാലത്തേര, പട്ടോട്, കാലിച്ചാം പൊയിൽ, പൂവളല്ലം, വലിയപൊയിൽ, കുളപ്പുറം, മുണ്ടയ്ത്താൽ, മുഴക്കോം, കിഴക്കേക്കര, അരയാലിൻ കീഴിൽ, ഉമ്മണം, ഊച്ചിത്തിടിൽ, രാമൻചിറ, കടന്തക്കോട്, മാനടുക്കം, കൂക്കോട്, മാങ്ങോട്ട്, കൂക്കോട്ട് മാളന്തേര്, നന്ദവനം , കിഴക്കേക്കര, മുഴക്കോം, വടക്കേക്കര, മുടവനടുക്കം, കയ്യൂർ, മാങ്ങോട്ടിടം, ഞണ്ടാടി, ചെറൂപ്പ, പെരിങ്ങാരയിലെ തുളുവൻകുന്ന്, വരയ്ക്കാത്തട്ട്, കപ്പണക്കുണ്ട്, മാനളം, തോട്ടുവാളി, പട്ടോളി, ഇടത്തിനാംകുഴി, തുറമ്പ്, പൊതാവൂർ, മുടുപ്പത്തട്ട്, പൊതാവൂർ തട്ടുമ്മൽ.

കക്കൂസ് :– പൊതുജനാരോഗ്യരംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കുവാൻ ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും ഉപയോഗിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ 4694 വീടുകളിൽ 3181 വീടുകൾക്കും സ്വന്തമായി കക്കൂസ് ഇല്ല എന്നത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. (അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ). ഇത് കാണിക്കുന്നത് 68 ശതമാനം കുടുംബങ്ങൾക്കും കക്കൂസ് ഇല്ലാ എന്നാണ്. 89 കുടുംബങ്ങൾ പൊതു കക്കൂസ് ഉപയോഗിക്കുന്നു.

2000–മാണ്ട് എത്തുന്നതോടെ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം സാക്ഷാത്കരിക്കുന്നതിന് കക്കൂസ് നിർമ്മിക്കാനവശ്യമായ പദ്ധതിക്ൾ ആവിഷ്കരിക്കണം. സാമ്പത്തികശേഷി ഇല്ലാത്തതാണ് കക്കൂസ് സ്വന്തമായി നിർമ്മിക്കാനുള്ള പ്രധാന തടസ്സം.

അതുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടു കൂടി കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കാനവശ്യമായ നടപടിയും ബോധവൽക്കരണവും നടത്തേണ്ടതാണ്.

വ്യവസായ ശാലകൾ ഇല്ലാത്തതുകൊണ്ടും നഗരവൽക്കരണം നടത്താത്തതുകൊണ്ടും കാര്യമായ തോതിൽ പരിസര മലിനീകരണം ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല. വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം നടക്കേണ്ടതായിട്ടുണ്ട്.

ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ

1. അത്യാവശ്യ മരുന്നുകൾ പോലും ഗവ: ആശുപത്രികളിൽ ലഭ്യമാകുന്നില്ല.

2. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കാത്തതുകൊണ്ട് ജോലികഴിഞ്ഞ് രോഗികളേയും കൊണ്ട് ആശുപത്രിയിലെത്തുന്ന ജനങ്ങൾക്ക് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. അതുകൊണ്ട് കൂടുതൽ പേർക്കും സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു.

സ്വകാര്യ പ്രാക്ടീസിലുള്ള താല്പര്യം മൂലം നിഷ്കർഷിച്ച സമയത്ത് പോലും ഡോക്ടർ ആശുപത്രിയിൽ ഉണ്ടാകുന്നില്ല.

രോഗനിർണ്ണയത്തിനായി ലബോറട്ടറി സൗകര്യങ്ങളോ പാരാമെഡിക്കൽ സ്റ്റാഫോ ഈ പഞ്ചായത്തിലെ ആശുപത്രികളിൽ ഇല്ല.

സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമല്ല.

അമ്മമാർക്കും, കുട്ടികൾക്കും പോഷകാഹാര വിതരണം തൃപ്തികരമല്ല.

അമിതവും, അശാസ്ത്രിയവുമായ കീടനാശിനി പ്രയോഗം ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

പഞ്ചായത്തിൽ വൃദ്ധമന്ദിരങ്ങൾ ഇല്ല.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ആരോഗ്യ സേവനങ്ങളെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ ജനങ്ങളെ വേണ്ട വിധത്തിൽ ബോധവാൻമാരാക്കുന്നില്ല.

അങ്കണവാടികൾ ഈ പഞ്ചായത്തിൽ ഇല്ല.

പൊതുശ്മശാനം ആവശ്യത്തിനില്ല.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അലഞ്ഞു തിരിയുന്ന പട്ടികൾ ഉണ്ട്.

സാധ്യതകൾ

1. ആവശ്യമായ മരുന്നുകൾ ആശുപത്രികളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും എത്തിക്കുക.

2. മുഴുവൻ സമയവും ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

3. കയ്യൂർ പ്രാഥമികാരോഗ്യകേന്ദ്രം കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടെ വിപുലീകരിക്കുക.

4. ഫീൽഡ് വർക്കർമാരുടെ സേവനം ജനങ്ങൾക്ക് പൂർണ്ണമായി കിട്ടുന്നു എന്ന് ഉറപ്പു വരുത്തുക.

5.ഹെൽത്ത് കാർഡ് സംവിധാനം കാര്യക്ഷമമാക്കുക.

6. രോഗനിർണ്ണയത്തിനുള്ള ലാബുകളും, ആധുനിക ഉപകരണങ്ങളും ആശുപത്രികളിൽ സ്ഥാപിക്കുകയും പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.

7. പാരമ്പര്യ ആയുർവ്വേദ ചികിൽസാ സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

8. അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കുക.

9. വയോജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

10. പൊതുശ്മശാനം നിർമ്മിക്കുക.

11. ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ജനപങ്കാളിത്തത്തോടുകൂടി മെച്ചപ്പെടുത്തുക.

12. 8-ാംവാർഡിലെ പെട്ടിക്കുണ്ടിൽ സ്ഥാപിച്ചിട്ടുള്ള കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുക.

13. ചീമേനി ഗവ: ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും, സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും ചെയ്യുക.

14.ചീമേനി ടൗണിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

15. ചീമേനിയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമുണ്ടാക്കുക.

16.ആരോഗ്യ ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.

17. ജനസംഖ്യാനുപാതത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുപകരം ഭൂപ്രകൃതികൂടി കണക്കിലെടുത്ത് ആവശ്യമായ സ്ഥലത്ത് ആശുപത്രികൾ സ്ഥാപിക്കുക.

വ്യവസായം

വ്യവസായികമായി കാസറഗോഡ് ജില്ലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് കയ്യൂർ -ചീമേനി. ഇവിടെ വൻകിട ആധുനിക വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലെന്നു പറയാം. 1976-ൽ ചീമേനിയിൽ പ്രവർത്തനമാരംഭിച്ച നോർമാണ്ടി ബ്രീവറീസ് ആൻറ് ഡിസ്റ്റില്ലറീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനം കുറേ വർഷങ്ങളായി നിശ്ചലമാണ്. കശുമാങ്ങയും, റെക്റ്റിഫൈഡ് സ്പിരിറ്റും അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് മദ്യം നിർമ്മിച്ചിരുന്ന ഈ ഫാക്ടറിയിൽ നൂറിൽപ്പരം തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിച്ചിരുന്നു. ഇപ്പോൾ ഈ ഫാക്ടറി വീണ്ടും തുറന്ന് പ്രവർത്തനമാരംഭിക്കുവാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. അടുത്ത കാലത്തായി ഇവിടെ യന്ത്രങ്ങളുടെ അറ്റകുറ്റ പണികളും കെട്ടിടങ്ങളുടെ പുതുക്കിപണിയലും മറ്റും നടന്നുവരുന്നു. അടുത്തു തന്നെ ഉൽപാദനം ആരംഭിക്കാൻ കഴിയുമെന്നാണ് മാനേജ്മെൻറ് അവകാശപ്പെടുന്നത്. ഉല്പാദനം ആരംഭിച്ചാൽ പ്രതിദിനം 1500 ലിറ്റർ റെക്റ്റിഫൈഡ് സ്പിരിറ്റിൻെറ നിർമ്മാണം, 100 തൊഴിലാളികൾക്ക് തൊഴിൽ എന്നിവയാണ് മാനേജ്മെൻറ് മുന്നിൽ കാണുന്ന ലക്ഷ്യം.

ഇവിടെ പൊതുമേഖലയിൽ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. കേരള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന 3 യൂണിറ്റുകളുണ്ട്. സഹകരണ മേഖലയിൽ നിലവിലുളളത് കേരളാ ദിനേശ് ബീഡിയുടെ രണ്ട് യൂണിറ്റുകളും തിമിരിയിലുള്ള നീലേശ്വരം ബ്ലോക്ക് വനിതാ സിമൻറ് പെയിൻറ് നിർമ്മാണ സഹകരണ സംഘത്തിൻെറ കീഴിലുള്ള ജില്ലി നിർമ്മാണ യൂണിറ്റുമാണ്.

നിലവിലുള്ള സാഹചര്യം

പരമ്പരാഗത വ്യവസായങ്ങൾ:-

സഹകരണ മേഖലയിൽ കേരളാ ദിനേശ് ബീഡി സഹകരണ സംഘത്തോട് അഫിലിയേറ്റ് ചെയ്ത ചെറുവത്തൂർ ബീഡി വർക്കേർസ് ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ബീഡി നിർമ്മാണ യൂണിറ്റുകൾ മുഴക്കോത്തും ചീമേനിയിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ 204 പേർ ജോലി ചെയ്യുന്നു. ഇതിൽ തന്നെ 168 പേർ ഈ ഗ്രാമ പഞ്ചായത്ത് നിവാസികളാണ്. ഇവരിൽ 125 പേർ സ്ത്രീകളും 43 പേർ പുരുഷൻമാരുമാണ്. ഈ രംഗത്ത് സ്ത്രീകൾ പുരുഷൻമാരേക്കാൾ കൂടുതലായി മുന്നോട്ട് വന്നിട്ടുള്ളതായി കാണാൻ കഴിയും. കൂടുതൽ വേതനം പറ്റുന്നവരിൽ ഭൂരിഭാഗം സ്ത്രീകളാണ് എന്നതുതന്നെ ഈ രംഗത്തുള്ള സ്ത്രീ തൊഴിലാളികളുടെ കാര്യക്ഷമത വ്യക്തമാക്കുന്നു. മറ്റു തൊഴിലുകളെ അപേക്ഷിച്ച് കുറഞ്ഞ കായികാധ്വാനം കൊണ്ട് തികഞ്ഞ കാര്യക്ഷമത പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു തൊഴിൽ രംഗം എന്ന നിലയ്ക്കാണ് കൂടുതൽ പേർ ബീഡി നിർമ്മാണ രംഗത്തേക്ക് വരുന്നത്. ഈ സാഹചര്യം സ്ത്രീകൾക്ക് അനുയോജ്യമായതാണെന്നതിനാൽ ഈ രംഗത്ത് വരുന്നവർ കൂടുതലും സ്ത്രീകളാണ്. സഹകരണ മേഖലയിലുള്ള കേരളാ ദിനേശ് ബീഡി സഹകരണ സംഘം അതിന് കീഴിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി, ഭവന നിർമ്മാണ വായ്പ, ഉയർന്ന നിരക്കിലുള്ള ബോണസ്, സാമ്പത്തികാനുകൂല്യത്തോടെയുള്ള പ്രസവാവധി, ഗ്രാറ്റുവിറ്റി മുതലായ ആനുകൂല്യങ്ങൾ നൽകുന്നതിനാൽ ഈ രംഗത്തുള്ള മേൽ വിവരിച്ച തൊഴിലാളികൾ സാമ്പത്തികമായി താരതമ്യേന മോശമല്ലാത്ത ആനുകൂല്യം ലഭിക്കുന്നവരാണെന്ന് കാണാൻ കഴിയും. ഗ്രാമപഞ്ചായത്തിൽ നടത്തിയ സാമൂഹ്യ - സാമ്പത്തിക സർവ്വേയിൽനിന്ന് 382 തൊഴിലാളികൾ സ്വകാര്യ ബീഡി നിർമ്മാണ യൂണിറ്റുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്ന് മനസ്സിലാക്കാം. ഇവരെല്ലാം തന്നെ സ്ത്രീ തൊഴിലാളികളാണ്. മിക്കവാറും സ്വന്തം വീടുകളിൽ തന്നെ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ബീഡിയില, നൂൽ, ചുക്ക മുതലായ ഉപയോഗിച്ച് ബീഡി നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നു. ഇവർക്ക് അസംസ്കൃത പദാർത്ഥങ്ങൾ എത്തിച്ച് കൊടുക്കുന്നതിനും ഉല്പന്നം ഏറ്റുവാങ്ങുന്നതിനും യൂണിറ്റുകളിൽ നിന്നുള്ള ചില പുരുഷൻമാരായ തൊഴിലാളികൾ നിശ്ചിത ദിവസങ്ങളിൽ ചില നിശ്ചിത കേന്ദ്രങ്ങളിൽ എത്തിച്ചേരുകയാണ് പതിവ്. സഹകരണ മേഖലയിലുള്ള തൊഴിലാളികൾക്ക് ലഭിക്കുന്ന തൊഴിൽ സ്ഥിരത, മെച്ചപ്പെട്ട വേതനം, ഉയർന്ന നിരക്കിലുള്ള ബോണസ് എന്നിവയും അവർക്ക് ലഭിക്കുന്ന തോതിലുള്ള ഗ്രാറ്റുവിറ്റി, സാമ്പത്തികാനുകൂല്യത്തോടെയുള്ള പ്രസവാവധി എന്നിവയും സ്വകാര്യ മേഖലയിലെ ബീഡിതൊഴിലാളികൾക്ക് ലഭ്യമല്ല. സ്വകാര്യ ബീ

ഡി മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾ മിക്കവരും വിവാഹം കഴിഞ്ഞാൽ ഈ രംഗം വിട്ടുപോകുന്നതയി കാണാൻ കഴിയും. കൂടുതൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നിലനിൽക്കുന്ന ദിനേശ്

ബീഡി തൊഴിലാളികളിൽപ്പെട്ടവർ പോലും മെച്ചപ്പെട്ട തൊഴിലുകൾ തേടി ഈ രംഗം വിട്ടുപോകുന്നതായി കണ്ടു വരുന്നു. ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ബീഡി തൊഴിലാളികളുടെ എണ്ണം സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ കാണാൻ കഴിയും.

സഹകരണമേഖല	ആകെ തൊഴിലാളികളുടെ എണ്ണം			ഗ്രാമപഞ്ചായത്ത് നിവാസികളായ തൊഴിലാളികളുടെ എണ്ണം.		
	പുരുഷൻമാർ	സ്ത്രീകൾ	ആകെ	പുരുഷൻമാർ	സ്ത്രീകൾ	ആകെ
ചെറുവത്തൂർ ബീഡിവർക്കേർസ് സഹകരണ സംഘം മുഴക്കോം ബീഡി ബ്രാഞ്ച്	29	88	117	23	72	95
ചെറുവത്തൂർ ബീഡി വർക്കേർസ് സഹകരണ സംഘം ചീമേനി ബീഡി ബ്രാഞ്ച്	16	73	89	13	60	73
സ്വകാര്യ മേഖല	–	382	382	–	382	382
ആകെ	45	543	588	36	514	550

പട്ടിക 1- അവലംബം:- (1) പഞ്ചായത്തിൽ നിന്നുള്ള ദ്വിതീയ വിവരങ്ങൾ

(2) സമഗ്ര സാമൂഹ്യ-സാമ്പത്തിക സർവ്വേ പ്രകാരമുള്ള സ്ഥിതി വിവരക്കണക്കുകൾ.

ഗ്രാമ പഞ്ചായത്തിലെ ബീഡിമേഖലയെക്കുറിച്ചുള്ള പഠനം വ്യക്തമാക്കുന്നത് ഇത് ഒരു പീഡിത വ്യവസായ മെന്നാണ്.

കേരള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനു കീഴിലുള്ള മൂന്ന് യൂണിറ്റുകൾ ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. കയ്യൂർ, തിമിരി, വലിയപൊയിൽ എന്നിവിടങ്ങളിലാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ബീഡി മേഖലയിലെപ്പോലെ പീസ്റേറ്റിലാണ് ഇവർക്ക് വേതനം ലഭിക്കുന്നത്.ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന 81 തൊഴിലാളികളിൽ 80 പേർ സ്ത്രീകളാണ് ഈ യൂണിറ്റുകൾ മൂന്നും കേരള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ പയ്യന്നൂർ കേന്ദ്രത്തിനു കീഴിലാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പട്ടിക 2-ൽ നിന്ന് വ്യക്തമാകുന്നതാണ്.

ഖാദി യൂണിറ്റിൻെറ പേരും വിവരവും	തൊഴിലാളികളുടെ എണ്ണം		
	പുരുഷൻമാർ	സ്ത്രീകൾ	ആകെ
കയ്യൂർ ഖാദി യൂണിറ്റ്	1	44	45
തിമിരി ഖാദി യൂണിറ്റ്	–	16	16
വലിയ പൊയിൽ ഖാദി യൂണിറ്റ്	–	20	20
ആകെ	1	80	81

പട്ടിക 2- അവലംബം:- ഗ്രാമ പഞ്ചായത്തിലെ ദ്വിതീയ വിവരങ്ങൾ.

ബീഡി മേഖലപോലെ ഖാദി മേഖലയേയും പീഡിത വ്യവസായമാണെന്ന് ഈ മേഖലയെ സംബന്ധിച്ച പഠനം വ്യക്തമാക്കുന്നു.

രാമൻചിറയിൽ ഒരു വീടിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഒരു ചെറിയ കയർ നിർമ്മാണ യൂണിറ്റുണ്ട്. കൈ

കൊണ്ട് കയർ നിർമ്മിക്കുന്ന പ്രസ്തുത യൂണിറ്റിനോടനുബന്ധിച്ച് 2 സ്ത്രീകളുൾപ്പെടെ 3 പേർ ജോലി ചെയ്യുന്നു.

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലവിലുള്ള 35 കരിങ്കൽ ക്വാറികളിൽ 31 എണ്ണം സ്വകാര്യ വ്യക്തികളുടേതാണ്.4 എണ്ണം യഥാക്രമം മയ്യലിലെ DWCRA യൂണിറ്റിന്റേയും നീലേശ്വരം ബ്ലോക്ക് വനിതാ സിമൻറ്പെയിൻറ് നിർമ്മാണ സഹകരണ സംഘത്തിന്റേയും കീഴിലുള്ളവയാണ്. ഇവയിലെ തൊഴിലാളികളെല്ലാം സ്ത്രീകളാണ്. മയ്യിലെ ക്വാറിയിൽ 10 സ്ത്രീകളും തിമിരിയിലെ ക്വാറിയിൽ 10 സ്ത്രീകളും തിമിരി ഹരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിലുള്ള 2 ക്വാറിയിലായി 24 പേരും ജോലി ചെയ്യുന്നു. കരിങ്കൽ മേഖലയിൽ ജോലി ചെയ്യുന്ന 750 തൊഴിലാളികളുള്ളതിൽ 80 ശതമാനത്തിൽ കൂടുതൽ സ്ത്രീ തൊഴിലാളികളാണ്. ഇരുപത് ചെങ്കൽ ക്വാറികളാണ് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളത്. ഇവയിൽ 250 തൊഴിലാളികൾ ജോലി ചെയ്യുന്നു. കരിങ്കൽ ക്വാറികളിലുള്ള സ്ത്രീ തൊഴിലാളികൾക്ക് മതിയായ വേതനം ലഭിക്കുന്നില്ല. തൊഴിലാളികൾ സംഘടിതരാവാനും അവകാശങ്ങൾക്കു വേണ്ടി കൂട്ടായി വിലപേശാനും തുടങ്ങിയാൽ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരാനുള്ള സാധ്യത തെളിഞ്ഞിട്ടുണ്ട്.

കുടിൽ വ്യവസായമെന്ന നിലയിൽ കുട്ട, മുറം, തഴപ്പായ്, എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളുമുണ്ട്. എങ്കിലും ഈ രംഗത്തുള്ള പലരും മറ്റു തൊഴിലുകളില്ലാത്തപ്പോൾ ഈ തൊഴിലിൽ ഏർപ്പെടുന്നവരാണ്. ചില സ്ഥലങ്ങളിൽ പപ്പട്ടം നിർമ്മിക്കുന്ന ചെറിയ യൂണിറ്റുകളുമുണ്ട്.

ആധുനിക വ്യവസായങ്ങൾ

ആധുനിക വ്യവസായ രംഗത്ത് കാര്യമായ പുരോഗതിയൊന്നും ഗ്രാമപഞ്ചായത്തിൽ കൈവരിക്കപ്പെട്ടിട്ടില്ല. റൈസ് ആൻറ് ഫ്ളവർ മില്ലുകൾ, റൈസ്-ഫ്ളവർ ആൻറ് ഓയിൽ മില്ലുകൾ, മരമില്ല്, ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ എന്നിവയാണ് ഈ രംഗത്ത് മുഖ്യമായുള്ള സ്ഥാപനങ്ങൾ. ചെമ്പ്രകാനത്ത് യന്ത്രസഹായമില്ലാത്ത അലക്ക് സോപ്പ് നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റുണ്ട്. മില്ലുകളിൽ 10 എണ്ണം റൈസ് ആൻറ് ഫ്ളവർ മില്ലുകളും, 3 എണ്ണംറൈസ്-ഫ്ളവർ ആൻറ് ഓയിൽ മില്ലുകളും ആണ്. ആകെ 25 തൊഴിലാളികളാണ് ഇവയിൽ ജോലി ചെയ്യുന്നത്. കയ്യൂരിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഒരു മരമില്ലുണ്ട്. നിടുംബയിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഒരു മര ഫർണിച്ചർ നിർമ്മാണ യൂണിറ്റും ഉണ്ട്. ചീമേനിയിൽ ഒരു പ്രിൻറിംഗ് പ്രസ്സ് ഉണ്ട്. വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഈ പ്രിൻറിംഗ് പ്രസ്സിൽ ജോലി ചെയ്യുന്ന 4 തൊഴിലാളികളിൽ 2 പേർ സ്ത്രീകളാണ്. ചീമേനിയിലുള്ള എഞ്ചിനീയറിംഗ് വർക്ക്ഷോപ്പിൽ 5 തൊഴിലാളികൾ ജോലി ചെയ്യുന്നു. ചീമേനിയിൽ തന്നെ ഒരു വാച്ച് റിപ്പേർ യൂണിറ്റും, ഒരു റേഡിയോ റിപ്പേർ യൂണിറ്റും , രണ്ട് ഫോട്ടോ സ്റ്റുഡിയോകളുമുണ്ട്. 3 റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകളും ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തുണ്ട്.വ്യവസായിക വളർച്ച എത്തിനോക്കിയിട്ടില്ലാത്ത ഒരു ഗ്രാമ പഞ്ചായത്താണ് കയ്യൂർ-ചീമേനി എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നു.

പ്രശ്നങ്ങൾ

ചീമേനിയിൽ സ്വകാര്യ മേഖലയിൽ ഒരു സ്റ്റീൽ പ്ലാൻറ് സ്ഥാപിക്കപ്പെടുന്നതിനുള്ള നീക്കം ഉണ്ടായെങ്കിലും പിന്നീട് അത് ഉപേക്ഷിക്കപ്പെട്ടു. BPL, RP ഗോയങ്ക ഗ്രൂപ്പ് എന്നിവയുടെ രണ്ട് താപവൈദ്യുത നിലയങ്ങൾ സ്ഥാപിക്കപ്പെടുന്നതിനുള്ള നീക്കം ഇപ്പോൾ യാതൊരു പുരോഗതിയുമില്ലാതെ നിലകൊള്ളുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, വോൾട്ടേജ് ക്ഷാമം, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, വൈദ്യുതി ലഭിക്കുന്നതിനുള്ള അക്ഷന്തവ്യമായ കാലതാമസം, വിവിധ വകുപ്പ് മേധാവികൾ വ്യവസായ സംരംഭത്തോട് അനുവർത്തിക്കുന്ന നിഷേധാത്മക സമീപനം, വായ്പ ലഭിക്കുന്നതിനുള്ള സാധ്യതയില്ലായ്മ മുതലായവ പുതിയ വ്യവസായ സ്ഥാപനങ്ങൾ ഉയർന്ന് വരുന്നതിന് വിഘാതമാവുന്നതിനാൽ ആവശ്യമായ സ്ഥല സൗകര്യമുണ്ടെങ്കിലും പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നില്ല.

സാധ്യതകൾ

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയെ അടിസ്ഥാനമാക്കിയ വ്യവസായങ്ങൾ വളർന്ന് വരുന്നതിന് സാധ്യതകളുള്ള ഒരു ഗ്രാമപഞ്ചായത്താണ് . കാർഷിക മേഖലയിൽ നിന്ന് ലഭിക്കുന്ന മുഖ്യ വ്യവസായിക അസംസ്കൃത വിഭവം കശുവണ്ടിയാണ്. കാസറഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്ക

പ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് ഈ പഞ്ചായത്ത്. എന്നാൽ കശുവണ്ടി ഫ്ാക്ടറികളെല്ലാം കൊല്ലം ജില്ലയിലായതു മൂലം ഇവിടെ നിന്നുള്ള കശുവണ്ടി അങ്ങോട്ട് കയറ്റിപ്പോകുകയാണ് ചെയ്യുന്നത്. ഇന്നാട്ടിലെ കശുവണ്ടിയുടെ വില നിർണ്ണയിക്കുന്നത് തന്നെ കൊല്ലം ജില്ലയിലെ സ്വകാര്യകശുവണ്ടി ഫാക്ടറിയുടമകളണെന്ന് പറയാം.

കൊല്ലം ജില്ലയിലെപ്പോലെ ഇവിടെയും കശുവണ്ടി സംസ്കരണം ആരംഭിക്കുന്നതിന് സാധ്യതകളുണ്ട്. കശുമാങ്ങ ധാരാളമായി ഇവിടെ ലഭിക്കുന്നു. അതുപോലെ തന്നെ വാഴപ്പഴം, പക്ക, മാമ്പഴം മുതലായ ഫലങ്ങളും ലഭ്യമാണ്. മരച്ചീനി ധാരാളമായി കൃഷി ചെയ്യപ്പെടുന്ന നാടാണ് കയ്യൂർ-ചീമേനി. അതുപോലെതന്നെ നാളികേരം ഇവിടെ സുലഭമായി ലഭിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റബ്ബർ കൃഷി ചെയ്യപ്പെടുന്നു. പച്ചക്കറികൾ സുലഭമായി കൃഷി ചെയ്യപ്പെടുന്നതിനാൽ ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.വാഴനാരുപയോഗിച്ചുള്ള വ്യവസായങ്ങൾ തുടങ്ങുന്നത് ലാഭകരമായിരിക്കും. കവുങ്ങിന്റെ പാളയും ഒരു വ്യവസായിക അസംസ്കൃത വിഭവമായി ഉപയോഗിക്കാം. നാളികേരത്തിൽ നിന്നുള്ള ചകിരിയും, ചിരട്ടയും ഉപയോഗിച്ചുള്ള വ്യവസായങ്ങളും ആദായകരമായി നടത്താം. കന്നുകാലികൾ ധാരാളമായി വളർത്തപ്പെടുന്ന കയ്യൂർ-ചീമേനിയിൽ പാൽ ഉപയോഗിച്ചുള്ളവ്യവസായങ്ങളും നടത്താവുന്നതാണ്.

മുള,ഈറ്റ എന്നിവ കുടിൽ വ്യവസായങ്ങൾക്ക് പറ്റിയ അസംസ്കൃത വിഭവങ്ങളാണ്. മുരിക്ക്, ഏലോം എന്നിവയാകട്ടെ തീപ്പെട്ടി വ്യവസായത്തിനുള്ള അസംസ്കൃത വിഭവങ്ങളാണ് . വിവിധയിനം മരങ്ങളും വ്യവസായങ്ങൾക്ക് പറ്റിയ അസംസ്കൃത വിഭവങ്ങളാണ്.

ഗ്രാമപഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കശുവണ്ടി സംസ്കരിച്ച് അണ്ടിപ്പരിപ്പ് ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറി.

കുടിൽ വ്യവസായമെന്ന നിലയിൽ കശുവണ്ടി സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ

സുലഭമായി ലഭിക്കുന്ന കശുമാങ്ങ,വാഴപ്പഴം, ചക്ക, മാങ്ങ എന്നിവ ഉപയോഗിച്ച് ജാം, സ്കാഷ് എന്നിവയുടെ നിർമ്മാണത്തിന് സഹകരണാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ.

മാങ്ങ, പച്ചക്കറി മുതലായവ കൊണ്ട് അച്ചാർ നിർമ്മിക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള .യൂണിറ്റുകൾ.

വാഴപ്പഴം, ച്ക്ക, മരച്ചീനി എന്നിവകൊണ്ട് ചിപ്സ് നിർമ്മിക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ.

സഹകരണ മേഖലയിൽ ഒരു കറിപൗഡർ നിർമ്മാണ യൂണിറ്റ്.

സഹകരണ മേഖലയിൽ റബ്ബർ പാൽ സംസ്കരണ യൂണിറ്റ്.

സഹകരണ മേഖലയിൽ പാള ഉപയോഗിച്ച് തൊപ്പി, ബാഗ്, ഡിസ്പോസിബിൾ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി.

സഹകരണാടിസ്ഥാനത്തിൽ ചകിരി, ചിരട്ട, വാഴനാര്, എന്നിവ ഉപ യോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ്.

സഹകരണ മേഖലയിൽ പാൽ സംസ്കരണ യൂണിറ്റ്.

കോക്കനട്ട് ജല്ലി, കോക്കനട്ട് പൗഡർ, കോക്കനട്ട് കോള എന്നിവയുടെ നിർമ്മാണം നടത്തുന്നതിനായി സഹകരണ മേഖലയിൽ ഒരു നാളികേര സംസ്കരണ യൂണിറ്റ്.

മുള, ഈറ്റ എന്നിവയിൽ നിന്ന് കുട്ട, മുറം, പായ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ്.

മുരിക്ക് ഏലോം എന്നീ മരങ്ങളിൽ നിന്ന് തീപ്പെട്ടി നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി സഹകരണ മേഖലയിൽ സ്ഥാപിക്കുക.

സഹകരണ മേഖലയിൽ നോട്ട് ബുക്ക് നിർമ്മാണവും, ബുക്ക് ബൈൻറിംഗും നടത്തുന്നതിനുള്ള ഒരു യൂണിറ്റ്.

ചെറുകിട വ്യവസായമെന്ന നിലയ്ക്കോ കുടിൽ വ്യവസായമെന്ന നിലയ്ക്കോ ഒരു ചന്ദനത്തിരി നിർമ്മാണ യൂണിറ്റ്.

ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്.

ധാന്യങ്ങൾ , പച്ചക്കറികൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങളുപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ്.

മരം കൊണ്ട് ഫർണീച്ചർ നിർമ്മാണം നടത്തുന്നതിനുള്ള യൂണിറ്റ്.

ഒരു കൈത്തറി നെയ്ത്ത് കേന്ദ്രം.

ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റ്.

ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ അസംബ്ലിംഗ് നടത്തുന്നതിനുള്ള ഒരു യൂണിറ്റ്.

ഒരു ടോയിലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റ്.

കരിങ്കൽപ്പൊടി ഉപയോഗിച്ച് സിമൻറ് പെയിൻറ് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ്.

കൊല്ലത്തുള്ള കാഷ്യൂ കോർപ്പറേഷൻ വക കശുവണ്ടി ഫാക്ടറികളിലെ വിദഗ്ധ തൊഴിലാളികളുടെ കീഴിൽ ഇവിടത്തെ കശുവണ്ടി വ്യവസായരംഗത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർക്ക് വിദഗ്ധ പരിശീലനം.

ഗതാഗതം, ഊർജം, മാർക്കറ്റ്

പ്രാചീനകാലത്ത് ഗതാഗതം എവിടെയും നദിയെ ആശ്രയിച്ചായിരുന്നു വളർന്നുവന്നത്. പായക്കപ്പലിൽ ലോകസഞ്ചാരം നടത്തിയ നിരവധി സാഹസികരുടെ കഥകൾ ചരിത്രത്തിലുണ്ട്.

കയ്യൂർ ചീമേനിയുടെ ഗതാഗത രംഗത്തെ വളർച്ചയും പുഴ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ഉൾനാടൻ ഗതാഗതത്തിന് കാൽ നട അല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ലായിരുന്നു. അയൽ പ്രദേശങ്ങളുമായി വാണിജ്യാവശ്യങ്ങൾക്കും മറ്റുമായി ബന്ധപ്പെടാൻ കാൽ നടയായി യാത്രചെയ്യേണ്ടി വന്നിരുന്നു.

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി ഒഴുകുന്ന തേജസ്വിനിപുഴ (കാര്യംകാട്) ഈ പ്രദേശത്തെ ജനങ്ങൾക്ക് യാത്രയ്ക്കും ചരക്കു ഗതാഗതത്തിനും അനുഗ്രഹമായി. കുണ്ടൃം മുതൽ രാമഞ്ചിറവഴി 13 ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും മറ്റുമായി അന്യപ്രദേശങ്ങളുമായി ബന്ധപ്പെടാൻ ഈ പുഴ ഏറെ ഉപകരിച്ചു. ഈസ്റ്റ് എളേരി, കിനാനൂർ കരിന്തളം, നീലേശ്വരം, ചെറുവത്തൂർ, പടന്ന, വലിയപറമ്പ്, പയ്യന്നൂർ തുടങ്ങിയ പഞ്ചായത്തുകളുമായി ബന്ധപ്പെടാനുള്ള പ്രധാനമാർഗ്ഗവും ഇതായിരുന്നു. കരഗതാഗതരംഗത്ത് റോഡുകളുടെ ആവിർഭാവത്തോടെ ഈ പഞ്ചായത്തിലും ബോട്ടു സർവ്വീസ് ക്രമേണ ഇല്ലാതെയായി. ചരിത്രാവശിഷ്ടമായി ബാക്കിനിൽക്കുന്ന ഗതകാല പ്രതാപമോർത്തു തേങ്ങുന്ന തേജസ്വിനികരയിലെ ബോട്ടുകടവുകൾ മാത്രം.

എളേരി, കരിന്തളം, നീലേശ്വരം തുടങ്ങിയ പഞ്ചായത്തുകളുമായി ബന്ധപ്പെടാൻ കാൽ നടയാത്രക്കാർക്ക്, കയ്യൂർ കുക്കോട്ട്, ചെരിയാക്കര, പൊതാവൂർ, തളിയമ്മാട തുടങ്ങിയ വിവിധകടവുകളിലെ കടത്തുതോണികൾ ഉപകരിച്ചു. മിക്കവയും സ്വകാര്യകടത്തുതോണികളായിരുന്നു. ഇന്നും 8 കടവുകൾ പഞ്ചായത്തിലുണ്ട്.

ജീവിതവേഗത്തിന്റെ ആവശ്യകതയായി റോഡ് വളർന്നുവന്നു. ഗതാഗതസൗകര്യത്തിനും പ്രഥമപരിഗണനതന്നെയാണ്. ഉൾനാടൻ റോഡ് നിർമ്മാണത്തിന് നൽകേണ്ടത്. കർഷകന് അവന്റെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് മാത്രമല്ല അടിസ്ഥാന ജീവിതാവശ്യങ്ങൾക്ക് പട്ടണങ്ങളുമായും മറ്റു പ്രദേശങ്ങളുമായും ബന്ധപ്പെടുന്നതിന് റോഡുകൾ കൂടിയേ തീരൂ. എന്നാൽ വികസനമെന്നാൽ റോഡാണെന്ന സമവാക്യം സാർവ്വത്രികമായി സൃഷ്ടിക്കപ്പെടുന്നതിന്റെ അലയൊലികൾ ഈപഞ്ചായത്തിലും ഉയരുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണം. അതുപോലെ തന്നെ ഒരുഭാഗത്തെ ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ മറുഭാഗം കൂടുതൽ അവഗണിക്കപ്പെടുന്നതിലെ അസന്തുലിതാവസ്ഥയും പഞ്ചായത്തിലുണ്ടോ എന്നു കണ്ടറിഞ്ഞു ആവശ്യാനുബന്ധമായ ഒരു സമീപനം ചർച്ച ചെയ്യപ്പെടണം.

ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡ് ചെറുവത്തൂർ തളിയമ്മാടറോഡാണ്. മറ്റുറോഡുകൾ കുട്ടമത്ത്-കയ്യൂർ-ചീമേനി, ചീമേനി - കാങ്കോൽ -പയ്യന്നൂർ , ചെറുവത്തൂർ-കാക്കടവ് എന്നീ റൂട്ടുകളിൽ കൂടി ഏകദേശം 23-ഓളം ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്. എന്നാലും ധാരാളം വിദ്യാർത്ഥികളും തൊഴിലാളികളും മറ്റുസ്ഥലങ്ങളിലേക്ക് യാത്രചെയ്യേണ്ടിവരുന്നതിനാൽ രാവിലെയും വൈകുന്നേരവും വളരെഅധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ 62.46കി.മീ.ടാർ റോഡുകളും 11.220കി.മീ മെറ്റൽ റോഡുകളും ഉണ്ട്. ഇവയിൽ പെടാത്ത ചരൽറോഡുകളും മണൽ റോഡുകളും ഉണ്ട്.

പട്ടിക ഒന്ന്

ടാർ റോഡുകൾ (അവലംബം പഞ്ചായത്തു റോഡു രജിസ്റ്റർ)

നമ്പർ	പഞ്ചായത്തിലെ ടാർ റോഡുകൾ				ബസ്സ് മറ്റു വാഹനസൗകര്യം
	റോഡ്	ഉടമസ്ഥത	നീളം	വീതി	
1.	ഞാണങ്കൈ- തളിയമ്മാടപി.	ഡബ്ല്യു.ഡി	12.കി.മീ.	8മീ.	ഉണ്ട്
2.	കയ്യൂർ പെരുമ്പകാനം-	"	6 കി.മീ.	8മീ.	
3.	ചീമേനി- മടിച്ചറവയൽ	"	5കി.മീ.	8മീ.	
4.	ചീമേനി -കാക്കടവ്	"	13.കി.മീ.	8കി.മീ.	
5.	കുട്ടമത്ത്,നാപ്പച്ചാൽ-കയ്യൂർ,ചീമേനി	"	13.5കി.മീ	8കി.മീ	
6.	തളിയകടപൊതാവൂർ	പഞ്ചായത്ത്	510 മീ	8മീ	
7.	പാനടുക്കം-പെട്ടിക്കുണ്ട്	"	900മീ	8മീ	
8.	കണ്ണാടിപ്പാറ -പോസ്റ്റാഫീസ്	"	1600മീ	8മീ	
9.	കായ്നട-കുഞ്ഞിപ്പാറ	"	4800മീ	8മീ	
10.	പയ്യംപള്ളി-പെരുന്തോൾ	"	1500 മീ	8മീ	
11.	പെരുകരവയൽ -തിമിരി	"	1200 മീ	8മീ	
12.	ചാലിയംമുട്ട-കൊയ്യാൽ	"	100 മീ	8മീ	
13.	മയ്യൽ	"	1000 മീ	8മീ	
14.	പാപ്പരിങ്ങോം-കുണ്ടൃം	"	450മീ	8മീ	

പട്ടിക രണ്ട്

മെറ്റൽചെയ്ത റോഡുകൾ	
പയ്യംപള്ളി-പെരുന്തോൾ	500മീ
പെരുന്തോൾ-നിടുംമ്പ	800മീ
പെരുന്തോൾ -കോട്ട	2200മീ
വലിയപെയാൽ-കോട്ടുവൻകുന്ന്	1500മീ
ചീമേനി-പെരുമ്പട്ട	5കി.മീ
തളിയമ്മാട-പൊതാവൂർ	490മീ
മുഴക്കോം-കൂയിക്കേതട്	730മീ

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം,

1. പഞ്ചായത്തിലെ മിക്കറോഡുകളും മഴക്കാലത്ത് ഗതാഗതയോഗ്യമല്ല.

2. റോഡുകളുടെ ഇരുവശത്തും ഓവുചാലുകൾ നിർമ്മിക്കുക.

3. നിലവിലുള്ള റോഡുകൾ വേണ്ട സ്ഥലങ്ങളിൽ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

4.ബസ്സ് സർവ്വീസ് നടത്തുന്ന റോഡുകളിൽ വേണ്ടത്ര വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

5. തേജസ്വിനി പുഴയിൽ 4 സ്ഥലങ്ങളിൽ പാലം നിർമ്മിക്കുക

6. ചീമേനിയിൽ ബസ്സ്റ്റാൻറും ഓട്ടോറിക്ഷാ സ്റ്റാൻറും നിർമ്മിക്കുക.

പട്ടിക.മൂന്ന് (ചരൽ റോഡ്)

നമ്പർ	പേര്	നീളം	വീതി	വാർഡ്
1.	ചെറുകാ-ചിറക്കുണ്ട്	4500 മീ	8മീ	1
2.	പുലിയന്നൂർ-പെരിങ്ങാര	1450.മീ	8	7
3.	പെടാടിക്കുണ്ട്-പെരുമ്പട്ട 1കിലോട്ടർ	2200 മീ -	8	8
4.	പെട്ടിക്കുണ്ട്-പെരുമ്പട്ട 2കിലോട്ടർ	1000 മീ	8	8
5.	പെട്ടിക്കുണ്ട് -ചെറുവപ്പാടി	1000	8	8
6.	പെരുമ്പട്ട-കുണ്ടും	650	8	8
7.	കുണ്ടും-ചെറുവപ്പാടി	1000	8	8
8	ചീമേനി -ഓയോളം	300	8	10
	മണ്ണിട്ട് കൂടുതൽ വാർഡുകടന്നുപോകുന്നതോ വാർഡുകൾ			
9.	പൊതാവൂർ -ചീമേനി	1600 മീ	8	7,10,9
10.	ആലന്തട്ട-ചീമേനി	1600	8	2,4,9,10
11.	ചീമേനി-തളിയമ്മാട	1600	8	7,9,10
12	.കാനോത്തൊയിൽ -ചീമേനി (1)സൊസൈറ്റി	2000	8	7,9,10
	2 കിലോട്ടർ	1000	8	7,9,10
13.	കാനോത്തൊയിൽ-പെട്ടിക്കുണ്ട്	2000	8	7,8
14	.മാവിലൻ കണ്ണൻ പൊയിൽ 1 കിലോട്ടർ	600	8	1,2
	പെരുന്തോൾ ഹരിജൻകോളനി 2കിലോട്ടർ	600	8	1,2
15.	ആലന്തട്ട-പുലിയന്നൂർ	1100	8	2,4,7,9,10
16.	ഞണ്ടാടിമുക്ക്-തളിയമ്മാട	4000	8	6,7,10
17	.മാടോന്തട-കയ്യൂർ ഹൈസ്കൂൾറോഡ്	3000	8	2,4
18.	കാനോത്തുപൊയിൽ-കുളിയാട്	4000	8	7,8,9
19	.അത്തൂട്ടി-മാനളം	700	8	8,9

പട്ടിക. 3.

മണ്ണ്റോഡ്

പേര്	നീളം	വീതി	വാർഡ്
കുഞ്ഞിപ്പാറ- പുലിക്കുണ്ട്	960		1
കോട്ടുമൂല-കോടക്കരെവയൽ,			
ഞാണംകൈ	900		1
കൽ നട- കുട്ടമത്ത്	300		1
പൊരുന്തോൽ -ചെമ്പകാനം	1200		1
തിമിരി അമ്പലം- കുഞ്ഞിപ്പാറ	850		1
വലിയപൊയിൽ-വെള്ളരിക്കുണ്ട്	1000		2
വലിയപൊയിൽ			
-അരയാലിൽകീഴിൽ	1600		2
പട്ടോട്ട് -അരയാലിൽ കീഴിൽ	1000		2
മുണ്ടക്കര- കാർക്കപ്പൊയിൽ	1200		2
ഓച്ചിക്കിടൽ-കുളപ്പുറം	1000		2
കുളപ്പുറം-വലിയപൊയിൽ	1000		2
മുഴക്കോം-ഹോമിയോആശുപത്രി	900		3
ക്ലായിക്കോട്-മുച്ചിംലോട്ട്	700		3
രാമൻ ചിറ -ക്രോസ്ബാർ			
ഫുട്പാത്ത്	112		3
നാപ്പച്ചാൽ-നൂഞ്ഞ	550		3
കടന്തക്കോട് -കൂക്കോട്ട്	1000		4
കയ്യൂർ-കുണ്ടം	1600		4
മുണ്ടയ്ത്താൾ-നൂഞ്ഞ	600		2
തണ്ടാളത്ത്-വെള്ളാട്ട്	1000		3
വെള്ളാട്ട്-താങ്കെ	1000		3
വെരിക്കേൻ പാറ-കുണ്ടേനമൂല	300		4
വെരിക്കേൻ പാറ-കൂക്കോട്ട്	1000		4
കൂക്കോട്ടുമെട്ടമ്മൽ			
-കൂക്കോട്ടുവയൽ	250		4
ആലന്തട്ട.സി.ആർ.സി-			
പരുത്തിക്കാട്ട്	1200		5
കയ്യൂർഹൈസ്കൂൾ-കയ്യൂർ വയരു	600		5
കയ്യൂർ -മുണ്ടയ് മീത്തൽ റോഡ്	1000		5
അതിരം-കയ്യൂർ	550		5
പുളിങ്ങോട്ടുവയൽറോഡ്	350		5
കയ്യൂർഹൈസ്കൂൾ-			
എടത്തിൽകടവ്	1500		5

മൺറോഡുകൾ

പേര്	നീളം	വീതി	വാർഡ്
പലോം-പടുപാറ	2000	8	6
ഏലോത്തുംകാട്-ചെറിയാക്കര	1000	8	6
ഏലോത്തുംകാട്-			
ഞണ്ടാടിവായനശാല	1000	8	6
മയ്യൽ-പൊതാവൂർ	1500	8	6
കള്ളപ്പാത്തി-ശ്മശാനപറമ്പ്	450	8	7
കപ്പണത്തട്ട് -പള്ളിപ്പാറ	390	8	7
പെരിങ്ങാര-കപ്പണത്തട്ട്	500	8	7
ചീർക്കുള,-മക്കിക്കോട്	350	8	7
മക്കിക്കോട് പുലിയന്നൂർ	500	8	7
കാക്കടവ്റോഡുമുതൽ			
അറുകരവരെ	2500	8	8
അത്തൂട്ടി-പെട്ടിക്കുണ്ട്	1600	8	8
കുണ്ടും-മന്ദച്ചംവയൽ	800	8	8
ചീമേനികിഴക്കേക്കര			
-കിഴക്കേക്കരഫുട്ടിപാന്ത്	500	8	9
പട്ടോളി-മുത്തണംപാറ	1600	8	9
കരിയാപ്പ്-പെട്ടിക്കുണ്ട്	810	8	9
കാർക്കോട് -കരിയാപ്പ്	385	8	9
കരക്കപ്പറമ്പ്-കാർക്കോട്	575	8	9
എടത്തിനാംകുഴി-ഏരോൽ	520	8	9

ഒന്നിൽകൂടുൽ വാർഡുകളിൽകൂടി കടന്നുപോകുന്നവ

കോളനി-ആലന്തട്ട	1000	8	6, 5
വാണിയംചാൽ-കരുവാളം 800	8	5,10	
പള്ളിപ്പാറ-എടത്തിനാംകുഴി	600	8	7,9
എരോൽ-തൊടുവളം	355	8	8,9
തരുമ്പ-ചെറിയാക്കര	1200	8	5,6
നിടുംമ്പ-കാർക്കപ്പൊയിൽ ാംഘട്ടം	1000	8	2,10
" - ' " രണ്ടാംഘട്ടം	1000	8	2,10
വെള്ളാട്ട്-ചരൽആലന്തട്ട ഒന്നാംഘട്ടം	1500	8	2,3,4
രണ്ടാംഘട്ടം	1500	8	2,3,4
ഞണ്ടാടിമുക്ക്-തളിയമ്മാട -പുലിയന്നൂർ ഒന്നാംഘട്ടം	1500	8	6,7,10
രണ്ടാഘട്ടം	1500	8	6,7,10
വെള്ളറക്കാട്-ചിറ്റപ്പന	700	8	6,10
കൊളപ്രം-ആലന്തട്ട	1250	8	2,4

റോഡ് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗ്രാമസഭകളിൽ നിന്നുയർന്നനുവന്നിട്ടുള്ള ഒട്ടേറേ നിർദ്ദേശങ്ങളും പരിഗണിക്കുമ്പോൾ താഴെപറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

പഞ്ചായത്തിലെ റോഡിന്റെ വീതികുറവുകൊണ്ട് പലപ്പോഴും അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രധാനപ്പെട്ട പലറോഡുകളുടെയും വീതി കൂട്ടേണ്ടത് അത്യാവശ്യമാണ്.

റോഡിന്റെ വശത്ത് ഓവുചാലുകളും വേണ്ടസ്ഥലങ്ങളിൽ കൾവർട്ടുകളും, പാലങ്ങളും നിർമ്മിക്കുക, റോഡ്സൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുന്നതിലും സത്വര ശ്രദ്ധപതിയേണ്ടതാണ്.

ചെറിയാക്കര-മയ്യൽ-പുരക്കടവ് -മന്ദച്ചം വയൽ റോഡിന്റെ പണി പൂർത്തിയാക്കിയാൽ കൂടതൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

ചീമേനിയിൽ ബസ്റ്റാൻറും ഓട്ടോസ്റ്റാൻറും നിർമ്മിക്കുക.

പട്ടിക നാല്

റിപ്പേയർ ചെയ്യേണ്ട റോഡുകളുടെ കണക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു.ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം.

റിപ്പേർ ചെയ്യേണ്ടുന്ന റോഡുകൾ ചെയ്യേണ്ടുന്ന ജോലികൾ

റിപ്പയർ ചെയ്യേണ്ടുന്ന റോഡുകൾ

വാർഡ്	പേര്	നീള	വീതി	ടാർ	മെറ്റൽ	ഓട	കൾവർട്ട്
1	കൽ നട-കുട്ടമത്ത്	0.5	8				
	കൊരയിച്ചാൽ,						
	തിമിരിനിത്യാനന്ദകേന്ദ്രം	1	8				
	നാലിലാംകണ്ടം- റോഡ്	2	8				
	പുലിക്കുണ്ട്-തിമിരി						
	കൊടക്കാട് ജംഗ്ഷൻകുഴിയാനപ്പൊയിൽ						
1	പൊരുന്തോൽ						
2	പാലത്തേര-ചിറക്കുണ്ട -നുഞ്ഞ	5	8				
	വലിയപൊയിൽ-നിടുമ്പ						
	പട്ടോട്-കൊളപ്രം-ആലന്തട്ട	5	8				
	മുഴക്കോം കിഴക്കേക്കര വടക്കേക്കര	2	8				
	ചെമ്പ്രകാനം-പുലിക്കുണ്ട്-പാലത്തേര	8	8				
	കല്ലൻചിറ-പട്ടോട്	2	8				
	കൊത്തൻകര-കാലിച്ചാം പൊയിൽ	2	8				
	പിലാവളപ്പ് -പാട്ടേന						
	ചെമ്പ്രകാനം ,പുല്ലാഞ്ഞിപ്പാറ-ചിറക്കുണ്ട	4	8				
	വലിയപൊയിൽ കുളപ്രം- പന്നിക്കുണ്ട്.	3	8				
	വലിയപൊയിൽ മാരാന്റെറ പൊയിൽ						
3	നാപ്പച്ചാൽ- രാമൻചിറ						
	ബീഡിക്കമ്പനി-ക്ലായിക്കോട് സിവിസ്മാരകം വായന ശാല	2	8				
	രാമൻചിറ നക്രാവനം കാവ്	1	8				
	ക്ലായിക്കോട് വായനശാ -വെള്ളാട്ട് കുക്കോട്ട്	8	8				
	ആലന്തച്ചരൽ വെള്ളാട്ട്	3	8				
	ക്ലായിക്കോട് ബങ്കിഴക്കേക്കര	0.5	8				
	നന്ദാവനം-താങ്കെ	1.5	8				
4	വെള്ളാട്ട്.-ആലന്തട്ട	4	8				
	കൂക്കോട്-കടന്തക്കോട്	2	8				
	കുക്കോട്ട്-വരിക്കോൽ പാറ ഇരിയൻ മൊടോന്തടം						
	കുണ്ടും-വാടക്കേക്കര						
5.	കോളനിസ്തംഭം സി.ആർ.സിവായനശാല						
	പാലോത്ത് കുറുവാടം -ആലന്തട്ട						
	പാലോത്ത് ഹരിജൻ റോഡ് പെരുന്തോൻ റോഡ്	1	8				
	പാലോത്ത് മയ്യൽ റോഡ്						
	വെള്ളാട്ട് ചരൽ ആലന്തട്ട	0.5	8				
	വരിക്കോൻ പാറ കുളക്കണ്ടം.	0.5	8				
	തരിമ്പ- കയ്യൂർ മുണ്ട്യാ	1	8				
	ഇരിയൻ- മൊടോന്തടം	1	8				
6	മയ്യൽ - പലോത്ത്	4	8				
	മയ്യൽ പുരക്കടവ്	1.75	8				
	ഏലാത്തുംകടവ്-ഞണ്ടാടി വായനശാല	1	8				
	ഏലാത്തുംകാട്-ചെറിയാക്കര	1	8				
	ചെറിയാക്കരസ്കൂൾറോഡ്	0.5		8			

തരിമ്പ- പന്നിയിൽ	3	8
ഞണ്ടോടി-ചെനയലം-ചിറ്റപ്പന	1	8
ഞണ്ടോടി-പാടി-പുതുവളം	0.5	8
മയ്യൽ-ചെറുപ്പ-ഞണ്ടോടി	1	8
പന്നിയിൽ -ചൂട്ടേമ്പാറ	1.5	8
7 പൊതാവൂർ-പൂരക്കടവ്		
കള്ളപ്പാത്തി -എസ്റ്റേറ്റ് എരോൽ		
ചന്ദ്രവയ്ൽ തട്ട് -പെരിങ്ങാരവളവ്		
മന്ദച്ചംവയൽ -കുണ്ടൃം		
പൊതാവൂർ -തളിയമ്മാട		
പെരിങ്ങാര ബേങ്ക്റോഡ് തളിയമ്മാട		
അള്ളറാട്ട്-കണിയാർകുന്ന്		
ചീർക്കുളം -പുലിയന്നൂർ		
പെരിങ്ങാര-പള്ളിപ്പാറ-പാംപെരിങ്ങാര		
മന്ദച്ചംവയൽ- മുക്കട		
ചീമേനി കുന്നുംകൈറോഡ്		
8 വെളിച്ചംതോട് -		
പോത്താംകണ്ടം		
കരക്കാട്ട്-പോത്താംകണ്ടം	1	8
പോത്താംകണ്ടം-അറുകുര		
കാക്കടവ് -അറുകര	2	8
വെളിച്ചംതോട് -കരക്കാട്		
പോത്താംകണ്ടം -അത്തൂട്ടി		
പോത്താംകണ്ടം-മുത്തുപ്പാറ		
പെട്ടിക്കുണ്ട്-ചെറുവപ്പാടി-		
കുണ്ടൃംസ്കൂൾ		
മന്ദച്ചംപൊയിൽ-കുണ്ടൃം		
കുണ്ടൃംവായനശാല-ബോട്ട്കടവ്		
പള്ളിപ്പാറ-പാംപെരിങ്ങാര		
പള്ളിപ്പാറ-പട്ടോളി		
9 കൂളിയാട്-കാനോത്തുപൊയിൽ	7	8
ചീമേനി-കിഴക്കേക്കര	2.5	8
ചീമേനി-പയ്യാറാട്ട്	2	8
ചിനള്ള-ചീമേനി-അമ്മൻകോട്	1	8
നെല്ലൂർ -കിണർമുക്ക്	3.5	8
നെല്ലൂർ-കൂട്ടപ്പുന്ന		
പോത്താംകണ്ടം -പട്ടോളി		
അത്തൂട്ടി-വെളിച്ചംതോട്		
10 ചീമേനി-നെടുംമ്പ		
പലോത്ത്-പെരിന്തോൽ		
ഹരിജൻകോളനി	3	8
വാണിയംചാൽ-കരുവാളം	2	8
ഞണ്ടാടി-തളിയമ്മാട	2	8
ചീമേനി-തോട്ടുവാളി-ഒയോളം	5	8
ചള്ളുവക്കോട്-കറുകപൊയിൽ	3	8
തളിയമ്മാട-പൊതാവൂർ	0.5	8
ചീമേനി-പിലാന്തോളി		
ചീമേനിപള്ളി -വണ്ണാത്തിക്കാനം,		
ഒയോളം	2	8
പൊതാവൂർ-ചെറുക്കോട്	1.5	8
പൊതാവൂർ -നരിയമ്മൂല	1.5	8
മുണ്ട-എലിക്കോട്പൊയിൽ	2	8
നിടുമ്പ-എലിക്കോട്പൊയിൽ	1	8
നിടുമ്പ-മുണ്ടൃത്താൾ		
നിടുമ്പ-കക്കപ്പെയിൽ		
7 തളിയമ്മാട -ബാങ്ക്റേഡ്	1	8

വെയിറ്റിംഗ്ഷെഡ്

1. വെയിറ്റിംഗ് ഷെഡ് ചീമേനി ടൗണിൽ
2. ചീമേനി പള്ളം നോർമാണ്ടിക്കുസമീപം
3. പൊതാവൂർ നിടുമ്പ വലിയപൊയിൽഒറാഡ്
4. ചോയിത്തട്ട്, പെരുന്തോൽ വെയിറ്റിംഗ് ഷെഡ്
5. നെല്ലൂരിൽ ഒരു വെയിറ്റിംഗ്ഷെഡ്

നടപ്പാതകൾ

1 തിമിരി- പട്ടറപ്പൻതോട്,തിമിരിമന നടപ്പാത

6 പൊതാവൂർ കരപ്പാത്ത്-അമ്പലം നടപ്പാത

ചെറിയാക്കര സ്കൂൾ മുതൽ ചൂട്ടേമ്പാറ നടാപ്പാത

3 പാലത്തേരയിൽ നിന്നും തിമിരി ക്ഷേത്രത്തിലേക്ക് നടപ്പാത

വട്ടപ്പൊയിൽ ആലന്തട്ട റോഡിന് നടപ്പാത

രാമൻചിറ,വെള്ളാട്ട് ക്ലായിക്കോട് ,താങ്കെ പൊതുവഴി

9 ചീമേനി കിഴക്കേക്കര ശ്മശാനം നറുക്കിൽ വരെ

കിഴക്കേക്കര അമ്പലം പൊതുവഴി റിപ്പേർ ചെയ്യണ

പയ്യാറാട്ട് കൂളിയാട്ട് കുണ്ടൃംനടപ്പാത നിർമ്മിക്കണം.

ചീമേനി മുണ്ടൃത്താൾ മുതൽഅക്കരവരെ നടപ്പാത നിർമ്മിക്കണം

കിഴക്കേക്കര മുതൽ ചേതനക്ലബ്വരെ നടപ്പാത

10 കരുവാളം ആലന്തട്ട വരെ തോട്ടിൻകരയിലൂടെ നടപ്പാത

സന്നദ്ധസേവനം

ഫൺണ്ടിന്റെറ കുറവ്മൂലം റോഡകിളുടെ നിർമ്മാണം അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടത്താൻ ബുദ്ധിമുട്ട് അനുഭവപെപ്പടുന്നു. വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. നിർമ്മ്ാണപ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടിയിരുക്കുന്നു. പുനരർപ്പണദിനമായ നവംമ്പർ ഒന്നിന് മുടെ പഞ്ചായത്തിൽ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ മാതൃകയാക്കാവുന്നതാണ്.

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ ഗ്രാമസഭകളിലെ ആവശ്യപ്രകാരം തയ്യാറാക്കിയൽ.

പട്ടിക അഞ്ച്

പുതുതതായി നിർമ്മിക്കേണ്ട മൺറോഡുകൾ

വാർഡ് പേര്	നീളം	വീതി
തിമിരി- ഞാണങ്കെ ഹരിജൻ		
കോളനി കോട്ടുമുല റോഡ്	1	8
തിമിരി-കളത്തും തായൽ ബാലവാടി.	1	8
തിമിരി ബാലവാടി.തിമിരി		
പട്ടറവ്വൽ മനറോഡ്	1	8
മനത്തടം യുവജന സമിതി-കുതിരും		
ചാൽ മാവുളളചാൽ റോഡ്	2	8
യുവശക്തി ക്ലബ്,നിത്യാനന്ദ		
കലാ കേന്ദ്രം- ബാലവാടി റോഡ്	1.5	8
ഫികിക്സ് ക്ലബ്,യുവശക്തി ക്ലബ്	1	8
പുലിക്കുണ്ട് തിമിരി		
അമ്പലംപാലത്തേര	0.5	8
പുല്ലാഞ്ഞിപ്പാറ-ചെറുപ്പ,ചെമ്പ്രകാരം	0.5	8
പുല്ലാഞ്ഞിപ്പാറ- ചെമ്പ്രകാരം.	0.5	8
കല്ലൻ ചിറ-പാലത്തേര.	0.5	8
നാലിലാം കണ്ടം,പട്ടോട്	0.5	8
പുല്ലാഞ്ഞിപ്പാറ-ചിറക്കുണ്ട്	0.5	8
ചെറുപ്പ തച്ചണ്ണം പൊയിൽ	1	8
നുഞ്ഞ-തച്ചണ്ണ പൊയിൽ	1.5	8
പാലത്തേര ചിറകുണ്ട് -നുഞ്ഞ	5	8
വലിയ പൊയിൽ നിടുംബ റോഡ്	4.5	8
പട്ടോട്-കുളപ്രം ആലന്തട്ട	5	8
മുഴക്കോം കിഴക്കേക്കര-വടക്കേക്കര.	2	8
ചെമ്പ്രകാനം പുല ിക്കുണ്ട് പാലത്തേര	8	8
കല്ലൻ ചിറകര പാച്ചോട്	2	8
കൊത്തൻ കര കാലിച്ചാം പൊയിൽ	1.5	8
നീരുക്ക്- പിലാവളപ്പ്	2 കി	8
പിലാവളപ്പ് -പട്ടോട്	1 കി	8
വിലിയ പൊയിൽ കളപ്രം	3 കി	8
ചെമ്പ്രകാനം പുല്ലാഞ്ഞിപ്പാറചിറക്കുണ്ട്	4 കി	8
വലിയപെീയൽ കുളപ്രാംപിന്നിക്കുൺച	3 കി.	8
വിലിയപൊയിൽ -മാരൻറ പൊയിൽ		
കോളനി റോഡ്	1 കി.	8
3 നാപ്പച്ചാൽ രാമൻചിറ	1	8
ബീഡിക്കമ്പനി ക്ലായിക്കോട്		
സി.വി സ്മാരക വായനശാല	2	8
രാമൻ ചിറമുതൽ നക്രാവനം കാവ് വരെ	1 കി.	8
ക്ലായിക്കോട് വായനശാല		
വെള്ളാട്ട് കൂക്കോട്ട്	3 കി.	8
ആലന്തട്ട - ചരൽ വെള്ളാട്ട്	3കി	8
ക്ലായിക്കോടി ബാങ്ക് കിഴക്കേക്കര	0.5	8
നന്ദവനം -താങ്കെ	0.5	9
5 കയ്യൂർ സ്മാരകം റോഡിൽ നിന്നും		
താങ്കെടവ് വരെ	4	8
കടത്തോത്ത്ക്കാട് സെൻട്രൽ		
വരിക്കേപാറ	2	8
കുണ്ടം വൈക്കേത്തോട്ടപാലം	1.5	8
നന്ദാവനം ഓഫീസ് പുറ്റക്കാട്		
പഞ്ചായത്ത് കിണർ	1.5	8
വരക്കേമ്പാര -തേറമ്പലം	2	8
കളപ്രം പാലം കിഴക്കേക്കര		
(മൊടേന്തടം ഇരിയിൽ)	2	8
5 സ്മരകം മുതൽ കയ്യൂർ സെൻട്രൽ	1	8
കോളനി സ്തംഭം മുതൽ		
സി.ആർ,സി വായനശാല	1.5	8
പലോത്ത് -കുറുവാട്ട് ആലംന്തട്ട	1	8
ചമ്പ്രക്കാനം,കയ്യൂർ	4	8
കയ്യൂർ ചെമ്പ്രകാനം ആലംന്തട്ടകുറുവാട്ടിൽ		
നിന്നും പാലക്കൊച്ചിവഴി ചെമ്പ്രക്കാനം	1	8
ആലംന്തട്ടഅമ്പലം മുതൽ പടിഞ്ഞാറു		
വശത്തേക്ക് വെള്ളാട്ട് ചരൽ		
റോഡിലേക്ക്	0.5	8
പലോത്ത് സ്തംഭം റോഡിൽ തെ്ടനാടൻ		
മഠം വഴിപരുത്തിക്കാട്റോഡിലേക്ക്	1	8
പാലക്കൊച്ചിമുതൽ		
കയ്യൂർ പി.എച്ചി .സി വരെ	1	8
പലോത്ത് വായനശാലമുതൽ		
ഹരിജൻകോളനി പെരുമ്പാിവഴി		
മയ്യൽ റോഡുവരെ	1	8
കയ്യൂർ സെ്ട്രൽ മുതൽ പടിഞ്ഞാറ്		
ഭാഗത്തോക്ക് കൂക്കോട് വരെ	1	8
കയ്യൂർ ചെമ്പ്രക്കാനം റോഡിൽ നിന്നും		
അരയാ ക്കടവിലേക്ക്	0.3	8

6 ചെറിയാക്കര പാർട്ടി ഓഫീസ് മുതൽ

തോണിക്കടവ് മയ്യൽ ഏലോത്തും

കടവുമുതൽ ചെറിയാക്കര വാരേൻ വളപ്പ്

ഞണ്ടാടി വ്യയനശാല റോഡ് ചെനലം മുതൽ

പൊതാവൂർ യു.പി.സ്കൂൾ വരെ 1കി.മീ

പൊതാവൂർ പൂരക്കടവ് മുതൽ കയ്യൂർ സ്മാരകം 6

നരിയന്മൂല ഞണ്ടാടി (ചെനയലം മൂല) 3

പൊതാവൂർ പൂരക്കടവ്

തോയ കുട്ടിക്കുന്ന്

കള്ളപ്പാത്തി എസ്റ്റേറ്റ് റോഡ്

കള്ളപ്പാത്തി വളവ് എരോൽ

കള്ളപ്പാത്തി കിഴക്കേക്കര എരോൽ

ചന്ദ്രവയൽ തട്ട് -പെരിയങ്ങാര വളവ്

ബാങ്ക്റോഡ്-ആട്ടിൻ തടം (പുതിയസ്കൂൾ പുലിയന്നൂർ)

മന്ദച്ചം വയൽ -കുണ്ടൃം

8 പാംപെരിങ്ങാര ചുരടുവഴി കുണ്ടൃം സ്കൂൾ 1

ചാനടുക്കം മുത്തുപ്പാറ വഴി അറുകര 2

പോത്താംകണ്ടം മുല്ലേരി വഴി അത്താപ്പ 1

കുണ്ടൃം സ്കൂൾ മുതൽ കാക്കടവ് വരെ 2

9 കരിയാപ്പ് നാലുകുന്ന് റോഡ് 0.5

ഇടത്തിനാം കുഴി -ചെറുവപ്പാടി 0.5

പയ്യറാട്ട്- കുളിയൻ കണ്ടം 1

10 വാണിയം ചാൽ -കരുവാളം നടുവയൽ ചെമ്പ്രകാനം 0.5

പിലാന്തോളി ചള്ളുവക്കോട് 1

ചള്ളുവക്കേട് വടക്കേക്കര -ചെമ്മഞ്ചേരി 1

പെരുന്തോൾ റേഡുമായി ബന്ധിപ്പിക്കുക

ചീമേനി പള്ളി -ഒയോളം റോഡ് -തോട്ടുവാളി

റോഡുമായി ബന്ധിപ്പിക്കുക

ചള്ളുവവക്കോട്, മുടവൻതടം കറുവാളം 2

റോഡുമായി ബന്ധിപ്പിക്കുക

കുവാറ്റി -ആലന്തട്ട സി.ആർ.സി റേഡുമായി

ബന്ധിപ്പിക്കുക 2

പിലാന്തോളിയിലെ തോടിൻ വടക്കു

കരയിൽ കൂടി ഒരു പുതിയറോഡ്.

ഊർജ്ജം

തിമിരിയിലെ ചിലവീടുകളിൽ ഏതാനും ബൾബുകൾ പ്രകാശിച്ചതോടുകൂടിയാണ് കയ്യൂർ ചീമേനി പഞ്ചായത്തിലേക്ക് ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി കടന്നുവന്നത്

വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിലെ ഒരു വാർഡിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ കയ്യൂരിൽ ഒരു സെക് ഷൻ ഓഫീസും, ചീമേനി വില്ലേജാ ഓഫീസിൽ (ആഴ്ചയിൽ)ബില്ല് അടക്കാനുള്ള സ1കര്യവും ഉണ്ട്. കണ്ണൂർ ജില്ലയിലെ 220 കെ.വി.കാങ്കോൽ സബ്സ്റ്റേഷനിൽ നിന്നാണ് കയ്യൂർ ഫുഡറിലേക്ക് വൈദ്യുതി ലഭിക്കുന്നത്. വൈദ്യുതി ഉപഭോഗ്താക്കൾ കൂടുതലും വേൾട്ടേജ് കമ്മിയെക്കുറിച്ച് പരാതിയുള്ളവരാണ്.അതിനാൽ മിക്ക ഗ്രാമസഭകളിലും പുതിയട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതാണെന്ന് ശക്തിയായ നിലപാട് കൈക്കെള്ളുകയുണ്ടായി.

പഞ്ചായത്തുപ്രദേശത്തുള്ള ട്രാനാസ്ഫോർമറുകളും സ്ഥലവും കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരുക്കുന്നു.

പട്ടിക ഒന്ന

ട്രാൻസ്ഫോർമറുകളും അവയുടെകപ്പാസിറ്റിയും

നമ്പർ	കപ്പാസിറ്റി	പേര്,സ്ഥലം
1	100	ചീമേനി
2	100	പൊതാവൂർ
3	63	പുലിയന്നൂർ
4	100	പള്ളിപ്പാറ
5	100	പെട്ടിക്കുണ്ട്
6	100	നോർമാണ്ടി
7	63	പെരുന്തോൽ
8	100	തിമിരി-1
9	100	തിമിരി- 2
10	100	മുഴക്കോം-1
11	100	മുഴക്കോം 2
12	100	ക്ലായ്ക്കോട്
13	63	നന്ദാവനം
14	63	വെള്ളാട്ട്
15	100	കയ്യൂർ

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ആകെ 28.460 കി.മി 11 കെ.വി ലൈനുകളും 50.215 കി.മി 3 ഫേസ് ലൈനുകളും നിലവിലുണ്ട്. പഞ്ചായത്തിലാകെ അഞ്ച് സ്ട്രീറ്റ് ലൈനുകൾ മാത്രമാണുള്ളത്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഒരു വർഡിനും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

പ്രേക്ഷണ-വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് സ്ഥിരം പ്രശ്നമായി തുടരുന്നു. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതിനാൽ ജലസേചനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.ഇത് കാർഷികമേഖലയുടെ ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.

സ്റ്റപ്പ്-അപ് ട്രാൻൾസ്ഫോർമറുകളുടെ ഉപയോഗം മറ്റുവീടുകളിൽവോൾട്ടേജ് കമ്മിക്ക് ഇടവരുത്തുന്നു.

പഴകിയ വൈദ്യുത കമ്പികൾ കലഹരണപ്പെട്ട ട്രാൻൾഫോർമറുകൾ ,കപ്പാസിറ്ററുകൾ മാറ്റിസ്ഥാപിക്കാത്തതിലാൽപ്രസരണ നഷ്ടം ഉണ്ടാകുന്നു.

സമീപപ്രദേശങ്ങളിതവേണ്ടത്ര കപ്പാസിറ്റിയുള്ള സബ്സ്റ്റേഷനുകളോ ശക്തമായ പവർ ജനറേറ്ററുകളോ ഇല്ലാത്തതുമൂലം ആവശ്യമായ വോൾട്ടേജിലുള്ള വൈദ്യുതി ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ഒരു വാർഡിൽ മാത്രമേ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളു.മിമിനിമം ഗാരണ്ടിയിൽ പണം അടച്ചവർക്ക് വൈദ്യുതി ലഭിക്കുന്നില്ല.

ചുരുക്കം ചില ബോർഡ് ജീവനക്കാരുടെ ജനവിരുദ്ധവും നിഷേധാത്മകവുമായ സമീപനങ്ങളെക്കുറിച്ചുപല ഗ്രാമസഭകളിലും ചർച്ച ഉയർന്നുവരികയുണ്ടായി.

കൂടുതലും കുന്നും പ്രദേശങ്ങൾ ഉൾപ്പെട്ട പഞ്ചായത്ത് ആയതിനാൽ യാത്രക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് ബാങ്കുകളിൽ ബില്ല് പേ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം.

പട്ടിക രണ്ട്

പഞ്ചായത്തിലെ വൈദ്യുതീകരിച്ച് വീടുകളും അവയുടെ സ്ലാബും(അവലംബം സമഗ്രവികസന സർവ്വേ)

വാർഡ്	വൈദ്യുതീകരിക്കാത്ത വീടുകൾ	സൗജന്യം3	5	6	7	8	9	10	10 കൂടുതൽ
1	412	35	95	30	11	7	7	1	-	-	-
2	337	54	57	38	13	3	4	-	-	-	-
3	266	12	84	34	83	24	8	2	1	-	-
4	275	12	57	25	5	1	1	1	-	-	-
5	331	4	53	22	16	4	1	1	-	-	-
6	303	8	28	20	3	-	3	1	-	-	1
7	227	13	63	20	5	2	6	3	1	-	8
8	395	6	7	22	1	3	4	20	-	4	-
9	344	55	62	25	1	8	9	29	1	1	-
10	431	9	24	11	-	4	5	-	1	-	-
-	3321	208	592	247	157	56	48	88	4	5	9

സാധ്യതകൾ

വൈദ്യുതി ഓഫീസിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികം ആണ് വൈദ്യുതിയുടെ ഉപയോഗം സറ്റെപ്-അപ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നതുമൂലം മറ്റുവീടുകളിൽ വോൾട്ടേജി ക്ഷാമം അനുഭവപ്പെടുന്നു .പഴകിയ കമ്പികൾ മാറ്റാത്തതുകൊണ്ടും ലൈനിൽ തട്ടുന്ന മരച്ചില്ലകളും മറ്റും മൂട്ടിയുണ്ടാകുന്ന പ്രസർ നഷ്ടം ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് ത ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാൻ പ്രാദേശികതലത്തിൽ ജനകീയ സമിതികൾ ഉണ്ടാക്കണം.

പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുവാൻ ഏകദേശം 8.570 കി.മി 11 കെ.വി ലൈനുകളും 7 കിമി. 3 ഫെയ്സ് ലൈനുകളും ആവശ്യമാണ്.

മിക്ക ഗ്രാമസഭകളിലും സ്ട്രീറ്റ് ലൈറ്റിനുവേണ്ടി നീണ്ടപട്ടിക തന്നെ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം കുറക്കേണ്ടിയിരിക്കുന്നു.

കാര്യങ്കോട് പുഴക്ക് കാക്കടവിലൊരു ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതയുണ്ട്.

പഞ്ചാത്തിൽ ധാരളം മിനി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക.

കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൾപ്പാതിപ്പിക്കാനുള്ള സാധ്യതയുണ്ട്.

പഞ്ചായത്തിൽ സൗരോർജം ഉപയോഗിച്ചചകവലവിളക്കുകൾ സ്ഥാപിക്കുക, മുഴുവൻ പ്രദേശത്തും സൂര്യപ്രകാശം കിട്ടുന്നതിനാത മലയോര മേഖലകളിൽ പെട്ടിവീടകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിന് ഗവ: ഏജൻസ് മുഖാന്തിരം സബ്സിഡി നൽകി പോത്സാഹിപ്പിക്കുക.

ചീമേനിയൽ സ്ഥാപിക്കാവുന്നനിർദ്ദിഷ്ട താപ നിലയത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

പണ്ട് നമ്മുടെ നാട്ടിൽ പാചകാവശ്യത്തിനു വിറക് പറമ്പുകളിൽ നിന്നും കിട്ടുന്ന ഉണങ്ങിയ ഇലകളും ചാണക വരടികളുമാണ് ഉപയോഗിച്ചിരുന്നത് ആനുിക സൗകര്യങ്ങൾക്ക് അടിമപ്പെട്ട മനുഷ്യാൻ ഗ്ലാസും വൈദ്യുതിയും മണ്ണെണ്ണയും ഉപയോഗിച്ച് പാചകചെയ്യാൻ തുടങ്ങി.എന്നിരുന്നതാലും നമ്മുടെ പഞ്ചായത്തിൽ 95% ജനങ്ങളും വിറകാണ് പാചകത്തിനുപയോഗിക്കുന്നത് 5% ജനങ്ങൾമാത്രമേ ആധുനിക രീതിയിലുള്ള മാർഗ്ഗങ്ങൾ അവലംഭിക്കുന്നുള്ളു. നമ്മുടെ പഞ്ചായത്തിൽ ഇന്ധനക്ഷമതയുള്ള പുകയില്ലാത്ത് അടുപ്പുകളും ഉപയോഗിക്കുന്നുണ്ട്. 1985 -86മുതൽ കേരള ശാസ്ത്രസാഹിത്യപരിഷത്തുപോലുള്ള സംഘടനകൾ പുകയില്ലാത്ത അടുപ്പുകൾക്ക് വ്യാപകമായ പചാരം നൽകുണ്ട്. ഐ.ആർ.ഇ.പി(സമഗ്ര ഗ്രാമ ഊർജ്ജ ആസണ പരിപാടിയിൽ) കീഴിൽ 'അനർട്ട് 'പുകയില്ലാത്ത അടുപ്പ് ലോഹനിർമ്മതിമായ ദക്ഷത കൂടിയ ഗാമിനി വിറകടുപ്പ് എന്നിവയുടെ പ്രചാരണവുമായി രംഗത്തുവന്നു. സർക്കാർ സബ്സിഡിയോടുകൂടി ജനങ്ങൾക്ക് മെച്ചപ്പെട്ട അടുപ്പുകൾ വിതരണം ചെയ്യുന്നു. പ്രവർത്തനം അനർട്ട് ഏറ്റവും ഫല പ്രദമായി നടത്തിയ ഗ്രാമപഞ്ചാത്താണ് നമ്മുടേത്. സൗരോർജ്ജം കൊണ്ട്

പ്രവർത്തിക്കുന്നവയ്ക്കു ഇവിടെ വേണ്ടത്ര രീതിയിൽ വിതരണം നടന്നില്ല.

പട്ടിക

പഞ്ചിയത്തിലെ അടുപ്പിന്റെ സ്ഥിതിവിവരകണക്ക്

1	വിറകടുപ്പ്	4457
2	പുകയില്ലാത്തത്	1752
3	പൊടിയടുപ്പ്	20
4	മണ്ണെണ്ണ	154
5	വൈദ്യുതി	2
6	ഗ്യാസ്	40

പ്രശ്നങ്ങൾ

പുകയില്ലാത്ത അടുപ്പുകൾ വിദഗ്ദരല്ലാത്ത തൊഴിലാളികൾ നിർമ്മിച്ചതുകൊണ്ടും യഥാകാലത്തെ റിപ്പയർചെയ്യാത്തതുകൊ ണ്ട് ഗുണനിലവാരം ,മറ്റുപ്രശ്നങ്ങളും സാരമായി ബാധിക്കുന്നു.

സാധ്യത

ദക്ഷതകൂടിയ അടുപ്പുകളും അത് സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന അടുപ്പുകളും വ്യാപകമാക്കുക. വിദഗ്ദതൊഴി ലാളികളെ ഉപയോഗിച്ചുമാത്രം പുകയില്ലാത്ത അടുപ്പുകൾ നിർമ്മി ക്കുക. പുകയില്ലാത്ത് അടുപ്പുകളെക്കുറിച്ച് വാർഡുതത്തതി പോ ധവൽകരണപരിപാടകൾ സംഘടിപ്പിക്കുക

പഞ്ചാത്തിൽ ഉപയോഗിക്കുന്ന അടുപ്പുകളുടെ കണക്ക്.

പട്ടിക

വർഡ്	വിറകടുപ്പ്	പുകയില്ലാത്ത അടുപ്പ്	പൊടിയടുപ്പ്	മണ്ണെണ്ണ സ്റ്റൗ	വൈദ്യുതി	ഗ്യാസ്
1	527	27	2	38	-	5
2	478	11	-	9	-	6
3	430	48	-	26	1	8
4	376	10	-	6	-	-
5	396	8	-	22	-	6
6	373	-	14	2	1	1
7	403	11	-	4	4	2
8	477	9	-	2	-	1
9	528	11	1	23	-	7
10	469	26	2	22	-	4

(അവലംബം പഞ്ചായത്ത് സമഗ്രവികസന സർവ്വേ)

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ-പൊതു മാർക്കറ്റുകൾ ഇല്ല. നിരവധികിലോമീറ്ററുകളോളം യാത്രചെയ്ത് ചെറുവത്തൂ രോ നീലേശ്വരത്തോആണ് നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള കാർ ഷികോൽപന്നങ്ങളുമറ്റും വിൽപന നടത്തുന്നത് .അതുകൊണ്ടുക തന്നെ ഉൽപ്പന്നത്തിന്റെ വിലയിൽ വലിയൊരുശതമാനം കൂലി യിനത്തിൽ കൊടുക്കേണ്ടിവരുന്നു.അതിൽ നിന്നും മോചനം എന്നനിലയൽ ഗ്രാമീണചന്തകൾ നിലവിൽ വന്നാൽ ചന്തയോടാ ഭിമുഖ്യമുള്ള ജനതയെ രൂപപ്പെടുത്താൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിൽ സ്വാശ്രയത്തോടും കാർഷികസംസ്ക്കാരത്തോടും ആഭിമുഖ്യമുള്ള ഒരു ജനതയെവളർത്തിയെടുക്കാൻ കഴിയും.നമ്മു ടെ പഞ്ചായത്തിൽ കാർഷികമേഖലയിൽ പ്പെട്ട പഞ്ചായത്താണ്. ഇവിടുത്തെ മുഖ്യമായ ഉൽപ്പന്നങ്ങൾ നെല്ല, കശുവണ്ടി,കുരുമു ളക്,തേങ്ങ,അടക്ക, റബ്ബർ നേന്ത്രവാഴ, പച്ചക്കറി എന്നിവയാണ്.

മേൽപ്പറഞ്ഞ ഉൽപ്പനങ്ങൾ വിറ്റഴിക്കുന്നതിന് പ്രധാന കേ ന്ദ്രങ്ങളിൽ ആഴ്ച ചന്തകൾതുടങ്ങുന്നതിന് സാധ്യതയുണ്ട്. അ തോടപ്പം തന്നെ ഇവിടുത്തെ ജനങ്ങളിൽ നല്ലൊരു വിഭാഗം നി ത്യോപയോഗസാധനങ്ങൾ പുറമേനിന്നുവാങ്ങുന്നവരാകയാൽ കഹകരണമേഖലയിൽ സൂപ്പർ മാർക്കറ്റും മറ്റ് ഡിപ്പാർട്ട് മെൻറ് സ് റ്റോറുകളും സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്.

സഹകരണാടിസാഥാനത്തിൽ നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും വിതരണം ചെയ്യുന്നതിന് വാർഡടിസ്ഥാനത്തിൽ സൗകര്യം ഏർപ്പെടുത്തുക.

മലചരക്ക് വിപണനത്തിനു സഹകരണ സംഘങ്ങൾ മുഖേന സംഭരണകേന്ദ്രങ്ങൾ തുടങ്ങുക.

പഞ്ചായത്തുകേന്ദ്രത്തിൽ ആഴ്ചചന്തകളും മത്സ്യമാർക്കറ്റുകളും തുടങ്ങുക.

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാർപ്പിടം:-

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഇടത്തരം വരുമാനക്കാരും, തൊഴിലാളികളും അധികമായി അധിവസിക്കുന്ന കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 4694 വീടുകളിൽ ചെറിയ ഒരംശം മാത്രമാണ് പൂർണമമായോ ഭാഗികമായോ കോൺക്രീറ്റ് നിർമിതമായവ ഉള്ളത്. വീടുകളിൽ ഭൂരിഭാഗവും ഓട് മേഞ്ഞവയാണ്. ഓല, പുല്ല്, മുതലായവയും ഷീറ്റും കൊണ്ട് മേൽക്കൂര തീർത്ത വീടുകൾ 582 എണ്ണമുണ്ട്. ഈ നാട്ടിലെ വീടുകളുടെ മേൽക്കൂര നോക്കിയാൽ തന്നെ ഇവിടുത്തെ ഒരവലോകനം നടത്താൻ കഴിയും. 452 വീടുകൾ മാത്രമാണ് ഒരു വർഷത്തിനുള്ളിൽ നിർമിക്കപ്പെട്ടവയായുള്ളത്. 2766 വീടുകൾ 5 വർഷത്തിനുള്ളിൽ പഴക്കമുള്ളവയാണ്. 2535 വീടുകൾ ചാണകം മെഴുകിയ തറയുള്ളവയാണ്. 4383 കുടുംബങ്ങൾ മാത്രമാണ് സ്വന്തം ഭവനങ്ങളിൽ താമസിക്കുന്നത്. വിവിധ ഭവന നിർമാണ പദ്ധതികളായ ജവഹർ രോസ്ഗർ യോജന (JRY) ഇന്ദിരാ ആവാസ് യോജന (IAY),MWS (H), കേരളസംസ്ഥാന പുരനധിവാസ ഭവന നിർമാണ പദ്ധതിയുടെ 1 മുതൽ 3 വരെ ഘട്ടങ്ങൾ. കൈരളി ഭവന നിർമാണ പദ്ധതി എന്നിവ പ്രകാരം അനുവദിക്കപ്പെട്ട 303 ഭവനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 311 കുടുംബങ്ങൾ സ്വന്തമായി വീട് ഇല്ലാത്തവരാണ്.

പ്രശ്നങ്ങൾ.

ഗ്രാമപഞ്ചായത്തിലെ വീടുകളിൽ പകുതിയിലധികവും പുതുക്കി പണിയേണ്ടവയാണ്. ഇവയിലധികവും പഴയതോനിലവാരം കുറഞ്ഞതോ ആയ നിർമാണ സാമഗ്രികളുപയോഗിച്ച് നിർമിക്കപ്പെട്ടവയാണ്. മറ്റൊര ു വിധത്തിൽ പറഞ്ഞാൽ ഭവന നിർമാണ പദ്ധതിളോട് തുല്യ പ്രാധാന്യം പുലർത്തപ്പെടേണ്ട ഈ നവീകരണ പദ്ധതി ജനങ്ങളുടെ വരുമാനമായി പൊരുത്തപ്പെടുന്ന തരത്തിൽ ഇക്കാര്യം നിർവ്വഹിക്കപ്പെടേണ്ടതാണ്.

വിവിധ സർക്കാർ ഏജൻസികളിൽ നിന്നുള്ള ഭവന നിർമാണ പദ്ധതികൾ ഏവർക്കും ലഭിക്കേണ്ടുന്ന സാഹചര്യമില്ല. ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഭവന നിർമാണ സഹകരണ സംഘം പോലുമില്ല. നിലവിലുള്ള വീടുകളിൽ സ്വന്തമായ കക്കൂസ് സൗകര്യമുള്ളവ 1513 എണ്ണംമാത്രമാണ്. ആയതിനാൽ ബാക്കിയുള്ള 3181 വീടുകൾക്ക് കൂടി പ്രാഥമീക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സമ്പൂർണ ശുചീകരണ പരിപാടി ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. 9-ാം വാർഡിലെ ചീനള്ളയിലുള്ള ലക്ഷം വീട് കോളനിയിലെ 2 ഇരട്ട (ഡ്യൂപ്ലക്സ്) വീടുകൾ (4 വീടുകൾ) ഉപയോഗ ശൂന്യമായികിടക്കുന്നു. കാക്കടവ് ജനലസേചന പദ്ധതിയിലെ ജീവനക്കാർക്ക് വേണ്ടി ക്വാർട്ടേഴ്സ് കൃത്യമായ അറ്റകുറ്റപ്പണികളോ, കേട്പാട് തീർക്കലോ ഇല്ലാതെ തകർന്ന് കൊണ്ടിരിക്കുന്ന അവസ്ഥയിൽ ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കുന്നു. വിദ്ഗ്ധ തൊഴിലാളികളായ മരപ്പണിക്കാർ കൽപ്പണിക്കാർ തുടങ്ങിയവരുടെ അഭാവവും ഉള്ളവരുടെ തന്നെ വൈദഗ്ധ്യമില്ലായ്മയും ഭവന നിർമാണ രംഗത്തെ പ്രശ്നങ്ങൾ രൂക്ഷമാക്കിത്തീർക്കുന്നു.

വീടുകളുടെ തരംതിരിവ് സംബന്ധിച്ചുള്ള പട്ടിക

വാർഡ്	ഓല, പുല്ല്	ഓട്	കോൺക്രീറ്റ്	ഷീറ്റ്	കോൺക്രീറ്റ്	മറ്റുള്ളവ	ആകെ
1	78	465	44	1	7	-	595
2	48	382	40	3	10	23	514
3	30	444	22	-	15	3	514
4	35	315	10	2	9	3	374
5	49	355	20	3	5	-	432
6	58	289	15	-	4	-	366
7	44	318	12	-	3	2	379
8	110	335	22	2	4	16	489
9	55	41	34	33	10	23	547
10	53	385	25	8	10	23	492
ആകെ	560	3701	253	22	71	87	4694

പട്ടിക-1- അവലംബം. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സാമൂഹ്യസാമ്പത്തകി സർവേയിലെ സ്ഥിതവിവരക്കണക്കുകൾ.

നിർദ്ദേശങ്ങൾ

കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ തൃക്കരിപ്പൂർ ശാഖയിൽ നിന്ന് ഈ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഭവന നിർമാണ വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുക.

ചീമേനി നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിക്ഷേപമായി ലഭിക്കുന്ന പണത്തിന്റെ മുഖ്യവിഹിതം അതാത് പ്രദേശങ്ങളിൽ ഭവന നിർമാണ വായ്പയായി വിതരണം ചെയ്യുക.

കയ്യൂർ സ്റ്റേറ്റ് ബാങ്ക്ഓഫ് ട്രാവൻകൂറിന്റെവിവിധ പ്രദേശങ്ങളിൽ നിൻ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ ഒരുനിശ്ചിത വിഹിതം അതാതു പ്രദേശങ്ങളിൽ ഭവന നിർമാണ വായ്പയായി വിതരണം ചെയ്യുക.

ഈ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിലും താമസിക്കുന്നവർക്ക് ഭവന നിർമാണ വായ്പ ലഭിക്കുവാൻ പറ്റുന്ന വിധത്തിൽ ഒരു ഭവന നിർമണ വായ്പാ സഹകരണ സംഘം സ്ഥാപിക്കുക.

ഗ്രാമപഞ്ചായത്ത് മുഖേനയും സർക്കാർ ഏജൻസികൾ മുഖേനയും പുതിയ വീടുകൾ പണിയുന്നതിനും പഴയ വീടുകൾ പുതുക്കിപ്പണിയുന്നതിനും സൗകര്യം ഉണ്ടാക്കുക.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരായ ഭൂരഹിത ഭവനരഹിത വിഭാഗങ്ങൾക്ക് സ്ഥലവും വീടും സൗജന്യമായി ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നികുതി സ്വീകരിക്കാത്ത ഭൂമി കൈവശമുള്ളവർക്ക് പണയത്തിനു മേൽ ഭവന നിർമാണ വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

ഭവന നിർമാണ സഹകരണസംഘത്തിന്റെ കീഴിൽ നിർമാണം സംബന്ധിച്ച വിദഗ്ധ തൊഴിലുകളിൽ പരിശീലനം നേടാൻ താൽപര്യമുള്ള തൊഴിലാളികളെ പരിശീലിപ്പിക്കുക.

കരിങ്കൽ, ചെങ്കൽ മേഖലകളിൽ സഹകരണ യൂണിറ്റുകൾ തുടങ്ങി ഭവന നിർമാണത്തിനുള്ള കരിങ്കല്ലിന്റെയും ചെങ്കല്ലിന്റെയും വിതരണം ന്യായവിലക്ക് കാര്യക്ഷമമായി നടപ്പിലാക്കുക.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കടത്തുകൂലി കാരണം കമ്പിയുടെ വിലയിലുള്ള അസന്തുലിതാവസ്ഥ ഒഴിവാക്കാൻ കടത്ത്കൂലി ഏകീകരണം (Freight equalisation) ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുക.

ഭവന നിർമാണോപകരണങ്ങളുടെ വില നിയന്ത്രിക്കാൻ ഇവയുടെവിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാക്കുക.

ഭവന നിർമാണ വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.

കയ്യൂർ-പാലോത്ത് പ്രദേശത്തെഉപയോഗ ശൂന്യമായി കിടക്കുന്ന സർക്കാർ ഭൂമി ഉപയോഗപ്പെടുത്തി ഹൗസിംഗ് കോളനിസ്ഥാപിക്കുക.

കയ്യൂർ ഉദയഗിരിയിൽ പൊതു ആവശ്യത്തനായി നീക്കിവെക്കപ്പെട്ട ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമിക്കുക.

ഗ്രാമപഞ്ചായത്തിൽ ചിലവ് കുറഞ്ഞതും ലളിതമായ ഘടനയുള്ളതുമായ ഭവനങ്ങളുടെ നിർമാണം സഹകരണ സംഘങ്ങൾ വഴി വിദഗ്ധ തൊഴിലാളികളുടെപരിശീലനവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമാർജ്ജനവും അധ-സ്ഥിത വിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ തുല്യതോതിൽ ചെലവിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംയോജിത ഗ്രാമവികസന പരിപാടി . ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന്നാവശ്യമായ ആസ്തിയും,നിക്ഷേപവും നൽകുന്നതാണ് ഈ പദ്ധതി. ഇതിന് പുറമെ, നമ്മുടെ ഗ്രാമപഞ്ചായത്തിൽ തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുമുണ്ട്.

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ 4694 കുടുംബങ്ങളിൽ 1990 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.ഇതിൽ 137 കുടുംബങ്ങൾക്ക് സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായും കണക്കുകൾസൂചിപ്പിക്കുന്നു. താഴെ ചേർത്തിട്ടുള്ള പട്ടിക നോക്കുക.

ഐ.ആർ.ഡി.പി. സർവേ പ്രകാരം 1991-92 മുതൽ 1996-97 വരെയുള്ള കാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ചുള്ള വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളുടെ വിവരം	ഇതിൽ Sc/St കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം	ഇതിൽ Sc/St . കുടുംബം	സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ	ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾ. സഹായം ലഭിച്ചതുൾപ്പെടെ
1	265	2	8	2	8	257
2	253	8	13	6	13	282
3	130	1	15	1	15	115
4	208	-	7	-	7	201
5	219	3	14	2 1	4	201
6	197	3	14	-	13	195
7	210	1	19	1	19	205
8	168	10	23	8	23	145
9	205	5	11	4	11	228
10	135	-	14	-	14	121
ആകെ	1990	30	149	25	137	1960

പട്ടിക-അവലംബം:- ഗ്രാമപഞ്ചായത്തിന്റെ ദ്വിതീയവിവരങ്ങൾ

അർഹരെ കണ്ടെത്തുന്നതിനും ബോധവൽകരണത്തിനുമുള്ള സമയ പരിമിതി ലഭിക്കായ്ക, പദ്ധതി നടപ്പിലാക്കുമ്പോൾ മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാവുന്ന നൂലാമാലകൾ, പദ്ധതികളുടെ സാമ്പത്തിമാനത്തിന്റെ അപര്യാപ്തത എന്നിവ പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നു.

നമ്മുടെഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വിവിധ പദ്ധതികളിലായി ലഭിക്കുന്ന സഹായം അപര്യാപ്തമാണ്.

വനിതാ വികസന കോർപ്പറേഷന്റെആനുകൂല്യത്തോടെ പ്രവർത്തിക്കുന്ന ഒരു വ്യവസായയൂണിറ്റും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ വകുപ്പിന്റെ ആനുകൂല്യങ്ങൾ പരമാവധി നേടിയെടുക്കാൻ ഇവിടുത്തെ സാധാരണ സ്ത്രീകൾക്ക് സാധിക്കുന്നില്ല.

ഈ ഗ്രാമപഞ്ചായത്തിലെ കയ്യൂർ,ക്ളായിക്കോട്, തിമിരി, ചീമേനി എന്നീ നാല് വില്ലേജുകൾക്ക് കൂടി രണ്ട്വി.ഇ.ഒ.സർക്കിളുകളാണ് പ്രവർത്തിക്കുന്നത്. ഇവവഴി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളെ കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

ഡി.ഡബ്ല്യു.സി.ആർ.എ.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഡി.ഡബ്ല്യു.ആർ.സി.എ.

ഈ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ത്രീകളുടെ മൂന്ന് യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. ഡയറി യൂണിറ്റ് (3-ാം വാർഡ്), ഗ്രാനൈറ്റ് ജില്ലിമേക്കിംഗ് യൂണിറ്റ് (6-ാം വാർഡ്), റെഡിമെയ്ഡ് ആൻറ് ഗാർമെൻറ്സ് യൂണിറ്റ് (7-ാം വാർഡ്) എന്നിവയാണ് ഈ മൂന്ന് യൂണിറ്റുകൾ. ഇതിൽ റെഡിമെയ്ഡ് ആൻറ് ഗാർമെൻറ്സ് യൂണിറ്റിൽ 8-ഉം 9-ഉം വാർഡുകളില സ്ത്രീകളും പ്രവർത്തിക്കുന്നുണ്ട്.

1994-95 മുതൽ 1995-96 വരെ ഈ മൂന്ന് യൂണിറ്റുകളിലും കൂടി 37 സ്ത്രീകൾക്കായി 381633 രൂപ ലോണും 137367 രൂപ സബ്സിഡിയും നൽകിയിട്ടുണ്ട്. ഇവക്ക് പുറമേ 15200 രൂപ റിവോൾവിംഗ് ഫണ്ടും ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആൻറ് കമ്യൂണിക്കേഷൻ ആൻറ് കമ്യൂണിക്കേഷൻ ഓരോ റെഡിമെയ്ഡ് യൂണിറ്റിനും ജില്ലി മേക്കിം

ഗ് യൂണിറ്റിനും നൽകിയിട്ടുണ്ട്. ചൈൽഡ് കെയർ ആക്ടിവിറ്റി പ്രകാരം ഫർണിച്ചറുകളും ഈ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള പട്ടിക നോക്കുക.

തൊഴിൽ സംരംഭത്തിന്റെ ഇനം ആരംഭിച്ച വർഷം അംഗങ്ങളുടെ എണ്ണം അനുവദിച്ച തുക വായ്പ തുക സബ്സിഡി

1 ഡയറി യൂണിറ്റ് 1995-96 10 15000 രൂപ 11000 രൂപ 4000 രൂപ

റെഡിമെയ്ഡ്യൂണിറ്റ് 1994-95 15 225000 രൂപ 175633 രൂപ 49367 രൂപ

3 ജില്ലി മേക്കിംഗ്യൂണിറ്റ് 1995-96 12 14400 രൂപ 96000 രൂപ 48000 രൂപ

ആകെ 37 519000 രൂപ 381633രൂപ 137367 രൂപ

പട്ടിക മൂന്ന്-അവലംബം-ഗ്രാമപഞ്ചായത്തിന്റെ ദ്വിതീയ വിവരങ്ങൾ.

ഡയറി യൂണിറ്റ് വളരെ കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും പാൽ വിതരണത്തിനുള്ള സൗകര്യം വളരെ പരിമിതമാണ്. അതിനാൽ ഒരു പാൽ സഹകരണസംഘം രൂപീകരിച്ച് പാൽ സംഭരിച്ച് വിപണന സാദ്ധ്യത മെച്ചപ്പെടുത്തേണ്ടതും സബ്സിഡി ഇനത്തിൽ കാലിത്തീറ്റയും പിണ്ണാക്കും വിതരണം ചെയ്യേണ്ടതുമാണ്.

റെഡിമെയ്ഡ് ആൻറ് ഗാർമെൻറ് യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വസ്ത്രങ്ങളും സമയത്തിന് വിറ്റഴിക്കാൻ കഴിയുന്നില്ല. വിപണനരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ മാത്രമേ യൂണിറ്റിന് നില നിൽപ്പുണ്ടാവുകയുള്ളൂ.

ഗ്രാനൈറ്റ് ആൻറ് ജില്ലി മേക്കിംഗ് യൂണിറ്റിലെ ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് പ്രയാസം നേരിടുന്നു. ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി കുറച്ച്കൊണ്ട് സ്വകാര്യ വ്യക്തികൾ ഉയർത്തുന്ന അശാസ്ത്രീയ മത്സരമാണ് കാരണം. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുടെ പൊതുമരാമത്ത് പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടായാൽ ഇതപോലുള്ള യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താം.

ട്രൈസം

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട, കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സ്വയം തൊഴിൽ പരിശീലനവും അതിനാവശ്യമായ വായ്പയും സബ്സിഡിയും നൽകുന്ന ഐ.ആർ.ഡി.പി.യുടെ ഒരു അനുബന്ധ പരിപാടിയാണ് ഇത്.1992-93 വർഷം മുതൽ നാളിതുവരെ 22 പേർക്ക് ഈ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം സ്വയം തൊഴിലിനുള്ള സഹായധനം ലഭിച്ചു.3 പേർ അവരവർക്ക് പരിശീലനം ലഭിച്ച ബന്ധപ്പെട്ട മേഖലകളിൽ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. താഴെ ചേർത്തിട്ടുള്ള പട്ടിക നോക്കുക.

ക്രമ നമ്പർ	പരിശീലന വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇനിയും തൊഴിലിന് പൂർപ്പെട്ടവർ	അവശേഷിക്കുന്നവർ
1	കമ്പ്യൂട്ടർ കോഴ്സ്	1	-	1	-
2	റേഡിയോറിപ്പയർ	2	-	2	-
3	ഓട്ടോ മൊബൈൽ	1	-	1	1
4	ഇലക്ട്രീഷ്യൻ	1	-	1	-
5	വയറിംഗ്	1	-	1	-
6	വെൽഡിംഗ്	1	-	1	-
6	സ്പ്രേ പെയിൻറിംഗ്	1	-	1	-
8	എംബ്രോയിഡറി-ഗാർമെൻറ് മേക്കിംഗ്	14	14	-	0
	ആകെ	22	14	8	

പട്ടിക 4 അവലംബം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്. 3ദ്വിതീയി വിവരങ്ങൾ.

ഈ പദ്ധതിയുടെ ഒരു പരിമിതി ചുരുക്കം ആളുകൾക്ക് മാത്രമേ ഒരുവർഷം പരിശീലനംനൽകാൻ കഴിയുന്നുള്ളൂ എന്നതാണ്. കൂടുതൽ ആളുകൾക്ക് പരിശീലനം നൽകാനുള്ള സൗകര്യം ഉണ്ടാകണം. പരിശീലനം ലഭിച്ച മുഴുവൻ പേർക്കും സ്വയം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല എന്നതാണ് മറ്റൊരു പരിമിതി. പരിശീലനം കഴിഞ്ഞ മുഴുവൻ പേർക്കും സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. ഇപ്പോൾ പരിശീലനംസർക്കാർ സ്ഥാപനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ അത്തരം സ്ഥാപനങ്ങളില്ലാത്തിനാൽപ്രാദേശികാടിസ്ഥാനത്തിൽആവശ്യമായപരിശീലനം നൽകുന്നതിനായിബദൽ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് അവരുടെ പ്രവർത്തന ക്ഷേമം വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകാനുള്ള ഒരു പദ്ധതിയാണ് ഇത്.

1992-93 മുതൽ ഇതുവരെ ഗ്രാമപഞ്ചായത്തിൽ 64 പേർക്ക് ഈ പദ്ധതിപ്രകാരം ഗുണംലഭിച്ചിട്ടുണ്ട്. എന്നാൽ ലഭിക്കുന്ന തൊഴിലുപകരണങ്ങളുടെ നിലവാരം തൃപ്തികരമല്ല. ഗുണഭോക്താവിന് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കുവാനും അതിനുള്ള സാമ്പത്തിക സാഹായം ലഭ്യമാക്കുവാനും ഉള്ള നടപടി ഉണ്ടായാൽ ഈ നിലമാറ്റിയെടുക്കാൻ കഴിയും.

കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (സി.ആർ .എസ്.പി.)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണിത്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമിക്കുന്നതിന് 2000 രൂപ ധനസഹായം നൽകുന്നു.

ഗ്രാമ പഞ്ചായത്തിലെ ദാരിദ്ര്യരേഖക്ക്താഴെയുള്ള 1839 കുടുംബങ്ങൾ സ്വന്തമായി കക്കൂസ് ഇല്ലാത്തവരാണ്. അതിൽ 57 പേർക്ക് ഈ പദ്ധതിപ്രകാരം കക്കൂസ് അനുവദിച്ചിട്ടുണ്ട്. കൂടാതെ തിമിരി ദേശ സേവിനി ബാലവാടിക്ക് ഒരു കക്കൂസും കളളക്കൊല്ലി ഹരിജൻ കോളനിയിൽ 10 കുടുംബങ്ങൾക്കായി 3 കക്കൂസും അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഗ്രാമീണ ശുചിത്വ പരിപാടിക്ക് ഊന്നൽ നൽകിക്കൊണ്ട് ദേശീയ സമ്പാദ്യ പദ്ധതിയുടെ വിഹിതംഉൾപ്പെടുത്തി 16 കക്കൂസുകളും ഗ്രാമപഞ്ചായത്ത് ജെ.ആർ.വൈ. പദ്ധതിപ്രകാരം 27 കക്കൂസുകളും അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം ഒരുകക്കൂസിന് അനുവദിക്കുന്ന 2000 രൂപ കൊണ്ട് നിർമാണ പ്രവർത്തി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾ ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. അതിനാൽ ഈ സംഖ്യ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇനിയും കക്കൂസ് സൗകര്യം ഇല്ലാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള 1739 കുടുംബങ്ങൾക്ക് അടിയന്തരമായും കക്കൂസ് അനുവദിക്കേണ്ടതുണ്ട്.

വിവിധ പെൻഷനുകൾ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വിധവ പെൻഷൻ 152 പേർക്കും വാർദ്ധക്യ കാലപെൻഷൻ 20 പേർക്കും വികലാംഗ പെൻഷ് 63 പേർക്കും കർഷകതൊഴഇലാളി പെൻഷൻ 349 പേർക്കും ലഭിക്കുന്നുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ അർഹരായ പലരും വിവിധ പെൻ

ഷനുകൾ ലഭിക്കാതെ വിഷമിക്കേണ്ടി വരുന്നുണ്ട്. വിവിധ പെൻഷനുകൾ കൃത്യ സമയത്ത് ലഭിക്കാത്തത് മൂലം പ്രൻഷൻകാർക്ക് വിഷമിക്കേണ്ടി വരുന്നുണ്ട്. ഈ പ്രയാസങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വിവിധ പെൻഷനുകൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും പ്രാദേശിക തലത്തിലെ വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളും ഗ്രാമതല ഉദ്യോഗസ്ഥരും ഉൾപ്പെടുന പോപ്പുലർ കമ്മിറ്റിയെഏൽപ്പിക്കേണ്ടതാണ്. പെൻഷനുകളുടെവിതരണം കാര്യക്ഷമമാക്കാൻ എല്ലാ പെൻഷനുകളുടെയും വിതരണംഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കണം.

ക്ഷേമനിധി:-

കർഷകതൊഴിലാളി ക്ഷേമനിധി, ബീഡിത്തൊഴിലാളി ക്ഷേമനിധി, കരിങ്കൽ-ചെങ്കൽ തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധിഎന്നിവയുടെ ആനുകൂല്യം ലഭിക്കുന്ന വിവിധ വിഭാഗങ്ങളിൽ പെട്ട ധാരാളം തൊഴിലാളികൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. എങ്കിലും വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ ക്ഷേമനിധിയംഗങ്ങളാകാൻ ബാക്കിയുണ്ട്. ക്ഷേമനിധി ഗഡുക്കളുടെഅടവിൽവീഴ്ച വരാതിരിക്കാൻ തൊഴിലാളികൾക്കിടയിൽ വ്യാപകമായ ബോധവൽകരണം നടക്കേണ്ടതുണ്ട്. വിവിധ ക്ഷേമനിധികളുടെ ഗഡുക്കളുടെഅടവ് എളുപ്പമാക്കാൻ പ്രാദേശികമായി സിറ്റിംഗ് നടത്തുന്നതിന മുന്നോടിയായി വേണ്ടത്ര പ്രചാരണം നൽകേണ്ടതുണ്ട്. ഇതിന് പുറമേ ദേശസാൽകൃത-ഗ്രാമീണ-സഹകരണ ബാങ്കുകളിൽ ക്ഷേമനധികളുടെ ഗഡുക്കൾ അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

തൊഴിലില്ലായ്മ വേതനം

എസ്.എസ്.എൽ.സിയോ തത്തുല്യമായ വിദ്യഭ്യാസ യോഗ്യതയുള്ളവരും എംപ്ലോയ്മെൻറ് എകസ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം പൂർത്തിയാക്കിയ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീ യുവാക്കൾക്കാണ് ഇതിൻെറ ആനുകൂല്യം ലഭിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തൽ ഈ ആനുകൂല്യം ലഭിക്കുന്നവരിൽ അനർഹരായ പലരുമുണ്ട്.അർഹരായഎല്ലാവർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി നില നിൽക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ വിശദമായ നിരീക്ഷണത്തിന് വിധേയമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്. നാമമാത്രമായി ലഭിക്കുന്ന ഈ സഹായം കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതിയും നില നിൽക്കുന്നു.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹങ്ങൾക്കുള്ള സാമ്പത്തിക സഹായം

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ നടത്തിപ്പിന് സഹായധനമായി 2000 രൂപ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് നൽകി വരുന്നു. അച്ഛനമ്മമാർ മരിച്ച്പോയ ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനും ഈ ധനസഹായം ലഭിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിച്ച പലർക്കും ഈ സഹായം ലഭിച്ചിട്ടുണ്ട്.

എങ്കിലും സാമ്പത്തികസഹായത്തിൻെറ വിതരണത്തിൽ അക്ഷന്തവ്യമായ കാലതാസം നേരിടുന്നുണ്ട്. പലപ്പോഴും വിവാഹം കഴിഞ്ഞ് മാസങ്ങൾക്കു ശേഷമാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്.

ഈ സാമ്പത്തിക സഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. അർഹരായവരെ തെരഞ്ഞെടുക്കാനും, ധനസഹായം നേരിട്ട് നൽകാനുമുള്ള അധികാരം ഗ്രാമപഞ്ചായത്ത് ഭരണസമിതികൾക്ക് നൽകേണ്ടതാണ്. ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുണ്ട്.

പൊതുവിതരണ കേന്ദ്രങ്ങൾ:-

- 1964ൽ സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ ന്യായവിലഷാപ്പുകൾ നിലവിൽ വന്നു. ഏകദേശം അതേസമയത്ത് തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആറ് കേന്ദ്രങ്ങളിൽ ന്യായവില ഷാപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ഇവ ഉൾപ്പെടെ 12 പൊതുവിതരണ കേന്ദ്രങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഇവയിൽ പാപെരിങ്ങാരയിലുള്ള എ.ആർ.ഡി. മ്പർ 68 ഹെതാവുർ എ.ആർ.ഡി. നമ്പർ 67, കയ്യൂർ എ.ആർ.ഡി.66 എന്നിവ ഒഴികെയുള്ള 9 പൊതുവിതരണ കേന്ദ്രങ്ങൾ വിവിധ സഹകരണസ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ പൊതുവിതരണ കേന്ദ്രങ്ങളിൽ ആകെ 4375 റേഷൻ കാർഡുകളുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

നമ്പർ	പൊതു വിതരണകേന്ദ്രം	വാർഡ്	ആകെ കാർഡുകൾ
1	എ.ആർ.ഡി.നമ്പർ 64, തിമിരി	1	429
2	എ.ആർ.ഡി.നമ്പർ 65, കുായിക്കോട്	3	852
3	എ.ആർ.ഡി.നമ്പർ 66, കയ്യൂർ	5	581
4	എ.ആർ.ഡി.നമ്പർ 67, പൊതാവൂർ	7	396
5	എ.ആർ.ഡി.നമ്പർ 68, പാപെരിങ്ങാര	8	396
6	എ.ആർ.ഡി.നമ്പർ 69, ചീമേനി	10	413
7	എ.ആർ.ഡി.നമ്പർ 182, വലിയ പൊയിൽ	2	433
8	എ.ആർ.ഡി.നമ്പർ 193, നിടുംബ	10	418
9	എ.ആർ.ഡി.നമ്പർ 211,ഞണ്ടാടി	6	206
10	എ.ആർ.ഡി.നമ്പർ 224,കാനോത്തും പൊയിൽ	7	173
11	എ.ആർ.ഡി.നമ്പർ 225, ചാനടുക്കം	8	222
12	എ.ആർ.ഡി.നമ്പർ 226, ചീമേനി	10	215
	ആകെ		4375

ഈ ഗ്രാമപഞ്ചായത്തിൽ സ്വന്തമായി റേഷൻ കാർഡുകളില്ലാത്ത വളരെയേറെകുടുംബങ്ങളുണ്ട്. പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കപ്പെടേണ്ടതാണ്.ആലന്തട്ട, ചെമ്പ്രകാനം, എന്നിവിടങ്ങളിൽഓരോ റേഷൻ ഷാപ്പ് അനുവദിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങൾ

സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വികലാംഗർക്ക് ലഭിക്കുന്ന ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിലെ വികലാംഗർക്ക് അനവുദിക്കണം.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻ വാടികൾ സ്ഥാപിക്കണം.

വിവിധ ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഗ്രാമപഞ്ചായത്തിൽഉണ്ടാകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

സംസ്ക്കാരം

സംസ്കാരം രൂപപ്പെടുന്നത് ജീവിതാവസ്ഥയിൽ നിന്നാണ് സാമൂഹ്യസാഹചര്യം അതിന്റെ ദിശാ നിർണ്ണയം നടത്തുന്നു. ഇന്നലെകളുടെ അറിവും ഇന്നിന്റെ അനുഭവവും ഉൾപ്രേരണകളാകുന്നു. ഭാഷ വേഷം ചിന്ത, ആചാരാനുഷ്ഠാനങ്ങൾ, തൊഴിൽ തുടങ്ങിയ ജീവിതത്തിന്റെ സകല മേഖലകളേയും അനുക്രമമായ മാറ്റത്തിന് വിധേയമാകുന്നു. അഥവാ പുരോഗതിയുടെ അളവുകോലാണ് സംസ്കാരം.

ആൻറിന ചുവട്ടിൽ ഉപഭോഗസംസ്കാരത്തിന്റെ കടമെടുപ്പുകാരായി ഒരു തലമുറയാകെ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന ഭീതിതാവസ്ഥയിൽ ഇന്നലെകളെകുറച്ചുള്ള സാർത്ഥകമായ അന്വേഷണം അനിവാര്യമാകുന്നു. അല്ലെങ്കിൽ തിരിച്ചറിവിന്റെ സംസ്കാരം കാലഘട്ടത്തിന്റെ ആവശ്യകതയാകുന്നു.

തേജസ്വനിക്കരയിലെ ഇതിഹാസങ്ങൾ രചിച്ച നാടാണ് കയ്യൂർ-ചീമേനി ചൂഷിതരുടെ പ്രതിരോധത്തിന്റെ ശംഖുനാദം കെട്ട് സ്വാതന്ത്ര്യാഭിലാഷത്തിന്റെ സംഘഗാനം കേട്ടുണർന്നതാണീ നാടിന്റെ സംസ്കൃതി.

ജൻമിത്വത്തിന്റെ കരാളഹസ്തത്തിൽ ചെറുകിട കർഷകരും തൊഴിലാളികളും അന്യായപിരിവിന്റെയും പാട്ടത്തിന്റെയും ബലിയാടുകളായി നിരന്തരം ചൂഷണം ചെയ്യപ്പെട്ടു. കൊടിയ മർദ്ദനത്തിന്റെയും അരുതായ്മകളുടെ ആഘോഷത്തിന്റെയും നാളുകൾ ചൂഷണത്തിൽ നിന്ന് മുക്തിനേടാൻ ആളുകൾ സംഘടിച്ചു.

കോലത്തിരി രാജകുടുംബവുമായി ബന്ധമുള്ള നീലേശ്വരം കോവിലകത്തിന്റെ കീഴിലായിരുന്നു അന്നീ പ്രദേശം. അതുകൂടാതെ താഴെക്കാട്ടു മന തുടങ്ങിയ ജൻമികുടുംബത്തിന്റെ അധികാരമുണ്ടായിരുന്നു. അന്യോന്യ മത്സരങ്ങൾ നിർത്തി കർഷകർക്കെതിരെ ജൻമിമാരും ജാഗരൂകരായി.

ജൻമിത്വത്തിനെതിരെ മാത്രമല്ല സാമ്രാജ്യത്വത്തിനെതിരേയും സമരാഹ്വാനങ്ങൾ മുഴങ്ങിയപ്പോൾ ഭരണകൂടം കൊടിയ മർദ്ദനങ്ങൾ അഴിച്ചുവിട്ടു. അപ്പു, ചിരുകണ്ടൻ, അബൂബക്കർ, കുഞ്ഞമ്പു നായർ തുടങ്ങിയ കയ്യൂരിന്റെ വീര പുത്രൻമാരുടെ ബലിദാനമായിരുന്നു അതിനന്ത്യമെങ്കിലും കയ്യൂർ മാത്രമല്ല കേരളവും ഇന്ത്യയുമാകെ മഹത്തായ മാറ്റത്തിന്റെ സുവർണ്ണഗിരിയിലേക്ക് കുതിക്കുകയായിരുന്നു. സാമ്രാജ്യത്വത്തിന്റെ കീഴടങ്ങൽ ഇന്ത്യയിൽ ത്രിവർണ്ണ പതാകയുയർത്തിയപ്പോൾ ജൻമിത്വത്തിന്റെ ശിരസ്സറുക്കാൻ ആ വീര പുത്രൻമാരുടെ പിൻമുറക്കാർക്ക് കഴിഞ്ഞു.

ഈ ചെറുത്തു നിൽപ്പിന്റെ സ്വാധീനം കയ്യൂർ-ചീമേനി പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതാവസ്ഥയെ-സംസ്കാരത്തെ-പരിപക്വമായി വളർത്തിയെടുക്കുന്നതിൽ ഏറെ പങ്കുവഹിച്ചു. അടിമനുകത്തിന് കീഴിൽ മുതുകൊടിഞ്ഞു കരിക്കാടി കഴിച്ച് ഏറാൻ മൂളി നടന്നവൻ നടുനിവരത്തി അവകാശബോധമുള്ളവനായി നെഞ്ചുയർത്തിനിന്ന ചരിത്രം വിലയിരുത്താതെ ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രം വിലയിരുത്താനാകില്ല.

പരിമിതമായ വിദ്യാഭ്യാസ സൗകര്യം മാത്രമായിരുന്നു അക്കാലത്തുണ്ടായിരുന്നത്. പ്രാഥമിക വിദ്യാലങ്ങൾ പിന്നീട് നാമമാത്രമായുണ്ടായെങ്കിലും പതിരുമാറ്റാത്ത അഞ്ഞാഴി നെല്ലിന്റെ കൂലിക്കാർക്ക് അത് അപ്രാപ്യമായിരുന്നു.

ഉണർവ്വിന്റെ ഉത്തേജകമായി കർഷക പ്രസ്ഥാനം വളർന്നു വന്നതിന്റെ തുടർച്ചയായി ജനങ്ങളിലുണ്ടായ അറിവിനായുള്ള അഭിവാഞ്ഛ സാരത്ഥകമായി വളർത്തിയെടുക്കാൻ ബോധപൂർവ്വമായ ശ്രമം നേതാക്കളുടെ ഭാഗത്തുനിന്നുമുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭാഗമായി ലോകത്ത് സംഭവിക്കുന്ന പരിവർത്തനങ്ങളെക്കുറിച്ച് രാജ്യത്തുടനീളം കത്തിപ്പടരുന്ന സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളെക്കുറിച്ചും മണ്ണിലിഴയുന്ന നിരക്ഷരനായ സാധാരണക്കാരന് ബോധവാനാക്കാൻ പ്രഭാതം പത്രപ്രചാരണവും പാരായണവും സഹായിച്ചു. വയൽ വരമ്പിലും പീടിക തിണ്ണയിലുമിരുന്ന് അവർ പത്ര പാരായണം ശ്രദ്ധിച്ചു.

ബോധവൽക്കരണത്തിലൂന്നിയ ക്ലാസ്സുകളും പ്രസംഗങ്ങളും മാത്രമല്ല അക്കാലത്തെ സംഘടിത സമരങ്ങളുടെ ഭാഗമായിരുന്ന മുദ്രാ ഗീതങ്ങൾ പോലും സാഹിത്യസമ്പുഷ്ടമായിരുന്നു. ടി. എസ്. തിരുമുമ്പ് തുടങ്ങിയ സർഗ്ഗധനർ ചീമേനിയിടെ വിറകുതോൽ സമരങ്ങളുമായും മറ്റും ബദ്ധപ്പെട്ടെഴുതിയ മുദ്രാഗീതങ്ങൾ ഇതിനുദാഹരണമാണ്.

കയ്യൂരിന്റെ സമരാവേശം സിരകളിലാവേശിച്ച് സുപ്രസിദ്ധ കർണ്ണാടക സാഹിത്യകാരൻ നിരഞ്ജന കയ്യൂരിന്റെ ഇതിഹാസം രചിച്ചു. ചിരസ്മരണ എന്ന അനശ്വര നോവലിന്റെ പിറവി അതിന്റെ പേരിനെ അന്വർത്ഥമാക്കും വിധം ധന്യമായി. ചരിത്ര സാക്ഷിയായ കാര്യങ്കോടുപുഴക്ക് തേജസ്വനി എന്ന് പേരിട്ടത് ഈ മഹാസാഹിത്യകാരനാണ്. ഭാരതത്തിലെ വിവിധ ഭാഷകളിലേക്ക് ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടു. കർണ്ണാടകത്തിലെ സർവ്വകലാശാലകൾ ഇത് പാഠ്യവിഷയമാക്കി. കയ്യൂരിന്റെ ചരിത്രം വിവിധ തലങ്ങളിൽ ആവർത്തിച്ചെഴുതപ്പെട്ടു. സുപ്രസിദ്ധ സിനിമാ സംവിധായകർ മൃണാൾസെൻ, ജോൺ എബ്രഹാം തുടങ്ങിയവർ ഈ ഇതിഹാസം അഭ്രപാളികലാവേശിക്കാൻ ശ്രമം നടത്തി. ലെനിൻ രാജേന്ദ്രൻ മീനമാസത്തിലെ സൂര്യൻ എന്ന പേരിൽ ഈ ചരിത്രം അവലംബമാക്കി മലയാളത്തിൽ ചലചിത്രം നിർമ്മിച്ചു.

വായനശാലകളും കലാസമിതികളും കലാസമിതികളും കുറവായിരുന്നു ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച ആചാരാനുഷ്ടാനങ്ങൾ അന്നത്തെ സാംസ്കാരിക തനിമയായിരുന്നു. പള്ളിയറകളിൽ കളിയാട്ടങ്ങളും മറ്റാഘോഷങ്ങലും നടന്നിരുന്നു.

ഒരു പ്രദേശത്തെ കളിയാട്ടം ആനാടിന്റെയാകെ ഉൽസവമായി മാറുമായിരുന്നു. അമ്പലങ്ങളും പള്ളിയറകളുമുൾപ്പെട്ട മുപ്പതോളം ക്ഷേത്രങ്ങൾ അന്നീ പഞ്ചായത്തിലുണ്ടായിരുന്നു. ചീമേനി ശ്രീ വിഷ്ണുമൂർത്തി ക്ഷേത്രമാണ് ഇവയിൽ പ്രധാനം. മേടമാസം 21ാം തീയതിമുതൽ എടവമാസം 13ാം തീയതിവരെ നടക്കുന്ന ഈ ക്ഷേത്രത്തിലെ കളിയാട്ടമഹോത്സവം പണ്ടുമുതൽകുതന്നെ വടക്കേ മലബാറിൽ പ്രസിദ്ധമാണ്. മലബാറിന്റെ നാനാഭാഗത്തുനിന്നും ഭക്തജനങ്ങൾ ഇന്നും ഈ ക്ഷേത്രത്തിലെത്തുന്നുണ്ട്. എല്ലാ ദിവസവും രണ്ടു നേരം അന്നദാനം ഇവിടുത്തെ പ്രത്യേകതയാണ്.

അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആചാരങ്ങൾ, ബാധ നീക്കൽ, കൊതി ഒഴിക്കൽ, മുതലായവ ഗ്രാമീണരുടെ ഇടയിൽ ഉണ്ടായിരുന്നു.

തെയ്യം, തോറ്റംപാട്ട്, പൂരക്കളി, കോൽക്കളി തുടങ്ങിയവയായിരുന്നു ആ കാലത്ത് ഉണ്ടായിരുന്ന നാടൻ കലകൾ.

സാംസ്കാരിക മേഖല സമീപകാലത്ത് ക്രമാനുഗതമായ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ അനുരണനങ്ങൾ ഈ പഞ്ചായത്തിലും പ്രകടമാണ്.

കല

കലാ സമിതികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് അടുത്തകാലത്തുണ്ടായി. 50ൽ ഏറെ ക്ലബുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു പട്ടിക 1 കാണുക.പകുതിയോളം കലാസമിതികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. പരിമിതികൾക്കിടയിലും പ്രവർത്തനം ഏറ്റെടുക്കുവാൻതയ്യാറാകുന്നവർ താരതമ്യേന കുറവാണ്. എണ്ണത്തിലിത്രയേറെ വരുന്ന ഈ സമിതികൾ ആലസ്യം നീക്കിയുണർന്നാൽ മാത്രമേ നേട്ടങ്ങളുണ്ടാക്കാനാവൂ.

സാമ്പത്തിക പരാധീനത തന്നെയാണ് കലാസമിതികളുടെ മുഖ്യ പ്രശ്നം. കുറ്റിക്കോട് ഗ്രാമീണ കലാസമിതി, ആലന്തട്ട നിഷ തുടങ്ങിയ പഴയകാലത്ത് സജീവമായിരുന്ന സമിതികൾ പോലും ഇന്ന് വളരെ പിറകിലാണ്.

സർക്കാർ ധനസഹായം എല്ലാ സമിതികൾക്കും ലഭിക്കുന്നില്ല. കെട്ടിടം നിർമിക്കാൻ സാമ്പത്തിക വൈഷമ്യം പ്രശ്നമാകുന്നു.

കോൽക്കളി ഇന്ന് നാമാവശേഷമാകുകയാണ്. ഒരു കാലത്ത് ഗ്രാമത്തിന്റെ സന്ധ്യാ നേരത്തെ സജീവമാക്കിയ കാറ്റക്കോലിന്റെ താളവും പ്രസാദാത്മക ഗീതങ്ങളും ഇന്ന് പുതിയ തലമുറക്കന്യമാകുന്നു. താളവും ഗീതവും ചുവടുവെപ്പും സമന്വയിക്കുന്ന ഈ കലയിൽ പരിണിത പ്രജ്ഞരായ പലരും ഇന്ന് മൺമറഞ്ഞ്പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയ തലമുറക്ക് ഇത് പകർന്ന് കൊടുക്കാനുള്ള ശ്രമം നടക്കുന്നില്ല.

പ്രാദേശികമായ നാടക സംരംഭങ്ങൾ ഏറെ നടന്നിട്ടുണ്ട്. ഓലച്ചൂട്ടും പന്തലും റാന്തൽ വിളക്കും കൊളുത്തി മഹാകവി കുട്ടമത്തിന്റെ ബാലഗോപാലനും ഹരിശ്ചന്ദ്രനുമൊക്കെ അരങ്ങിലെത്തിയിരുന്നു. ഗ്യാസ് ലൈറ്റിന്റെ പ്രകാശത്തിനുകൊട്ടനവധി സാമൂഹ്യനാടകങ്ങൾ വേദിയിലെത്തിയിരുന്നു. ഇന്നത്തക്കാൾ സ്ത്രീപങ്കാളിത്തം കുറവായിരുന്ന അക്കാലത്ത് സ്ത്രീവേഷം കെട്ടിയ പുരുഷൻമാർ നിരവധിയാണ്. ആധുനിക ദീപവിതാനങ്ങളും സാങ്കേതികങ്ങളും അനുക്രമമായി വളർന്നുവന്നപ്പോഴും കലാസമിതികളുടെ വാർഷികാഘോഷത്തിന് അടുത്ത കാലം വരെ പ്രാദേശിക കലാകാരൻമാർ നാടകം അഭിനയിച്ചിരുന്നു. എന്നാൽ ഇന്ന് പ്രൊഫഷണലിസത്തിന്റെ പിടിയിലമർന്ന നാടകരംഗത്തോട് സാമ്പത്തിക പരാധീനതയിലുഴലുന്ന കലാ സമിതികൾക്ക് മത്സരിക്കാൻ കഴിയാതെയായിരിക്കുന്നു. പ്രാദേശിക കലാസമിതികളുടെ വാർഷികാഘോഷത്തിനു പോലും പ്രൊഫഷണൽ നാടകങ്ങൾ അരങ്ങു കീഴടക്കുന്നു.

ദഫ്മുട്ട് തുടങ്ങിയ മാപ്പിള കലകൾക്ക് അർഹമായ പ്രചാരവും പ്രോത്സാഹനവും ലഭിക്കേണ്ടതുണ്ട്. ഒരു സമൂഹത്തിന്റെ ആചാരവും വിശ്വാസവുമായി ബന്ധപ്പെട്ട് വളർന്നുവന്ന ഇത്തരം കലകളെ അർഹമായ വിധം സംരക്ഷിക്കേണ്ടതുണ്ട്. ഈ രംഗത്ത് നാമമാത്രമായ പരിശ്രമം മാത്രമേ കലാസ്വാദകരുടെ ഭാഗത്തുനിന്നുണ്ടായുള്ളൂ. മുസ്ലിം പള്ളികളിൽ നടത്തിവരാറുള്ള മതപ്രഭാഷണങ്ങൾ പണ്ഡിതോചിതവും ചിന്തോദീപകവുമാണ്.

തെയ്യം സംരക്ഷിക്കപ്പെടുന്ന ക്ഷേത്രകലയായി ഇന്നും പഞ്ചായത്തിലെ പള്ളിയറകളിൽ നടക്കുന്നു. പൂരക്കളി ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് സമീപകാലത്ത് കൂടുതൽ സജീവമായിട്ടുണ്ട്. മരത്തുകളി വിജ്ഞാനവും വിനോദവും കായികാഭ്യാസവും ഒത്തുചേരുന്ന കലയായി നടക്കുന്നുണ്ട്.

ഫൈൻ ആർട്സ് സൊസൈറ്റികൾ ഏകദേശം അഞ്ചുവർഷത്തോളമായി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കയ്യൂർ ഫൈൻആർട്സ് സൊസൈറ്റിയാണ് ആദ്യത്തേത്. അഞ്ചു സൊസൈറ്റികൾ ഈ രംഗത്ത് നിലവിലുണ്ട്. പ്രാദേശിക കലാകാരൻമാരുടെ പ്രോത്സാഹനത്തിന് നാമമാത്രമായിപോലും ഇവ ഉപകരിക്കുന്നില്ല. പ്രാദേശിക നാടക പ്രവർത്തകരേയോ നാടോടി കലാകാരൻമാരേയോ ഇവർ ശ്രദ്ധിക്കുന്നേയില്ല. കേവലം പ്രൊഫഷണലിസത്തിന്റെ പ്രചാരകരായി മാറിയ ഈ സ്ഥാപനങ്ങളിൽ പലതും ആരംഭത്തിൽ തന്നെ സാമ്പത്തിക നഷ്ടത്തിൽ നിലനിൽപിന്നായി പാടുപെടുന്നു. സർക്കാർ നേരിട്ടു പഞ്ചായത്തു മുഖാന്തിരം നടത്തുന്ന കേരളോത്സവങ്ങൾ സാർത്ഥകമായി സംഘടിപ്പിക്കാത്തതുകൊണ്ട് തന്നെ ഗ്രാമീണ കലാകാരൻമാർക്ക് പ്രോത്സാഹനത്തിനുതകുന്നില്ല. അവ കേവലം ചടങ്ങുതീർക്കലാകുന്നു.

സ്കൂൾ തലത്തിൽ കലാപരിശീലനം പ്രാഥമികതലം മുതൽ നൽകാനുള്ള സംവിധാനം പരിമിതമാണ്. സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക ഹൈസ്കൂളിൽ പോലും ഇന്നില്ല. പാഠ്യേതര പ്രവർത്തനങ്ങൾ ചടങ്ങു തീർക്കലാകുന്നു. സ്കൂൾ യുവജനോത്സവങ്ങൾ അതുകൊണ്ടുതന്നെ നമ്മുടേതുപോലുള്ള പഞ്ചായത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്നു. വേണ്ടത്ര പരിശീലനവും ശ്രദ്ധയും കിട്ടിയാൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് സംസ്ഥാനയുവജനോത്സവത്തിലും ജില്ലായുവജനോത്സവത്തിലും നേട്ടങ്ങൾ കൊയ്തെടുത്ത കയ്യൂർ ഗവ: ഹൈസ്കൂൾ സാക്ഷ്യപ്പെടുത്തുന്നു.

ടെലിവിഷൻ രംഗത്തോടുള്ള അമിതാസക്തി ഈ പഞ്ചായത്തിലും കണ്ടുതുടങ്ങിയിരിക്കുന്നു. ശക്തമായ ഇലക്ട്രോണിക്ക് മാധ്യമം എന്ന നിലയിൽ ഇതിനെ ഗൗരവബുദ്ധ്യാ ഉപയോഗപ്പെടുത്താൻ സർക്കാർ തലത്തിലുള്ള സെൻസറിംഗ് അത്യാവശ്യമാണ്. സ്വകാര്യ ചാനലുകളുടെ കടന്നുകയറ്റവും അനാരോഗ്യകരമായ സീരിയലുകളും നിയന്ത്രിക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. കലാസമിതികൾക്കുള്ള ഗ്രാൻറ് പഞ്ചായത്ത് മുഖാന്തിരം നൽകുക.
2. കേരളോത്സവം കൂടുതൽ ജനകീയമാക്കി വാർഡുതലം മുതൽ നടത്തുക.
3. കേരളോത്സവത്തിൽ സാഹിത്യമത്സരം ഏർപ്പെടുത്തുക.
4. പഞ്ചായത്തുതലത്തിൽ കലാസാഹിത്യ സെമിനാറുകൾ സംഘടിപ്പിക്കുക.
5. വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള പൊതു സ്വകാര്യ സ്ഥലങ്ങളിലെ ടി. വി. ഉപയോഗം നിയന്ത്രിക്കുക.
6. കലാ കായിക രംഗത്തെ പരിശീലനത്തിന് ധനസഹായം നൽകുക.
7. അശ്ലീല പോസ്റ്ററുകൾക്കും ചലച്ചിത്രങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുക.
8. നാടൻ കലകളുടെ പരിശീലനകേന്ദ്രം സ്ഥാപിക്കുക.
9. കാഞ്ഞങ്ങാട്ട് ടി.വി. നിലേകേന്ദ്രം കാര്യക്ഷമമാക്കുക.
10. മികച്ച കലാസാഹിത്യകാരൻമാർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡ് ഏർപ്പെടുത്തുക.
11. അവശകലാകാരൻമാർക്ക് പെൻഷൻ പഞ്ചായത്ത് മുഖാന്തിരം നൽകുക.
12. കലാസമിതികൾക്ക് കെട്ടിട നിർമ്മാണ ധനസഹായം പഞ്ചായത്ത് മുഖാന്തിരം നൽകുക.
13. സ്കൂൾ യുവജനോത്സവങ്ങൾക്ക് പഞ്ചായത്ത് ധനസഹായം നൽകുക.
14. ഫൈൻ ആർട്ട് സൊസൈറ്റികൾ ഏകോപിപ്പിച്ച് പ്രാദേശിക കലാകാരൻമാർക്ക് പ്രോത്സാഹന പ്രവർത്തനങ്ങൾ നൽകുക.
15. മൂന്നാം വാർഡിൽ ജി.യു.പി.എസ് മുഴക്കോം സമീപത്തും 5ാം വാർഡിൽ ജി.എച്ച്.എസ് കയ്യൂർ പരിസരത്തും സ്റ്റേജ് & ഓഡിറ്റോറിയം സ്ഥാപിക്കുക.
16. കയ്യൂർ, അരയാക്കടവ്, പൊതാവൂർ, പുലിയന്നൂർ, ചീമേനി എന്നിവിടങ്ങളിൽ സാംസ്കാരിക കേന്ദ്രം തുടങ്ങുക.

ഗ്രന്ഥാലയങ്ങൾ

ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടേയും എണ്ണത്തിൽ കാര്യമായ പുരോഗതി സമീപകാലത്തുണ്ടായെങ്കിലും അവയുടെ പ്രവർത്തന നിലവാരം തൃപ്തികരമല്ല. നിലവിലുള്ള 14

വായനശാലകളിൽ 8 വായന ശാലകളോട് അനുബന്ധമായി ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നു. മിക്കവയ്ക്കും സ്വന്തമായ കെട്ടിടമുണ്ട്. പട്ടിക 2 കാണുക. ആലന്തട്ട സി ആർ സി ഗ്രന്ഥാലയം ആൻറ് റീഡിംഗ് റൂം, എ.കെ. ജി. സ്മാരകവായനശാല ഗ്രന്ഥാലയം പാലത്തേര ഇവയാണ് പ്രധാന ഗ്രന്ഥാലയങ്ങൾ.

ആയിരത്തോളം പുസ്തകങ്ങളും സ്വന്തമായി കെട്ടിടവുമുണ്ടായിരുന്ന ചീമേനിയിലെ നവരത്ന വായനശാല പ്രാദേശികമായ അസ്വാരസ്യങ്ങൾമൂലം നാമാവശേഷമായെന്നത് പുസ്തകപ്രേമികളെ ദുഃഖിപ്പിക്കുന്നു. അത്തൂട്ടിയിലെ ജനത റീഡിംഗ് റൂം നാശത്തിൻെറ വക്കിലാണ്.

വായനശാലകളിൽ പത്രമാസികകളും, മറ്റാനുകാലികങ്ങളും നന്നെ കുറവാണ്. സാമ്പത്തിക പ്രതിസന്ധിതന്നെ മുഖ്യകാരണം. പരിമിതമായ സാധ്യതകൾ തന്നെ ഭൂരിഭാഗവും പ്രയോജനപ്പെടുത്തുന്നില്ല. വായനാശീലം ജനങ്ങളിൽ കുറഞ്ഞുവരുന്നു. ഗൗരവമുള്ള വായന വളരെ പരിമിതമാണ്. കൂടുതലും പ്രചാരം മനോരമ, മംഗളം തുടങ്ങിയ വാരികകൾക്കാണ്. ഗ്രന്ഥാലയത്തിലെ പുസ്തകങ്ങൾക്ക് വായനക്കാർ കുറവാണ്.

കയ്യൂരിലുണ്ടായിരുന്ന പഞ്ചായത്ത് വായനശാലയിലെ പഴയ പുസ്തകങ്ങൾ പലോത്ത് എ.കെ.ജി. സ്മാരക വായനശാലക്ക് കൈമാറിയിരുന്നെങ്കിലും ഭൂരിഭാഗവും നശിച്ചവയായതിനാൽ ഉപയോഗിക്കാനായില്ല

സാംസ്കാരിക കേന്ദ്രത്തിലെ ഗ്രന്ഥശേഖരവും പ്രയോജനപ്പെടുത്തുന്നത് പരിമിതം തന്നെ. ഈ കേന്ദ്രം ദിശാബോധമില്ലാതെ മുരടിച്ചു നിൽകുന്നു. നമ്മുടെ പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ചുള്ള വികസന സമിതി പ്രവർത്തനം സജീവമാക്കുന്നതിൽ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആനുകാലികങ്ങളും പുസ്തകങ്ങളും മറ്റ് സൗകര്യങ്ങളും അവർ ഉണ്ടാക്കിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. എല്ലാ വായനശാലകൾക്കും പത്രമാസികകൾ പഞ്ചായത്ത് നൽകുക.
2. മുഴുവൻ വായന ശാലകൾക്കും ഗ്രന്ഥാലയം തുടങ്ങുന്നതിന് സഹായം നൽകുക.
3. വായനശാല കുറവായ പ്രദേശത്ത് വായനശാല സ്ഥപിക്കുക.
4. വായനശാലകളിൽ റേഡിയോ, ടി.വി. ഇവ സ്ഥാപിക്കുക.
5. ഇവയ്ക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക.
6. ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കി പ്രവർത്തനം ശക്തിപ്പെടുത്തുക.
7. ഗ്രന്ഥാലയങ്ങളിൽ ബാലസാഹിത്യ പുസ്തകങ്ങൾ എത്തിക്കുക.
8. കൊളപ്രം, മുണ്ടൃ, കള്ളകൊല്ലി, വെള്ളാട്ട്, കയ്യൂർ, മീത്തൽ, ഉദയഗിരി, ആലന്തട്ട സെൻറർ, അത്തൂട്ടി, ഇടത്തിനാംകുഴി എന്നീ സ്ഥലങ്ങളിൽ വായനശാല സ്ഥപിക്കുക.
9. രാമഞ്ചിറ, അടുവേനി, പാട്യം സ്മാരക വായനശാല, ചെറിയാക്കര, മയ്യൽ, ഞണ്ടാടി, ചാനടുക്കം, കൊരയിച്ചൽ ദേശീയ വായനശാല തുടങ്ങിയ സ്ഥലങ്ങളിൽ ഗ്രന്ഥശാല സ്ഥാപിക്കുക.
10. കയ്യൂർ അഴിക്കോടൻ വായനശാല പഞ്ചായത്ത് ഏറ്റെടുക്കുക.
11. സാസ്കാരിക നിലയത്തിൽ സ്ഥിരം ലൈബ്രേറിയനെ നിയമിക്കുക.

കായികരംഗം

കൃഷിയുമായി ബന്ധപ്പെട്ടു കായികാധ്വാനത്തിലെ വിദഗ്ധർ ഏറെയുള്ള പഞ്ചായത്തിൽ കായികരംഗം പൊതുവെ ശുഷ്കമാണ്. തെങ്ങ് കയറ്റം, കമുങ്കയറ്റം, തുടങ്ങിയ തൊഴിലുകളിൽ അസൂയാവഹമായ പാടവമുള്ളവർ ഏറെയുണ്ടെങ്കിലും ഇവയൊന്നും കായിക മേഖലയുടെ നിർവ്വചനത്തിൽപ്പെടുന്നില്ല.

കബഡി, വോളിബോൾ, ഫുട്ബോൾ എന്നിവയാണ് കാര്യമായി പ്രചാരത്തിലുള്ളത്. മയ്യൽ, പൊതാവൂർ, കയ്യൂർ, ചെറിയാക്കര, ചന്ദ്രവയൽ തുടങ്ങിയ പ്രദേശങ്ങളിലായി വോളിബോൾ രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളുണ്ട്. കബഡി രംഗത്തും ജില്ലാതലത്തിൽ ശ്രദ്ധിക്കപ്പെട്ട ടീമുകൾ പഞ്ചായത്തിലുണ്ട്. ജില്ലാ തലത്തിലുള്ള വോളിബോൾ ടൂർണ്ണമെൻറുകൾ പലയിടങ്ങളിലായി വർഷത്തിലും നടക്കാറുണ്ട്.

പരിശീലനകോർട്ടിൻെറ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്. കായിക പരിശീലനം ബാല്യത്തിലെ തുടങ്ങേണ്ടതാണെങ്കിലും നിലവിലുള്ള സമീപനം അശാസ്ത്രീയമാണ്. എൽ.പി. സ്കൂളുകളിൽ കായികാധ്യാപകനെ അനുവദിക്കുന്നില്ലെന്നു മാത്രമല്ല യു.പി. സ്കൂളുകളിലെ അധ്യാപക തസ്തികകൾ വിദ്യാർത്ഥികളുടെ എണ്ണക്കുറവ് കാട്ടി ഇല്ലാതാക്കുന്നു. അത്തരം സ്കൂളുകളിലെ കായികാധ്യാപകരെ ഇന്നു മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

നിർദ്ദേശങ്ങൾ

1. കായിക മേഖലക്ക് പഞ്ചായത്ത് സഹായം നൽകുക.
2. കോച്ചിംഗ് സൗകര്യം ഉണ്ടാക്കുക.
3. സ്കൂൾതല പ്രതിഭക്ക് പഞ്ചായത്തല പരിശീലനം നൽകുക.
4. സ്കൂൾതല വിജയികളെ സംഘടിപ്പിച്ച് പഞ്ചായത്തല പരിശീലനം നൽകുക.
5. എല്ലാ വിദ്യാലയങ്ങളിലും കായികാധ്യാപകനെ നിയമിക്കുക.
6. തൊഴിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.
7. ക്ലായിക്കോട് ഉദയക്ലബ് പരിസരം, അഡൂമോൻ, കയ്യൂർ ഉദയഗിരി, പള്ളിപ്പാറ, പട്ടോളി, പുല്ലാഞ്ഞിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ സ്റ്റേഡിയം ഉണ്ടാക്കുക.

മറ്റ് നിർദ്ദേശങ്ങൾ

1. ഗിട്ടുകളി, വ്യാജവാറ്റ്, മദ്യപാനം എന്നിവക്കെതിരെ കർമ്മസമിതി രൂപീകരിക്കുക.
2. എല്ലാ വാർഡിലും പൊതുശൗചാലം നിർമ്മിക്കുക.
3. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുക.
4. 23ാം വാർഡിൽ കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.
5. മുൻ പഞ്ചായത്ത് പ്രസിഡണ്ട് ടി.കെ.സി ക്ക് സ്മാരകം പണിയുക.
6. ഉദയഗിരിയിൽ ഓഡിറ്റോറിയം സ്ഥാപിക്കുക.
7. നാലുകുന്നു കോളനിയിലെ കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരിച്ച് ഉൽഘാടനം നടത്തുക.
8. ചീമേനിയിൽ കല്ല്യാണമണ്ഡപം സ്ഥാപിക്കുക.

പട്ടിക 2

ഗ്രന്ഥാലയങ്ങൾ & വായന ശാലകൾ

	പേര്	സ്ഥലം	വാർഡ്	കെടിടം	പുസ്തകം	പത്രം/ആനുകാലികം
1.	ടി. കെ. സി സ്മാരക വായനശാല & ഗ്രന്ഥാലയം	കൽനട	I	ഉണ്ട്	പരിമിതം	ദിനപത്രങ്ങൾ
2.	ദേശീയ വായലശാല	കൊരയിച്ചാൽ		ഉണ്ട്	ഇല്ല	ദിനപത്രങ്ങൾ
3.	എൻ. എസ്. പരമേശ്വരി സ്മാരക വായനശാല	നാലിലാം കണ്ടം		ഉണ്ട്	ഇല്ല	ദിനപത്രങ്ങൾ
4.	ഏ. കെ. ജി. സ്മാരക വായനശാല & ഗ്രന്ഥാലയം	പാലത്തേ	II	ഉണ്ട്	3000ൽഅധികം	ദിനപത്രം ആനുകാലികം
5.	ടി. കെ. സി സ്മാരക പൊതുജന വായനശാല	പട്ടോട്		ഉണ്ട്	ഇല്ല	ദിനപത്രം ആനുകാലികം
6.	മുഴക്കോം കിഴക്കേക്കര വായനശാല	മുഴക്കോം		ഉണ്ട്		ദിനപത്രങ്ങൾ
7.	ക്ലായിക്കോട് വായനശാല	ക്ലായിക്കോട്	III	ഉണ്ട്	ഇല്ല	ദിനപത്രങ്ങൾ
8.	പാട്യം സ്മാരക വായനശാല	അടുവേനി	IV	ഉണ്ട്	ഇല്ല	ദിനപത്രങ്ങൾ
9.	അഴിക്കോടൻ സ്മാരകം	കയ്യൂർ		ഉണ്ട്	1000ൽ അധി	ദിനപത്രം ആനുകാലികം
10.	അഴിക്കോടൻ സ്മാരക വായനശാല	ഇക്കോട്		ഉണ്ട്		ദിനപത്രങ്ങൾ
11.	സി. ആർ. സി. വായനശാല & ഗ്രന്ഥാലയം	ആലന്തട്ട	V	ഉണ്ട്	3000	ദിനപത്രം ആനുകാലികം
12.	ഏ. കെ. ജി. വായനശാല	പലോത്ത്		ഉണ്ട്	ഇല്ല	ദിനപത്രങ്ങൾ
13.	ടി. വി. സ്മാരക വായനശാല & ഗ്രന്ഥാലയം	പൊതാവൂർ	VII	ഉണ്ട്		ദിനപത്രങ്ങൾ
14.	ഏ. കെ. ജി. വായനശാല & ഗ്രന്ഥാലയം	കുണ്ടൃം	VIII	ഉണ്ട്		ദിനപത്രങ്ങൾ
15.	സി. എച്ച് മുഹമ്മദ് കോയ സ്മാരക വായനശാല	പോത്താം കണ്ടം		ഉണ്ട്		ദിനപത്രങ്ങൾ
16.	ദേശാഭിമാനി ഗ്രന്ഥാലയം	പട്ടോളി	IX	ഉണ്ട്	400	ദിനപത്രങ്ങൾ
17.	യുവചേതന ഗ്രന്ഥാലയം	ചീമേനി		ഉണ്ട്	1000	ദിനപത്രങ്ങൾ
18.	നവരത്ന വായനശാല $	ചീമേനി		ഉണ്ട്	1000	ദിനപത്രങ്ങൾ
19.	ജനത റീഡിംഗ് റൂം $	അത്തൂട്ടി		ഉണ്ട്	1000	ദിനപത്രങ്ങൾ

$ ഇവ തകർച്ചയിലാണ്

പട്ടിക 3

മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	സ്ഥലം	വാർഡ്
ജനവിദ്യാ കേന്ദ്രം	മുഴക്കോം	III
ജനവിദ്യാ കേന്ദ്രം	നാലിലാം കണ്ടം	II
ജനവിദ്യാ കേന്ദ്രം	മയ്യൽ	VI
ജനവിദ്യാ കേന്ദ്രം	ചീമേനി കിഴക്കേക്കര	X
സാംസ്കാരിക നിലയം	മുഴക്കോം	III
കമ്മ്യൂണിറ്റി ഹാൾ	പു	VII
കയ്യൂർ ഫൈൻ ആർട്സ് സൊസൈറ്റി	കയ്യൂർ	V
ചാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റി	മുഴക്കോം	III
ചീമേനി ഫൈൻ ആർട്സ് സൊസൈറ്റി	ചീമേനി	IX
പള്ളിപ്പാറ ഫൈൻ ആർട്സ് സൊസൈറ്റി	പള്ളിപ്പാറ	IX
സ്വാതി ഫൈൻ ആർട്സ് സൊസൈറ്റി	ചീമേനി	IX

പട്ടിക 1	പേര്	സ്ഥലം	വാർഡ്	സ്വന്തമായി കെട്ടിടമുണ്ടോ
1.	വിജയ കലാസമിതി	കോട്ടുമൂല	I	
2.	ചേതന ആർട്സ് & സ്പോർട്സ് ക്ലബ്	കൽനട		കെട്ടിടമുണ്ട്
3.	ഫിനിക്സ് ആർട്ട് & സ്പോർട്സ് ക്ലബ്	ആശാരിമൂല		കെട്ടിടമുണ്ട്
4.	യുവജന സമിതി	മനതടം		
5.	നിത്യാനന്ദ കലാകേന്ദ്രം	ആശാരിമൂല		കെട്ടിടമുണ്ട്
6.	കുതിരംചാൽ യുവശക്തി	കുതിരംചാൽ		കെട്ടിടമുണ്ട്
7.	സി. പി. കൃഷ്ണൻനായർ ആർട്സ് & സ്പോർട്സ് ക്ലബ്	ചെമ്പ്രകാനം		ഇല്ല
8.	ഉദയ ആർട്സ് ക്ലബ്	നൂഞ്ഞ		ഉണ്ട്
9.	ചേതന ആർട്സ് & സ്പോർട്സ് ക്ലബ്	തച്ചണംപൊയിൽ		ഇല്ല
10.	ദേശസേവിനി മഹിളാ സമാജം	കൊരയിച്ചാൽ		ഉണ്ട്
11.	ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്	നാലിലാം കണ്ടം		
12.	റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്	പാലത്തേര	II	ഇല്ല
13.	ടി. കെ. സി. സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്	പാലത്തേര		ഉണ്ട്
14.	ഏ. കെ. ജി ആർട്സ് & സ്പോർട്സ് ക്ലബ്.	പട്ടോട്		ഉണ്ട്
15.	കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്	മുണ്ടയ്ത്താൽ		ഉണ്ട്
16.	ഏ. വി. സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്	മുണ്ട		ഉണ്ട്
17.	നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്	രാമഞ്ചിറ	III	ഉണ്ട്
18.	റോയൽ ആർട്സ് & സ്പോർട്സ് ക്ലബ്	കയനി മൂല		ഉണ്ട്
19.	റെഡ്സ്റ്റാർ ക്ലബ്	മുഴക്കോം		ഇല്ല
20.	ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്	മുഴക്കോം		ഉണ്ട്
21	ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്	ക്ലായിക്കോട്		ഇല്ല
22.	യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്	വെള്ളാട്ട്		ഉണ്ട്
23.	ഭഗത്സിംഹ് ആർട്സ് & സ്പോർട്സ് ക്ലബ്	മുഴക്കോം		ഇല്ല
24.	റെഡ് സ്റ്റാർ	കൂക്കോട്ട്	IV	ഉണ്ട്
25.	റെഡ് സ്റ്റാർ	പുറ്റക്കാട്		ഇല്ല
26.	ജനശക്തി	വടക്കെക്കര		ഇല്ല
27.	പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്	പലോത്ത്	V	ഇല്ല
28.	ജനശക്തി സാംസ്കാരിക വേദി	ആലന്തട്ട		ഇല്ല
29.	നിഷ ആർട്സ് & സ്പോർട്സ് ക്ലബ്	ആലന്തട്ട		ഇല്ല
30.	രക്തസാക്ഷി ആർട്സ് & സ്പോർട്സ് ക്ലബ്	കയ്യൂർ		ഉണ്ട്
31.	ദേശാഭിമാനി	പൊതാവൂർ	VI	ഉണ്ട്
32.	പ്രഭാത്	ഞണ്ടാടി		ഉണ്ട്
33.	റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്	ചെറിയാക്കര		ഇല്ല
34.	നെഹ്റു ആർട്സ് & സ്പോർട്ട് ക്ലബ്	പൊതാവൂർ	VII	ഇല്ല
35.	ഏ. കെ. ജി ആർട്സ് & സ്പോർട്സ് ക്ലബ്	അള്ളറാട്ട്		ഉണ്ട്
36.	ഏ. കെ. ജിആർട്സ് & സ്പോർട്സ് ക്ലബ്	പുലിയന്നൂർ		ഉണ്ട്
37.	അഴീക്കോടൻ ആർട്സ് & സ്പോർട്ട് ക്ലബ്	ചന്ദ്രവയൽ		ഉണ്ട്
38.	യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്	പെരിങ്ങാര		ഉണ്ട്
39.	പാട്യം സ്മാരക ആർട്സ് & സ്പോർട്ട് ക്ലബ്	കള്ളപ്പ്രാന്തി		
40.	പുലിയന്നൂർ കലാസമിതി	പുലിയന്നൂർ		
41.	ഏ. കെ. ജി സ്പോർട്സ് ക്ലബ്	കുണ്ടൃം	VIII	ഉണ്ട്
42.	യുവജന കലാസമിതി	ചിരിയളം		ഉണ്ട്
43.	ദേശാഭിമാനി ആർട്സ് & സ്പോർട്ട് ക്ലബ്	ചെരുവപ്പാടി		ഉണ്ട്
44.	സഹൃദയ ആർട്സ് & സ്പോർട്ട് ക്ലബ്	അത്തൂടി		ഇല്ല
45.	ദർശന ആർട്സ് & സ്പോർട്ട് ക്ലബ്	കുഞ്ഞമൺ		ഇല്ല
46.	റെഡ്സ്റ്റാർ ആർട്ട് & സ്പോർട്ട് ക്ലബ്	കരക്കാട്		ഉണ്ട്
47.	റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്	പട്ടോളി	IX	ഉണ്ട
48.	സഹൃദയ ആർട്സ് & സ്പോർട്ട് ക്ലബ്	അത്തൂട്ടി		ഇല്ല
49	ഭാവന തുറവ്	തുറവ്		ഉണ്ട്
50.	റെഡ് സ്റ്റാർ കാരിയാപ്പു	ചീമേനി		ഉണ്ട്
51.	ചൈതന്യ കിഴക്കെക്കാറ	ചീമേനി		ഉണ്ട്
52.	യുവചേതന	ചീമേനി		ഉണ്ട്
53.	റെഡ് സ്റ്റാർ ആർട്സ് & സ്പോർട്ട് ക്ലബ്	നിടുമ്പ പള്ളുവക്കോട്	X	ഉണ്ട്
54	ഉദയ ആർട്സ് & സ്പോർട്ട് ക്ലബ്	പിലാത്തോളി		ഉണ്ട്
55.	ദേശാഭിമാനി ആർട്ട് & സ്പോർട്ട് ക്ലബ്	പൊതാവൂർ		ഉണ്ട്
56.	രക്തസാക്ഷി ആർട്സ് & സ്പോർട്ട് ക്ലബ്	ചീമേനി		ഇല്ല

വനിത

തുളുനാടൻ കളരിയിൽ, അരയിൽ കച്ചമുറുക്കി പടക്കളത്തിൽ മിന്നൽപിണർ പോലെ പറന്ന് വീണ ഉണ്ണിയാർച്ചയുടേയും, മതിലേരികന്നിയുടേയും കഥ, ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ എഴുതിചേർത്ത അധ്യായങ്ങളാണ്. സ്ത്രീ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു എന്ന് മനു പറഞ്ഞപ്പോഴും മനസ്സ് പതറാതെ ദേശീയ സ്വാതന്ത്ര്യസമരത്തിലും നവോത്ഥാന പ്രസ്ഥാനങ്ങളിലും കൈ, മെയ്മറന്ന മഹതികളായ വനിതകളെ സ്മരിക്കേണ്ടതുണ്ട്.

അടുക്കളയുടെ അകത്തളങ്ങളിൽ തീയും, പുകയും കൊണ്ട് ജീവിതം ഹോമിക്കാൻ വിധിക്കപ്പെട്ട സ്ത്രീ, അബലകളെന്നും ചപലകളെന്നും വിളിക്കപ്പെട്ട് സർഗ്ഗ ശക്തിയെ കൂച്ചുവിലങ്ങിട്ട സ്ത്രീ, അവൾ ലോകമാനവികതയുടെ കുടുംബ സംസ്കാരത്തിന് അടിത്തറയിട്ടവളാണ്.

സ്വാതന്ത്ര്യലബ്ദിക്ക് മുമ്പുനടന്ന ദേശീയപ്രസ്ഥാനത്തിൽ കയ്യൂർ-ചീമേനി പഞ്ചായത്തിലെ വനിതകൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 1946 വർഷങ്ങളിൽ ചീമേനിയിലെ കൊട്ടുകാപ്പള്ളി എസ്റ്റേറ്റിൽ നടന്ന വിറകുതോൽ സമരം, സമരചരിത്രത്തിൽ തന്നെ ഇത്രത്തോളം വനിതകൾ പങ്കെടുത്തു നടത്തിയ സമരം വേറെയില്ല. വിറകും, തോലും ശേഖരിച്ച് ഉപജീവനം നടത്തുന്നവരുടെ കേവലം അവകാശ സമരം മാത്രമായിരുന്നില്ല ഇത്. മരിച്ച് വനവും, മനുഷ്യനും തമ്മിലുള്ള നൈസർഗ്ഗീക ബന്ധത്തിന്റെ വികാരപ്രകടനം കൂടിയായിരുന്നു. വനവും വനോൽപന്നങ്ങളും കൃഷിയേയും, മനുഷ്യജീവിതത്തേയും എത്രമേൽ സഹായിക്കുന്നുവെന്നും ആ മമതാബന്ധത്തെ ജന്മിത്വവും, അധികാരി വർഗ്ഗവും ചേർന്ന് വേലികെട്ടി കാവൽനിർത്തിയകറ്റാൻ ശ്രമിച്ചപ്പോൾ ഒരു കൊടുങ്കാറ്റായി മാറിയ സമരാവേശത്തിന് കരുത്തേകിയത് ഇരുന്നൂറിലേറെ വരുന്ന ഈ പഞ്ചായത്തിലെ സാധാരണ വനിതകളായിരുന്നു. പ്രസ്തുത സമരത്തെ അടിച്ചമർത്താനും നേതാക്കളെ അറസ്റ്റ് ചെയ്യാനും വന്ന സായുധരായ പോലീസുകാർ പോലും ഈ സ്ത്രീത്വത്തിന്റെ ആത്മധൈര്യത്തിന് മുന്നിൽ മടങ്ങിപ്പോയി. ഇതിൽ നിന്നും സ്ത്രീ സംഘടിതശക്തിക്കു മുന്നിൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളായ ബ്രിട്ടീഷുകാർ പോലും പതറി എന്നത് ഈ പഞ്ചായത്തിലെ ജനവിഭാഗത്തിന് അഭിമാനിക്കാവുന്ന വസ്തുതയാണ്.

തുടർന്ന് നടന്ന വർഗ്ഗബഹുജന സംഘടനാ പ്രവർത്തനങ്ങളിലും, സാംസ്കാരിക പ്രവർത്തനങ്ങളിലും വനിതകൾ നടത്തിയ പ്രവർത്തനവും ശ്ലാഘനീയമാണ്. എങ്കിലും പുരുഷമേധാവിത്വത്തിന്റെ കൂച്ചുവിലങ്ങിൽ അടിമപ്പെട്ട സ്ത്രീകളും ഏറെയുണ്ട്. സ്ത്രീ അമ്മയെന്നും, സഹോദരിയെന്നും, ഭാര്യയെന്നും, സർവ്വോപരി ശാന്തിയുടേയും, സമാധാനത്തിന്റെയും സ്രോതസ്സെന്നുമൊക്കെ ഉദ്ഘോഷിക്കുമ്പോഴാണത്രെ സമൂഹംതന്നെ അറ ടിമയെപോലെ വിഴുപ്പലക്കാൻ വിധിക്കപ്പെട്ടവളായി പാ കജീവിതത്തിൽ നിലനിൽക്കാൻ ശ്രമിക്കുന്നത്.

കയ്യൂർ-ചീമേനി പഞ്ചായത്തിലെ സ്വാതന്ത്ര്യലബ്ദിക്കു ശേഷം നടന്ന സർവ്വതോൻമുഖമായ വികസന പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഏറെയാണ്. ലോകജനസംഖ്യയുടെ പകുതിയോളം വരുന്ന വനിതകളാണ്, ലോകത്താകമാനമുള്ള മനുഷ്യ പ്രയത്നത്തിന്റെ മൂന്നിൽ രണ്ടുഭാഗം സംഭാവന ചെയ്തതെന്ന് ചരിത്രപരമായ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതേ സമയം ലോകസമ്പ ത്തിന്റെ 1% നു താഴെയും, ലോകശതമാനത്തിന്റെ $^1/_{10}$ ഭാഗത്തിനും മാത്രമാണ് സ്ത്രീകൾക്ക് അവകാശപ്പെട്ടിരിക്കുന്ന് എന്ന യാഥാർത്ഥ്യവും പഠനങ്ങൾ വെളിപ്പെടുത്തുന്നു.

1991-ലെ സെൻസസ് പ്രകാരം 4287 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 72.70 ചതുരശ്ര കിലോമീറ്റർ ചുറ്റളവുള്ള ഈ പഞ്ചായത്തിലെ മൊത്തം 20976 ജനസംഖ്യയിൽ 10025 വനിതകളാണ്. ഇവരുടെ തൊഴിൽ മേഖല എടുത്ത് പരിശോധിച്ചാൽ പുരുഷതൊഴിലാളികൾ 62.85% വരുമ്പോൾ സ്ത്രീ തൊഴിലാളികൾ 37.5% മാത്രമാണ്.

പട്ടിക നോക്കുക.

തൊഴിൽ പങ്കാളിത്തം -

തൊഴിൽ	പുരുഷൻ	സ്ത്രീ	ആകെ
കർഷകർ	819	337	
കർഷകത്തൊഴിലാളി	1593	1276	
മൃഗസംരക്ഷണം, മത്സ്യ ബന്ധനം, തോട്ടത്തൊഴിൽ	146	106	
ഖനനം	308	176	
കുടിൽ വ്യവസായം	15	5	
മറ്റ് വ്യവസായങ്ങൾ	340	528	
കെട്ടിട നിർമാണം	108	2	
വ്യാപാരം	392	9	
ഗതാഗതം-വാർത്താ വിനിമയം	183	8	
ആകെ			

അവലംബം സെൻസസ് 1991

കർഷകത്തൊഴിലാളികൾ, കരിങ്കൽത്തൊഴിലാളികൾ, ഖാദിനൂൽപ്പ്, വസ്ത്രനിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. ബീഡി മേഖലയിൽ സഹകരണ സംഘങ്ങളിലും, പ്രൈവറ്റ് മേഖലയിലും സ്ത്രീകളുടെ എണ്ണം കൂടി വരുന്നതായുണ്ട്. എന്നാൽ കാർഷിക മേഖലയിലുള്ള ആഭിമുഖ്യം കുറഞ്ഞ് വരുന്ന അവസ്ഥ ഇന്നുണ്ട്. നൂതന കാർഷിക മേഖലയിലേക്ക് ഈ വിഭാഗങ്ങളെ ആകർഷിക്കാനുള്ള ബോധവൽക്കരണം ഉണ്ടാവേണ്ടത് ആവശ്യമാണ്. 1991 -ലെ സെൻസസ് പ്രകാരം കെട്ടിട നിർമ്മാണ തൊഴിൽ രംഗത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീ ജനവിഭാഗങ്ങൾ തുലോം കുറവായിരുന്നു എങ്കിൽ ഇന്ന് ഈ വിഭാഗത്തിലെ ജനങ്ങളെ ഏറ്റവും ആകർഷിക്കുന്ന തൊഴിൽ മേഖല ഇതാണ്. ഇതിന് കാരണമായി പറയാനുള്ളത് സാമ്പത്തിക മെച്ചം തന്നെയാണ്. ഇതുപോലെ ഖാദി മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ വേതനവും വളരെ തുച്ഛമാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി സർക്കാർ ഏജൻസികൾ DWCRA മുഖാന്തിരം നടത്തുന്ന മൂന്ന് യൂണിറ്റുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. കുായിക്കോട് വില്ലേജിൽ 10 സ്ത്രീകൾ മെമ്പറായി ഒരു ഡയറി യൂണിറ്റും, കയ്യൂർ വില്ലേജിൽ 12 സ്ത്രീകളുള്ള കരിങ്കൽ ജില്ലി നിർമ്മാണ യൂണിറ്റും, ചീമേനി വില്ലേജിൽ 15 അംഗങ്ങളുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ ആകെ 37 വനിതകൾ ഈ മൂന്നു യൂണിറ്റുകളിലായി പ്രവർത്തിക്കുന്നു. സ്ത്രീകളുടേയും, കുട്ടികളുടേയും സാമ്പത്തിക ഉന്നമനമാണ് ഇതിന്റെ ലക്ഷ്യം.

പണ്ട്കാലത്ത് സ്ത്രീവിദ്യാഭ്യാസത്തിന് വേണ്ട രീതിയിൽ പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. അതിന് പലകാരണങ്ങളുണ്ട്. സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ അവരുടെ ഉപജീവനത്തിനായി ജോലിക്ക് പോകുമ്പോൾ പെൺകുട്ടികളെ വീട്ടുകാവൽകാരായും, ചെറിയകുട്ടികളെ സംരക്ഷിക്കാനുള്ള ചുമതല ഏൽപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു അത് കൊണ്ട് തന്നെ സ്ത്രീ സാക്ഷരതാനിരക്ക് പുരുഷൻമാരുമായി താരതമ്യം ചെയ്യുമ്പോൾ

വളരെ കുറവാണെന്നുകാണാം. ക്രമേണ വിദ്യാഭ്യാസത്തിന്റെ ആവശ്യകതാബോധവും സ്ത്രീകൾ സമൂഹത്തിൽ വഹിക്കേണ്ട പങ്കിനെകുറിച്ചും ബോധവാൻമാരായി. ഈ പശ്ചാത്തലത്തിൽ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം സാക്ഷരതാ ക്ലാസുകളിലൂടെ 99% സ്ത്രീകളും സാക്ഷരത കൈവരിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിൽ നിലവിലുള്ള 14 വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ കണക്ക് പരിശോധിക്കുമ്പോൾ മൊത്തം 4054ൽ 1995 പെൺകുട്ടികളാണുള്ളത്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ 49.2 ആണ്. ഇങ്ങനെയാണെങ്കിൽ പോലും ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം കുറവായി കാണുന്നില്ല. സ്ത്രീകളുടെ സാക്ഷരതാനിരക്ക് എടുത്ത് പരിശോധിച്ചാൽ 1991-ലെ സെൻസസ് പ്രകാരം 8234 പുരുഷൻമാരും 7896 സ്ത്രീകളുമുണ്ട്. ഇതിൽ 99% സ്ത്രീകളും സാക്ഷരരാണെന്ന് കാണുന്നു. പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന സാമൂഹ്യ സാമ്പത്തിക സർവ്വേ, വിഭവ ഭൂപട സർവേ തുടങ്ങി മറ്റെല്ലാ സന്നദ്ധസംഘടനാ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം സജീവമാണ്.

വില്ലേജ്	വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം
കയ്യൂർ	22
ക്ലായിക്കോട്	18
തിമിരി	16
ചീമേനി	44

പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ സ്ഥിതി വിവരം നോക്കുമ്പോൾ 8% സ്ത്രീകൾ ഭരണം ഏറ്റെടുത്ത് നടത്തുന്ന കുടുംബങ്ങളാണ്. സമഗ്ര മാതൃശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒരു ബാലവാടിയുണ്ട്. തിമിരി ദേശസേവിനി മഹിളാ സമാജത്തിന്റെ കീഴിലാണ് ബാലവാടി പ്രവർത്തിക്കുന്നത് ഇതിന് പഞ്ചായത്ത് മുഖേന കെട്ടിടം പണിതിട്ടുണ്ട്. കൂടാതെ പള്ളിപ്പാറയിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ശിശു മന്ദിരവും ഉണ്ട്.

വനിതകളുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് പഞ്ചായത്തിൽ ക്ലബുകളും, വായനശാലകളും ഉണ്ടെങ്കിലും അവ പ്രയോജനപ്പെടുത്താൻ സ്ത്രീകൾ താൽപ്പര്യപ്പെടുന്നില്ല.

പ്രശ്നങ്ങൾ

DWCRA യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ അവിടെ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ലഭിക്കാത്ത അവസ്ഥ ഉണ്ട്.

തൊഴിൽശാലകളിൽ ജോലി ചെയ്യുന്നസ്ത്രീകൾക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിനുള്ള സംവിധാനമില്ല.

സ്ത്രീകളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കുടുംബപരമായ പരാധീനത മൂലവും, ജോലിഭാരകൂടുതൽ കൊണ്ടും സാധിക്കുന്നില്ല.

ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കാനുള്ള സാഹചര്യം ഉണ്ടെങ്കിലും ഇത് വേണ്ട രീതിയിൽ പ്രയോഗപ്പെടുത്താൻ കഴിയുന്നില്ല.

ആരോഗ്യകേന്ദ്രങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നത് സ്ത്രീകളുടെ ആരോഗ്യനില പുരുഷൻമാരെക്കാൾ മെച്ചപ്പെട്ടതാണെന്നാണ്.

മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

പിഞ്ചുകുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ പരപാടികൾ ഇല്ല.

ഖാദിമേഖലയിലും, സഹകാര്യ ബീഡിമേഖലയിലും വേതനം തുച്ഛമാണ്.

സഹകാര്യ ബീഡി മേഖലയിൽ മുഴുവൻ ദിവസവും ജോലി ലഭിക്കുന്നില്ല.

സ്ത്രീകൾ ഏറ്റെടുത്ത് നടത്തുന്ന DWCRA യൂണിറ്റുകൾ തുടങ്ങാൻ ഈ വിഭാഗം മുന്നോട്ട് വരാൻ മടിക്കുന്നു. ഇതിനു കാരണങ്ങളായി വായ്പയെടുക്കുന്നതിനുള്ള ആശങ്ക, കൂട്ടായ്മയിലുള്ള അപകത, വിപണനത്തിനുള്ള സാധ്യതക്കുറവ് എന്നിങ്ങനെ ചൂണ്ടിക്കാട്ടാവുന്നതാണ്.

പുരുഷൻമാരുടെ മദ്യപാനം, ചൂതാട്ടം തുടങ്ങിയവ കുടുംബാന്തരീക്ഷം ഒരു പരിധിവരെ തകരാൻ ഇടയാകുന്നു.

സ്ത്രീധനത്തിന്റെ പേരിൽ ബുദ്ധിമുട്ടനുഭവപ്പെടുന്ന കുടുംബങ്ങളാണ്.

സാധ്യതകൾ

തൊഴിലാളികളെ സ്വന്തം അവകാശത്തെപ്പറ്റിയും, കടമകളെപ്പറ്റിയും ബോധവാൻമാരാകുന്നതിനും, അന്ധവിശ്വാസങ്ങൾക്കെതിരെ പ്രചാരണം നടത്തുന്നതിനും മഹിളാസമാജങ്ങളേയും, പ്രാദേശിക ക്ലബുകളേയും സജ്ജരാക്കുക.

മിതവ്യയം ശീലിപ്പിക്കുന്നതിനും, സമ്പാദ്യശീലം വളർത്തുന്നതിനും സ്ത്രീകളെ ബോധവൽക്കരിക്കുക.

സ്ത്രീധനം അനാവശ്യ ആഡംബരങ്ങൾ തുടങ്ങിയവയ്ക്കെതിരെ പ്രചാരണം നടത്തി ലളിത ജീവിതം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

അടിസ്ഥാന നിയമങ്ങളെപ്പറ്റി അറിവ് നൽകി വ്യക്തിഗത സുരക്ഷതത്വം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.

കഠിനാധ്വാനം ചെയ്യുന്ന സ്ത്രീകൾക്ക് ആരോഗ്യപരമായ കാരണങ്ങളാലുണ്ടാകുന്ന വിഷമതകൾ നേരിടുന്നതിന് ആരോഗ്യകേന്ദ്രങ്ങൾ മുഖേന പോഷകാഹാരങ്ങൾ വിതരണം ചെയ്യുക.

ഗർഭിണികൾക്കും, അമ്മമാർക്കും ആരോഗ്യവകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ യഥാസമയം വീടുകളിലേക്ക് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

കാർഷികമേഖലയിലെ സ്ത്രീ തൊഴിലാളികൾക്കും പുരുഷതൊഴിലാളികൾക്കും തുല്യവേതനം നടപ്പിലാക്കുക.

കഠിനാധ്വാനം ചെയ്യാൻ കഴിയാത്ത വനിതകൾക്ക് സ്വയം തൊഴിലിൽ കണ്ടെത്താൻ പദ്ധതി ആസൂത്രണം ചെയ്യുക.

ടൈപ്പ്റൈറ്റിംഗ് പാസ്സായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കണം.

മഹിളാസമാജത്തിന്റെ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.

കുടിൽ വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.

പിഞ്ചുകുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി എല്ലാ വാർഡിലും ബാലവാടികൾ നിർമ്മിക്കണം.

എല്ലാ വാർഡിലും ക്രഷ് സ്ഥാപിക്കണം കുടുംബിനികളായ സ്ത്രീകളക്ക് പെൻഷൻ നൽകുക. അവരുടേതായ കുറ്റം കൊണ്ടല്ലാതെ

വിവാഹം കഴിയാത്ത ദരിദ്രയുവതികൾക്ക് നിശ്ചിതപ്രായം കഴിയുമ്പോൾ സാമ്പത്തിക സഹായം നൽകുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുക.

സമൂഹ വിവാഹം ജാതിമതഭേദമന്യേ പഞ്ചായത്ത് തലത്തിൽ നടത്തണം.

സ്ത്രീകൾക്ക് ജോലിക്കായി 50% സംവരണം ഏർപ്പെടുത്തണം

സമ്പാദ്യശീലം വളർത്തുന്നതിനുള്ള ബോധവൽക്കരണം വേണം.

എല്ലാ പ്രൈമറി സ്കൂളിനോടനുബന്ധിച്ചും പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കണം.

സാമൂഹ്യ പ്രവർത്തനങ്ങളിൽ മുൻകയ്യെടുക്കാൻ സ്ത്രീകളെ ബോധവൽക്കരിക്കണം.

സ്ത്രീകൾക്ക് സൗകര്യപ്രദമായ സമയത്തും, സ്ഥലത്തും മീറ്റിംഗ് ചേരുന്നത് കൊണ്ട് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ ഒരു പരിധിവരെ സാധിക്കും.

പുരുഷൻമാരില്ലാത്തതും, സ്ത്രീകൾ സ്വയം ഏറ്റെടുത്തു നടത്തുന്നതുമായ കുടുംബങ്ങൾക്ക് സംരക്ഷണം ഏർപ്പെടുത്തണം.

ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം ബോധവൽക്കരണത്തിലൂടെ ഉറപ്പ് വരുത്തുക.

പോഷകാഹാരം ചിലവ് കുറഞ്ഞ രീതിയിൽ കണ്ടെത്തുന്നതിനുള്ള മാർഗങ്ങൾ ആരായുക.

കശുവണ്ടി, പഴം, പച്ചക്കറി, കൊപ്ര, എന്നിവ സംബന്ധിച്ച് വിപണനം നടത്തുന്നതിനുള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ച് വനിതകൾക്ക് പ്രത്യേക തൊഴിലവസരം ലഭ്യമാക്കണം.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വനിതകൾക്ക് വേണ്ട എല്ലാ മരുന്നുകളും എത്തിക്കണം.

പഞ്ചായത്തിൽ ഒരു വനിതാ കോളേജ് സ്ഥാപിക്കണം.

വിവാഹമോചന കേസുകളിൽ പരിഹാരം കാണുന്നതിന് പഞ്ചായത്ത് തലത്തിൽ അധികാരം ഉണ്ടായിരിക്കണം. അശ്ലീല പോസ്റ്ററുകളുടേയും, പരസ്യങ്ങളുടെയും കാര്യത്തിൽ ടി. വി., പത്രമാധ്യമങ്ങളിലും സെൻസർഷിപ്പ് ഏർപ്പെടുത്തണം.

പ്രസവാവധി 3 മാസത്തിൽനിന്ന് 6 മാസമായി ഉയർത്തണം.

വനിതകൾക്ക് വ്യത്യസ്ത തൊഴിൽ മേഖലയിൽ പ്രാവീണ്യം നേടുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ പെൺകുട്ടികൾക്കും വിവാഹസഹായധനം എത്തിക്കണം. വിധവകളുടെ മക്കൾക്കുള്ള സഹായധനം വർദ്ധിപ്പിക്കണം.

എല്ലാവിധ പെൻഷനുകളും കൂടിശിക വരുത്താതെ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക

സഹകരണസംഘങ്ങൾ

തീരാകടങ്ങളുടെ ഊരാക്കുടുക്കിൽ നിന്ന് മോചനം നേടാനുള്ള കർഷക സമൂഹത്തിന്റെ ആത്മാഭിലാഷത്തിന്റെ പ്രതഫലനമായിരുന്ന സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം .പൊതു വായ്പാസംവിധാനം നിലവില്ലാതിരുന്ന പഴയ കാലത്ത് വരുമാനത്തിന്റെ ഏറിയ പങ്കും പാട്ടത്തിനും പിരിവിനും നീക്കിക്കഴിഞ്ഞാൽ നിത്യവൃത്തിക്ക് പോലും വകയില്ലാതാകുന്ന കർഷകർ കടക്കെണിയിൽനിന്നും കടക്കെണിയിലേക്ക് തള്ളപ്പെട്ടു കൊണ്ടിരിന്നു. സഹകരണ സൊസൈറ്റികളെക്കുറിച്ച് ദേശീയ തലത്തിൽ വളർന്നു വന്ന ആശയങ്ങളും നിയമവും കേരളീയ കർഷക സമൂഹത്തിൽ അധിവേഗം വേരോട്ടമുണ്ടാക്കി.

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ്തന്നെ ഈ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് തുടക്കമിട്ടു. 31.05.1947 ൽ പൊതാവൂർ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച പൊതാവൂർ വിവിധോദ്ദേശ പരസ്പര സഹായ സഹകരണസംഘമാണ് ആദ്യത്തെ സംരംഭം. ശ്രീ. കെ.കുഞ്ഞിക്കോരൻ നമ്പ്യാർ ഇതിന്റെ മുഖ്യമാർഗ്ഗ നിർദ്ദേശകനായിരുന്നു. ശ്രീ. ടി.വി. കുഞ്ഞമ്പു ഒന്നാം മെമ്പറായി രൂപീകരിക്കപ്പെട്ട സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട് ശ്രീ.എ.വി. രാമൻ, സെക്രട്ടറി ശ്രീ.കെ.കൃഷ്ണൻ മാസ്റ്റർ എന്നിവരായിരുന്നു. 17.06.1947 മുതൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിന്റെ ഡയറക്ടർമാർ സർവ്വശ്രീ കെ.വി. വെള്ളുങ്ങ, ടി.വി.ചിരുകണ്ടൻ, ഇ.വി കുഞ്ഞമ്പു പൊതുവാൾ, കടവത്തപുരയിൽ അമ്പു തുടങ്ങിയ 12 പേരായിരുന്നു. 27 അംഗങ്ങൾ മാത്രമായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നത്. 25 രൂപയായിരുന്നു പരമാവധി വായ്പ. വായ്പനിയമത്തിലെ സങ്കീർണ്ണതകൾ ഭയന്ന് കർഷകർ ആദ്യഘട്ടത്തിൽ ഈ സ്ഥാപനത്തിൽ അംഗമാകാൻ മടി കാണിച്ചു. കൃഷിക്കാരെ സംഘടിപ്പിച്ച് കൂടുതൽ ശക്തമാക്കാനുള്ള കാര്യമായ പ്രവർത്തനം നടന്നിരുന്നുവെങ്കിലും ഭീമമായ കടം കുടിശ്ശിക പ്രശ്നത്തിൽ അൽപകാലം സംഘം മരവിപ്പിനെ നേരിട്ടു. പുനരുജ്ജീവിക്കപ്പെട്ടതോടെ പ്രവർത്തനകേന്ദ്രം കയ്യൂർ സ്ഥാപകത്തിലേക്ക് മാറ്റി. ഈ സംഘത്തിന്റെ വളർച്ചയുടെ ചരിത്രം അവിടെ മുതൽ തുടങ്ങുന്നു. 12.7.1963 പൊതാവൂർ സർവ്വീസ് സഹകരണ സംഘമായി മാറ്റപ്പെട്ടതോടെ കാർഷിക വായ്പാ പ്രവർത്തനങ്ങളും അംഗത്വവും വർദ്ധിച്ചു. കയ്യൂർ ഉദ്യോഗസ്ഥരുടെയും ആസ്ഥാനം മാറ്റി പ്രവർത്തനമാരംഭിച്ചു. തുടർന്ന് 1981 ൽ കയ്യൂർ സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു.

1962 ൽ സമീപത്തെ മൂന്നു വിവിധോദ്ദേശ പരസ്പര സഹകരണസംഘം ചേർന്ന് രൂപീകരിച്ച സംഘമാണ് കാലിച്ചാനടുക്കം സർവ്വീസ് സഹകരണ സംഘം. ശ്രീ. മാധവൻ കുഞ്ഞമ്പു, ശ്രീ.ടി.കെ. ചന്തൻ എന്നിവർ യഥാക്രമം സ്ഥാപക പ്രസിഡണ്ടും സെക്രട്ടറിയുമായിരുന്നു. 1994 ൽ ഇത് കാലിച്ചാനടുക്കം സർവ്വീസ് സഹകരണ സംഘമായി മാറി. ഇന്ന് കാലിച്ചാനടുക്കം സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തിയത് ഈ സംഘമാണ്

1953 ൽ വിവിധോദ്ദേശ ഐക്യ നാണയ സംഘമെന്ന പേരിൽ ശ്രീ. എൻ നാരായണ. വാര്യരുടെ നേതൃത്വത്തിൽ കുായിക്കോട് പ്രദേശത്തും സഹകരണ സംരഭത്തിന് തുടക്കമിട്ടതോടെ കൂടുതൽ പ്രദേശത്തെ കൃഷിക്കാർക്ക് പ്രയോജനം ലഭിച്ചു. ശ്രീ. ഈശ്വരൻ നമ്പൂതിരി പ്രസിഡണ്ടായി പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന്റെ സ്ഥാപക ഡയറക്ടർമാർ ശ്രീ ടി. കുഞ്ഞമ്പു, ശ്രീ. കോളിയാടൻ കൃഷ്ണൻ നായർ തുടങ്ങിയവരായിരുന്നു. കുായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് ഈ സംരംഭത്തിന്റെ വളർച്ചയുടെ ഭാഗമാണ്

1954 ൽ തന്നെ ചീമേനിയിലും വിവിധോദ്ദേശ സഹായ സഹകരണ സംഘം രൂപീകൃതമായി. 50 അംഗങ്ങളായിരുന്നു ആദ്യമുണ്ടായിരുന്നത്. ശ്രീ. എം.വി. അമ്പാടി, ശ്രീ.കെ.ചിണ്ടൻ എന്നിവരായിരുന്നു പ്രസിഡണ്ടും സെക്രട്ടറിയും. 1966 ൽ സർവ്വീസ് സഹകരണ സംഘമായി തളിയൻമാടയിൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 1972 ൽ ചീമേനി സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തനം തുടങ്ങി.

സഹകരണ മേഖലയുടെ ധ്രുതഗതിയിലുള്ള വളർച്ചയുടെ ചരിത്രമാണ് 1947 മുതൽ നമ്മുടെ പഞ്ചായത്തിലുള്ളത്. കാർഷിക മേഖലയുടെ ഗുണകരമായ മാറ്റത്തിന് സഹായകമായെന്നത് നിസ്തർക്കമാണെങ്കിലും അതിന്റെ അനന്ത സാധ്യതകൾ വ്യവസായം കാർഷികേതരമായ മറ്റു സാധ്യതകൾ ഇവ ഇനിയും ഉപയുക്തമാക്കിയോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിലെ കയ്യൂർ കുായിക്കോട്, തിമിരി, ചീമേനി വില്ലേജുകളിൽ പ്രവർത്തിക്കുന്ന യഥാക്രമം കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്, കുായിക്കോട് സർവ്വീസ് സഹകരണ ബാങ്ക്, തിമിരി സർവ്വീസ് സഹകരണ ബാങ്ക്, ചീമേനി സർവ്വീസ് സഹകരണ ബാങ്ക് എന്നിവ കാർഷിക മേഖലയിൽ പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിയിൽ പ്രവർത്തിക്കുന്നു. ഇതിൽ ചീമേനി സർവ്വീസ് സഹകരണ ബാങ്കിന് പുലിയന്നൂരും തിമിരി സർവ്വീസ് സഹകരണ ബാങ്കിന് ഞാണംകൈയിലും ഓരോ ബ്രാഞ്ചുകളും ഉണ്ട്. ഇവയാണ് പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ നെടും തൂണുകൾ. ഇവയ്ക്ക് പുറമെ തിമിരി എസ് സി / എസ്. ടി സർവ്വീസ് സഹകരണ സംഘം, നീലേശ്വരം ബ്ലോക്ക് വനിതാ സിമന്റ് പെയിന്റ് ഇൻഡസ്ട്രിയൽ സഹകരണ സംഘം, തിമിരി പ്രിയദർശിനി വനിതാ സഹകരണ സംഘം, തിമിരി ബെറ്റർ ഹാമിംഗ് സഹകരണ സംഘം, ചെമ്പകാനം ഭവന നിർമ്മാണ സഹകരണ സംഘം, നീലേശ്വരം ബ്ലോക്ക് കോ ഓപ്പറേറ്റീവ് സൊസൈറ്റി വർക്കിംഗ് വുമൺ ഹോസ്റ്റൽ, കുായിക്കോട് ഭവന നിർമ്മാണ സഹകരണ സംഘം, കയ്യൂർ മണിയോടൻ ഭവന സഹകരണ സംഘം, ചീമേനി വനിതാ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി, ചീമേനി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം, ചീമേനി കൺസ്യൂമർ സഹകരണ സംഘം, പ്ലാന്റേഷൻ തൊഴിലാളി സർവ്വീസ് സഹകരണ സംഘം, പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘം

നെടുംബ, കയ്യൂർ കൺസ്യൂമർ സഹകരണ സംഘം ഞണ്ടാടി, ചീമേനി ഹൈസ്ക്കൂൾ സഹകരണ സംഘം, കയ്യൂർ ഹൈസ്ക്കൂൾ സഹകരണ സംഘം, പൊതാവൂർ എ.യു.പി. സ്ക്കൂൾ സഹകരണ സംഘം എന്നിവയാണ് റജിസ്റ്റർ ചെയ്ത മറ്റു സഹകരണ സംഘങ്ങൾ.

കാർഷികമേഖല :

ഗ്രാമ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നവരാണ്. കർഷകരുടെ കാർഷിക സാമ്പത്തികാവശ്യങ്ങൾ മിക്കവാറും നിറവേറ്റുന്നത് ഇവിടത്തെ സർവ്വീസ് സഹകരണ ബാങ്കുകളാണ്. നാലു ബാങ്കുകളിലും കൂടി 9764 അംഗങ്ങളാണുള്ളത്. ഹ്രസ്വകാല, മധ്യകാല, ദീർഘകാല കാർഷിക - കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നുണ്ട്.

കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്:

കയ്യൂർ വില്ലേജ് പ്രവർത്തന പരിധിയായി 1947 ൽ പ്രവർത്തന മാരംഭിച്ച ഈ ബാങ്കിൽ 2199 അംഗങ്ങളാണുള്ളത്. പ്രവർത്തന പരിധിയിലുള്ള മുഴവൻ കർഷകരും അംഗങ്ങളല്ല. അംഗങ്ങളുടെ മുഴവൻ സാമ്പത്തികാവശ്യങ്ങളും പരിഹരിക്കുവാൻ ബാങ്കിന് സാധിക്കുന്നില്ല. 1995-96 വർഷത്തിൽ 6681358 രൂപയാണ് കാർഷിക മേഖലയിൽവിതരണം ചെയ്തിട്ടുള്ളത്. വളം വിൽപന ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ക്ലോത്ത് സ്റ്റോർ എന്നിവയും ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്നു.

തിമിരി സർവ്വീസ് സഹകരണ ബാങ്ക്

തിമിരി കേന്ദ്രമായി പ്രവർത്തിക്കു ന്നതും തിമിരി വില്ലേജ് പ്രവർത്തന പരിധി ആയിട്ടുള്ളതുമായ ഈ ബാങ്ക് 1952 ൽ പ്രവർത്തനം ആരംഭിച്ചു. ഈ ബാങ്കിൽ ഇന്ന് 1955 അംഗങ്ങൾ ഉണ്ടെങ്കിലും പ്രദേശത്തെ ധാരാളം കർഷകർ ഇനിയും അംഗങ്ങളാ കുവാൻ ബാക്കിയുണ്ട്. അംഗങ്ങളു ടെ കാർഷിക സാമ്പത്തിക ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നില്ലെങ്കി ലും 1995-96 വർഷത്തിൽ 3039000 രൂപ കാർഷിക ഇനത്തിൽ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പൊതുവിതരണകേന്ദ്രം,വളം വിൽപന ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, കൊപ്ര സംഭരണ ഡിപ്പോ എന്നിവയും ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്നു.

ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് :

ക്ലായിക്കോട് വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്നു. 1955 ൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് 2790 അംഗങ്ങൾഉണ്ട്. ഇനിയും ബാങ്ക് പരിധിയിൽ അംഗങ്ങളാകാത്ത കർഷകരുണ്ട്. വിവിധയിനങ്ങളിലായി 5675148രൂപ കാർഷിക വായ്പയായി 1995-96 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പൊതു വിതരണ കേന്ദ്രം, വളം വിൽപന ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, എന്നിവയും ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്നു.

ചീമേനി സർവ്വീസ് സഹകരണ ബാങ്ക് :

ചീമേനി വില്ലേജിലെ 2820 പേർ അംഗങ്ങളായുള്ള ഈ ബാങ്ക് ചാനടുക്കത്ത് സ്ഥിതിചെയ്യുന്നു. ഇതിന്റെ ഒരു ശാഖ പുലിയന്നൂരിൽ പ്രവർത്തിക്കുന്നു. വില്ലേജിലെ മുഴുവൻ കർഷകർക്കും പങ്കാളിത്തം ഉണ്ടാകും വിധം അംഗത്വം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അംഗങ്ങളായവരുടെ ആവശ്യങ്ങൾ പരമാവധി തൃപ്തി പെടുത്തും വിധം വായ്പ വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല. 1995-96 വർഷത്തിൽ ഹ്രസ്വകാല, മധ്യകാല, ദീർഘകാല കാർഷിക വായ്പകളായി 12663614 രൂപ വിതരണം ചെയ്തിട്ടുണ്ട്. പൊതു വിതരണ കേന്ദ്രങ്ങൾ, വളം വിൽപന ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ക്ലോത്ത് സ്റ്റോർ, കൊപ്ര സംഭരണ ഡിപ്പോ, റബ്ബർസംഭരണ ഡിപ്പോ എന്നിവ ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്നു.

കാർഷികേതര വായ്പകൾ :

ഗ്രാമപഞ്ചായത്തിലെ നാല് സർവ്വീസ് സഹകരണ ബാങ്കുകളിലും ഹ്രസ്വകാല, മധ്യകാല, ദീർഘകാല ഇനങ്ങളിൽ കാർഷികേതര വായ്പ വിതരണം ചെയ്യുന്നുണ്ടു. 1995-96 വർഷത്തിൽ വിവിധ ബാങ്കുകൾ ഈ ഇനത്തിൽ നൽകിയ വായ്പ താഴെ ചേർക്കുന്നു

ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് -7304821രൂപ
കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് - 1611159 രൂപ
ചീമേനി സർവ്വീസ് സഹകരണ ബാങ്ക് - 764288 രൂപ
തിമിരി സർവ്വീസ് സഹകരണ ബാങ്ക് - 7661750 രൂപ

മുഴുവനംഗങ്ങൾക്കും ആവശ്യാനുസരണം വായ്പ നൽകുവാൻ സാമ്പത്തിക പരിമിതികളും പ്രദേശിക നിക്ഷേപങ്ങളുടെ കുറവും വിവിധ ഫണ്ടുകൾ വിനിയോഗിക്കുന്നതിന്റെ കാലതാമസവും കാരണമാകുന്നു. കൂടാതെ വായ്പ തിരിച്ചടവിൽ അംഗങ്ങൾ കാട്ടുന്ന ഗുരുതരമായ കാലതാമസവും വീഴ്ചയും പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.ഈ കാലയളവിൽ വിവിധ ബാങ്കുകളിൽ കുടിശ്കികയായി നിൽക്കുന്ന വായ്പ തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

(കാർഷിക കാർഷികേതര ഇനത്തിൽ)

ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് - 954442 രൂപ
കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് - 1466135 രൂപ
ചീമേനി സർവ്വീസ് സഹകരണ ബാങ്ക് - 9392336 രൂപ
തിമിരി സർവ്വീസ് സഹകരണ ബാങ്ക് - 795356 രൂപ

ബാങ്കിന്റെ മുലധന നിക്ഷേപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വായ്പാ കുടിശ്കികയുടെ തുക വലുപ്പം ഭീതിതമാണെന്ന് പറയേണ്ടിയിരിക്കുന്നു.

കാർഷിക രംഗത്ത് പ്രതിവർഷം കോടിക്കണക്കിന് വായ്പകൾ നൽകുന്നുണ്ടെങ്കിലും അവ അതത് മേഖലകളിൽ ഗുണപരമായി ഉപയോഗപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കാർഷികേ തര

വായ്പകൾ ഉൽപാദനപരവും വാണിജ്യ പരവുമായ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

മറ്റു കാർഷികേതര സംരംഭങ്ങൾ :

കൺസ്യൂമർ മേഖലയിൽ രണ്ടു സഹകരണ സംഘങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. ചീമേനി കൺസ്യൂമർ സഹകരണ സംഘം ഒരുവിധം ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഞണ്ടാടി കേന്ദ്രമായി പ്രവർത്തിക്കുന്ന കയ്യൂർ കൺസ്യൂമർ സഹകരണ സംഘത്തിന്റെ പ്രവർത്തനം [illegible] കീഴിൽ ഓരോ പൊതുവിതരണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

വ്യവസായരംഗത്ത് തിമിരി എസ് സി /എസ് ടി സർവ്വീസ് സഹകരണ സംഘവും നീലേശ്വരം ബ്ലോക്ക് വനിതാ സിമന്റ് പെയിന്റ് ഇൻഡസ്ട്രിയൽ സഹകരണ സംഘമാണ് പ്രവർത്തിക്കുന്നത്. ഇതിൽ തിമിരി എസ് സി /എസ് ടി സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിൽ രണ്ട് കരിങ്കൽക്വാറികളും ഒരു പ്രിന്റിംഗ് പ്രസ്സും പ്രവർത്തിക്കുന്നു. ഈ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കേണ്ട തുണ്ട്.

ഗ്രാമ പഞ്ചായത്തതിർത്തിയിൽ ചീമേനിയിലും തിമിരിയിലും ഓരോ വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും അർഹരായ മുഴുവൻ സ്ത്രീകൾക്കും സഹായം നൽകുവാൻ സംഘത്തിന് കഴിയുന്നില്ല. അതുപോലെതന്നെ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ ചെറിയ ഒരു ശതമാനം സ്ത്രീകൾ മാത്രമേ ഈ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളു. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പുതിയ അംഗങ്ങളെ ചേർക്കേണ്ടതുണ്ട്.

വലിയപൊയിലിൽ പ്രവർത്തിക്കുന്ന നീലേശ്വരം ബ്ലോക്ക് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. ചീമേനി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രൊസസിംഗ് സഹകരണ സംഘം നാമമാത്രമായി കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ കാർഷികോൽപ്പന്നങ്ങളും സംഭരിക്കേണ്ടുന്ന രീതിയിൽ സംഘം വളരേണ്ടതുണ്ട്. ചീമേനി ഗവ: ഹൈസ്കൂൾ,കയ്യൂർ ഗവ: ഹൈസ്കൂൾ, പൊതാവൂർ എ.യു.പി.സ്കൂൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂൾ സഹകരണ സംഘങ്ങൾ പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇവയുടെ സാധ്യതയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇവ നടത്തുന്നില്ല. പ്രവർത്തനം ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ക്ലായിക്കോട് ചക്കര നിർമ്മാണ സഹകരണ സംഘം, കയ്യൂർ ക്ഷീരോൽപാദക സഹകരണ സംഘം, ചെമ്പ്രകാനം ഭവന നിർമ്മാണ സഹകരണ സംഘം, നെടുംബ പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘം, തിമിരി ബെറ്റർ ഫാമിംഗ് സഹകരണ സംഘം എന്നിവ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതോ, നിർജ്ജീവങ്ങളോ ആയ സഹകരണ സംഘങ്ങളാണ്

പൊതുപ്രശ്നങ്ങൾ :

നിരവധി ക്ഷീരകർഷകരുള്ള ഈ പഞ്ചായത്തിൽ ക്ഷീര വിപണന രംഗത്ത് സഹകരണ മേഖലയുടെ കാര്യമായ ഇടപെടൽ ഉണ്ടായിട്ടില്ല. ചക്കിരി സംസ്ക്കരണം, പച്ചക്കറി ഉൽപാദനം, റബ്ബർകൃഷി, കോഴി വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ മേഖലകളിൽ പഞ്ചായത്തിന്റെ അനുകൂല സാഹചര്യങ്ങൾ സഹകരണ മേഖലയിലൂടെ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ചെങ്കൽ, കരിങ്കൽ മേഖലകളിൽ സഹകരണ സംരംഭങ്ങളുടെ അഭാവം ഉണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ സൗകര്യങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് അതത് മേഖലകളിൽ സഹകരണ സംരംഭങ്ങളുടെ സാധ്യത പരിശോധിച്ചിട്ടില്ല. അർഹരായ കർഷകർക്ക് വിവിധ കാർഷിക വായ്പകൾ യഥാസമയം ലഭ്യമാക്കുന്നതിന് മിക്ക ബാങ്കുകൾക്കും കഴിയുന്നില്ല.

നിർദ്ദേശങ്ങൾ :

1. പഞ്ചായത്തിലെ സഹകരണ [illegible] ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കുകയും കർഷകർക്ക് വായ്പകൾ കൃത്യ സമയത്ത് വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം.

2. കാർഷികോൽപന്നങ്ങളുടെ വിപണനരംഗത്ത് സഹകരണ സംഘങ്ങളും വിവിധ കാർഷികോൽപന്നങ്ങളുടെ ഉൽപാദന സംസ്ക്കരണ യൂണിറ്റുകളും തുടങ്ങണം.

3. വിത്ത്, വളം, കീടനാശിനി വിതരണ സംഘങ്ങൾ.

4. കർഷകതൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിച്ച് കർഷകർക്ക് ആവശ്യമായ തൊഴിലാളികളെ കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കണം.

5. കശുവണ്ടി സംഭരണ സംസ്കരണ സഹകരണ സംഘം

6. സഹകരണ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി

7. കാർഷികോപകരണ വായ്പക്ക് 50% സബ്സിഡി.

8. സഹകരണ ജൈവവള നിർമ്മാണ യൂണിറ്റ്

9. എല്ലാ വാർഡുകളിലും ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും ഗ്രാമ പഞ്ചായത്തിൽ പാൽ സംസ്ക്കരണ സഹകരണ യൂണിറ്റ്.

10. ആട് വളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ മേഖലകളിൽ സഹകരണ യൂണിറ്റ്.

11. ഓരോ വാർഡിലേയും എല്ലാ കുടുംബങ്ങൾക്കും ഓരോ സഹകരണ സംരംഭങ്ങൾ വീതമെങ്കിലും തൊഴിൽ ലഭിക്കുവാനുള്ള സൗകര്യം.

12. കൈത്തറി സംസ്കരണം, ചെരുപ്പ്, കുടിലുകൾ തുടങ്ങിയ എന്നീ മേഖലകളിൽ സഹകരണ സംരംഭം.

13. പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കീഴിൽ കൂടുതൽ യൂണിറ്റുകൾ.

14. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സഹകരണ സംരംഭം.

15. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ആയുർവേദ, അലോപ്പതി, ഹോമിയോപ്പതി സഹകരണ ആശുപത്രികൾ.

16. പഞ്ചായത്ത് തലത്തിൽ സഹകരണ കോളേജ്.

17. ചീമേനിയിൽ സഹകരണ കോളേജ്.

18. സഹകരണ മാതൃകാ സ്കൂൾ.

19. സ്വകാര്യ ബീഡി തൊഴിലാളികൾക്ക് സഹകരണ സംഘം.

20. വയറിംഗ്, മോട്ടോർ മെക്കാനിക്ക്, കർഷകതൊഴിലാളി, കെട്ടിട നിർമ്മാണ തൊഴിലാളി തുടങ്ങി വിവിധ മേഖലകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിച്ച് ആവശ്യക്കാർക്ക് യഥാസമയം സേവനം ലഭ്യമാക്കുക.

21. പട്ടികജാതി, വനിത എന്നീ മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ.

22. സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസത്തിന് വായ്പ ലഭിക്കുവാനുള്ള സൗകര്യം.

23. സഹകരണ മേഖലയിൽ [illegible] സർവ്വീസ്.

24. കൂടിൽ വ്യവസായ മേഖലകളിലും, തുന്നൽ, റെഡിമെയ്ഡ് മേഖലകളിലും പുതിയ സഹകരണ യൂണിറ്റുകൾ.

25. സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുക.



കേരസൗഭാഗ്യ



കേരശ്രീ

പട്ടിക സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥലം	[illegible]	[illegible]	അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	പിരിഞ്ഞികിട്ടിയ മൂലധനം
01	കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി 543. കയ്യൂർ	ഇല്ല	1947	കയ്യൂർ വില്ലേജ്	2199	1000000.00	100000.00	755592.00
02	തിമിരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി 47. തിമിരി	ഞാണംകൈ	1952	തിമിരി വില്ലേജ്	1955	2110000.00	90900.00	1213318.00
03	ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി 52. ക്ലായിക്കോട്	ഇല്ല	1953	ക്ലായിക്കോട് വില്ലേജ്	2790	2050000.00	66500.00	694950.00
04	ചീമേനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി 75. ചാനടുക്കം	പുലിയന്നൂർ	1954	ചീമേനി വില്ലേജ്	2820	1600000.00	310000.00	965438.00

സർവ്വീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച ചില വിവരങ്ങൾ

ഈ പട്ടികയിൽ സഹകരണ സംഘങ്ങൾ [illegible] ചിട്ടപ്പെടുത്തിയിരിക്കുന്നു

④ പട്ടിക ജാതി പട്ടിക വർഗം

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ

ജാതിക്കോമരങ്ങളുടെ ഉറഞ്ഞുതുള്ളലിനെതിരെ തന്റെ തൂലികപടവാളാക്കി, സാമൂഹിക നവോത്ഥാനത്തിനു വേണ്ടി കവിതാശകലങ്ങളിലൂടെ ബോധവൽക്കരണത്തിനു ശ്രമിച്ച മഹാകവി കുമാരനാശാന്റെ കവിതകൾ പ്രാചീന കേരളത്തിലെ ജാതി നീച വ്യവസ്ഥയ്ക്ക് ഉദാഹരണങ്ങളാണ്. ഭൂപ്രഭുക്കൻമാരുടെയും, മേലാളൻമാരുടെയും കൃഷിഭൂമിയിലെ മണ്ണായി അലിഞ്ഞുചേർന്ന്, വിയർപ്പൊഴുക്കി അധ്വാനത്തിന്റെ വിത്തിറക്കി വിള കൊയ്ത് അവരുടെ അകത്തളങ്ങളിൽ നിറച്ചുവെച്ച് തൊഴുക്കൈയ്യോടെ തലകുനിച്ചുനിന്ന കോരന്റെയും, ചീയ്യയിയുടെയും കഥ ഈ നൂറ്റാണ്ടിന്റെ ആദ്യകാല കേരളത്തിന്റെ ചിത്രമായിരുന്നു. ഇതിന്റെ അലയൊലികൾ കയ്യൂർ ചീമേനി പഞ്ചായത്തിന്റെ പഴയകാല ചരിത്രത്തിന്റെയും ഏടുകളിൽ ദർശിക്കാമായിരുന്നു.

അധികാരിയുടെ നാലുകെട്ടിന്റെ ഏഴകലെ വാഴപ്പോള കെട്ടി ഇലകുഴിച്ചുവെച്ച് കഞ്ഞിവെള്ളം മോന്തിക്കുടിച്ച് അരവയർ മുറുക്കിയുടുത്ത് വയലേലകളിൽ പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിക്കുമ്പോഴും തന്റെ തമ്പ്രാന്റെ മാളിക യിലെ പത്തായങ്ങളിൽ നൂറുമേനി വിളവ് നിറയാനുള്ള മനസലിഞ്ഞ വെമ്പലായിരുന്നു.

